**കേരള സർക്കാർ**

# നവകേരളത്തിന് ജനകീയാസൂത്രണം

**ഗ്രാമ,ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റി കോർപ്പറേഷനുകളുടേയും പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കൽ**

**സബ്സിഡി- ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ**

(14.02.2018-ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചത്)

**സ്റ്റേറ്റ് റിസോഴ് ഗ്രൂപ്പ്** **കില**

**തിരുവനന്തപുരം** **തൃശ്ശൂർ**

**ജനുവരി 2021**

# ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കൽ

## സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി -ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ 14.02.2018-ലെ സ.ഉ(കൈ) നം.22/2018/ തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗരേഖയ്ക്ക് ചുവടെ പട്ടികയിൽ നൽകിയിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും മുഖേന ചില ഭേദഗതികളും കൂട്ടിച്ചേർക്കലുകളും വരുത്തിയിട്ടുണ്ട്. 14.02.2018 ലെ ഉത്തരവിനു ശേഷം പുറപ്പെടുവിച്ചിട്ടുള്ള ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള സബ്സിഡി മാർഗരേഖയുടെ സമാഹാരമാണിത്.

മാർഗ്ഗരേഖയിൽ കൂട്ടിച്ചേർത്തതും ഭേദഗതി ചെയ്തതും ആയ വിഷയങ്ങൾ അതത് സ്ഥലങ്ങളിൽ ഉൾച്ചേർക്കുകയും അത് തിരിച്ചറിയാൻ കഴിയുന്ന തരത്തിൽ ബോൾഡ് ഇറ്റാലിക്സിൽ നൽകുകയും ബ്രാക്കറ്റിൽ ബന്ധപ്പെട്ട ഉത്തരവിന്റെ/ സർക്കുലറിന്റെ നമ്പരും തീയതിയും നൽകുകയും ചെയ്തിട്ടുണ്ട്. എളുപ്പ വായനയ്ക്കുള്ള ഒരു സമാഹാരം എന്ന നിലയ്ക്കാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. എന്തെങ്കിലും സംശയം ഉണ്ടാകുകയാണെങ്കിൽ ബന്ധപ്പെട്ട ഉത്തരവ്/ സർക്കുലർ പരിശോധിച്ച് ആശയവ്യക്തത വരുത്തേണ്ടതാണ്.

തയ്യാറാക്കിയത് :

**സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തസ്വഭവ.**

## 14.02.2018 തീയതിയിലെ സ.ഉ(കൈ)നം.22/2018/തസ്വഭവ സബ്സിഡി ഉത്തരവിന് ശേഷമുള്ള ഭേദഗതി ഉത്തരവുകൾ/ സർക്കുലറുകൾ

| ക്രമ നമ്പർ | ഉത്തരവ് / സർക്കുലർ നമ്പർ | തീയതി | മാർഗ്ഗരേഖ പേജ് നമ്പർ |
|---|---|---|---|
| 1 | സ.ഉ(സാധാ)നം. 811/2018/തസ്വഭവ | 26.03.2018 | 94 |
| 2 | സ.ഉ(സാധാ)നം. 1582/2018/തസ്വഭവ | 11.06.2018 | 23 |
| 3 | സ.ഉ(സാധാ)നം. 1602/2018/തസ്വഭവ | 12.06.2018 | 76 |
| 4 | സ.ഉ(സാധാ)നം. 1716/2018/തസ്വഭവ | 25.06.2018 | 77 |
| 5 | സ.ഉ(സാധാ)നം. 1719/2018/തസ്വഭവ | 25.06.2018 | 44 |
| 6 | സ.ഉ(സാധാ)നം. 1935/2018/തസ്വഭവ | 17.07.2018 | |
| 7 | സ.ഉ(സാധാ)നം. 2083/2018/തസ്വഭവ | 30.07.2018 | 33 |
| 8 | സ.ഉ(സാധാ)നം. 2124/2018/തസ്വഭവ | 02.08.2018 | 06 |
| 9 | സ.ഉ(സാധാ)നം. 2141/2018/തസ്വഭവ | 03.08.2018 | 62 |
| 10 | സ.ഉ(സാധാ)നം. 2142/2018/തസ്വഭവ | 03.08.2018 | 62 |
| 11 | സ.ഉ(സാധാ)നം. 2159/2018/തസ്വഭവ | 05.08.2018 | 62 |
| 12 | സ.ഉ(സാധാ)നം. 2438/2018/തസ്വഭവ | 17.09.2018 | 79 |
| 13 | സ.ഉ(സാധാ)നം. 2636/2018/തസ്വഭവ | 15.10.2018 | 81 |

| | | | |
|---|---|---|---|
| 14 | സ.ഉ(സാധാ)നം. 2638/2018/തസ്വഭവ | 15.10.2018 | 23 |
| 15 | സർക്കുലർ നം. ഡി.എ1/718/2018/തസ്വഭവ | 15.10.2018 | 31 |
| 16 | സ.ഉ(സാധാ)നം. 2956/2018/തസ്വഭവ | 21.11.2018 | 80 |
| 17 | സ.ഉ(സാധാ)നം. 2960/2018/തസ്വഭവ | 21.11.2018 | 79 |
| 18 | സർക്കുലർ നം.ഡി.എ1/814/2018/തസ്വഭവ | 17.12.2018 | 88 |
| 19 | സർക്കുലർ നം. ഡി.എ1/881/2018/തസ്വഭവ | 26.12.2018 | 56 |
| 20 | സർക്കുലർ നം. ഡി.എ1/881/2018/തസ്വഭവ | 28.12.2018 | 54-97 |
| 21 | സ.ഉ(സാധാ)നം. 3281/2018/തസ്വഭവ | 31.12.2018 | 57 |
| 22 | സ.ഉ(സാധാ)നം. 78/2019/തസ്വഭവ | 16.01.2019 | |
| 23 | സർക്കുലർ നം. 442/ഡി.ബി2/2018/തസ്വഭവ | 17.01.2019 | 88 |
| 24 | സ.ഉ(സാധാ)നം. 156/2019/തസ്വഭവ | 25.01.2019 | 57 |
| 25 | സ.ഉ(സാധാ)നം. 166//2019/തസ്വഭവ | 25.01.2019 | 13 |
| 26 | സർക്കുലർ നം. ഡി.എ1 /19/2019/തസ്വഭവ | 25.01.2019 | 76 |
| 27 | സർക്കുലർ നം. ഡി.ബി4/10/2018/തസ്വഭവ | 31.01.2019 | 57 |
| 28 | സ.ഉ(സാധാ)നം. 374//2019/തസ്വഭവ | 21.02.2019 | 78 |
| 29 | സ.ഉ(സാധാ)നം. 400/2019/തസ്വഭവ | 23.02.2019 | |
| 30 | സർക്കുലർ നം. ഡി.ഡി2 /71 /2019/തസ്വഭവ | 25.02.2019 | 17 |
| 31 | സ.ഉ(സാധാ)നം. 426/2019/തസ്വഭവ | 26.02.2019 | 73 |
| 32 | സ.ഉ(സാധാ)നം. 545//2019/തസ്വഭവ | 07.03.2019 | 24 |
| 33 | സ.ഉ(സാധാ)നം. 1400/2019/തസ്വഭവ | 06.07.2019 | |
| 34 | സർക്കുലർ നം. എം1 /281/2019/പൊ.വി.വി | 18.12.2019 | |
| 35 | സർക്കുലർ നം. ഡി.എ1 /363/2019/തസ്വഭവ | 20.01.2020 | 80 |
| 36 | സ.ഉ(സാധാ)നം. 1009/2020/തസ്വഭവ | 29.05.2020 | 7,10,11,19,22,24,25,26,37,38 |
| 37 | സ.ഉ(സാധാ)നം. 1087/2020/തസ്വഭവ | 10.06.2020 | 20 |
| 38 | സ.ഉ(സാധാ)നം. 1105/2020/തസ്വഭവ | 11.06.2020 | 97 |
| 39 | സ.ഉ(സാധാ)നം. 1114/2020/തസ്വഭവ | 12.06.2020 | 85 |
| 40 | സ.ഉ(സാധാ)നം. 1168/2020/തസ്വഭവ | 16.06.2020 | 101 |
| 41 | സ.ഉ(സാധാ)നം. 1192/2020/തസ്വഭവ | 18.06.2020 | 89 |
| 42 | സ.ഉ(സാധാ)നം. 1216/2020/തസ്വഭവ | 22.06.2020 | 82 |
| 43 | സ.ഉ(സാധാ)നം. 1269/2020/തസ്വഭവ | 25.06.2020 | 85 |
| 44 | സർക്കുലർ നം. ഡി.എ1 /192/2019/തസ്വഭവ | 29.06.2020 | |
| 45 | സ.ഉ(സാധാ)നം. 1379/2020/തസ്വഭവ | 21.07.2020 | 89 |
| 46 | സ.ഉ(സാധാ)നം. 1400/2020/തസ്വഭവ | 26.07.2020 | 44 |
| 47 | സ.ഉ(സാധാ)നം. 1466/2020/തസ്വഭവ | 06.08.2020 | 31 |
| 48 | സ.ഉ(സാധാ)നം. 1571/2020/തസ്വഭവ | 24.08.2020 | 57 |
| 49 | സ.ഉ(സാധാ)നം. 1615/2020/തസ്വഭവ | 07.09.2020 | |
| 50 | സർക്കുലർ നം. ഡി.എ1 /153/2020/തസ്വഭവ | 07.09.2020 | 80 |
| 51 | സർക്കുലർ നം. എഫ്.എം2/148/2020/തസ്വഭവ | 22.09.2020 | 85 |
| 52 | സ.ഉ(സാധാ)നം.1820/2020/തസ്വഭവ | 05.10.2020 | |
| 53 | സർക്കുലർ നം. ആർ.സി3 /293/2020/തസ്വഭവ | 12.10.2020 | 39 |
| 54 | സർക്കുലർ നം. ഡി.എ1 /208/2020/തസ്വഭവ | 20.10.2020 | 85 |
| 55 | സ.ഉ(സാധാ)നം.2094/2020/തസ്വഭവ | 6.11.2020 | 96 |

# <u>ഉള്ളടക്കം</u>


| ക്രമ നം. | | ഇനം | പേജ് നം. |
|---|---|---|---|
| 1. | ഉദ്ദേശ്യം | | 5 |
| 2. | പൊതു നിബന്ധനകൾ | | 5-6 |
| 3. | ജില്ലാതല യൂണിറ്റ് കോസ്റ്റ് | | 7 |
| 4. | സംസ്ഥാന സ്കീമുകളിലെ സബ്സിഡി നിയന്ത്രിത അനുമതി | | 7-8 |
| 5. | സബ്സിഡി നൽകുന്നതിൽ നിയന്ത്രണം | | 8 |
| 6. | സബ്സിഡി നിരക്കുകൾ | | 8 |
| | 6.1. | കൃഷി | 9-21 |
| | 6.2. | മൃഗസംരക്ഷണം/ക്ഷീരവികസനം | 22-31 |
| | 6.3. | മത്സ്യബന്ധനം എ)സമുദ്രം ബി)ഉൾനാടൻ | 31-39 |
| | 6.4. | ചെറുകിട വ്യവസായങ്ങൾ | 40-49 |
| | 6.5. | മണ്ണ്-ജലസംരക്ഷണം | 50-52 |
| | 6.6. | കുടിവെള്ളം | 52-54 |
| | 6.7 | വീട്/വീട് പുനരുദ്ധാരണം/വീട് വയറിംഗ് | 55-57 |
| | 6.8 | ഖര-ദ്രവ മാലിന്യ സംസ്ക്കരണം | 57-62 |
| | 6.9. | അക്ഷയ ഊർജ്ജം | 62-63 |
| | 6.10 | സഹകരണം | 64-65 |
| | 6.11 | ക്ഷീരസഹകരണസംഘങ്ങൾ | 66-67 |
| | 6.12 | മത്സ്യസഹകരണസംഘങ്ങൾ | 68 |
| | 6.13 | പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ | 69-71 |
| | 6.14 | മറ്റുള്ള സഹകരണ സംഘങ്ങൾ | 71-72 |
| 7 | **<u>ധനസഹായങ്ങൾ</u>** | | 73 |
| | 7.1 | സാമൂഹ്യ നീതി | 73-78 |
| | 7.2 | പട്ടികജാതി പട്ടികവർഗ്ഗം | 78-84 |
| | 7.3 | വിദ്യാഭ്യാസം | 84-85 |
| | 7.4 | വനിതാ വികസനം | 85-87 |
| | 7.5 | പൊതുജനാരോഗ്യം | 87-89 |
| | 7.6 | കലാ സംസ്ക്കാരം - കായിക വികസനം | 89-94 |
| | 7.7 | പരിസ്ഥിതി സംരക്ഷണം | 95-96 |
| | 7.8 | ദാരിദ്ര്യ ലഘൂകരണം | 96-97 |
| | 7.9 | തെരുവുവിളക്ക് | 97 |
| 8 | **അനുബന്ധ വിഷയങ്ങൾ** | | 97 |
| | 8.1 | സാമൂഹ്യ സംഘടനകളുടെ പങ്കാളിത്തം | 97-98 |
| | 8.2 | ഇന്നവേറ്റേഴ്സ് മീറ്റ് | 98-99 |
| | 8.3 | പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാരം | 99 |
| | 8.4 | ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ, കമാനങ്ങൾ നിയന്ത്രണം | 99 |
| | 8.5 | പരിശീലന പരിപാടികൾ | 99 |
| | 8.6 | നൈപുണ്യ വികസനം | 99 |
| | 8.7 | തനത് ഫണ്ടിന്റെ/ഗുണഭോക്തൃ വിഹിതത്തിന്റെ വിനിയോഗം | 100 |
| | 8.8 | കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ കണ്ടിജൻസി ചെലവുകൾ | 100 |
| | 8.9 | സ്കൂള് ബസ്സുകൾ | 100 |
| | 8.10 | ശമ്പളം/ഹോണറേറിയം നൽകുന്നതിൽ നിയന്ത്രണം | 100-101 |
| | 8.11 | വാഹനങ്ങൾ വാങ്ങൽ | 101 |
| | 8.12 | ഇൻഷ്വറൻസ് പദ്ധതികൾക്ക് നിയന്ത്രണം | 101 |
| | 8.13 | നിയമ സാക്ഷരത പരിപാടി | 101 |
| | 8.14 | പ്രവാസി ക്ഷേമം | 101 |
| 9 | അനുബന്ധം 1 - ഹരിത ഭവനം എൻട്രോൾമെന്റ് ഫോറം | | 102 |
| | ഹരിത ഭവനം പ്രവർത്തനങ്ങൾ | | 103 |
| | അനുബന്ധം 2 - സാമൂഹ്യ സംഘടന പഞ്ചായത്ത്തല സംവിധാനം | | 104 |

# ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കൽ

## സബ്സിഡി- ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ

**1. ഉദ്ദേശ്യം.**

1.1 മത്സരാധിഷ്ഠിത കമ്പോളം അവഗണിക്കുന്ന പരിസ്ഥിതി സൗഹൃദ, പ്രാദേശിക വിഭവാധിഷ്ഠിത, തൊഴിലധിഷ്ഠിത, സാമ്പത്തിക വികസന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള ഉപാധിയായാണ് സബ്സിഡിയെ കാണുന്നത്.

1.2 വ്യക്തിഗതമായ സബ്സിഡി, ഗുണഭോക്താക്കൾ മുതൽ മുടക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ്.

1.3 ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് പൂരകമായോ അനുപൂരകമായോ മുതൽമുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഉത്പാദന മേഖലയിലെ സബ്സിഡി.

1.4 പൊതു ആവശ്യത്തിനല്ലാതെ ഒരു ഗുണഭോക്താവിന്റെ സ്വന്തം ആവശ്യത്തിനുവേണ്ടി ഗുണഭോക്താവ് സ്വയം നടത്തുന്ന/നടത്തേണ്ട സേവന-ക്ഷേമ മേഖലകളിലെ പ്രവർത്തനത്തിന് പൊതുധനത്തിൽ നിന്ന് നൽകുന്നത് ധനസഹായമാണ്. അതുകൊണ്ട് ആവശ്യത്തിനുവേണ്ട മുഴുവൻ തുകയും നൽകുകയല്ല മറിച്ച് അതിലേയ്ക്ക് ഉചിതമായ ഒരു വിഹിതം മാത്രമാണ് നൽകുന്നത്.

1.5 സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായം പ്രാദേശികമായ ഉത്പാദന/തൊഴിൽ/ ഗുണമേന്മ വർദ്ധനവ് സാദ്ധ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രോത്സാഹനമാണ്.

1.6 സബ്സിഡി പ്രോജക്ടുകളും ഗുണഭോക്തൃ വിഹിതമോ ഗുണഭോക്താക്കളുടെ പ്രവർത്തനമോ ഉറപ്പാക്കുന്ന സംയോജിത പരിപാടിയുടെ ഭാഗമായിരിക്കണം.

1.7 ഗ്രൂപ്പ് സംരംഭങ്ങളിൽ കുടുംബശ്രീ സംവിധാനത്തിനും/പ്രവാസി ഗ്രൂപ്പുകൾക്കും മുൻഗണന നൽകേണ്ടതാണ്.

**2. പൊതു നിബന്ധനകൾ**

2.1 സബ്സിഡി സംബന്ധിച്ച ഈ മാർഗരേഖയിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളിൽ നിന്നും അതത് പ്രോജക്ടിന് അനുയോജ്യമായവ അർഹതാ/യോഗ്യത മാനദണ്ഡങ്ങളായി നിർബന്ധമായും പ്രോജക്ടിൽ ചേർക്കേണ്ടതാണ്. പ്രാദേശിക പ്രത്യേകത അനുസരിച്ച് മുൻഗണന മാനദണ്ഡങ്ങൾ തദ്ദേശഭരണസ്ഥാപനതലത്തിൽ തീരുമാനിക്കാവുന്നതാണ്.

2.2 ഈ മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള സബ്സിഡി നൽകുന്നതിനും നൂതന പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും ഇത് ബാധകമല്ല

2.3 സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്.

2.4 ഒരിനത്തിന് മറ്റേതെങ്കിലും സർക്കാർ ധനസഹായം ലഭിക്കുന്ന വ്യക്തിക്ക്/ഗ്രൂപ്പിന്/ സ്ഥാപനത്തിന് അതേ ഇനത്തിന് സർക്കാർ പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലെങ്കിൽ ഈ മാർഗരേഖ പ്രകാരമുള്ള സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

2.5 സ്ഥാവരമോ ജംഗമമോ ആയ ആസ്തികൾക്ക്, മുൻ വർഷങ്ങളിൽ സർക്കാർ/തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുള്ള സബ്സിഡിയോ/ധനസഹായമോ ലഭിച്ചിട്ടുള്ളവർ, സർക്കാർ നിശ്ചയിക്കുന്ന കാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സബ്സിഡി ലഭിക്കുന്നതിന് അർഹരാകുകയുള്ളൂ.

2.6 ഉത്പാദനോപാധികളും യന്ത്രസാമഗ്രികളും അടക്കമുള്ള എല്ലാ മേഖലയിലേയും വസ്തുക്കൾ, ആസ്തികൾ മുതലായവ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകുന്ന സംഗതികളിൽ മാത്രമാണ് ഗുണഭോക്തൃ വിഹിതം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അടയ്ക്കേണ്ടത്.

2.7 നിർവഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങൾ മാർഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ(പി)259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യുർമെന്റ് മാർഗരേഖ ബാധകമായിരിക്കും. വാങ്ങൽ പ്രോജക്ടുകൾ അതാത് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ തയ്യാറാക്കി തൊട്ട്മുകളിൽ ചുമതലയുള്ള ഉദ്യോഗസ്ഥനു വെറ്റിംഗിന് സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പാക്കേണ്ടതാണ്.

2.8 വ്യക്തികൾ/ഗ്രൂപ്പുകൾ/സ്ഥാപനങ്ങൾ/ഗുണഭോക്തൃസമിതികൾ എന്നിവർ (ഗുണഭോക്താവ്) നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ (സ്ഥലം ഉൾപ്പെടെ) നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യതയും ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയതിനു ശേഷമാണ് സബ്സിഡി അവരുടെ ബാങ്ക്

അക്കൗണ്ടിലേയ്ക്ക് അടയ്ക്കേണ്ടത്. ഇങ്ങനെയുള്ള സന്ദർഭത്തിൽ ഗുണഭോക്തൃ വിഹിതം തദ്ദേശഭരണസ്ഥാപനത്തിൽ അടയ്ക്കേണ്ടതില്ല.

2.9 ഗുണഭോക്താവ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ/സ്വയംതൊഴിൽ പ്രവർത്തനങ്ങൾ/ഗ്രൂപ്പ് സംരംഭങ്ങൾ/കമ്പോസ്റ്റുകൾ/ബയോഗ്യാസ് പ്ലാന്റുകൾ മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ അവർക്കുള്ള സബ്സിഡി ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതാണ്.

2.10 മൂല്യ നിർണ്ണയം എങ്ങിനെയെന്ന് പ്രത്യേകം പരാമർശിക്കാത്തതും മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമായി വരുന്നതുമായ സംഗതികളിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ/ ഓവർസീയർ നിലവിലുള്ള നിയമപ്രകാരം മൂല്യ നിർണ്ണയം നടത്തേണ്ടതാണ്.

2.11 പ്രത്യേകം അനുവദിക്കപ്പെട്ട സംഗതികളിൽ ഒഴികെ സബ്സിഡി അഡ്വാൻസായി നൽകാവുന്നതല്ല.

2.12 പൊതു വിഭാഗത്തിൽ രണ്ട് ലക്ഷം രൂപവരെയും പട്ടികജാതി വിഭാഗത്തിന് മൂന്നു ലക്ഷം രൂപ വരെയും കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ആനുകൂല്യങ്ങൾക്ക് നൽകാവുന്നതാണ്.

2.12.1 എന്നാൽ, കാർഷിക മേഖലയിൽ ആനുകൂല്യം നൽകുന്നതിനുള്ള മാനദണ്ഡം വരുമാന പരിധിയായിരിക്കില്ല. നാമമാത്ര കർഷകനും(രണ്ടര ഏക്കർ-ഒരു ഹെക്ടർ ഭൂമി/ നിലം ഉള്ള ആൾ), ചെറുകിട കർഷകനും (അഞ്ച് ഏക്കർ - 2 ഹെക്ടർ ഭൂമി/ നിലം ഉള്ള ആൾ) ആയിരിക്കും. രണ്ട് ഹെക്ടറിലധികം നെൽക്കൃഷി നടത്തുന്ന കർഷർക്കും രണ്ട് ഹെക്ടർവരെയുള്ള നെൽക്കൃഷിക്ക് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും നൽകാവുന്നതാണ്.

2.12.2 മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യ വികസനം എന്നീ മേഖലകളിൽ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെയുള്ളവർക്ക് ആനുകൂല്യം നൽകാവുന്നതാണ്.

2.12.3 ലൈഫ് പദ്ധതിയിൽ വീട് ലഭിക്കുവാൻ കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കൂടുതലാകുവാൻ പാടില്ല.

2.13 പട്ടികവർഗ്ഗ വിഭാഗത്തിന് ആനുകൂല്യങ്ങൾ വരുമാന പരിധി ബാധകമല്ല.

2.14 വരുമാന സർട്ടിഫിക്കറ്റ്:-

- റവന്യൂ അധികാരികൾ നൽകിയതോ
- ഈ ആവശ്യത്തിനോ മറ്റേതെങ്കിലും ആവശ്യത്തിനോ ആറ് മാസക്കാലയളവിനുള്ളിൽ റവന്യൂ അധികാരികളിൽ നിന്നും വാങ്ങിയതോ
- റേഷൻകാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലോ
- നിർവഹണ ഉദ്യോഗസ്ഥർ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയതോ ആയിരിക്കണം.

2.15 25000 രൂപയിൽ കുറവ് ആനുകൂല്യം വാങ്ങുന്ന കാര്യങ്ങളിൽ എഗ്രിമെന്റ് വയ്ക്കുന്നതിന് മുദ്രപത്രം ആവശ്യമില്ല.

2.16 അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർബന്ധിക്കേണ്ടതില്ല. ആനുകൂല്യം വിതരണം ചെയ്യുന്നതിനുമുമ്പ് വരുമാനം സാക്ഷ്യപ്പെടുത്തിയ രേഖ ഹാജരാക്കിയാൽമതി.

***2.17 അട്ടപ്പാടി മേഖലയ്ക്ക് ഇളവുകൾ:-***

***അട്ടപ്പാടി മേഖലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സബ്സിഡി നിൽകുന്നതിന് ചുവടെ ചേർക്കുന്ന ഇളവുകൾ അനുവദിച്ചു.***

1) ***വ്യക്തിഗത കാർഷിക ആനുകൂല്യം വാങ്ങുന്നതിന് റവന്യു വകുപ്പ് നൽകുന്ന ഭൂമിയുടെ കൈവശ രേഖയ്ക്ക് പകരം ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ നൽകുന്ന സാക്ഷ്യ പത്രം മതിയാകും.***

2) ***സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് ഖണ്ഡിക 6.10 -4.1 പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങളിൽ തൊട്ടുമുമ്പുള്ള വർഷമെങ്കിലും പ്രവർത്തന ലാഭമുള്ളതായിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും അട്ടപ്പാടി സഹകരണ ഫാമിംഗ് സൊസൈറ്റിയെയും, വട്ടുലക്കി ഗിരിജൻ സഹകരണ സംഘത്തെയും ഒഴിവാക്കി.***

3) ***അങ്കണവാടികൾ പ്രവർത്തിക്കാത്ത സങ്കേതങ്ങളിൽ പ്രത്യേക വിജ്ഞാൻ വാടികൾ, ബാലവാടികൾ എന്നിവ ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നതിന് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിനെ അനുവദിച്ചു.***

4) ***ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ പരിശോധനയ്ക്കു കൂടി വിധേയമാക്കണമെന്ന നിബന്ധനയോടെ അട്ടപ്പാടി മേഖലയ്ക്ക് മാത്രമായി അനുവദിച്ചു.***

***[★8 സ.ഉ(സാധാ)നം. 2124/2018/തസ്വഭവ തീയതി 02.08.2018]***

**3. ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ :-**

1 വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട താഴെപ്പറയുന്ന ആസ്തികളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിലാണ് നിശ്ചയിക്കേണ്ടത്. ഇത് നിശ്ചയിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി തലത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ ഒരു സമിതി രൂപീകരി ക്കേണ്ടത് ആവശ്യമാണ്. സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | ജില്ലാ കളക്ടർ |
| കൺവീനർ | - | ജില്ലാ പ്ലാനിംഗ് ആഫീസർ |
| ജോയിന്റ്കൺവീനർ | - | ബന്ധപ്പെട്ട വിഷയ മേഖലയിലെ ജില്ലാതല ഉദ്യോഗസ്ഥൻ (നിർബന്ധം) |
| അംഗങ്ങൾ | - | 1)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ<br>2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)<br>3)റീജിയണൽ ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ് വകുപ്പ്<br>4) ഡെപ്യൂട്ടി ഡയറക്ടർ എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് |

**2 സമിതിയുടെ ചുമതലകൾ:**

1) നിർദ്ദിഷ്ട ആസ്തിയുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുക.
2) നിർദ്ദിഷ്ട ആസ്തിയുടെ യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് നൽകേണ്ട സബ്സിഡി തുക നിശ്ചയിക്കുക.
3) സാധാരണഗതിയിൽ സംസ്ഥാന പദ്ധതികളിലും, വകുപ്പ്തല യൂണിറ്റ് കോസ്റ്റിലും നിർദ്ദേശിക്കപ്പെട്ടതിലധികരിക്കാൻ പാടില്ല. വ്യത്യാസം വരുത്തുന്നെങ്കിൽ കാരണം വ്യക്തമാക്കണം.
4) താഴെപ്പറയുന്ന ആസ്തികളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് 2018 ഫെബ്രുവരി 25-ന് മുമ്പ് നിശ്ചയിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.
5) ഏതെങ്കിലും ഇനത്തിന് യൂണിറ്റ് കോസ്റ്റ് ഈ ഉത്തരവിൽ നിശ്ചയിച്ചിട്ടില്ലെങ്കിൽ ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ ടി സമിതിക്ക് നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമം പാലിച്ച് യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാവുന്നതാണ്.

**3 ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കേണ്ട ഇനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും**

| ക്രമ നം | ഇനങ്ങൾ | | ജില്ലാതല ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 1. ജൈവ കീടനാശിനി, ജീവാണുകീടനാശിനി, കുമ്മായം, ഡോളോമൈറ്റ്,വളർച്ച ത്വരകങ്ങൾ, രാസവളം, പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗ്,/ചട്ടി, കാർഷിക യന്ത്രോപകരണങ്ങളുടെ മണിക്കൂർ/ ദിവസ വാടക ഇനം തിരിച്ച്, ജീവാണുവളങ്ങൾ, ജൈവവളം, ഹരിത ഭവനം, സുജലം, സുഫലം (ജില്ലയിൽ ആവശ്യമുള്ളതിന്)<br>2. പെട്ടിയും പറയും, ഇലക്ട്രിക് മോട്ടോറും<br>3. പ്രാദേശിക നെല്ല് വിത്തിനങ്ങൾ<br>4) തേനീച്ചയും കൂടും ഉൾപ്പെടെ | - | ജില്ലാ കൃഷി ഓഫീസർ |
| 2 | മുട്ടക്കോഴിയും, കൂടും, പെണ്ണാട്, കാളക്കുട്ടി, കന്നുകുട്ടി, കിടാരി, പോത്തുക്കുട്ടി, ഗർഭിണി കിടാരി, കാട, താറാവ്, മുയൽ - കൂട്, പന്നി, കറവയന്ത്രം, ബ്രോയിലർ യൂണിറ്റ് | | ജില്ലാ മൃഗസംരക്ഷണ ഓഫീസർ |
| 3 | *ഒഴിവാക്കി [★36 സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തീയതി 29.05.2020 ]* | | |
| 4 | മത്സ്യം ഉണക്കുന്നതിനുള്ള ഡ്രയറുകൾ, മത്സ്യം സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനം, ഓട്ടോമാറ്റിക് മത്സ്യ സംസ്കരണ യന്ത്രം, മത്സ്യ സംസ്കരണ പ്ലാന്റുകൾ, അലങ്കാര മത്സ്യം വളർത്തൽ | | ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് |

**4. സംസ്ഥാന സർക്കാർ സ്കീമുകളിലെ സബ്സിഡി സ്വീകരിക്കുന്നതിന് നിയന്ത്രിത അനുമതി.**

1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക 3,4,5 പ്രകാരവും നഗരപാലിക നിയമത്തിലെ പട്ടിക 1 പ്രകാരവും തദ്ദേശഭരണസ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ള ചുമതലകളുടെ കാര്യക്ഷമമായ പൂർത്തീകരണത്തിനായി പ്രോജക്ടുകൾ തയ്യാറാക്കു ന്നതിന് ഈ സബ്സിഡി ഉത്തരവിൽ ഇല്ലാത്തതും കേരള സംസ്ഥാന സർക്കാർ

സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് പ്രയോജനപ്പെടുത്തുന്നതിനുള്ള നിയന്ത്രിത അനുമതി നൽകുന്നു.

2) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഈ ഉത്തരവിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള സബ്സിഡി ഇനങ്ങളും തുകകളും അപ്രകാരം തന്നെ ഉപയോഗിക്കേണ്ടതാണ്. എന്നാൽ ഈ ഉത്തരവിൽ ഇല്ലാത്തതും സംസ്ഥാന സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ ഉപയോഗ പ്പെടുത്താവുന്നതാണ്.
3) മുൻ സാമ്പത്തിക വർഷത്തെ സംസ്ഥാന നിരക്ക് ബാധകം:- സംസ്ഥാന പദ്ധതി സബ്സിഡി ഉപയോഗിക്കേണ്ടിവരുമ്പോൾ തൻവർഷത്തെ പദ്ധതികളുടെ സബ്സിഡി സ്വീകരിക്കുന്നത്, അംഗീകരിച്ച പ്രോജക്ടുകൾക്ക് ഭേദഗതികൾ ആവശ്യമാക്കും എന്നതിനാൽ തൊട്ട് മുൻ വർഷത്തെ സബ്സിഡി മാനദണ്ഡങ്ങൾ ബാധകമാക്കാ വുന്നതാണ്. അതായത് തദ്ദേശഭരണസ്ഥാപനങ്ങളുടെ നടപ്പ് വാർഷിക പദ്ധതിക്കായി തൊട്ട് മുൻവർഷത്തെ സംസ്ഥാന പദ്ധതിയുടെ സബ്സിഡി മാനദണ്ഡങ്ങളായിരിക്കും ബാധകമാകുക.
4) ഇതിനായി നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ ബന്ധപ്പെട്ട ഉത്തരവ് നമ്പറും, തീയതിയും, ഇനങ്ങളും, തുകയും പ്രോജക്ടിൽ രേഖപ്പെടുത്തണം.
5) ഇതേ ഇനം പ്രവൃത്തിക്ക് ബാധകമായ സബ്സിഡി മാനദണ്ഡം തദ്ദേശഭരണ സ്ഥാപന സബ്സിഡി മാർഗരേഖയിൽ ഇല്ലെന്നും അതിനാലാണ് സംസ്ഥാന സബ്സിഡി ഉപയോഗിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.
6) പ്രോജക്ട് പരിശോധനാ ഉദ്യോഗസ്ഥനും ഇത് പരിശോധിച്ച് പ്രത്യേകമായി അംഗീകാരം നൽകണം.

## 5. സബ്സിഡി നൽകുന്നതിൽ നിയന്ത്രണം

വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും ചുവടെ വിവരിക്കുന്ന ഇനങ്ങൾക്ക് സബ്സിഡി നൽകുവാൻ പാടില്ല.

1. പ്രഷർകുക്കർ
2. പാചകപാത്രങ്ങൾ/സംഭരണ പാത്രങ്ങൾ
3. ഫർണിച്ചർ (എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്കും, പരമ്പരാഗത മത്സ്യത്തൊഴിലാളി കളുടെ മക്കളായ വിദ്യാർത്ഥികൾക്കും, വൃദ്ധർക്ക് കട്ടിലും ഒഴികെ)
4. ടെലിവിഷൻ/റേഡിയോ/മൈക്ക്സെറ്റ്(സ്വയംതൊഴിൽ സംരഭത്തിന്റെ കാര്യത്തിൽ ഒഴികെ/ വിളക്ക്, റാന്തൽ, സൗരറാന്തൽ (വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ എസ്.സി./എസ്.റ്റി വിഭാഗത്തിലെ വീടുകൾക്ക് ഒഴികെ)
5. ബാഗ്/ചെരുപ്പ്/ഷൂസ്/കുട/നോട്ട്ബുക്ക് മുതലായവ (പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒഴികെ)
6. വസ്ത്രങ്ങൾ/യൂണീഫോമുകൾ/പുസ്തകങ്ങൾ (പട്ടികജാതി/പട്ടികവർഗ്ഗം വിദ്യാർത്ഥികൾ ക്കുള്ള സ്കൂൾ യൂണീഫോം, സ്പോർട്ട്സ് ജെഴ്സി ഒഴികെ)
7. പണമായി നൽകുന്ന സഹായം/പെൻഷൻ/സംഭവന/പരസ്യം(പ്രത്യേകമായി നിർദ്ദേശിച്ചി ട്ടുള്ളവ ഒഴികെ)
8. ചികിത്സ/വിവാഹം/മരണാനന്തര ചടങ്ങുകൾ/കുട്ടികളുടെ ജനനം എന്നിവയ്ക്ക് ധനസ ഹായം (പ്രത്യേകം അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ)
9. തയ്യൽ മെഷീൻ (സംരംഭകത്വത്തിൽ ഉൾപ്പെടുത്തേണ്ടത് ഒഴികെ)
10. കോടാലി/പിക്കാസ്/മൺകോരി/മൺവെട്ടി/കത്തി എന്നിവയും മറ്റു പൂന്തോട്ട നിർമ്മാണ ഉപകരണങ്ങളും
11. കൃഷിഭൂമി
12. പലിശ സബ്സിഡി (പ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ളത് ഒഴികെ)
13. എൽ.പി.ജി കണ്ക്ഷൻ
14. സബ്സിഡി നൽകുന്ന കാര്യത്തിൽ തർക്കങ്ങൾ ഉണ്ടായാൽ അത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ സ്പഷ്ടീകരണം തേടേണ്ടതാണ്.

## 6. സബ്സിഡി നിരക്കുകൾ

വ്യക്തികൾക്ക്/കുടുംബങ്ങൾക്ക്/ഗ്രൂപ്പുകൾക്ക് ഓരോ ഇനത്തിനും അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്ക്/തുകയാണ് ചുവടെ വിവരിച്ചിട്ടുള്ളത്. ഇതിൽ അധികരിക്കാതെ നിശ്ചയിക്കാൻ തദ്ദേശഭരണസ്ഥാപനത്തിന് സ്വാതന്ത്ര്യമുണ്ടായിരിക്കും.

## 6.1 കൃഷി

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ<br>(നാമമാത്ര കർഷകൻ – രണ്ടര ഏക്കർ–ഒരുഹെക്ടർ, ചെറുകിട കർഷകൻ – അഞ്ച് ഏക്കർ – രണ്ട് ഹെക്ടർ ഭൂമി) |
|---|---|---|---|---|
| 1 | എ) ജൈവവളം, കുമ്മായം, ഡോളോമൈറ്റ് (പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പടെ)<br>ബി)വളർച്ചാ ത്വരകങ്ങൾ<br>സി)ജീവാണുവളങ്ങൾ | പൊതുവിഭാഗം/<br>പട്ടികജാതി/ പട്ടിക വർഗ്ഗം | 75%<br>100%<br>(പരമാവധി സബ്സിഡി തുക തദ്ദേശസ്വയം ഭരണസ്ഥാപനം നിശ്ചയിക്കണം | • നാമമാത്ര/ചെറുകിടകർഷകർ,പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ,വ്യക്തികൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ, തരിശ് ഭൂമി കൃഷിക്കാർ എന്നിവർക്ക് നൽകാം. കൃഷി സ്ഥലത്തിന്റെ വിസ്തൃതി പരിധി പാട്ടക്കൃഷിക്കും ബാധകമാണ്.<br>• കാർഷികകർമ്മസേനകൾ,കർഷകഗ്രൂപ്പുകൾ,കർഷകർ,കുടുംബശ്രീ/അയൽകൂട്ടങ്ങൾ, ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേയ്സ് നടത്താവുന്നതാണ്.<br>• കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും, കൃഷി വകുപ്പ്, ശുചിത്വമിഷൻ സാക്ഷ്യപ്പെടുത്തിയ ജൈവവളങ്ങൾക്ക് മുൻഗണന നൽകണം.<br>• ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥപനങ്ങളും മാത്രമെ ഈ ആവശ്യത്തിന് പ്രോജക്ട് ഏറ്റെടുക്കാവൂ.<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം |
| 2) | ഡി) രാസവളം | പൊതുവിഭാഗം<br>പട്ടികജാതി/ പട്ടിക വർഗ്ഗം | 50% (പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം)<br>100% | |
| 3) | ജൈവ/ ജീവാണു കീടനാശിനി ഉൾപ്പടെയുള്ള കീടനാശിനികൾ | പൊതുവിഭാഗം<br>പട്ടികജാതി/ പട്ടിക വർഗ്ഗം | 75%<br>(പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം)<br>100% | • നാമമാത്ര/ചെറുകിടകർഷകർ, പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ,വ്യക്തികൾ, കുടുംബശ്രീ യൂണിറ്റുകൾ, ജെ.എൽ.ജി.ഗ്രൂപ്പുകൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ, തരിശ് ഭൂമി കൃഷിക്കാർ എന്നിവർക്ക് നൽകാവുന്നതാണ്.<br>• കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇക്കോഷോപ്പുകൾ, കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ എന്നിവയിലൂടെ വിതരണം ചെയ്യണം.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ട് ഏറ്റെടുക്കാം<br>• യൂണിറ്റ് കോസ്റ്റ്ജില്ലാതലത്തിൽ നിശ്ചയിക്കണം. |
| 4) | നെല്ല്, പച്ചക്കറി, പച്ചില വളം, ,ഭക്ഷ്യ വിളകളുടെ വിത്തുകൾ/ പച്ചക്കറി തൈകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ടിഷ്യൂകൾച്ചർ വാഴ, കുരുമുളക് തൈകൾ, | എല്ലാ വിഭാഗങ്ങൾക്കും | 100% (പരമാവധി സബ്സിഡി തുക തദ്ദേശ ഭരണ സ്ഥാപനം നിശ്ചയിക്കണം) | • നാമമാത്ര/ചെറുകിട കർഷകർ,പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, വ്യക്തികൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, തരിശ് ഭൂമി കൃഷിക്കാർ എന്നിവർക്കും നൽകാവുന്നതാണ്.<br>• സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്.<br>• കൃഷിഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യണം.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ട് ഏറ്റെടുക്കാം<br>• കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി VFPCK എന്നിവയിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില |

| | | | | |
|---|---|---|---|---|
| 5) | ***ഫലവൃക്ഷതൈകൾ:-***<br>ഫല-പുഷ്പ-ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും, തെങ്ങിൻതൈകളും, ജാതിതൈകളും | പൊതുവിഭാഗം/<br><br>പട്ടികജാതി/ പട്ടികവർഗ്ഗം | 75%<br>(ഒരു കർഷകന് പരമാവധി 5,000/- രൂപ)<br><br>100% | • ***ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടുവളർത്തൽ [ ★ 36 സ.ഉ (സാധാ)നം.1009/2020/തസ്വഭവ തീയതി 29.05.2020 ]***<br>• ചെറുകിട/നാമമാത്ര കർഷകർ. പാട്ട കൃഷിക്കാർ,കർഷകഗ്രൂപ്പുകൾ,പുരുഷ സ്വയം സഹായ സംഘങ്ങൾ,തരിശു ഭൂമി കൃഷിക്കാർ എന്നിവർക്ക് നൽകാം<br>• കൃഷിഭവൻ വഴി വിതരണം ചെയ്യണം.<br>• സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിത്തുകളുടെ അളവും തുകയും തീരുമാനിക്കണം<br>• കർഷക ഗ്രൂപ്പുകൾക്ക് മറ്റ് സഹായങ്ങളും നൽകാവുന്നതാണ്.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ട് ഏറ്റെടുക്കാം |

***6) തരിശ് കൃഷി [6.1.6 ന് പകരമായി കൂട്ടിച്ചേർത്തത് [★36 സ.ഉ (സാധാ)നം.1009/2020/തസ്വഭവ തീയതി 29.05.2020 ]***

| ക്രമ നമ്പർ | ഇനം/കൃഷി | | നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക) | | | മാർഗ്ഗനിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|
| | | | കർഷകന് | ഉടമയ്ക്ക് | ആകെ | |
| *1* | *നെല്ല്* | | *35,000* | *5000* | *40,000* | *1) മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശ് ഭൂമി ആയി പരിഗണിക്കേണ്ടത്. ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം.*<br>*2) മൂന്ന് വർഷത്തിലധികമായി പൂർണ്ണമായി കൃഷിക്ക് ഉപയോഗിക്കാത്ത പുരയിടവും (underutilized lands) തരിശായി കണക്കാക്കി അതിൽ യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായ ധനസഹായം നൽകാവുന്നതാണ്.*<br>*3) തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കു മാത്രമാണ് തരിശുകൃഷിയുടെ ആനുകൂല്യം നൽകാവുന്നത്.*<br>*4) നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം രണ്ട് തവണകളായി നൽകാം. ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടും തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷവും ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാവുന്നതാണ്. ഉടമയ്ക്കുള്ള സഹായം പ്ലാന്റിംഗ് നടക്കുന്ന സമയത്ത് നൽകാവുന്നതാണ്.*<br>*5) ചുവടെ ചേർത്തിട്ടുള്ള ഖണ്ഡിക 7.A ലെ പൊതു മാർഗ്ഗനിർദ്ദേശങ്ങളും ബാധകമായിരിക്കും.* |
| *2* | *പച്ചക്കറി* | *എല്ലാ വിഭാഗങ്ങൾക്കും* | *37,000* | *3000* | *40,000* | |
| *3* | *വാഴ* | | *32,000* | *3000* | *35,000* | |
| *4* | *പയർ വർഗ്ഗങ്ങൾ (Pulses)* | | *27,000* | *3000* | *30,000* | |
| *5* | *ചെറുധാന്യം )Millets)* | | *27,000* | *3000* | *30,000* | |
| *6* | *മരച്ചീനിയും മറ്റ് കിഴങ്ങു വർഗ്ഗങ്ങളും* | | *27,000* | *3000* | *30,000* | |
| *7* | *മുകളിൽ പരാമർശിക്കാത്ത മറ്റു വിളകൾ* | | *10,000* | *-* | *10,000* | |

| ക്രമ നമ്പർ | ഇനം | | | നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക) | മാർഗ്ഗ നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 7 | സ്ഥിരം കൃഷി (Regular farming) | | | | |
| | (ഖണ്ഡിക 6.1.7 നു പകരമായി കൂട്ടിച്ചേർത്തത് [★36 സ.ഉ(സാധാ)നം.1009/2020/തസ്വഭവ തീയതി 29.05.2020 ] | | | | |
| 1 | നെല്ല് (ഒരു പൂകൃഷിക്ക്) | | എല്ലാ വിഭാഗങ്ങൾക്കും | 22,000 | 1) ഹ്രസ്വകാല വിളകൾക്ക് ഒരു വർഷം പരമാവധി രണ്ട് സീസണിൽ സഹായം നൽകാം, നെൽകൃഷിക്കും ഒരു വർഷം രണ്ട് പ്രാവശ്യം (രണ്ട് പൂകൃഷിക്ക്) സഹായം നൽകാവുന്നതാണ്.<br>2) തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണമായി ഉപയോഗപ്പെടുത്തണം. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹി ക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള (Regular farming) സഹായം നൽകാവുന്നതാണ്.<br>3) നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം സീസണിന്റെ പകുതിയിലുള്ള പരിശോ ധനയ്ക്ക് ശേഷം ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്.<br>4) ഖണ്ഡിക. 7.A ലെ പൊതു മാർഗ്ഗനിർദ്ദേശങ്ങളും ബാധക മായിരിക്കും. |
| 2 | പച്ചക്കറി | പന്തൽ ഉൾപ്പടെ | | 25,000 | |
| | | പന്തൽ ഇല്ലാതെ | | 20,000 | |
| | | ശീതക്കാല പച്ചക്കറി (ഇടുക്കി, വയനാട് ജില്ലകളിലെ ശീതകാല പച്ചക്കറി കൃഷി നടത്തുന്ന പ്രദേശങ്ങൾക്കു മാത്രം) | | 30,000 | |
| 3 | പയർ വർഗ്ഗങ്ങൾ (Pulses) | | | 20,000 | |
| 4 | മരച്ചീനിയും മറ്റ് കിഴങ്ങ് വർഗ്ഗങ്ങളും (Tapioca and other tubers) | | | 20,000 | |
| 5 | വാഴ | | | 30,000 | |
| 6 | ചെറുധാന്യങ്ങൾ (Millets) | | | 20,000 | |
| 7 | നിലക്കടല (Groundnut) | | | 20,000 | |
| 8 | എള്ളും മറ്റ് എണ്ണക്കുരുക്കളും (Sesamum & other oil seeds) | | | 10,000 | |
| 9 | മുകളിൽ പരാമർശിക്കാത്ത മറ്റ് വിളകൾ | | | 10,000 | |

7A) *പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ*

*സ.ഉ (സാധാ)നം. 22/2018 തീയതി 14.02.2018 ലെ ഖണ്ഡിക 6.1.6 നും 6.1.7 നും പകരമായി ചേർത്ത മേൽപ്പറഞ്ഞ രണ്ട് ഇനങ്ങൾക്കും (തരിശ് കൃഷി, സ്ഥിരം കൃഷി) ബാധകമായ പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ [★36 സ.ഉ(സാധാ)നം.1009/2020/തസ്വഭവ 29.05.2020 പ്രകാരം ]*

1) *നാമമാത്ര – ചെറുകിട കർഷകർ, കർഷക കൂട്ടായ്മ/ഗ്രൂപ്പുകൾ, കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വയം സഹായ സംഘങ്ങൾ, പ്രവാസികൾ, പ്രവാസി കൂട്ടായ്മകൾ, സഹകരണ സംഘങ്ങൾ, പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി കൃഷി ചെയ്യുന്ന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും*

*നൽകാം. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപനത്തിന്റെ സഹായമില്ലാതെ കർഷകർ/ ഗ്രൂപ്പുകൾ കൃഷി ചെയ്യുന്ന അവസരത്തിലും മേൽപ്പറഞ്ഞ സഹായം അനുവദിക്കാവുന്നതാണ്.*

2) *നെൽകൃഷിക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കൂടി കൃഷി വകുപ്പിൽ നിന്നും ലഭ്യമാകുന്നതാണ്.*

- *സുസ്ഥിര നെൽകൃഷി വികസനത്തിന് ഉല്പാദനോപാധികൾക്കുള്ള സഹായം എന്ന സംസ്ഥാന പദ്ധതിയുടെ (Plan) ഭാഗമായി ഒരു ഹെക്ടറിന് 5500 രൂപ നിരക്കിൽ നിൽകുന്നതാണ്.*
- *നെല്ലുൽപാദനത്തിന് പ്രോത്സാഹന സഹായം എന്ന സ്കീമിന്റെ (Non Plan) ഭാഗമായി ഒരു ഹെക്ടറിന് 1000 രൂപ നിരക്കിൽ നൽകുന്നതാണ്.*
- *നെല്ല് സംഭരണത്തിന്റെ ഭാഗമായി ഒരു കിലോഗ്രാമിന് 8 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നതാണ്.*

3) *വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയ ഉത്പാദനോപാധികളും മറ്റ് കൃഷിചെലവുകളും ഉൾപ്പടെ അനുവദിക്കാവുന്ന പരമാവധി സഹായമാണ് മുകളിൽ പട്ടികയിൽ നൽകിയിട്ടുള്ളത്. വിത്ത്, വളം കീടനാശിനികൾ തുടങ്ങിയ ഉത്പാദനോപാദികൾ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുകയാണെങ്കിൽ അവയുടെ വില കുറവ് ചെയ്ത് (മാർഗ്ഗരേഖ പ്രകാരം ബാധകമായ ഗുണഭോക്തൃ വിഹിതം ഉൾപ്പടെയുള്ള തുക) ബാക്കി തുക സഹായമായി അനുവദിക്കാവുന്നതാണ്. എന്നാൽ നെൽകൃഷിയുടെ ഉത്പാദനോപാധികൾക്ക് കൃഷി വകുപ്പ് അനുവദിക്കുന്ന അധിക സഹായം പട്ടികകളിൽ നൽകിയിട്ടുള്ള നിരക്കിന് പുറമെ അനുവദിക്കാവുന്നതാണ്.*

4) *ഒറ്റ വിള (mono crop) കൃഷിക്കുള്ള സഹായങ്ങളാണ് പട്ടികകളിൽ നൽകിയിട്ടുള്ളത്. ഒരു പ്ലോട്ടിനുള്ളിൽ വ്യത്യസ്ത വിളകൾ വെവ്വേറെയായി (75 സെന്റ് മരച്ചീനി, 50 സെന്റ് പച്ചക്കറി എന്നിങ്ങനെ) കൃഷി ചെയ്യുന്ന സന്ദർഭത്തിൽ ഓരോ വിളയും കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായി അതത് വിളകൾക്ക് അനുവദനീയമായ നിരക്കിൽ സഹായം അനുവദിക്കാവുന്നതാണ്. ഒരു പ്ലോട്ടിൽ ബഹുവിള ((Multiple Crops) കൃഷി ചെയ്യുന്ന സന്ദർഭത്തിൽ മുഖ്യ വിളക്ക് ബാധകമായ സഹായം അനുവദിക്കാവുന്നതും മുഖ്യവിള ഒഴികെയുള്ള ഇടവിളകൾക്ക് വിത്തുകളും തൈകളും മേല്പറഞ്ഞ സഹായത്തിനു പുറമെ മാർഗരേഖ അനുസരിച്ച് അധികമായി നൽകാവുന്നതാണ്.*

5) *വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്.*

6) *ഭൂഉടമ സ്വന്തമായി കൃഷി ചെയ്യാതിരിക്കുകയും എന്നാൽ കൃഷി ചെയ്യുന്നതിന് ഭൂമി വിട്ടു നൽകാൻ സന്നദ്ധത അറിയിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഉടമകളിൽ തന്നെ നിലനിർത്തുന്നതാണെന്ന് ഉടമകളെ ബോധ്യപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത് / നഗരസഭ, ഭൂവുടമ, കൃഷി ചെയ്യുന്നവർ തമ്മിൽ ധാരണയുണ്ടാക്കേണ്ടതാണ്. ഉടമയ്ക്കുള്ള പ്രതിഫലം എത്രയെന്ന് തുടക്കത്തിൽ തന്നെ ധാരണായാകുന്നതിന് ശ്രമിക്കണം. തരിശ് കൃഷിയുടെ കാര്യത്തിൽ ഖണ്ഡിക 6 പ്രകാരം ഉടമയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുക ഉടമയ്ക്ക് തന്നെ നൽകേണ്ടതാണ്. ഉടമ തന്നെയാണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയ്ക്കുള്ള തുക ഉൾപ്പെടെയുള്ള മൊത്തം തുകയും ഉടമയ്ക്ക് നൽകാവുന്നതാണ്.*

7) *നിലവിലുള്ള തണ്ണീർത്തടങ്ങളും നെൽവയലുകളും മണ്ണിട്ടുയർത്തി കൃഷി ചെയ്യുന്ന രീതി ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കാൻ പാടില്ല.*

8) *ഈ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് താരതമ്യേന വലിയ പ്ലോട്ടുകളിലോ പാടശേഖരം മൊത്തത്തിലോ കൃഷി ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. വലിയ പ്ലോട്ടുകൾക്കും പാടേഖരത്തിനും ഉള്ളിലുള്ള വ്യക്തിഗത കർഷകർക്ക് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യങ്ങൾ നൽകാം.*

9) *ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് വിഹിതവും നൽകാവുന്നതാണ്*

10) *കൃഷി വകുപ്പ്, വിവിധ തദ്ദേശഭരണസ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവിടങ്ങളിൽ നിന്ന് സഹായം അനുവദിക്കുമ്പോൾ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം.*

11) *കാർഷിക മേഖലയിൽ നാമമാത്ര-ചെറുകിട കർഷകർക്കാണ് അർഹതയെങ്കിലും നെൽകൃഷിയുടെ കാര്യത്തിൽ രണ്ട് ഹെക്ടറിലധികം കൃഷി ചെയ്യുന്ന കർഷകർക്കും രണ്ട് ഹെക്ടർ വരെയുള്ള ആനുകൂല്യം നൽകാവുന്നതാണ്. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെയുള്ളവർക്ക് ആനുകൂല്യം നൽകാവുന്നതാണ്.*

| | | | | |
|---|---|---|---|---|
| 8) | 1. കുറ്റിപ്പമ്പ്,<br>2. പവർ സ്പ്രേയർ,<br>3. കളനീക്കൽ ഉപകരണം, | സമിതികൾക്കും സംഘങ്ങൾക്കും മാത്രം | 90% | • പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേനകൾ, രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിത കർഷക സംഘങ്ങൾ പുരുഷ സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് നൽകാം. വ്യക്തികൾക്ക് നൽകാൻ പാടില്ല. |

| | | | | |
|---|---|---|---|---|
| | 4. കാടുവെട്ട് യന്ത്രം,<br>5. മെതിയന്ത്രം,<br>6. ട്രാക്ടർ,<br>7. ട്രില്ലർ,<br>8. മിനിട്രാക്ടർ<br>9. നടീൽ യന്ത്രം,<br>10. കൊയ്ത്ത് യന്ത്രം,<br>11. വിന്നോവർ<br>12. റോക്കർ സ്പ്രേയർ,<br>13. തെങ്ങിൽ കയ റാനുള്ള യന്ത്രം | | | • തദ്ദേശഭരണസ്ഥാപനതലത്തിൽ കൃഷി ഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ആഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങാൻ.<br>• യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും, പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും, സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കരാർ വ്യവസ്ഥവേണം.<br>• സമിതികൾക്ക്/സംഘങ്ങൾക്ക് നൽകുന്ന യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ അവ ഏറ്റെടുക്കുന്ന സമിതികൾ തന്നെ വഹിക്കണം. അപ്രകാരമുള്ള ചെലവുകൾക്ക് വേണ്ടി തദ്ദേശസ്വയംഭരണസ്ഥാപനം തുക ചെലവഴിക്കാൻ പാടില്ല.<br>• അഗ്രോസർവ്വീസ് സെന്ററുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ബ്ലോക്ക്തലത്തിൽ കാർഷിക കർമ്മസേനകൾ രൂപീകരിക്കാവുന്നതും അപ്രകാരമുള്ളവയ്ക്ക് കർഷകരുടെ ഭരണസമതിയുണ്ടായിരിക്കേണ്ടതാണ്.<br>• യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറും കൈവശാധികാരം സമിതി/സ്ഥാപനത്തിനു മായിരിക്കും.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം. ഇരട്ടിപ്പ് പാടില്ല<br>• പുതുതായി രൂപീകരിക്കുന്ന കാർഷിക കർമ്മസേനകൾക്ക് 3 ലക്ഷം രൂപയുടെ യന്ത്രങ്ങൾ നൽകാവുന്നതാണ്<br>• ഇൻഷുറൻസും രജിസ്ട്രേഷനും ഉൾപ്പടെയുള്ള തുക കണക്കിലെടുത്ത് വേണം യൂണിറ്റ് കോസ്റ്റ് കണക്കാക്കാൻ.<br>കൃഷി ഓഫീസറും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശുപർശചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ<br>(1) മൂന്ന് വർഷം പൂർത്തിയാക്കിയതും, വാർഷിക ടേൺഓവർ ശരാശരി 10 ലക്ഷം രൂപയ്ക്കു മുകളിലുള്ളവയും, ആഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 10 ലക്ഷവും<br>(2) 25 ലക്ഷം രൂപയ്ക്ക് മുകളിൽ ശരാശരി വാർഷിക ടേൺ ഓവർ ഉള്ളതും, ആഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 20 ലക്ഷവും<br>(3) 50 ലക്ഷത്തിനുമുകളിൽ ശരാശരി വാർഷിക ടേൺ ഓവർ ഉള്ളതും, ആഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 40 ലക്ഷം രൂപയുടെയും യന്ത്രങ്ങൾ പ്രാദേശിക സാദ്ധ്യതകളുടെയും നൂതന കാർഷിക രീതികൾ പ്രാവർത്തികമാക്കു ന്നതിന്റെയും അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.<br>(4) കേരള അഗ്രോ മിഷണറി കോർപ്പറേഷനി (കാംകോ)ൽ നിന്നും ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. |
| 9) | നെൽകൃഷി ജലസേചനത്തിന് പെട്ടിയും പറയും മോട്ടറും | പാടശേഖര സമിതികൾക്ക് മാത്രം | 100% യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം | • അറ്റകുറ്റപ്പണി പാടശേഖര സമിതികൾ വഹിക്കണം.<br>• ***ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒപ്പം നഗരസഭകൾക്കും ഈ പ്രോജക്ട് ഏറ്റെടുക്കാം.***<br>***[★25 സ.ഉ(സാധാ)നം. 166//2019/തസ്വഭവ തീയതി 25.01.2019 ]***<br>• പാടശേഖര സമിതികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടാകൂ. |

| | | | | |
|---|---|---|---|---|
| 10) | പുതിയ ജലസേചന കിണർ (തുറന്ന കിണർ) | പൊതു വിഭാഗം<br><br>പട്ടികജാതി<br><br>പട്ടികവർഗ്ഗം | 50 %<br><br>75%<br><br>100% | • മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു.<br>• വാലുവേഷൻ എൽ.എസ്.ജി.ഡി എൻജിനീയർ ആണ് എടുക്കേണ്ടത്.<br>• തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി ഈ പ്രവൃത്തികൾ നടത്തേണ്ടതാണ്. അതിന് കഴിയുന്നില്ലെങ്കിൽ വികസനഫണ്ട് വിനിയോഗിക്കാം.<br>• കർഷക ഗ്രൂപ്പുകളുടെ കൃഷി ഇടങ്ങളിലും കിണർ നിർമ്മിക്കാവുന്നതാണ്.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എറ്റെടുക്കാം. |
| 11) | പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും (പോട്ടിംഗ് മിശ്രിതം നിറച്ചത്) | എല്ലാ വിഭാഗങ്ങൾക്കും | 75% (പോട്ടിംഗ് മിശ്രിതം നിറച്ച് തൈ ഉൾപ്പെടെ) | • ഗ്രോ ബാഗ് വാങ്ങി നൽകണം (ചട്ടി 10 ഇഞ്ച് വലിപ്പം)<br>• സ്ഥലവിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 മൺചട്ടി/ഗ്രോബാഗ് വരെ നൽകാം.<br>• കൃഷി വകുപ്പ് പദ്ധതി പ്രകാരം മൺചട്ടി/ഗ്രോബാഗ് ലഭിച്ചവർക്ക് വീണ്ടും നൽകാൻ പാടില്ല<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എറ്റെടുക്കാം.<br>• കുടുംബശ്രീ യൂണിറ്റുകൾ/കർഷഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന (10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടികൾ) താണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. |
| 12) | കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വയ്ക്കൽ | എല്ലാ വിഭാഗങ്ങൾക്കും | കൃഷിവകുപ്പിൽ പ്രാബല്യത്തിലു ള്ള സബ്സിഡി | • കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കും നിബന്ധനകളും പാലിക്കണം.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഈ പ്രോജക്ട് എറ്റെടുക്കാം |
| 13) | കാർഷിക സേവനങ്ങൾക്ക് സബ്സിഡി | എല്ലാവിഭാഗത്തിനും | 25% പരമാവധി ഒരു വർഷം വിനിയോഗിക്കാവുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം. | • തദ്ദേശഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർപേഴ്സണും കൃഷി ഓഫീസർ കൺവീനറുമായി കൃഷി ഭവന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മസേനകൾ, കൃഷി വകുപ്പിന്റെ അഗ്രോ സർവീസ് സെന്ററുകൾ എന്നിവ മുഖാന്തിരം കർഷകർക്ക് നിയന്ത്രിത നിരക്കുകളിൽ നൽകുന്ന സേവനങ്ങൾക്ക് മാത്രം<br>• സേവനങ്ങൾ മുൻകൂട്ടി പട്ടികപ്പെടുത്തി തദ്ദേശഭരണസ്ഥാപനം അംഗീകരിച്ച് പ്രസിദ്ധീകരിക്കണം.<br>• കൂലി ചെലവ് സബ്സിഡി ലഭിക്കുന്നവർക്ക് അർഹതയില്ല.<br>• സേവനങ്ങൾക്ക് നൽകുന്ന ബില്ലിൽ തദ്ദേശഭരണസ്ഥാപന സബ്സിഡി എന്ന് രേഖപ്പെടുത്തി കുറവ് ചെയ്യണം<br>• ബിൽ പ്രകാരമുള്ള കുറവ് ലഭിച്ചിട്ടുണ്ടെന്നുള്ള ഗുണഭോക്താവിന്റെ ഒപ്പ് രേഖപ്പെടുത്തിയ ലിസ്റ്റ് പ്രകാരം കൃഷി ആഫീസർ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് തുക ഒന്നായി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എറ്റെടുക്കാം |
| 14 | പുതിയ ജലസേചന പമ്പു സെറ്റ് അക്സിസറീസ് ഉൾപ്പെടെ | പൊതു വിഭാഗം പട്ടികജാതി വിഭാഗം<br>പട്ടികവർഗ്ഗ വിഭാഗം | 50% (പരമാവധി 10,000/- രൂപ<br>100% | • നാമമാത്ര/ചെറുകിട കർഷകർക്ക് മാത്രം,<br>• ഗ്രാമ പഞ്ചായത്തിൽ 20 സെന്റും/നഗരസഭയിൽ 10 സെന്റും അതിൽ കൂടുതലും കൃഷി ചെയ്യുന്ന കർഷകർക്ക്.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രം.<br>• തുടർച്ചയായി പ്രവർത്തിച്ചുവരുന്ന കർഷക ഗ്രൂപ്പുകളുടെ കൃഷി ഇടങ്ങളിലും ലഭ്യമാക്കാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| 15 | പ്രദേശത്ത് കൃഷിയെ സാരമായി ബാധിക്കുന്ന കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി | എല്ലാ വിഭാഗത്തിനും | ചെലവിന്റെ 75% (തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം) | • തദ്ദേശഭരണസ്ഥാപനത്തിലെ കൃഷിആഫീസർ തയ്യാറാക്കുന്ന കീടരോഗബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ചറിപ്പോർട്ടും മേൽ ഉദ്യോഗസ്ഥൻ അംഗീകരിക്കണം. അതു വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും തീരുമാനത്തിനു വിധേയമായി നടപ്പാക്കാം<br>• കൃഷി ഭവൻ തലത്തിലെ പാടശേഖരസമിതികൾ, കർഷകസമിതികൾ മുഖാന്തിരം നടപ്പാക്കാം<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ട് എറ്റെടുക്കാം. |
| 16 | പ്രാദേശിക ഉത്പ്പന്നങ്ങൾക്ക് വിപണന സംവിധാനം(കാർഷിക ഉല്പന്നങ്ങൾ ഉൾപ്പെടെ) | | 100% (പരമാവധി തുക തദ്ദേശ സ്ഥാപനങ്ങൾക്ക് നിശ്ചയിക്കാം) | • തദ്ദേശഭരണസ്ഥാപനത്തിന്റെ കാർഷിക കർമ്മ സേനകൾ/ അഗ്രോ സർവീസ് സെന്ററുകൾ, കർഷക ഗ്രൂപ്പുകൾ/ ഇക്കോ ഷോപ്പുകൾ/നാളികേരഉല്പാദക കമ്പനികൾ/നാളികേര ഉല്പാദക ഫെഡറേഷൻ/പ്രൊഡ്യൂസേഴ്സ് കമ്പനി)<br>• എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം.<br>• അടിസ്ഥാന സൗകര്യങ്ങൾ, വാടക, ഉപകരണം, അക്കൗണ്ടിംഗ് സംവിധാനം, ശീതീകരണ സംഭരണ സംവിധാനം എന്നിവയുടെ അടിസ്ഥാനത്തിൽ വാർഷിക ഗ്രാന്റ് നൽകാം.<br>• എല്ലാ സ്ഥാപനങ്ങളുടെയും മൊബൈൽ ഫോൺ, ഈ-മെയിൽ ഐഡി എന്നിവ തദ്ദേശ ഭരണ സ്ഥപാനത്തിന്റെ സൈറ്റിൽ പ്രസിദ്ധീകരിക്കണം.<br>• ഓരോ സ്ഥാപനങ്ങൾക്ക് നൽകാവുന്ന ഗ്രാന്റ് തുക തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കണം, കരാർ വ്യവസ്ഥയുണ്ടാക്കണം. |
| 17 | കശുമാവ് കൃഷി (തൈവിതരണം) | എല്ലാ വിഭാഗങ്ങൾക്കും | 100% | • കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ തൈകൾ വിതരണം ചെയ്യണം<br>• കാഷ്യു കോർപ്പറേഷനിൽ നിന്നും സൗജന്യമായി തൈകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രം വികസനഫണ്ട് വിനിയോഗിക്കാം.<br>• എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും നൽകാം. ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം.<br>• തരിശുഭൂമിയിലും പൊതുഇടങ്ങളിലും തൈകൾ നടാനും നനയ്ക്കാനും ചുറ്റുവേലികെട്ടാനും തൊഴിലുറപ്പു പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണം. |
| 18 | റബർ തൈകൾവച്ച തോട്ടങ്ങളിൽ ഇടവിളയായി പഴങ്ങളും പച്ചക്കറിയും കൃഷിചെയ്യുന്നതിനുള്ള പദ്ധതി (മൂന്ന് വർഷകാലയളവിനുള്ളിൽ) | എല്ലാവിഭാഗങ്ങൾക്കും | അനുയോജ്യമായ തോതിൽ ഈ മാർഗ്ഗരേഖയിലെ വിവിധ സബ്സിഡികൾ ഹെക്ടറിന് 7,000/- രൂപയിൽ അധികരിക്കാതെ നൽകാം | (1) നാമമാത്ര/ചെറുകിട കർഷർക്ക് മാത്രം.<br>(2) പച്ചക്കറി, വാഴ, പൈനാപ്പിൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ എന്നിവ പ്രത്യേകമായും ഒരുമിച്ചും ഇടവിളകൃഷിയായി ചെയ്യാം<br>(3) റബർ തൈകളുടെ സംരക്ഷണത്തിനായി റബർബോർഡ് നൽകുന്ന ധനസഹായം ഒഴികെ മറ്റ് സഹായം ലഭിച്ചിട്ടില്ലെങ്കിൽ മാത്രമേ സബ്സിഡി നൽകാവൂ.<br>(4) കൃഷി ചെയ്യുന്ന ഓരോ വിളകളുടെയും ഭൂവിസ്തൃതി അടിസ്ഥാനപ്പെടുത്തി തുക നിശ്ചയിക്കണം.<br>(5) ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഈ പ്രോജക്ടിന് വകയിരുത്താവുന്ന തുക നിശ്ചയിച്ച് പ്രോജക്ടു തയ്യാറാക്കണം. |

| | | | | |
|---|---|---|---|---|
| 19 | പ്രദർശന മാതൃകാ കൃഷിതോട്ട ങ്ങളും- ഔഷധസ സ്യതോട്ടങ്ങ ളും-നേഴ്സറി കളും, വിത്ത് ഉല്പാദന കേന്ദ്രങ്ങളും തരി ശുരഹിതഗ്രാമവും | എല്ലാവിഭാഗ ങ്ങൾക്കും (വ്യക്തിഗ തവും/സംരംഭ കരും) | അനുയോജ്യമായ തോതിൽ ഈ മാർഗ്ഗരേഖയിലെ വിവിധ സബ്സി ഡികൾ കൃഷിചെ യ്യുന്ന ഭൂമിയുടെ വിസ്തൃതിയുടെ അനുപാതത്തിൽ ലഭ്യമാക്കാം . | • തരിശുഭൂമി സ്വന്തം/പാട്ടത്തിനുള്ളത് മാതൃകാപ്രദർശനത്തോട്ടമായി കൃഷി ചെയ്യണം.<br>• ഔഷധസസ്യതോട്ടങ്ങളും,ഫല വൃക്ഷ നേഴ്സറികളും, പച്ചക്കറി വിത്ത് ഉല്പാദനകേന്ദ്രങ്ങളുമാകാം.<br>• പോളിഹൗസ്, മഴമറ, പ്രിസിഷൻഫാമിംഗ്, കണിക ജലസേചനം, ഫെർട്ടിഗേഷൻ തുടങ്ങിയ ആധുനിക കൃഷിരീതികളും ബഡ്ഡിംഗ്. ഗ്രാഫ്റ്റിംഗും പരിശീലിപ്പിക്കുന്നതുമായ കേന്ദ്രങ്ങളുമാകാം.<br>• എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ഇരട്ടിപ്പ് പാടില്ല.<br>• മറ്റ് സ്ഥാപനങ്ങളിൽ നിന്നും ധനസഹായം വാങ്ങിസ്ഥാപിച്ചിട്ടുള്ള തോട്ടങ്ങൾക്ക് പ്രോത്സാഹന സഹായമായി 5,000/-രൂപ മാത്രം.<br>• പരമാവധി തുക ജില്ലാതലത്തിൽ നിശ്ചയിക്കണം |
| 20 | വീടുകൾ-ഹരിതഭവനം | എല്ലാവിഭാഗ ങ്ങളും | സംയോ ജിത പദ്ധതി (സബ്സിഡി പര മാവധിതുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം) | • നാമമാത്ര/ചെറുകിട കർഷകർക്കു മാത്രം.<br>• വീട്ടുവളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലവും ജൈവകൃഷി നടത്തുക<br>• വീട്ടുവളപ്പിൽ പെയ്തിറങ്ങുന്ന മഴവെള്ളം പുരയിടത്തിനു പുറത്തു പോകാതെ അത് കിണറ്റിനരികിൽ കിനിഞ്ഞിറങ്ങുന്നതിന് സൗകര്യപ്പെടുത്തുക<br>• മേൽക്കൂരയിലെ മഴവെള്ളം കിണർ റീചാർജ്ജിംഗ് പിറ്റിലേക്ക് എത്തിക്കുക (ഫിൽറ്റർ മാറ്റി നൽകാം)<br>• ബാത്ത് റൂമിൽ നിന്നും പുറത്തു കളയുന്ന മലിനജലം റീ സൈക്കിൾ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി കുടിക്കുന്നതൊഴികെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുക<br>• ഊർജ്ജ സംരക്ഷണം, മിതവ്യയം, സംരുക്ഷിതത്വം എന്നിവ ഉറപ്പാക്കുക<br>• വീട്ടുവളപ്പിലെ എല്ലാ മാലിന്യങ്ങളും പരിസ്ഥിതി സൗഹൃദമായി ജൈവവളമാക്കുക, വളക്കുഴി നിർമ്മിക്കുക.<br>• ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുക.<br>• വളർത്ത് പക്ഷികളേയും മൃഗങ്ങളെയും കഴിയുന്നിടത്തോളം വീട്ടുവളപ്പിൽ സംരക്ഷിച്ച് പരിപാലിക്കുക.<br>• വീട്ടുവളപ്പ് മേൽപ്പറഞ്ഞതുൾപ്പെടെയുള്ള രീതികൾക്കനുയോജ്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ സന്നദ്ധരാകുന്നവർക്ക് സാദ്ധ്യമായ സഹായങ്ങൾ ലഭ്യമാക്കുക. (Homestead Farm Plan).<br>• നടപ്പാക്കുന്ന മുറയ്ക്ക് തദ്ദേശഭരണസ്ഥാപനതല മിഷൻ ടീം പരിശോധിച്ച് ഉപദേശ നിർദ്ദേശങ്ങൾ നൽകി. ചെയ്ത പ്രവർത്തനങ്ങൾക്കനുസൃതമായി വിവിധ സബ്സിഡികൾ, പ്രത്യേകമായി പറഞ്ഞിട്ടുള്ളവയ്ക്ക് അതും, അതിലുപരിയായ പ്രവർത്തനങ്ങൾക്ക് ഇതിൽ നിർദ്ദേശിക്കുന്ന സബ്സിഡിയും നൽകുക.<br>• <u>Beneficiary Enrolment Form:-</u> വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി,മൃഗസംരക്ഷണം,ക്ഷീരവികസനം,ജലവിഭവസംരക്ഷണം,മാലിന്യസംസ്കരണം,ഊർജ്ജ സംരക്ഷണം, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ ഒരു പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത നാലുവർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങുക. (മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്.)<br>• ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഏകീകൃതരീതി രൂപപ്പെടുത്തുക.<br>• അയൽകൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ മറ്റു സാമൂഹ്യ സംഘടനകളുടെശേഷി വിനിയോഗിക്കുക-ചുമതലപ്പെടുത്തുക. |

| | | | | |
|---|---|---|---|---|
| | | | | • ***ഹരിതഭവനം പദ്ധതിക്ക് കീഴിലെ കിണർ ചാർജ്ജിംഗിന് ബന്ധപ്പെട്ട കൃഷി ഓഫീസർ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കണം [★30 സർക്കുലർ നം. ഡി.ഡി2 /71 /2019/തസ്വഭവ തീയതി 25.02.2019 ]***<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. |
| 21 | ഏത് കാലാവസ്ഥ യിലും കൃഷി മുടങ്ങാതിരിക്കാൻ മഴമറ (Rain Shelter) | എല്ലാ വിഭാഗങ്ങൾക്കും | പരമാവധി 100 ച.മീറ്റർ (ച.മീറ്ററിന് 500/-രൂപ പ്രകാരം) പരമാവധി ജനറൽ -30,000/- എസ്.സി- 40,000/- എസ്.റ്റി-50,000) | 1. നാമമാത്ര/ചെറുകിട കർഷകർ.<br>2. വീട്ടുവളപ്പിലെ/മട്ടുപ്പാവ് കൃഷിക്ക് താല്പര്യമുള്ളവരായിരിക്കണം.<br>3. 100 ച.മീറ്ററിന് കൃഷിവകുപ്പിൽ നിലവിലുള്ള 50,000/-രൂപ സബ്സിഡി നിരക്കിനും സ്പെസിഫിക്കേഷനും യൂണിറ്റ് കോസ്റ്റിനുമനുസരിച്ച്, സ്ഥലവിസ്തൃതിക്ക് ആനുപാതികമായി നൽകണം.<br>4. കുറഞ്ഞത് 10 ച. മീറ്ററും അതിന്റെ ഗുണിതങ്ങളുമായി പരമാവധി 100 ച.മീറ്റർ<br>5. ബാങ്ക് വായ്പ ഉണ്ടെങ്കിൽ സബ്സിഡി ബാക്ക് എൻഡഡ് ആയി നൽകാം.<br>6. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം. ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം. |
| 22 | പരിസ്ഥിതി സുരക്ഷ യ്ക്ക് മരങ്ങൾ പരി രക്ഷിക്കാൻ സഹക രണ വായ്പയും ഒറ്റതവണ പലിശ സബ്സിഡിയും | എല്ലാ വിഭാഗ ങ്ങൾക്കും | ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും | 1. പരിസ്ഥിതി സുരക്ഷയ്ക്ക് കാർബൺ വാതകത്തിന്റെ അളവ് കുറയ്ക്കേണ്ടതാവശ്യമാണ്. ഇതിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം മരങ്ങൾ സംരക്ഷിക്കുകയാണ്.<br>2. അടിയന്തിര സാഹചര്യങ്ങളിലൊഴികെ മരങ്ങൾ മുറിക്കുന്നില്ലെന്ന് ഉറപ്പാക്കാനുള്ള സഹായ പദ്ധതി.<br>3. സാമ്പത്തിക ആവശ്യങ്ങൾക്ക് വേണ്ടി വീട്ടുവളപ്പിലെ മരങ്ങൾ മുറിക്കാതിരിക്കാൻ ടി മരം തന്നെ പണയ വസ്തുവായി കണക്കാക്കി അവയുടെ ഇപ്പോഴത്തെ മാർക്കറ്റ് വിലയുടെ 75% വരെ നിലവിലുള്ള പലിശയ്ക്ക് വായ്പ നൽകുന്നതിനുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘവായ്പാ പദ്ധതി.<br>4. വായ്പാകാലാവധി 5 മുതൽ 10 വർഷം വരെയാണ്<br>• ജാമ്യവസ്തുമരമാണ്. തേക്ക്, ഈട്ടി,മഹാഗണി,ആഞ്ഞിലി,പൂവരശ്,പ്ലാവ് തുടങ്ങിയ കാതലുള്ള മരങ്ങൾ.<br>• മരം നിൽക്കുന്ന വസ്തുവിന്റെ പറ്റുചീട്ട് നൽകി സംഘവുമായി ഉടമസ്ഥൻ കരാർ വയ്ക്കണം.<br>• നിർദ്ദിഷ്ടവസ്തുവിൽ പ്രവേശിച്ച് മരം പരിശോധിക്കാനും, സംരക്ഷിക്കാനുമുള്ള അവകാശവും വായ്പകണക്ക് അവസാനിക്കുന്നതുവരെ സംഘത്തിന് വ്യവസ്ഥപ്പെടുത്തണം.<br>• മരത്തിനു നമ്പറും, ചുറ്റളവും, ഉയരവും, ഇനവും മറ്റ് വിവരങ്ങളും രേഖപ്പെടുത്തി മരം തിരിച്ചറിയാൻ കഴിയുന്ന വിധം മഹസർ തയ്യാറാക്കി ഗുണഭോക്താവ് ഒപ്പിട്ട് കരാർ ഉടമ്പടിയുടെ ഭാഗമാക്കണം.<br>• പ്രതിമാസ തവണകളായി പലിശമാത്രം ഗുണഭോക്താവ് തിരികെ അടച്ചുകൊണ്ടിരിക്കണം.<br>• വായ്പ കാലാവധി തീരുന്നമുറയ്ക്ക് മുതൽ തിരികെ അടച്ചു-വായ്പകണക്ക് അവസാനിപ്പിക്കണം.<br>• വായ്പാകാലാവധി കഴിയാതെ മരം മുറിയ്ക്കാൻ പാടില്ല.<br>5. വായ്പ തുകയുടെ ആദ്യവർഷത്തെ പലിശയ്ക്ക തുല്യമായ തുക ബാക്ക് എൻഡഡ് സബ്സിഡിയായി തദ്ദേശഭരണസ്ഥാപനം ഗുണഭോക്താവിന്റെ വായ്പ അക്കൗണ്ടിലേക്ക് അടയ്ക്കും.<br>6. നിർദ്ദിഷ്ട വായ്പ പദ്ധതി പ്രകാരം തദ്ദേശഭരണസ്ഥാപന പ്രദേശത്തുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കണം.<br>7. സംഘങ്ങളിൽ നിന്നും അപേക്ഷകരായിട്ടുള്ള അംഗങ്ങളുടെ വായ്പകൾക്ക് ജനിച്ചിട്ടുള്ള പലിശ സംബന്ധിച്ച് ലിസ്റ്റ് വാങ്ങിപരിശോധിച്ച് ഉറപ്പാക്കി ആദ്യ സാമ്പത്തിക വർഷത്തെ പലി ശതുക ബാക്ക് എൻഡഡ് സബ്സിഡിയായി ടി വായ്പ കണക്കുകളിലേയ്ക്ക് അടയ്ക്കണം.<br>8. പ്രദേശത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘവുമായി ചർച്ച ചെയ്ത് സഹകരണസംഘം രജിസ്ട്രാർ അംഗീകരിച്ച വായ്പ ഉപനിബന്ധന സ്വീകരിച്ച് അംഗീകാരം വാങ്ങാൻ പ്രേരിപ്പിക്കണം. |

| | | | | |
|---|---|---|---|---|
| | | | | 9. ഒരു വർഷം നൽകാൻ ഉദ്ദേശിക്കുന്ന പലിശ തുക കണക്കാക്കി പ്രോജക്ട് തയ്യാറാക്കണം.<br>10. പലിശ സബ്സിഡി നൽകി സംരക്ഷിക്കുന്ന മരങ്ങളുടെയും ഉടമസ്ഥരുടെയും വിശദാംശങ്ങൾ തദ്ദേശഭരണസ്ഥാപനത്തിലെ ജൈവവൈവിദ്ധ്യ രജിസ്റ്ററിന്റെ ഭാഗമാക്കണം.<br>11. ഈ വിശദാംശങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്-സൈറ്റിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിക്കണം.<br>12. ഗ്രാമപഞ്ചായത്തുൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം<br>13. പരിരക്ഷിക്കുന്ന മരങ്ങളിലൂടെ ഇല്ലാതാക്കുന്ന കാർബണിന്റെയും,അന്തരീക്ഷത്തിലേക്ക് ലഭ്യമാക്കുന്ന ഓക്സിജന്റെയും അളവുകളും തിട്ടപ്പെടുത്തിയുള്ള ഇംപാക്റ്റ് സ്റ്റഡി റിപ്പോർട്ട് (Impact Study Report) തദ്ദേശസ്ഥാപനത്തിലെ ജൈവവൈവിദ്ധ്യ മാനേജ്മെന്റ് കമ്മിറ്റി തയ്യാറാക്കണം. |
| 23 | കരിമ്പ്കൃഷി | എല്ലാവിഭാഗങ്ങൾക്കും | ഒരു ഹെക്ടറിന് പരമാവധി 7,000/- രൂപ | 1. ചെറുകിട /നാമമാത്ര കർഷകനായിരിക്കണം.<br>2. കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതിക്ക് ആനുപാതികമായി വേണം ആനുകൂല്യം നൽകാൻ.<br>3. ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രം |
| **24** | സുഫലം - കാർഷിക ഉത്പാദനവും കാർഷികാധിഷ്ഠിത ഉല്പന്ന നിർമ്മാണവും വിപണന ശൃംഖലയും രൂപീകരിക്കൽ | എല്ലാ വിഭാഗങ്ങളും | • ജില്ലാ ആസൂത്രണ സമിതി സംയുക്ത പ്രോജക്ടായി നടപ്പാക്കാണം<br>• അനുയോജ്യമായ യൂണിറ്റ് കോസ്റ്റുകൾ നിശ്ചയിക്കണം<br>• ജില്ലയ്ക്ക് അനുയോജ്യമായ വിളകൾ നിശ്ചയിക്കണം | • ഓരോ ജില്ലയ്ക്കും അനുയോജ്യമായ കാർഷിക വിളകൾ ഉല്പാദിപ്പിക്കാനും ഉല്പാദിപ്പിക്കുന്നവ കർഷകർക്ക് മതിയായ വിലകിട്ടുന്ന തരത്തിൽ അതാതിടങ്ങളിൽ വില്പന നടത്തുന്നതിനും, അധികം വരുന്നവ ജില്ലാ കേന്ദ്ര ങ്ങളിലെത്തിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി പ്രത്യേക ബ്രാന്റായി പായ്ക്ക് ചെയ്ത് വിപണന ശൃംഖല വഴി വിറ്റഴിക്കുന്നതിനും ജില്ലാ തലത്തിൽ പദ്ധതി തയ്യാറാക്കണം.<br>• പോഷകമൂല്യമുള്ളതും വാണിജ്യ, വ്യാവസായിക മൂല്യമുള്ളതുമായ എല്ലാ കാർഷിക വിളകളും ജില്ലയിലെ എല്ലാ സാദ്ധ്യതകൾക്കുമനുസരിച്ച് ഉൽപാദിപ്പിക്കാൻ സമയബന്ധിത പരിപാടി തയ്യാറാക്കുക.<br>• നെല്ല് ഉല്പാദിപ്പിച്ച്, മിനി റൈസ്മിൽ സ്ഥാപിച്ച്, ഉല്പന്നമാക്കി വിൽക്കുക<br>• നാളികേരം ഉല്പാദിപ്പിക്കുന്നതിന് സംയോജിത പദ്ധതി വേണം, വെളിച്ചെണ്ണ ഉത്പാദിപ്പിച്ച് വില്പന നടത്തണം.<br>• നാളികേരത്തിന്റെ തൊണ്ട് - ചകിരി ഉത്പാദനത്തിന് ഉപയോഗിക്കണം.<br>• സുഗന്ധവ്യഞ്ജനങ്ങൾ ഉല്പാദിപ്പിച്ച് പൾവറൈസർ ഉപയോഗിച്ച് ഉല്പന്നങ്ങളാക്കി വില്പന നടത്തുക - ഇഞ്ചി, മഞ്ഞൾ, കുരുമുളക്, കറുവപ്പട്ട, ഏലക്ക, ജാതി. ഗ്രാമ്പു തുടങ്ങിയ എല്ലാ ഉല്പന്നങ്ങളും<br>• പച്ചക്കറി, മുരിങ്ങ, കറിവേപ്പില കുടമ്പുളി, വാളൻപുളി, കുമ്പളം, പീച്ചിങ്ങ, ചുരയ്ക്ക, മത്തങ്ങ, വാളരി, പാവയ്ക്ക തുടങ്ങിയ പയർ വർഗ്ഗങ്ങൾ, എള്ള്, ചെറുപയർ, വൻപയർ, ഉഴുന്ന്, തുടങ്ങിയവയും<br>• കിഴങ്ങുവർഗ്ഗങ്ങൾ - ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, ചെറുകിഴങ്ങ്, കാച്ചിൽ, മധുരക്കിഴങ്ങ്, കൂർക്ക, കൂവ, മരച്ചീനി തുടങ്ങിയവയും<br>• പഴവർഗ്ഗങ്ങൾ - കശുവണ്ടി, സപ്പോട്ട, പപ്പായ, ചക്ക, റമ്പൂട്ടാൻ, മാങ്ങ, പേരയ്ക്ക, ചാമ്പയ്ക്ക, നെല്ലിക്ക, വാഴപ്പഴം തുടങ്ങിയവയും<br>• എല്ലാ ബ്ലോക്ക് കേന്ദ്രങ്ങളിലും വില്പന കേന്ദ്രങ്ങൾ തുറക്കുക.<br>• ജില്ലാ കേന്ദ്രത്തിൽ മൂല്യവർദ്ധിത ഉല്പാദന കേന്ദ്രം ആവശ്യമായ യന്ത്രങ്ങളുടെയും മറ്റ് ഉപകരണങ്ങളുടേയും സഹായത്തോടെ ആരംഭിക്കുക, ഘട്ടം ഘട്ടമായി വിപുലീകരിക്കുക.<br>• ജില്ലയ്ക്കാവശ്യമായ നടീൽ വസ്തുക്കളും ബഡ്, ഗ്രാഫ്റ്റു തൈകളും, വിത്തുകളും ലഭ്യമാക്കുന്നതിന് ജില്ലാ കാർഷിക ഫാമുകളെ സജ്ജമാക്കുക<br>• അധികമായി നേഴ്സറികൾ സ്ഥാപിക്കുന്നതിന് സംരംഭക ഗ്രൂപ്പുകൾ ആരംഭിക്കുക. |

| | | | | |
|---|---|---|---|---|
| | | | | • തരിശ് നിലങ്ങളിലും ഭൂമികളിലും തെങ്ങിൻ തോട്ടങ്ങളിലെ ഇടവിളയായും കൃഷി തുടങ്ങാൻ നടപടി സ്വീകരിക്കുക.<br>• സർക്കാർ പുറംമ്പോക്ക് ,ആഫീസ് കോമ്പൗണ്ടുകൾ, തരിശ് നിലങ്ങൾ എന്നിവയിൽ കാർഷിക ഗ്രൂപ്പുകൾ, പുരുഷ സ്വയം സഹായ സംഘങ്ങളെ ഉപയോഗിച്ച് അനുയോജ്യമായ രീതിയിൽ കാർഷിക ലക്ഷ്യം നേടുക.<br>• ഉത്തമ കാർഷിക മുറകൾ, ജൈവക്കൃഷി, (Good Agriculture practice) പാലിച്ച് കൃഷി ചെയ്യുമെന്ന് ഉറപ്പാക്കുക<br>• ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് റഫ്രിജറേറ്റർ/ കോൾഡ് സ്റ്റോറേജ് സംവിധാനം സ്ഥാപിക്കുക<br>• ജില്ലാ പഞ്ചായത്തുകൾ നോഡൽ ഏജൻസിയായി സംയുക്ത പ്രോജക്ടായി നടപ്പാക്കുക<br>• മാതൃകാ കാർഷിക തോട്ടങ്ങൾ സജ്ജമാക്കുന്നതിന് പ്രവാസി ഗ്രൂപ്പുകൾക്ക് മുൻഗണന നൽകണം.<br>• വിളകൾ ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ നൽകി പ്രചരിപ്പിക്കുക<br>• കാർഷിക ഉല്പാദനത്തിന് സ്വകാര്യകർഷകർ/ഗ്രൂപ്പ് സംരംഭകർ/പ്രൊഡ്യുസേഴ്സ് കമ്പനി എന്നിവ രൂപീകരിക്കുക<br>• കാർഷിക വായ്പ സംഘങ്ങളുടെയും കാർഷിക സഹകരണ സംഘങ്ങളുടെയും ശേഷി ഉപയോഗിക്കുക<br>• സഹകരണ സംഘങ്ങളുടെ സമ്പത്തുൾപ്പടെയുള്ള എല്ലാ ശേഷിയും സൂക്ഷ്മ സംരംഭങ്ങളുടെ കർമ്മശേഷിയും ഉപയോഗിക്കുക. കാർഷികാധിഷ്ഠിത ഗ്രാമീണ വ്യവസായ കേന്ദ്രങ്ങൾ സാദ്ധ്യമാക്കുക.<br>• സമഗ്ര കേര കൃഷി, കേര സമൃദ്ധി, സുഗന്ധ വ്യഞ്ജന വിള തുടങ്ങിയ കൃഷി വകുപ്പ് സബ്സിഡികൾ സ്വീകരിച്ച് ജില്ലയുടെ സാദ്ധ്യതയ്ക്കനുസൃതമായി പ്രയോജനപ്പെടുത്തണം |
| **25** | **പുഷ്പ കൃഷി**<br>വെട്ടുപൂക്കൾ (Cut Flower) വനിത വ്യക്തികൾ/ ഗ്രൂപ്പുകൾ | എല്ലാ വിഭാഗങ്ങൾക്കും | 1000 ചുവടിന് 40,000/- രൂപ (കുറഞ്ഞത് 100 ചുവട്) | • കുടുംബശ്രീ ഗ്രൂപ്പുകൾ, പ്രവാസി, വനിത ഗ്രൂപ്പുകൾ, റസിഡൻസ് അസോസിയേഷനുകൾ, മറ്റു വനിത സാമൂഹ്യ സംഘടനകൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് നൽകാം.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം. ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം.<br>• സബ്സിഡി രണ്ട് ഘട്ടമായി നൽകണം.മൂന്നിലൊന്ന് ആദ്യവും – മൂന്നിൽ രണ്ട് വിളവെടുപ്പിന് മുമ്പും<br>• വ്യക്തികൾക്ക് ഗ്രാമപഞ്ചായത്തും നഗരസഭകളും ഗ്രൂപ്പുകൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകാവുന്നതാണ്.<br>• സ്ഥലത്തിനും ചുവടിനും ആനുപാതികമായി സബ്സിഡി നൽകാവുന്നതാണ്. |
| **26** | **പുഷ്പ കൃഷി**<br>ലൂസ്പൂക്കൾ (Loose Flower) വനിത വ്യക്തികൾ/ഗ്രൂപ്പുകൾ | എല്ലാ വിഭാഗങ്ങൾക്കും | 16,000/- രൂപ ഒരു ഹെക്ടറിന് (കുറഞ്ഞത് 10 സെന്റ്) | |
| *27* | ***ഒഴിവാക്കി [★36 സ.ഉ (സാധാ) നം. 1009/2020/തസ്വഭവ തീയതി 29.05.2020 ]*** | | | |
| *28* | ***ഒഴിവാക്കി [★36 സ.ഉ(സാധാ) നം.1009/2020/തസ്വഭവ തീയതി 29.05.2020 ]*** | | | |

| | | | | |
|---|---|---|---|---|
| 29 | തേനീച്ച വളർത്തൽ | എല്ലാ വിഭാഗങ്ങൾക്കും<br><br>പൊതുവിഭാഗം<br>പട്ടികജാതി<br>പട്ടികവർഗ്ഗം<br>75% | ഒരു സെറ്റ് തേനീച്ചയും കൂടും<br><br>60% | • ഒരു ഗുണഭോക്താവിന് രണ്ട് കൂട് വരെ നൽകാം<br>• ഒരു സെറ്റ് തേനീച്ചയും കൂടും അനുബന്ധ സാധനങ്ങൾക്കും ഉൾപ്പെടെയുള്ള വില യൂണിറ്റ് കോസ്റ്റായി ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>• ഗ്രാമ നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം<br>• ഗുണഭോക്താക്കൾക്ക് പരിശീലനം നൽകണം. |
| 30 | **കൃഷി ഭൂമിയും ആനുകൂല്യങ്ങളും :-**<br>ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലേയും സ്ഥിര താമസക്കാരും വോട്ടർ പട്ടികയിൽ പേരുള്ള കുടുംബങ്ങൾക്കുമാണ് ആനുകൂല്യങ്ങൾ നൽകി വരുന്നത്. എന്നാൽ കൃഷി ഭൂമിയുടെ ഉടമസ്ഥൻ ആ തദ്ദേശസ്ഥാപന വാർഡിലോ/തദ്ദേശസ്ഥാപന തലത്തിലോ സ്ഥിര താമസമല്ലെങ്കിലും മറ്റ് തദ്ദേശ സ്ഥാപന പ്രദേശത്ത് സ്ഥിര താമസക്കാരനാണെങ്കിലും ഉടമസ്ഥനോ/പാട്ടക്കാരനോ ഭൂമി/നിലം കൃഷി ചെയ്യുമ്പോൾ അതിന് തദ്ദേശഭരണ സ്ഥാപനം നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന കാർഷിക ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. കാർഷിക ഉത്പാദന വർദ്ധനവിനും, ഭൂമി/നിലം തരിശിടാതിരിക്കുന്നതിനും, ഇത് ആവശ്യമാണ്. | | | |
| 31 | **പ്രാദേശിക പ്രത്യേകതയുള്ള കാർഷിക വിത്തിനങ്ങളുടെ സംരക്ഷണവും – നാട്ടറിവ് മ്യൂസിയവും**<br>ഓരോ ജില്ലയുടേയും പ്രാദേശിക പ്രത്യേകതയുള്ള കാർഷിക വിത്തിനങ്ങളും ഫലവൃക്ഷങ്ങളും ഉൾപ്പെടെയുള്ള ജൈവ സമ്പത്ത് , തുടർച്ചയായ കൃഷിയും പരിപാലനവും സംരക്ഷണവും ഇല്ലാതെ പോയതുകൊണ്ട് നഷ്ടപ്പെട്ടുപോകുന്നതായി കണ്ടു വരുന്നുണ്ട്. ഇത്തരത്തിലുള്ള ഇനങ്ങൾ അവയുടെ ഔഷധ ഗുണമേന്മയുടേയോ ഉത്പാദനക്ഷമതയുടേയോ, മികവുകൊണ്ട് സംരക്ഷിക്കപ്പെടേണ്ടതായി ജില്ലയിൽ അഭിപ്രായമുണ്ടെങ്കിൽ TBGRI, NBPGRI, കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ വിദഗ്ദ്ധാഭിപ്രായം കൂടി സ്വീകരിച്ചതിനുശേഷം (സംസ്ഥാനതലത്തിൽ ഉചിതമായി സംരക്ഷിക്കപ്പെടുന്നില്ല എന്ന് കാണുകയാണെങ്കിൽ) ജെം പ്ലാസം, ക്രയോ പ്രിസർവേഷൻ എന്നീ സാങ്കേതികവിദ്യകളിലോ കൃഷി ചെയ്തോ ഉചിതമായി പരിപാലിക്കാം ജില്ലാ ആസൂത്രണസമിതികൾക്ക് തീരുമാനിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തി ജില്ലാ കൃഷി ഫാമുകളിലോ, സീഡ് ഫാമുകളിലോ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങളിലോ സംവിധാനം രൂപപ്പെടുത്താവുന്നതാണ്. അതോടൊപ്പം കാർഷിക നാട്ടറിവുകളും പരമ്പരാഗത കാർഷിക ഉപകരണങ്ങളും സംരക്ഷിക്കുന്നതിന് മ്യൂസിയവും തയ്യാറാക്കാവുന്നതാണ്. ഇതിനായി വികസനഫണ്ട് വിനിയോഗി ക്കാവുന്നതും പ്രോജക്ട് എടുക്കാവുന്നതാണ്. | | | |
| 32 | ***വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോബാഗ് എന്നിവ V.F.P.C.K (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, കേരള) യിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകുന്നു.***<br>*[★37 സ.ഉ(സാധാ)നം. 1087/2020/തസ്വഭവ തീയതി 10.06.2020 ]* | | | |

**കുറിപ്പ്**

1 ക്രമനനമ്പർ (1)മുതൽ (6)വരെ ഇനങ്ങളിൽ പാട്ടക്കൃഷി ചെയ്യുന്നതിന് സ്ഥലയുടമ നൽകി യിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫിസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

2 ക്രമനമ്പർ 7-ൽ പറഞ്ഞ ഉപകരണങ്ങളും യന്ത്രങ്ങളും കൂടാതെ കമ്പൈൻഡ് കൊയ്ത്ത് - മെതിയന്ത്രം, സ്ട്രോബേലർ എന്നിവയും ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും വാങ്ങാവുന്നതാണ്. ഇങ്ങനെ വാങ്ങുന്നവയുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി ഗ്രാമ പഞ്ചായത്ത്/നഗരഭരണ സ്ഥാപനം ഒരു സമിതി രൂപീകരിക്കണം. ഈ സമിതിയിൽ ക്രമനമ്പർ 7 ൽ കോളം 5 ൽ പറഞ്ഞിട്ടുള്ള സമിതികളുടെ പ്രതിനിധികൾ അംഗങ്ങളായിരിക്കണം. ഈ സമിതി യുടെ ചെയർപേഴ്സൺ തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും കൺവീനർ ബന്ധപ്പെട്ട കൃഷിഓഫീസറും ആയിരിക്കേണ്ടതാണ്. യന്ത്രങ്ങൾ/ഉപകരണങ്ങൾ കരാർ ഉടമ്പടിവെച്ച് നടത്തിപ്പിനായി ഇനം 7 ൽ കോളം 5 ൽ പറഞ്ഞിട്ടുള്ള സമിതികളെ ഏൽപ്പിക്കാവുന്നതാണ്. വേണമെങ്കിൽ സ്വന്തം ആവശ്യത്തിനു വേണ്ടി കർഷകർക്ക് നേരിട്ടും ഈ യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകാവുന്നതാണ്. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിന്റെ വരവ്-ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്ത്/നഗരസഭാതല സമിതി സൂക്ഷിക്കേണ്ടതാണ്.

3 കാർഷിക യന്ത്രങ്ങൾ വാങ്ങി സമിതികൾക്ക്/സംഘങ്ങൾക്ക് നൽകുന്നതിന് ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

4 ക്രമനമ്പർ 7 ൽ പറഞ്ഞതും സമിതികൾ മുഖേനയോ നേരിട്ടോ കർഷകർക്ക് ലഭ്യമാക്കു ന്നതുമായ എല്ലാ യന്ത്രോപകരണങ്ങളുടെയും വാടക നിരക്ക് ജില്ലാതലത്തിൽ തീരുമാനിക്കണം. ഈ സമിതി നിശ്ചയിച്ച വാടകനിരക്കിൽ യന്ത്രോപകരണങ്ങൾ കർഷ കർക്ക് ലഭ്യമാക്കാൻ ഏറ്റെടുക്കുന്ന സമിതികൾ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

5 യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുകയിൽ നിന്ന് അവയുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ നടത്തേണ്ടതാണ്. ഇത് ബന്ധപ്പെട്ട കൃഷി ആഫീസർ ഉറപ്പാക്കണം. ഇതു സംബന്ധിച്ച റിപ്പോർട്ട് വികസന സ്റ്റാന്റിഗ് കമ്മിറ്റിക്കു നൽകണം.

6 നിലവിലുള്ള യന്ത്രോപകരണങ്ങൾ ഉപയോഗപ്പെടുത്താതെ വീണ്ടും അപ്രകാരമുള്ളവ വാങ്ങാൻ പാടില്ല. വാങ്ങിയ യന്ത്രോപകരണങ്ങൾ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നു ണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം.

7 വ്യക്തികൾ/ഗ്രൂപ്പുകൾ/ഗുണഭോക്തൃസമിതികൾ എന്നിവർ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ ഉല്പാദനോപാധികളും യന്ത്രോപകരണങ്ങളും നൽകുന്നതിനുമുമ്പായി സബ്സിഡി കിഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷിഭവനിൽ അടച്ചിരിക്കണം.

8. തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന കർമ്മസേനകൾക്ക്/നിലവിൽ ഉള്ളവയക്ക് കാർഷിക യന്ത്രങ്ങൾ ബ്ലോക്ക പഞ്ചായത്ത്/നഗരസഭകൾക്ക് നേരത്തെ സൂചിപ്പിച്ച വ്യവസ്ഥകൾ പ്രകാരം വാങ്ങി നൽകാം.

9. **മാതൃകാകാർഷിക പ്രദർശനത്തോട്ടം, ഔഷധസസ്യതോട്ടം, നേഴ്സറികൾ, വിത്തുല്പാദന കേന്ദ്രങ്ങൾ, തരിശുരഹിത ഗ്രാമം:-**

മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കുന്നതൊടൊപ്പം തദ്ദേശഭരണസ്ഥാപന തലത്തിലെ കൃഷിയോഗ്യമായ പുരയിടങ്ങളും തരിശുനിലങ്ങളും മാലിന്യരഹിതവും കൃഷി യോഗ്യവുമാക്കണം. കാർഷികാഭിമുഖ്യമുള്ള ഒരു പുത്തൻ സാമൂഹ്യബന്ധം രൂപപ്പെടുത്താനും വേണ്ടി തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഭൂഉടമകളുമായി ചർച്ചചെയ്തു നാമമാത്രമായ പാട്ട വ്യവസ്ഥകൾ നിശ്ചയിച്ച് ധാരണയാക്കണം. ഭൂഉടമ കൃഷിചെയ്യാൻ അനുവദിക്കുന്നത് തദ്ദേശ സ്ഥാപനത്തെ ആയിരിക്കണം. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തല്പരരായ കർഷകർ, കർഷകഗ്രൂപ്പുകൾ, പുരുഷസ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ. ജെ.എൽ.ജി. ഗ്രൂപ്പുകൾ, നാളികേര ഉല്പാദക സംഘങ്ങൾ, നാളികേര ഉല്പാദക ഫെഡറേഷനുകൾ, നാളികേര ഉല്പാദക കമ്പനികൾ എന്നിവരും ഭൂഉടമകളും തമ്മിൽ കൃഷിഭവന്റെ സാന്നിദ്ധ്യത്തിൽ കരാറിൽ ഏർപ്പെടണം. ഇവിടങ്ങളിൽ മാതൃക കാർഷിക പ്രദർശനത്തോട്ടങ്ങൾക്ക് മുൻതൂക്കം നൽകി കൃഷി നടപ്പാക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി മുൻകൈ എടുക്കണം. മാതൃകപ്രദർശന തോട്ടങ്ങൾ ജനങ്ങളിൽ കാർഷികാഭിമുഖ്യം പ്രോത്സാഹിപ്പിക്കുവാൻ സഹായിക്കും. പ്രാദേശിക പ്രത്യേകയുള്ള വിവിധതരം ഫലവൃക്ഷ തൈകളും വിത്തിനങ്ങളും അത്യാവശ്യമെന്നു കാണുന്ന സാഹചര്യത്തിൽ നഴ്സറികളും വിത്തുല്പാദന കേന്ദ്രങ്ങളും സ്ഥാപിച്ച് ആവശ്യം നിറവേറ്റാവുന്നതാണ്. സംഘാടനത്തിന് സംരംഭകത്വരീതി സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും.

10 **കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും, റിവോൾവിംഗ് ഫണ്ട്**

കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും കർഷക സഹായ കേന്ദ്രങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.

- ഏത് ആവശ്യത്തിനാണ് റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കുന്നതെന്ന കാര്യം പ്രോജക്ടിൽ പ്രത്യേകം വ്യക്തമാക്കേണ്ടതാണ്.
- കാർഷികാവശ്യത്തിനുള്ള വിത്തും വളവും കീടനാശിനികളും സാധനങ്ങളായിത്തന്നെ വിതരണം ചെയ്യുമ്പോൾ റിവോൾവിംഗ് ഫണ്ട് സഹകരണ സംഘങ്ങൾ മുഖേന നൽകേണ്ടതാണ്.
- ഒരു ഹെക്ടറിന് പരമാവധി 30,000/- രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.
- റിവോൾവിംഗ് ഫണ്ട് സബ്സിഡിയോ, ധനസഹായമോ അല്ല. തിരികെ അടയ്ക്കേണ്ടതും ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യേണ്ടതുമാണ്.

## 6.2 മൃഗസംരക്ഷണം/ക്ഷീരവികസനം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പിരിധി | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ<br>**(ജനറൽ, പട്ടികജാതി വിഭാഗ കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയായിരിക്കും, പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല)** |
|---|---|---|---|---|
| 1. | കറവയുള്ള പശു/ കറവയുള്ള എരുമ | | ***യൂണിറ്റ് കോസ്റ്റ് 60,000 രൂപ*** | |
| | | പൊതുവിഭാഗം (വ്യക്തിഗതം) | ***50%*** | • പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്ക് മുൻഗണന നൽകണം.<br>• ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് കരാർ വയ്ക്കണം.<br>• പർച്ചേയ്സ് നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേർ കൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. (ഈ സമതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധി ഉണ്ടായിരിക്കണം. നിർവഹണ ഉദ്യോഗസ്ഥൻ കൺവീനർ ആയിരിക്കണം).<br>• തൊഴുത്ത് പുനരുദ്ധരണം, കൂട് നിർമ്മാണം, തീറ്റയുടെ ചെലവ്, കടത്തു കൂലി, ഇൻഷുറൻസ് തുക എന്നിവ പ്രോജക്ടിന്റെ ഭാഗമാക്കാൻ പാടില്ല.<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം<br>• ***രണ്ട് പശുക്കൾ/ എരുമ, കാലിത്തൊഴുത്ത് എന്നിവ ഒരു പാക്കേജായി നൽകുന്നതും പരിഗണിക്കാവുന്നതാണ്. ഇത് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്കും നടപ്പാക്കാം. ഗുണഭോക്തൃപട്ടിക ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങണം.***<br>***[★36 സ.ഉ(സാധാ)നം.1009/2020/തസ്വഭവ തീയതി 29.05.2020 ]***<br>• ***ഉദാര പലിശ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിന് ശ്രമിക്കണം.*** |
| | | പട്ടികജാതി/ | ***75%*** | |
| | | പട്ടികവർഗം (വ്യക്തിഗതം) | 100% | |
| 2. | പെണ്ണാട് | പൊതുവിഭാഗം (വ്യക്തിഗതം) | 50% (പരമാവധി 10,000/-രൂപ) | • 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം<br>• 12 കി.ഗ്രാം എങ്കിലും ഭാരം ഉള്ളവയായിരിക്കണം<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം |
| | | പട്ടികജാതി/ | 75% (പരമാവധി 15,000/- രൂപ | |
| | | പട്ടികവർഗ്ഗം (വ്യക്തിഗതം) | 100% | |
| 3 | ഗർഭിണി കിടാരി | പൊതുവിഭാഗം (വ്യക്തിഗതം) | 50%(പരമാവധി 14,000/-രൂപ) | • 18-24 മാസം പ്രായവും കുറഞ്ഞതു മൂന്നുമാസം ഗർഭാവസ്ഥയിലുള്ളതുമായിരിക്കണം.<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. |
| | | പട്ടികജാതി | 75%(പരമാവധി 18,000/-രൂപ) | |
| | | പട്ടിക വർഗ്ഗം (വ്യക്തിഗതം) | 100% | |
| 4 | കന്ന്കുട്ടി, കാളക്കുട്ടി, പോത്തുകുട്ടി, | പൊതുവിഭാഗം (വ്യക്തിഗതം) | 50%(പരമാവധി 8000/- രൂപ) | • 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം |
| | | പട്ടികജാതി | 75%(പരമാവധി 10000/- രൂപ) | |

| | | | | |
|---|---|---|---|---|
| | | പട്ടികവർഗ്ഗം (വ്യക്തിഗതം) | 100% | • യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം |
| 5 | കറവയന്ത്രം | ജനറൽ | 50% (പരമാവധി 25,000/- രൂപ) | • കാലി വളർത്തൽ മുഖ്യതൊഴിലായിട്ടുള്ള ക്ഷീര കർഷകരായിരിക്കണം.<br>• 5 ഉരുക്കളെയെങ്കിലും വളർത്തുന്നുണ്ടായിരിക്കണം. അതിൽ 3 എണ്ണമെങ്കിലും കറവയുള്ള പശു/എരുമ ആയിരിക്കണം.<br>• ഐ.എസ്.ഐ/ബി.ഐ.എസ് മുദ്രയുള്ള കറവയന്ത്രം മാത്രമേ വാങ്ങാവൂ.<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം<br>• മറ്റ് സർക്കാർ ഏജൻസികളിൽ നിന്ന് ഇതേ ആവശ്യത്തിന് സബ്സിഡി ലഭിച്ചവർ അർഹരായിരിക്കുന്നതല്ല.<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. |
| | | എസ്.സി | 75% (പരമാവധി 30,000/- രൂപ ) | |
| | | എസ്.റ്റി | 100% | |
| 6 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (Special Livestock Breeding Programme) | പൊതുവിഭാഗം/ പട്ടിക ജാതി | (പരമാവധി ഒരു കന്നുകുട്ടിക്ക്/ കാളക്കുട്ടിക്ക് *6250/- രൂപ) | • സംസ്ഥാന വിഹിതം *6250/-രൂപ, തദ്ദേശഭരണസ്ഥാപന വിഹിതം *6,250/-രൂപ, ഗുണഭോക്തൃ വിഹിതം *12,500/- രൂപ<br>• ഒരു ഗുണഭോക്താവിന്റെ രണ്ട് കന്നുകുട്ടി/കാളക്കുട്ടിയെവരെ ഉൾപ്പെടുത്താം.<br>• മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനനരജിസ്റ്ററിൽ പേര് ഉൾപ്പെടുത്തി യിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭ/വാർഡ് സഭ അംഗീകരിക്കണം<br>• പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ നിബന്ധനകൾ പാലിക്കണം.<br>• സംസ്ഥാന വിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശഭരണ സ്ഥാപനം നൽകണം.<br>• ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എറ്റെടുക്കാം<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം |
| | | പട്ടികവർഗ്ഗം | 100 % | |
| 7 | കാട, താറാവ് മുതലായ വളർത്തുപക്ഷികളും കൂടും | പൊതുവിഭാഗം | 50% | • ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കൂട് വാങ്ങി നൽകണം. തീറ്റയുടെ ചെലവ് ഗുണഭോക്താക്കൾ സ്വയം വഹിക്കണം.<br>• ***സുരക്ഷിതമായ കൂട് സ്വന്തമായി ഉണ്ടെന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്ര ത്തിന്റെ അടിസ്ഥാനത്തിൽ കൂട് ഒഴിവാക്കി മുട്ടക്കോഴിയെ വിതരണം ചെയ്യാവു ന്നതും കൂടിന്റെ സബ്സിഡി കുറവ് ചെയ്യാവുന്നതുമാണ്.***<br>***[ ⋆2&14 സ.ഉ(സാധാ)നം. 1582/2018/തസ്വഭവ തീയതി 11.06.2018, സ.ഉ(സാധാ)നം. 2638/2018/ തസ്വഭവ തീയതി 15.10.2018 ]***<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം<br>• കൂടിന്റെ വില ഉൾപ്പെടെ യൂണിറ്റ് കോസ്റ്റും പക്ഷികളുടെ എണ്ണവും ജില്ലാതലത്തിൽ നിശ്ചയിക്കണം. |
| | | പട്ടിക ജാതി | 75% | |
| | | പട്ടികവർഗ്ഗം | 100% | |
| | | | കൂടിന്റെ വിലയുടെ 25% | |
| 8 | പാലിന് സബ്സിഡി | പൊതുവിഭാഗം/ പട്ടികജാതി/ പട്ടി കവർഗ്ഗം | ഒരു കർഷകന് ഒരു വർഷ ത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/- രൂപ | • ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. (ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെ)<br>• സംയുക്തമായോ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായോ നടപ്പാക്കാം |

| | | | | |
|---|---|---|---|---|
| | | | | • ഇൻഷ്വർ ചെയ്ത പശുക്കളുള്ള ***ക്ഷീരസഹകരണസംഘങ്ങളുടെ പ്രവർത്തന മേഖലയിലല്ലാത്ത മറ്റുമുള്ള ക്ഷീരകർഷകർക്കും*** ഉല്പാദനത്തിനാനുപാതികമായി വെറ്റിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ***ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ*** ഒരു വർഷം 15,000/-രൂപവരെ നൽകാവുന്നതാണ്. ***[ ★ 32 സ.ഉ(സാധാ)നം.545/2019/തസ്വഭവ തീയതി 07.03.2019 ]*** |
| 9 | ധാതുലവണങ്ങൾ, വിരമരുന്ന് | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 100%(ഉരു ഒന്നിന് പ്രതിവർഷം പരമാവധി 1000 /- രൂപ) | • കാലികളെ വളർത്തുന്ന എല്ലാ കർഷകർക്കും<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം<br>• ധാതുലവണങ്ങളും മരുന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങണം. |
| 10 | തീറ്റപ്പുൽകൃഷിയ്ക്കുള്ള വിത്ത്/ നടീൽ വസ്തു | എല്ലാ വിഭാഗങ്ങൾക്കും | ***(ഒരു ഹെക്ടറിന് 15,000/ പരമാവധി 50% നിരക്കിൽ 30,000 രൂപ വരെ )***<br>***(യൂണിറ്റ് ചെലവ് - ഒരു ഹെക്ടറിന് 30,000 രൂപ)***<br>***[ ★ 36 സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തീയതി 29.05.2020 ]*** | • സ്വന്തം/പാട്ടഭൂമിയിലോ കൃഷി ചെയ്യാം. ചെറുകിട/നാമമാത്രകർഷകർക്ക്<br>• സ്ഥലവിസ്തൃതിക്കു ആനുപാതികമായി ***പരമാവധി 30,000 രൂപ വരെ*** ആനുകൂല്യം നൽകാം<br>• വിത്തിന്റെ/നടീൽ വസ്തുവിന്റെ വില ജില്ലാതലത്തിൽ നിശ്ചയിക്കണം<br>• സംയോജിത കൃഷി രീതിയിൽ ഏർപ്പെടുന്ന ***വ്യക്തികൾ*** കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെയും പ്രവാസി ഗ്രൂപ്പുകളെയും ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടതാണ്.<br>• ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ട് എടുക്കാം |
| 11 | മുയൽ വളർത്തൽ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | ജനറൽ 50% (പരമാവധി 2000 രൂപ)പട്ടിക ജാതി വിഭാഗം 60% (പരമാവധി 3000/-രൂപ) എസ്.റ്റി. 100%, കൂടിന് 25%. | • ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം<br>• കൂടിന്റെ വില ഉൾപ്പെടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം |
| 12 | മിനി ഡയറിഫാം ആധുനിക വൽക്കരണം | | ***യൂണിറ്റ് കോസ്റ്റ് 1.00 ലക്ഷം*** | • കുറഞ്ഞത് 5 പശുക്കളുണ്ടായിരിക്കണം<br>• ***കറവയന്ത്രം, റബർമാറ്റ്, ഹാന്റ് ഷവർ (പമ്പ് സെറ്റ് ഉൾപ്പടെ), വീൽബാരോ, ഡംഗ് സ്ക്രാപ്പർ, Automatic drinker, slurry pump, ചാഫ് കട്ടർ എന്നീ ആധുനിക സൗകര്യങ്ങൾ ഒരുമിച്ചോ ഭാഗികമായോ നൽകാം.***<br>***[★36സ.ഉ (സാധാ )നം. 1009/2020/തസ്വഭവ തീയതി 29.05.2020]***<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം |
| | | ***പൊതുവിഭാഗം*** | ***50% (പരമാവധി 50,000/-)*** | |
| | | ***പട്ടികജാതി*** | ***75% പരമാവധി 75000*** | |
| | | ***പട്ടിക വർഗ്ഗം*** | ***100% പരമാവധി 1,00,000*** | |
| 13 | ബ്രോയിലർയൂണിറ്റ് കുറഞ്ഞത് 1000 എണ്ണം | എല്ലാ വിഭാഗങ്ങൾക്കും | ജനറൽ 50%<br>എസ്.സി. 75 %<br>എസ്.റ്റി 100 %<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം | • പ്രവാസി ഗ്രൂപ്പുകൾക്ക് മുൻഗണന<br>• വളർത്താനുള്ള ഷെഡും മാലിന്യസംസ്കരണ സംവിധാനവും ഉണ്ടായിരിക്കണം<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പില്ലെന്ന് ഉറപ്പാക്കണം<br>• 5 പേരെങ്കിലുമുള്ള പ്രവാസി ഗ്രൂപ്പുകൾ- സംരംഭക രീതിയിലും നടപ്പാക്കാം. |

<table>
<tr><td></td><td></td><td></td><td></td><td>• ക്ഷീരസഹകരണസംഘങ്ങൾ, വനിത/പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ/പ്രവാസി ഗ്രൂപ്പുകൾ/പുരുഷ സ്വയംസഹായസംഘങ്ങൾക്ക് നൽകാം</td></tr>
<tr><td>14</td><td>മട്ടുപ്പാവിലെ മുട്ടകോഴി വളർത്തൽ</td><td>പൊതുവിഭാഗം/<br><br>പട്ടികജാതി/<br>പട്ടികവർഗ്ഗം</td><td>50%<br>(പരമാവധി 10,000/- രൂപ)<br>75%<br>100%<br>യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.</td><td>• 10 കോഴിയും കൂടും നൽകാം<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം<br>• കൂടിന്റെ വിലയുൾപ്പെടെയുള്ള അടങ്കൽ തുകയ്ക്കാണ് സബ്സിഡി നൽകേണ്ടത്.<br>• എൽ.എസ്.ജി.ഡി ഓവർസീയർ കൂടിന്റെ വാല്യുവേഷൻ എടുക്കണം.</td></tr>
<tr><td>15</td><td>കറവ പശുക്കൾക്ക് കാലിത്തീറ്റ</td><td>ജനറൽവിഭാഗം<br><br>പട്ടികജാതി/<br>പട്ടികവർഗ്ഗം</td><td>പൊതുവിഭാഗത്തിന് 50%<br>(പരമാവധി 10000/- രൂപ)<br><br>75% (പരമാവധി 12,000/- രൂപ)<br>100%</td><td>• ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണം<br>• കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലിത്തീറ്റ നൽകാം.<br>• കാലിത്തീറ്റ സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടക്കാം. ഇരട്ടിപ്പ് പാടില്ല.</td></tr>
<tr><td>16</td><td>പന്നിവളർത്തൽ യൂണിറ്റ്</td><td>ജനറൽവിഭാഗം<br><br>പട്ടിക ജാതി/<br><br>പട്ടികവർഗ്ഗം</td><td>50%<br>(പരമാവധി 45000 രൂപ)<br>75% (പരമാവധി 67500/- രൂപ)<br>100% പരമാവധി 90,000/-</td><td>• 45- 60 ദിവസം വരെ പ്രായമായ 5 ക്രോസ് ബ്രീഡ്പന്നിക്കുട്ടികളെ നൽകണം<br>• ആവശ്യമായ എല്ലാ ലൈസൻസുകളും നേടിയിരിക്കേണ്ടതാണ്.<br>• തൊഴിലുറപ്പ് സാധ്യത ഉപയോഗപ്പെടുത്തണം. എങ്കിൽ കൂട് നിർമ്മാണ ചെലവ് കുറവ് ചെയ്യണം.<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രം<br>യൂണിറ്റ് കോസ്റ്റ്<br>5 പന്നിക്കുട്ടി - 27500, കൂട് - 35000, ബയോഗ്യാസ് പ്ലാന്റ്- 20,000<br>മരുന്ന്, മറ്റു ചിലവുകൾ - 1250, തീറ്റ - 6250, ആകെ - 90,000<br>[★36 സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തീയതി 29.05.2020]</td></tr>
<tr><td>17</td><td>സമഗ്ര കന്നുകാലി ഇൻഷ്വറൻസ്</td><td>ജനറൽ വിഭാഗം/<br>പട്ടിക ജാതി/<br>പട്ടികവർഗ്ഗം</td><td>കറവപശുക്കളുള്ള എല്ലാ ക്ഷീരകർഷകർക്കും ആനുകൂല്യം നൽകാവുന്നതാണ്.</td><td>• പ്രീമിയം തുക സംസ്ഥാനതലത്തിൽ വകുപ്പ് അംഗീകരിച്ചിട്ടുള്ളതായിരിക്കണം<table><tr><td></td><td>ജനറൽ</td><td>എസ്.സി</td><td>എസ്.റ്റി</td></tr><tr><td>തദ്ദേശഭരണ സ്ഥാപനം</td><td>50%</td><td>65%</td><td>100%</td></tr><tr><td>ഗുണഭോക്തൃ വിഹിതം</td><td>50%</td><td>35%</td><td>--</td></tr></table>• പോളിസി സർട്ടിഫിക്കറ്റ്, വെറ്ററിനറി സർജന്റെ സാക്ഷ്യപത്രത്തിന്റേയും അടിസ്ഥാനത്തിൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് റീ-ഇമ്പേഴ്സ് ചെയ്യേണ്ടതാണ്.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം ഇരട്ടിപ്പ് പാടില്ല.</td></tr>
<tr><td>18</td><td>ചാണകം ഉണക്കി പൊടിച്ച് ജൈവവളമാക്കുന്ന യൂണിറ്റ്</td><td>എല്ലാവിഭാഗങ്ങൾക്കും</td><td>ജനറൽ 50% (പരമാവധി 10,000/രൂപ) എസ്.സി 75%<br>എസ്.റ്റി. 100%<br>(പരമാവധി 15,000/- രൂപ)</td><td>• ക്ഷീര കർഷകർ ക്ഷീര സഹകരണ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന വിതരണം ചെയ്യണം<br>• ഒന്നിലധികം കന്നുകാലികളുള്ള ക്ഷീരകർഷകർക്കു മുൻഗണന<br>• ചാണകം ഉണക്കിപ്പൊടിച്ച് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പ്/ക്ഷീരസംഘം/കാർഷിക കർമ്മസേനകൾ വഴി വില്പന നടത്തണം.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല</td></tr>
</table>

| | | | | |
|---|---|---|---|---|
| 19 | ***ശുചിത്വ കാലിത്തൊഴുത്ത് നിർമ്മാണം*** | <br>***ജനറൽ***<br>***എസ്.സി./***<br>***എസ്.റ്റി*** | ***യൂണിറ്റ് കോസ്റ്റ് 50,000***<br>***50%, 25,000/-പരമാവധി***<br>***75%, 37500/പരമാവധി***<br>***100%, 50,000/*** | • കഴിഞ്ഞ 2 വർഷമായി കന്നുകാലികളെ വളർത്തുന്നവരായിരിക്കണം.<br>• ചാണകവും മൂത്രവും സുരക്ഷിതമായി സംസ്കരിക്കാൻ നിലവിൽ സംവിധാനങ്ങളില്ലാത്ത കർഷകർക്ക് മുൻഗണന നൽകണം<br>• ***തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തണം. അതിനു കഴിയുന്നില്ലെങ്കിൽ മാത്രം ധനസഹായം [★36 സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തീയതി 29.05.2020]***<br>• ചാണകം മഴ നനയാതെ സൂക്ഷിക്കാൻ കഴിയുന്ന വളക്കുഴിയും തൊഴുത്തിൽ നിന്നു വീഴുന്ന ഗോമൂത്രം ശേഖരിക്കുന്നതിനുള്ള സിമെന്റ് തൊട്ടിയും നിർമ്മിക്കണം<br>• വീടും പരിസരവും ശുചിത്വമുള്ള ഹരിത ഭവനമായി സൂക്ഷിക്കണം<br>• ദുർഗന്ധവും കൊതുകും ഉണ്ടാകില്ലെന്ന് ഉറപ്പാക്കണം<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രം |
| **20** | കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് എന്റർപ്രൈസസ് കം മിനി ഡയറിഫാം (സാമൂഹ്യ കന്നുകാലി വളർത്ത് സംരംഭവും മിനി ഡയറിഫാമും) | പ്രവാസി ഗ്രൂപ്പ് സംരംഭകത്വം | 5,00,000<br>(ഓരോ യൂണിറ്റിനും) | • വർഗ്ഗ ഗുണമേന്മയുള്ളതും ഉത്പാദനക്ഷമത കൂടിയതുമായ (ജേഴ്സി/ എം.എഫ്) ഇനം പശുക്കളെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി കൊണ്ടുവന്ന് വളർത്താവുന്നതാണ്.<br>• പ്രവാസി സംരംഭകരിലൂടെ കേരളത്തിലെ എല്ലാ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് പ്രകാരം ഡയറി ഫാം ആരംഭിക്കുക.<br>• കന്നുകാലികളെ പരിപാലന വ്യവസ്ഥയിൽ സ്വീകരിക്കാം<br>• വെള്ളം, വൈദ്യുതി ലഭ്യത ഉറപ്പാക്കി അനുയോജ്യമായ സ്ഥലത്ത് ആരംഭിക്കണം.<br>• ചണകവും ഗോമൂത്രവും ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർദ്ധിത ജൈവവളമാക്കുന്ന ഒരു ഉപയൂണിറ്റ് പ്ലാൻ ചെയ്യണം.<br>• കാലിതീറ്റയുടെ സ്റ്റോർ റൂമും മറ്റ് സംവിധാനങ്ങളും തയ്യാറാക്കണം.<br>• പാൽ വില്പന കേന്ദ്രവും വിതരണവും മറ്റൊരു ഉപ യൂണിറ്റായി പ്ലാൻ ചെയ്യണം<br>• തീറ്റപ്പുൽ കൃഷിക്കു കുടുംബശ്രീ/ MKSP വനിതാഗ്രൂപ്പുകളെ ചുമതല ഏല്പിക്കണം. റിവോൾവിംഗ് ഫണ്ട് നൽകി കൃഷി നടത്തി തിരികെ വിലയ്ക്ക് വാങ്ങുകയും വേണം.<br>• ഫാമിന്റെ അക്കൗണ്ടിംഗിന് Dairy Farm Managemnt Software ഉപയോഗിക്കണം.<br>• പെൻഷൻ പറ്റിയ മൃഗഡോക്ടറെ ഫാം മാനേജരായി നിയമിക്കണം.<br>• ഫാം മാനേജ്മെന്റ് സോഫ്റ്റ് വെയർ ഉപയോഗിക്കാൻ അക്കൗണ്ടന്റിനെ നിയമിക്കണം.<br>• സ്വദേശികളും വിദേശികളും പ്രവാസികളുമായ നിക്ഷേപകരിൽ നിന്നും കറവ പശുക്കളെയോ /തുകയോ നിക്ഷേപമായി വാങ്ങാനും നിക്ഷേപത്തിന് ബാങ്ക് പലിശ നൽകാനും എഗ്രിമെന്റിൽ ഏർപ്പെടണം..<br>• കന്നുകാലികൾ ഉൾപ്പടെ ഫാം പൂർണ്ണമായി ഇൻഷ്വർ ചെയ്യണം<br>• കന്നുകാലി പരിപാലനം വ്യക്തിപരമായ ചുമതലയാണെന്ന് തിരിച്ചറിയുന്ന ഒരു ഫാം മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം. ഇതിൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി പ്രതിനിധിയും നിക്ഷേപകരുടേയും കന്നുകാലികളെ നൽകിയവരുടെ പ്രതിനിധികളും ഉണ്ടാകണം. |
| 21 | (Fertigation Van)<br>ഗോമൂത്രം -കാർഷിക | | 2,50,000/- രൂപ ആകെ അടങ്കൽ | • സഹകരണ സംഘങ്ങൾ, ക്ഷീര സഹകരണ സംഘങ്ങൾ, ഡയറി ഫാമുകൾ, പാടശേഖര സമിതികൾ, കർഷക ഗ്രൂപ്പുകൾ, പ്രവാസി ഗ്രൂപ്പുകൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ |

| | | | | |
|---|---|---|---|---|
| | ഉത്പാദനത്തിന് ക്ഷീര സംഘം പദ്ധതി | | സബ്സിഡി പരമാവധി 1,50,000/- രൂപ | എന്നിവർക്ക് ഏറ്റെടുക്കാം.<br>• മുചക്ര പിക് അപ്വാൻ 2,10,000/-രൂപ, സിന്റക്സ് ടാങ്ക് (1000 ലിറ്റർ) -10,000 രൂപ സ്ലറിപമ്പ് ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങൾ 30,000/-രൂപ ആകെ 2,50,000/- രൂപ<br>• ശേഖരിക്കുന്ന ഗോമൂത്രത്തിന്റെ അളവനുസരിച്ച് ഗുണഭോക്താവിൽ നിന്നം യൂസർ ഫീയും കൃഷിയിടത്തിൽ ആവശ്യമായ അളവിൽ നേർപ്പിച്ച് ഫെർട്ടിഗേഷൻ നടത്തുന്നതിന് ഫീസും ഇടാക്കാവുന്നതാണ്.<br>• എല്ലാ ക്ഷീര കർഷകർക്കും പ്രയോജനപ്പെടുന്ന രീതിയിൽ ഒരു ഡ്രൈവർ കം ഓപ്പറേറ്ററെ നിയോഗിച്ച് പ്രവർത്തന പരിപാടി തയ്യാറാക്കി നടപ്പാക്കണം<br>• ധനസഹായം നൽകുന്ന തദ്ദേശഭരണ സ്ഥാപന പ്രതിനിധികളും ഗുണഭോക്തൃ സംഘവുമായി കരാറിലേർപ്പെട്ട് നടപടി സ്വീകരിക്കണം<br>• ഡ്രൈവർ കം ഓപ്പറേറ്ററുടെ ശമ്പളം, വാഹനത്തിന്റെ അറ്റകുറ്റപ്പണി, പ്രവർത്തന ചെലവ് എന്നിവ ഉറപ്പാക്കുന്ന തരത്തിൽ യൂസർ ഫീയും ഫെർട്ടിഗേഷൻ ചാർജ്ജും ഈടാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനവും ഗുണഭോക്തൃ സംഘവുമായി ധാരണയിലെത്തണം.<br>• വാഹനം മറ്റ് ആവശ്യങ്ങൾക്ക് ഓടുന്നില്ലെന്ന് ഉറപ്പാക്കണം.<br>• ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാം |
| 22 | കാഫ് സാറ്റലൈറ്റ് പ്രോജക്ട് | | 15,00,000/- രൂപ | • വർഗ്ഗ ഗുണമുള്ളതും ഉത്പാദനശേഷിയുള്ളതുമായ ജേഴ്സി, എച്ച്.എഫ്. ഇനങ്ങളിൽ പ്പെട്ട 4-6 മാസം പ്രായമുള്ള കന്നുകുട്ടികളെ ഓരോ വർഷവും 100 എണ്ണം വീതം സംസ്ഥാനത്തിന് പുറത്തു നിന്നോ/ഇതര സംസ്ഥാന സർക്കാർ ഫാമുകളിൽ നിന്നോ വാങ്ങി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഫാമുകളിൽ 6 മുതൽ 8 മാസം വളർത്തി നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമാക്കി ഒരു വർഷം പ്രായമാകുമ്പോൾ കർഷകർക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലൂടെ സർക്കാർ ഫാമുകളിലെ വിലയ്ക്ക് നൽകുന്ന പദ്ധതി<br>• SLBP പദ്ധതിക്ക് പുറമേ കാലി സമ്പത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താനുള്ള പദ്ധതിയാണിത്.<br>• കന്നുകുട്ടികളുടെ വില, കടത്തുകൂലി, ഇൻഷ്വറൻസ്, തീറ്റ ചെലവ്, മരുന്നുകൾ ഉൾപ്പെടെയുള്ള തുകയ്ക്ക് പ്രോജക്ട് വയ്ക്കണം.<br>• കന്നുകുട്ടികളുടെ എണ്ണം ജില്ലയ്ക്ക് ആവശ്യമുള്ളത് ആകുന്നതുവരെ ഇത് തുടരാവുന്നതാണ്.<br>• ഇങ്ങനെ വിതരണം ചെയ്യുന്ന കന്നുകുട്ടികളുടെ വിശദാംശങ്ങളും ഏത് കർഷകന് നൽകി എന്നതും രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കണം.<br>• ഈ പദ്ധതി തുടരേണ്ടതില്ലെന്ന് തീരുമാനിക്കുമ്പോൾ ഇപ്പോൾ മുടക്കുന്നതും അധികമായി ഈ കണക്കിൽ ഉള്ളതുമായ തുക അഡീഷണൽ അലോട്ട്മെന്റായി ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിലേയ്ക്ക് ഉൾപ്പെടുത്തണം.<br>• ജില്ലാ പഞ്ചായത്തുകൾക്ക് പ്രോജക്ട് ഏറ്റെടുക്കാം. |
| 23 | ഗോട്ട് ബ്രീഡിംഗ് യൂണിറ്റ് (ആട് പ്രജനന യൂണിറ്റ്) | സ്ഥാപനങ്ങൾ/ ഗ്രൂപ്പുകൾ | ഒരു യൂണിറ്റിന് 1,00,000 രൂപ വീതം സബ്സിഡിയായി നൽകാം. (എത്ര യൂണിറ്റ് ആരംഭി ക്കണമെന്ന് | • 19 പെണ്ണാടും ഒരു മുട്ടനാടും ഉൾപ്പെടെ 20 ആടുകളുള്ള യൂണിറ്റ്<br>• ആടുകൾ പ്രസവിച്ചതോ/ഗർഭിണിയോ ആയിരിക്കണം (ഒന്നിലധികം പ്രസവിച്ചതാകരുത്)<br>• ക്ഷീര സഹകരണ സംഘങ്ങൾ/വനിത സഹകരണ സംഘങ്ങൾ/കുടുംബശ്രീ |

| | | | | |
|---|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്ത് / നഗരസഭ തീരുമാനിക്കണം) | ഗ്രൂപ്പുകൾ/ പ്രവാസി ഗ്രൂപ്പുകൾ/പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവർക്ക് നടപ്പാക്കാം.<br>• സ്ഥാപനങ്ങൾ/ഗ്രൂപ്പുകൾ ആടിനെ വളർത്താനുള്ള ഷെഡ്/ഭൂമി ഉള്ളവർ ആയിരിക്കണം<br>• തെരഞ്ഞെടുക്കുന്ന എല്ലാ ഗ്രൂപ്പുകൾക്കും ആട് വളർത്തലിൽ പരിശീലനം നൽകണം<br>• ആടിനെ സംസ്ഥാനത്തിന് പുറത്തു നിന്ന് വാങ്ങുന്നവർക്ക് മുൻഗണന നൽകണം<br>• പരിശീലനത്തിന്റെ അവസാന ദിവസം തദ്ദേശ സ്ഥാപന അദ്ധ്യക്ഷനുൾപ്പെടെ ജനപ്രതി നിധികളും നിർവഹണ ഉദ്യോഗസ്ഥനും സ്ഥാപനത്തിന്റെ പ്രതിനിധികളും പങ്കെടുക്കുന്ന യോഗം ചേരണം<br>• ഓരോ ഗ്രൂപ്പിൽ നിന്നും മൂന്നുപേരടങ്ങുന്ന ഒരു ടീമിനെ നാമ നിർദ്ദേശം ചെയ്ത് തദ്ദേശസ്ഥാപനതലത്തിൽ തദ്ദേശ ഭരണ സ്ഥാപന അദ്ധ്യക്ഷൻ - ചെയർമാനായും നിർവഹണ ഉദ്യോഗസ്ഥൻ കൺവീനറായും ഒരു സമിതി രൂപീകരിക്കണം<br>• എല്ലാ ഗ്രൂപ്പുകളും ഒന്നിച്ച് ആടിനെ വാങ്ങുന്നതുൾപ്പെടെ എല്ലാ കാര്യങ്ങളും ആസൂത്രണം ചെയ്ത് ഒരു പരിപാടി ഉണ്ടാക്കി നടപ്പാക്കണം.<br>• തീറ്റ, തീറ്റപ്പുൽക്കൃഷി എന്നിവ ഉൾപ്പെടെ എല്ലാ കാര്യങ്ങളും വ്യക്തമായി ചിട്ടപ്പെടുത്തണം.<br>• ഉദാ-ആടിനുള്ള തീറ്റ, തീറ്റപ്പുൽ, ആട്ടിൻപാൽ വിതരണം, ആട്ടിൻകുട്ടികളുടെ സംരക്ഷണം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, മുൻ-പിൻ ബന്ധങ്ങളും മറ്റ് സഹായങ്ങളും ഉറപ്പാക്കൽ, ഗുണമേന്മയുള്ളതും വർഗ്ഗ ഗുണമുള്ളതുമായ ആട്ടിൻകുട്ടികളെ ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യമായി കാണേണ്ടത്.<br>• ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏടുക്കാം |
| *24* | *അടുക്കള മുറ്റത്തെ കോഴിവളർത്തൽ*<br><br>*(എ) അഞ്ച് കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് (കൂടില്ലാതെ)* | *എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും* | *യൂണിറ്റ് കോസ്റ്റ് 600 രൂപ*<br><br>*100% പരമാവധി 600 രൂപ* | *ഗുണഭോക്താവ് സ്വന്തമായി കൂട് സ്ഥാപിക്കുകയോ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുകയോ വേണം* |
| | *ബി) അഞ്ച് കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് (കൂട് ഉൾപ്പെടെ)* | *കോഴികുഞ്ഞുങ്ങളുടെ ഒരു യൂണിറ്റ് (5എണ്ണം)*<br>*പൊതുവിഭാഗം*<br><br>*പട്ടികജാതി*<br>*പട്ടികവർഗ്ഗം* | *യൂണിറ്റ് കോസ്റ്റ് 600 രൂപ*<br><br>*50 % പരമാവധി 300 രൂപ*<br><br>*75% പരമാവധി 450 രൂപ*<br>*100% പരമാവധി 600 രൂപ* | *കൂട് സ്വന്തമായി സ്ഥാപിക്കുന്നതിനോ, തൊഴിലുറപ്പ പദ്ധതിയിൽ നിർമ്മിക്കുന്നതിനോ കഴിയുന്നില്ലെങ്കിൽ ഈ രീതിയിൽ സഹായം നൽകാം* |

| | | | | |
|---|---|---|---|---|
| | | കൂടിന് (എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും). | യൂണിറ്റ് കോസ്റ്റ് 2000 രൂപ 25% പരമാവധി 500 രൂപ | |
| | | | | എ), (ബി)യ്ക്കും ബാധകമായ പൊതു നിർദ്ദേശങ്ങൾ<br>•അഞ്ചിന്റെ ഗുണിതങ്ങളായി പരമാവധി 25 കോഴിക്കുഞ്ഞുങ്ങൾ വരെ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പ്രകാരം നൽകാം.<br>•കോഴിക്കുഞ്ഞുങ്ങൾ 45 മുതൽ 60 ദിവസം വരെ പ്രായമുള്ളവ ആയിരിക്കണം<br>• കാട, താറാവ് മുതലായ വളർത്തു പക്ഷികളെ നൽകുന്നതിനും കോഴിക്കുഞ്ഞുങ്ങളെ 5 ന്റെ ഗുണിതങ്ങൾ അല്ലാതെ നൽകുന്നതിനും ഖണ്ഡിക 6.2.7 -ലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.<br>[★36 സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തീയതി 29.05.2020 ] |

കുറിപ്പ് :- 1. ആട്, കാളക്കുട്ടി, കന്നുകുട്ടി, കിടാരി, പോത്തുക്കുട്ടി, ഗർഭിണി കിടാരി, മുട്ടക്കോഴി, കാട, താറാവ്, മുയൽ, പന്നി മുതലായവയുടെ വില ജില്ലാതലത്തിൽ നിശ്ചയിക്കണം. വില കണക്കാക്കുമ്പോൾ ഇൻഷുറൻസ്, കടത്തുകൂലി എന്നിവ ഉൾപ്പെടുത്താൻ പാടില്ല. അവ ഗുണഭോക്താക്കൾ വഹിക്കണം.

2. കോഴി, മുയൽ എന്നിവ വളർത്തുന്നതിനുള്ള കൂടിന്റെ വാല്യുവേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയീർ/ഓവർസീയർ എടുക്കണം.
3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റി യായിരിക്കണം മൃഗങ്ങളെ - പക്ഷികളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം.
4. പ്രോജക്ടിന്റെ ഭാഗമായി വാങ്ങുന്ന ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കണം.
5. ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം.
6. ക്ഷീരസംഘങ്ങൾ എന്നുള്ളത് കേരളസഹകരണസംഘം ആക്ട് 1969 പ്രകാരം രജിസ്റ്റർചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളും ഡയറി ഡവലപ്മെന്റ് വകുപ്പ് അംഗീകരിച്ച സംഘങ്ങളും ഉൾപ്പെടുന്നതാണ്.
7 പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടിയുടെ ഗുണഭോക്താക്കളെ മൃഗാശുപത്രിയിലെ കന്നുകുട്ടി ജനനരജിസ്റ്ററിൽ നിന്നും രേഖപ്പെടുത്തി ഗ്രാമസഭ/വാർഡ്സഭയിൽ അവതരിപ്പിച്ച് ഗ്രാമസഭ/വാർഡ് സഭ നിർദ്ദേശിക്കുന്ന കൂട്ടിച്ചേർക്കലുകൾ കൂടി വരുത്തി അംഗീകരിച്ച് നടപ്പാക്കാവുന്ന താണ്.

**8 ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള മൊബൈൽ ലാബുകൾ (ജില്ലാ പഞ്ചായത്ത്)**

ക്ഷീരമേഖലയിൽ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (FSSAI) പ്രകാരമുള്ള ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ജില്ലാ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനു അടിസ്ഥാന സൗകര്യങ്ങൾ, മൊബൈൽ ലാബുകൾ എന്നിവ ജില്ലാ പഞ്ചായത്തിന് സജ്ജീകരിക്കാവുന്നതാണ്. സംസ്ഥാനതലത്തിലുള്ള വകുപ്പ്തല നിർദ്ദേശങ്ങൾക്കനുസരണമായി നടപ്പാക്കണം.

**9 ഗുണമേന്മയുള്ള മാംസോൽപാദനത്തിന് പ്രോത്സാഹനം:-**

ഗുണമേന്മയുള്ള മാംസം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വയനാട് ജില്ലയിലെ ബ്രഹ്മഗിരി മാതൃകയിലുള്ള മാംസ വിപണന കേന്ദ്രത്തിൽ കന്നുകാലി കർഷകർ വിൽക്കുന്ന കാള, മൂരി, പോത്ത് എന്നിവയുടെ വിലയുടെ പത്തുശതമാനം തുകയോ പരമാവധി 5,000/- രൂപയോ ഏതാണോ കൂടുതൽ ആതുക അധികസഹായമായി കർഷകന് നൽകുന്നതിനുള്ള പദ്ധതി. സ്ഥാപനത്തിൽ നിന്നുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട കർഷകന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും, കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നല്കേണ്ടതാണ്. ഈ രീതിയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിപണന കേന്ദ്രങ്ങൾ ഉള്ള

എല്ലാ സ്ഥലങ്ങളിലും ബന്ധപ്പെട്ട ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് മേൽപ്പറഞ്ഞ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

**10. പേവിഷ നിർമ്മാർജ്ജനത്തിനും തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണത്തിനും വേണ്ടിയുള്ള പദ്ധതികൾ**

1. ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പേവിഷ നിർമ്മാർജ്ജനത്തിനും തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുമുള്ള പ്രോജക്ടുകൾ പൊതുവിഭാഗത്തിൽ സേവന മേഖലയിൽ ഏറ്റെടുക്കാവുന്നതാണ്. അതിന്റെ നടത്തിപ്പ് സംബന്ധിച്ച് വിവരങ്ങൾ ചുവടെ നൽകുന്നു.

(എ) പേവിഷനിർമ്മാർജ്ജന ബോധവത്ക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുക.
(ബി) ആവശ്യമുള്ള വാക്സിൻ ഒരുമിച്ച് ഓർഡർ നൽകി വാങ്ങുക
(സി) ഓരോ സ്ഥാപനത്തിലും പേവിഷ നിർമ്മാർജ്ജന ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ സന്നദ്ധതയുള്ള സാമൂഹ്യപ്രവർത്തകരെ കണ്ടെത്തി അവർക്ക് കുടുംബശ്രീയുടെയോ കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷന്റെയോ ആഭിമുഖ്യത്തിൽ പരിശീലനം നൽകുക പരിശീലനം ലഭിച്ചവരെ പരിപാടി നടപ്പാക്കുന്നതിന് ചുമതലപ്പെട്ട കൺസൾട്ടന്റുമാരായി(Authorised Consultants) നിയോഗിക്കുക.
(ഡി) നായ്ക്കളെ കുത്തിവെയ്ക്കുവാൻ ആവശ്യമുള്ള വാക്സിന്റെ യഥാർത്ഥ വില നൽകാൻ വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്
(ഇ) വോളന്റിയർമാരുടെ പരിശീലനം, ക്യാമ്പയിൻ പ്രവർത്തനം മുതലായവയ്ക്ക് വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.
(എഫ്) മൃഗസംരക്ഷണ വകുപ്പ് നിശ്ചയിച്ചറിയിക്കുന്ന സ്ഥാപനത്തിൽ നിന്ന് അതേ നിരക്കിൽ ആവശ്യമായ വാക്സിൻ ഗ്രാമ പഞ്ചായത്തുകൾ/നഗരസഭകൾക്ക് നേരിട്ട് വാങ്ങാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾക്കാവശ്യമായ വാക്സിന്റെ അളവ് മുൻകൂട്ടി മൃഗസംരക്ഷണ വകുപ്പിനെ അറിയിക്കണം
(ജി) വാഹനങ്ങളുടെ വാടക, വിദഗ്ധർക്കുള്ള പ്രതിഫലം, അനുബന്ധ ചെലവുകൾ, എന്നിവയ്ക്കാവശ്യമായ സംഖ്യക്കും വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

**11 എ.ബി.സി. പദ്ധതി സംബന്ധിച്ച് നിർദ്ദേശങ്ങൾ :-**

എ.ബി.സി. പദ്ധതി രണ്ട് രീതിയിൽ നടപ്പാക്കാവുന്നതാണ്.

**1 കുടുംബശ്രീ – എ.ബി.സി. മൈക്രോ സംരംഭ യൂണിറ്റുകൾ മുഖാന്തിരം**

തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിന് രൂപീകരിക്കുന്ന എ.ബി.സി. മൈക്രോ സംരംഭ യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്ററെ നിർവഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ച് ഒരു തെരുവുനായയെ വന്ധീകരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തുടങ്ങിയവ ഉൾപ്പെടെയുള്ള ചെലവുകൾക്കായി 2100/- രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷന് കൈമാറാവുന്നതാണ്.

**2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട്**

- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി സർജനുള്ള മാസവേതനം - 39,500/- രൂപ
- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന മൃഗപരിപാലകർക്കുള്ള മാസവേതനം (നായ പിടിത്തം, പരിപാലനം മുതലായവ) - 20,000/- രൂപ
- ഓപ്പറേഷൻ തിയേറ്ററിലെ സഹായി (കരാർ അടിസ്ഥാനത്തിൽ) ശാസ്ത്രീയ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായ ജോലികൾ പ്രതിമാസം25,000/- രൂപ
- ശുചീകരണ പ്രവർത്തികൾ ചെയ്യുന്നതിന് പ്രതിമാസം പരമാവധി - 6,000/- രൂപ
- ശസ്ത്രക്രിയയ്ക്ക് ആവശ്യമായ മരുന്ന്, മറ്റ് സാധനങ്ങൾ (നായ ഒന്നിന്)-600/-രൂപ
- നായ്ക്കളുടെ തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് മുതലായവ (നായ ഒന്നിന്)-200/-രൂപ
- എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് സംയുക്തമായി പദ്ധതി ഏറ്റെടുക്കണം. ഗ്രാമ/നഗരതലത്തിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവർത്തനങ്ങൾക്ക് പ്രേജക്ട് തയ്യാറാക്കി ഫണ്ട് വകയിരുത്തി സൗകര്യങ്ങൾ ലഭ്യമാക്കണം.

**12 വെറ്ററിനറി മരുന്നുകൾ:-**

വെറ്ററിനറി ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രഹികളും വകുപ്പിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ നോൺഅവയലബിലിറ്റി സർട്ടിഫിക്കറ്റിന്റ അടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടറെ ചുമതലപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിലെ മരുന്നുവാങ്ങൽ നടപടി

ക്രമങ്ങൾ പ്രകാരം മരുന്നുകൾ വാങ്ങിക്കാവുന്നതും അതിനാവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും നൽകാവുന്നതുമാണ്

13 **വെറ്ററിനറി പോളിക്ലീനിക്കുകൾ:-** ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതിനാൽ വെറ്ററിനറി പോളിക്ലീനിക്കുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

14 **മൃഗസംരക്ഷണ - ക്ഷീര വികസന വകുപ്പ് നൽകുന്ന പരിശീലനം:-** വളർത്ത് പക്ഷികളെയും മൃഗങ്ങളെയും വളർത്താനായി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാവരും നിർബന്ധമായും മൃഗസംരക്ഷണ - ക്ഷീര വികസന വകുപ്പ് ഇതിനായി നൽകുന്ന പരിശീലനങ്ങളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണം. ഇതിനായി എല്ലാ ഗുണഭോക്താക്കൾക്കും പരിശീലനം നൽകണം.

15 ***പശുക്കളെ വാങ്ങൽ :- പശുക്കളെ വാങ്ങുമ്പോൾ സബ്സിഡി ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം കണ്ടെത്തുന്നതിന് ബാങ്ക് വായ്പ എടുത്തിട്ടുണ്ടെങ്കിൽ ആതിന്റെ പലിശ തദ്ദേശഭരണസ്ഥാപനം നൽകാൻ പാടില്ല. എന്നാൽ സബ്സിഡി രഹിതമായി പശുക്കളെ വാങ്ങുന്നവർക്ക് ബാങ്ക്പലിശ നൽകാവുന്നതാണ്. [★15 സർക്കുലർ നം. ഡി.എ1/718/2018/തസ്വഭവ തീയതി 15.10.2018]***

***16 കാലിത്തീറ്റ വാങ്ങുന്നതിനും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.***

1) ***ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനായി കേരള ഫീഡ്സ് കാലിത്തീറ്റയും, മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റയും, പ്രാദേശിക സർക്കാരുകൾക്ക് വാങ്ങാവുന്നതാണ്.***
2) ***ഇത് കൂടാതെ ഗുണനിലവാരം ഉറപ്പാക്കി ടെണ്ടർ, ഇ-ടെണ്ടർ മുഖേന മറ്റിടങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങാവുന്നതാണ്. എന്നാൽ ഈ നിരക്ക് കേരള ഫീഡ്സ്, മിൽമ എന്നീ സ്ഥാപനങ്ങളുടെ ഉല്പന്നത്തേക്കാൾ കുറവുള്ളതായിരിക്കണം.***
3) ***ക്ഷീര കർഷകർക്കു കാലിത്തീറ്റയ്ക്കുള്ള ധനസഹായം പണമായി നൽകാവുന്നതല്ല. കാലിത്തീറ്റയായി തന്നെ ക്ഷീര സംഘങ്ങൾ മുഖേന കർഷകർക്ക് നൽകേണ്ടതാണ്. [★47 സ.ഉ(സാധാ)നം. 1466/2020/തസ്വഭവ തീയതി 06.08.2020]***

## 6.3 മത്സ്യബന്ധന മേഖല (എ) സമുദ്ര മേഖല

| നമ്പർ | സ്കീം | യൂണിറ്റ് വില/പരമാവധി പരിധി | സബ്സിഡി/പരമാവധി പരിധി | സബ്സിഡി മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ<br>കുടുംബ വാർഷിക വരുമാന പരിധി ജനറൽ/ പട്ടികജാതി വിഭാഗം 5 ലക്ഷം രൂപ പട്ടിക വർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല. |
|---|---|---|---|---|
| 1. | ഫൈബർ റീ എൻ ഫോഴ്സ്ഡ് (എഫ്.ആർ.പി കട്ടമരം/ചെറിയ തടി വള്ളം | 40000/ രൂപ | യൂണിറ്റ് വിലയുടെ 75% പരമാവധി 30,000/- രൂപ | 1). മുഴുവൻ സമയവും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളി ആയിരിക്കണം.<br>2). സ്വന്തമായി മറ്റ് മത്സ്യബന്ധന ഉപാധികൾ ഇല്ലാത്തവർ<br>3) എഫ്.ആർ.പി. കട്ടമരത്തിന്റെ നിമ്മാണം മുതൽ ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും പരിശോധന നടത്തേണ്ടതാണ്.<br>4). 8 വർഷത്തിൽ ഒരിക്കൽ മാത്രമെ ഈ ആനുകൂല്യത്തിന് അർഹതയുള്ള<br>5) പട്ടികജാതി/പട്ടികവർഗ്ഗ രജിസ്ട്രേഡ് മത്സ്യ തൊഴിലാളികൾക്ക് മുൻഗണന<br>6) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല. |
| 2. | പരമ്പരാഗത ചെറിയ തടി വള്ളത്തിനും കട്ടമരത്തിനും ഗിൽനെറ്റ് നൽകൽ | 20000/ രൂപ | യൂണിറ്റ് വിലയുടെ 50% പരമാവധി 10,000/- രൂപ | 1) ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും രജിസ്ട്രേഷനും, ലൈസൻസുമുള്ള (റിയൽക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെയോ കട്ടമരത്തിന്റെയോ ഉടമസ്ഥനും ആയിരിക്കണം. |

| | | | | |
|---|---|---|---|---|
| | | | | 2) വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്.<br>3) 4 വർഷത്തിൽ ഒരിക്കൽ മാത്രമെ ഈ സഹായം ലഭിക്കുകയുള്ളൂ.<br>4) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല |
| 3 | 10 മീറ്റർ ഒ. എ. എൽ അധികരിക്കാത്ത എഫ്.ആർ.പി /മറൈൻ പ്ലൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വല മാറ്റി പുതിയ വല വാങ്ങുന്നതിന് | 50000/ രൂപ | യൂണിറ്റ് വിലയുടെ 50% പരമാവധി 25,000/- രൂപ | 1) ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും രജിസ്ട്രേഷനും, ലൈസൻസുമുള്ള (റിയൽക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥനും ആയിരിക്കണം<br>2) വലയും അനുസാരികളും വാങ്ങി നൽകേണ്ടതാണ്.<br>3) 4 വർഷത്തിൽ ഒരിക്കൽ മാത്രം ഈ ആനുകൂല്യത്തിന് അർഹത<br>4) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല. |
| 4 | മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത വള്ളങ്ങൾക്ക് ഇൻസുലേറ്റഡ് ഫിഷ്/ഐസ് ഹോൾഡിംഗ് പെട്ടികൾ വാങ്ങുന്നതിന് | 25,000 രൂപ | യൂണിറ്റ് വിലയുടെ 50% പരമാവധി 12,500 രൂപ | 1) ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും അംഗീകൃത രജിസ്ട്രേഷനും, ലൈസൻസുമുള്ള (റിയൽക്രാഫ്റ്റ്) പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥനും ആയിരിക്കണം<br>2) 8 വർഷത്തിൽ ഒരിക്കൽ മാത്രം ആനുകൂല്യത്തിന് അർഹത<br>3) 500 കി.ഗ്രാമോ അതിൽ കൂടുതലോ ഉൾക്കൊള്ളാവുന്ന ഫിഷ്/ ഐസ് ഇൻസുലേറ്റഡ് ഹോൾഡിംഗ് പെട്ടികൾ ഒരു എഫ്.ആർ.പി ബോട്ടിന് പരമാവധി 1 എണ്ണം വാങ്ങി നൽകണം<br>4) എസ്.സി./എസ്.റ്റി രജിസ്ട്രേഡ് മത്സ്യതൊഴിലാളികൾക്ക് മുൻഗണന<br>5) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല. |
| 5 | മത്സ്യത്തൊഴിലാളികൾക്ക് എം.എം.ഡി സർട്ടിഫിക്കറ്റ് ഉള്ള ലൈഫ് ജാക്കറ്റ് വിതരണം | 4000/ രൂപ | യൂണിറ്റ് വിലയുടെ 50% പരമാവധി 2000/- രൂപ | 1). അംഗീകൃത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുള്ള യാനത്തിൽ കടലിൽ മത്സ്യബന്ധനം നടത്തുന്ന രജിസ്റ്റേർഡ് മത്സ്യ തൊഴിലാളിയായിരിക്കണം<br>2) 18 മുതൽ 60 വയസ്സിനുള്ളിൽ പ്രായമുള്ള വ്യക്തിയായിരിക്കണം<br>3) 8 വർഷത്തിൽ ഒരിക്കൽ മാത്രമെ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.<br>4) ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം. |
| **(ബി) ഉൾനാടൻ മത്സ്യബന്ധനം** | | | | |
| 6 | മത്സ്യബന്ധന വള്ളവും വലയും | 60000/ രൂപ | ***യൂണിറ്റ് വിലയുടെ 75% പരമാവധി 30,000/- രൂപ*** | 1) ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും അംഗീകൃത ഫിഷിംഗ് ലൈസൻസ് ഉള്ളയാളുമായിരിക്കണം.<br>2) നിലവിൽ മത്സ്യബന്ധന വള്ളം ഇല്ലാതിരിക്കണം<br>3) വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | | | [★7) സ.ഉ(സാധാ)നം. 2083/2018/തസ്വഭവ തീയതി 30.07.2018 | 4) 8 വർഷത്തിൽ ഒരിക്കൽ മാത്രം ആനുകൂല്യത്തിന് അർഹത<br>5) എസ്.സി./എസ്.റ്റി രജിസ്ട്രേഡ് മത്സ്യ തൊഴിലാളികൾക്ക് മുൻഗണന<br>6) ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം. |
| 7 | മത്സ്യബന്ധന വല | 20000/- രൂപ | യൂണിറ്റ് വിലയുടെ 50% പരമാവധി 10,000/- രൂപ | 1) ഗുണഭോക്താവ് രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളിയും അംഗീകൃത രജിസ്ട്രേഷനും,ലൈസൻസുമുള്ള പരമ്പരാഗത വള്ളത്തിന്റെ ഉടമസ്ഥർ<br>2) വലയും അനുബന്ധ സാധനങ്ങളും വാങ്ങി നൽകേണ്ടതാണ്.<br>3) 4 വർഷത്തിൽ ഒരിക്കൽ മാത്രം ആനുകൂല്യത്തിന് അർഹത<br>4) എസ്.സി./എസ്.റ്റി രജിസ്ട്രേഡ് മത്സ്യ തൊഴിലാളികൾക്ക് മുൻഗണന<br>5) ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം. |
| 8 | റിസർവ്വോയറുകളിലും 5 മുതൽ 10 ഹെക്ടർ വിസ്തൃതിയുള്ള ജലാശയങ്ങളിലും മത്സ്യ വിത്തുകൾ നിക്ഷേപിക്കുക (2000/ഹെക്ടർ എണ്ണം) | ഹെക്ടറിന് 4,000/- രൂപ | ചെലവിന്റെ 100 % | 1) SC/ST മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മത്സ്യബന്ധനം നടത്തുന്ന റിസർവ്വോയറുകളിൽ ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.<br>2) പൊതു ജലാശയങ്ങളിൽ മാത്രമാണ് ഈ പദ്ധതി നടപ്പിലാക്കുക<br>3) ജില്ലാ പഞ്ചായത്തുകൾക്ക് മാത്രം പ്രോജക്ട് ഏറ്റെടുക്കാം. |
| 9 | ഉൾനാടൻ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ | യഥാർത്ഥ ചെലവ് | ചെലവിന്റെ 100 % | 1) നിലവിൽ കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളില്ലാത്തതും ധാരാളം മത്സ്യബന്ധന യാനങ്ങൾ, മത്സ്യത്തൊഴിലാളികൾ ഉള്ള കടവിൽ നടപ്പാക്കാം<br>2) ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭൾക്കും പ്രോജക്ട് ഏറ്റെടുക്കാം<br>3) ഗ്രാമപഞ്ചായത്തുകൾ നിർമ്മാണത്തിന് സ്ഥലം കൈമാറണം. |
| 10 | കരിമീൻ കൂട് കൃഷി | യൂണിറ്റിന് പരമാവധി 30000 രൂപ (1886:1.5 മീറ്റർ വലിപ്പമുള്ള 2 കൂട്) | ജനറൽ<br>യൂണിറ്റ് വിലയുടെ 40% സബ്സിഡി<br><br>മത്സ്യത്തൊഴിലാളി, എസ്.സി/എസ്.ടി<br>യൂണിറ്റ് വിലയുടെ 75% സബ്സിഡി | 1). ഗുണഭോക്താവിന് അക്വാകൾച്ചർ ലൈസൻസ്/ രജിസ്ട്രേഷൻ വേണം<br>2). ചെലവുകളുടെ ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട നിർവഹണ് ഉദ്യോഗസ്ഥൻ സർട്ടിഫൈ ചെയ്ത ശേഷം തുക നൽകണം<br>3). വ്യക്തിഗത ഗുണഭോക്താക്കൾക്ക് പരമാവധി 1 യൂണിറ്റും ഗ്രൂപ്പുകൾ/സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അംഗങ്ങളുടെ എണ്ണത്തിന് ആനുപാതികമായി പരമാവധി 10 യൂണിറ്റും നൽകാം<br>4) ഈ സഹായം ഒരു ഗുണഭോക്താവിന് ഒരു തവണ മാത്രമേ നൽകാവൂ.<br>5) ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം |
| 11 | വനിതകൾക്ക് അലങ്കാര മത്സ്യവിത്തുല്പാദനവും വളർത്തലും | യൂണിറ്റ് ചെലവ് പരമാവധി 50,000 രൂപ | ജനറൽ വിഭാഗം<br>യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി<br><br>എസ്.സി/എസ്.ടി വിഭാഗം<br>യൂണിറ്റ് ചെലവിന്റെ 75% സബ്സിഡി | 1) പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന ഭൂമിയുടെ കൈവശാവകാശം/ ഉടമസ്ഥാവകാശ രേഖകൾ/അനുമതി ഹാജരാക്കണം<br>2) ഭൂമി വാങ്ങുന്നതിനായി ഫണ്ടുകൾ അനുവദിക്കുന്നതല്ല.<br>3 ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തദ്ദേശഭരണ സ്ഥാപന അസി.എഞ്ചിനീയർ സർട്ടിഫൈ ചെയ്യണം<br>4) ഈ സഹായം ഒരു ഗുണഭോക്താവിന് ഒരുതവണ മാത്രമേ നൽകാവൂ.<br>5) ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം |
| 12 | ചിപ്പി വളർത്തൽ/കായൽ മുരിങ്ങ കൃഷി (മുള കൊണ്ടുണ്ടാക്കിയ 5 മീ | ഒരു റാക്കിന് 15,000/- രൂപ വരെ | ജനറൽ വിഭാഗം<br>യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി | 1) ഗുണഭോക്താക്കൾക്ക് അക്വാകൾച്ചർ ലൈസൻസ്/ രജിസ്ട്രേഷൻ വേണം<br>2) ബയോ ഫെൻസിംഗ് സംവിധാനങ്ങൾ കുളത്തിൽ ഏർപ്പെടുത്തിയിരിക്കണം<br>3) വ്യക്തിഗത ഗുണഭോക്താക്കൾക്ക് പരമാവധി 1 യൂണിറ്റും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് പരമാവധി 10 യൂണിറ്റും |

| | | | | |
|---|---|---|---|---|
| | 5 മീ. വിസ്തീർണ്ണ മുളള റാക്കിന്) | | എസ്.സി/എസ്.ടി വിഭാഗം യൂണിറ്റ് ചെലവിന്റെ 75% സബ്സിഡി | 4) ഒരു ഗുണഭോക്താവിന് മൂന്ന് വർഷത്തിൽ ഒരു തവണ മാത്രം<br>5) ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം |
| 13 | ഒരു നെല്ലും ഒരു മീനും പദ്ധതി. | ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കൽ 20,000 രൂപ/ഹെക്ടർ (മത്സ്യകുഞ്ഞുങ്ങളുടെ നഴ്സറി) | യൂണിറ്റ് ചെലവിന്റെ 50% സബ്സിഡി | 1). പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന ഭൂമിയുടെ കൈവശാവകാശം/ ഉടമസ്ഥാവകാശ രേഖകൾ/അനുമതി ഹാജരാക്കണം<br>2). ഭൂമി വാങ്ങുന്നതിനായി ഫണ്ടുകൾ അനുവദിക്കുന്നതല്ല.<br>3). ഈ സഹായം ഒരു ഗുണഭോക്താവിന് ഒരുതവണ മാത്രമേ നൽകാവൂ.<br>4) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും. ഇരട്ടിപ്പില്ലെന്ന് ഉറപ്പാക്കണം. |
| | | ഇൻപുട്ട് സബ്സിഡി. ഹെക്ടറിന് പരമാവധി 80,000 രൂപ. (മത്സ്യകുഞ്ഞുങ്ങളുടെ വില , വളം, തുടങ്ങിയവ) | യൂണിറ്റ് ചെലവിന്റെ 50% സബ്സിഡി | 1). ഗുണഭോക്താക്കൾക്ക് അക്വാകൾച്ചർ ലൈസൻസ്/രജിസ്ട്രേഷൻ വേണം<br>2). ഒരു വിള നെല്ല് കൃഷി പാടശേഖരത്തിൽ ഏർപ്പെടുത്തിയിരിക്കണം<br>3). ഈ സഹായം ഒരു ഗുണഭോക്താവിന് ഒരു തവണ മാത്രമേ നൽകാവൂ.<br>4) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല<br>5) കാർഷിക വായ്പ സംഘങ്ങൾക്കും പ്രോജക്ട് നടപ്പാക്കാം |
| 14 | പൊക്കാളി പാടത്തെ ഒരു നെല്ലും ഒരു ചെമ്മീനും പദ്ധതി. (ചെമ്മീൻ കൃഷിക്കായുള്ള സാമ്പത്തിക സഹായം) | ഭൗതീക സാഹചര്യങ്ങൾ സൃഷ്ടിക്കൽ 1.7 ലക്ഷം രൂപ/ഹെക്ടർ | യൂണിറ്റ് ചെലവിന്റെ 50% സബ്സിഡി | 1) പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന ഭൂമിയുടെ കൈവശാവകാശം/ ഉടമസ്ഥാവകാശ രേഖകൾ/അനുമതി ഹാജരാക്കണം<br>2) ഭൂമി വാങ്ങുന്നതിനായി ഫണ്ടുകൾ അനുവദിക്കുന്നതല്ല.<br>3)ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും തദ്ദേശ ഭരണസ്ഥാപന അസി.എഞ്ചിനീയർ സർട്ടിഫൈ ചെയ്യണം.<br>4) ഈ സഹായം ഒരു ഗുണഭോക്താവിന് ഒരുതവണ മാത്രമേ നൽകാവൂ.<br>5) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം ഇരട്ടിപ്പ് പാടില്ല<br>6) കാർഷിക വായ്പ സംഘങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാം. |
| | | ഇൻപുട്ട് സബ്സിഡി. ഹെക്ടറിന് പരമാവധി 3 ലക്ഷം രൂപ. (മത്സ്യ കുഞ്ഞുങ്ങളുടെ വില, രോഗ നിയന്ത്രണ മാർഗ്ഗങ്ങളുടെ ചിലവ്, തീറ്റ, വളം,തുടങ്ങിയവ) | യൂണിറ്റ് ചെലവിന്റെ 50% സബ്സിഡി | 1) ഗുണഭോക്താക്കൾക്ക് അക്വാകൾച്ചർ ലൈസൻസ്/ രജിസ്ട്രേഷൻ വേണം<br>2) ഒരു വിള നെല്ല് കൃഷി പാടശേഖരത്തിൽ ഏർപ്പെടുത്തിയിരിക്കണം<br>3) ഒരു ഗുണഭോക്താവിന് ഒരു തവണ മാത്രമേ നൽകാവൂ.<br>4) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം.ഇരട്ടിപ്പ് പാടില്ല<br>5) കാർഷിക സംഘങ്ങൾക്ക് നൽകാം |
| 15 | മത്സ്യ കൃഷിയ്ക്ക് ആവശ്യമായ സംരക്ഷണ വല | ഹെക്ടറിന് പരമാവധി 10000/- രൂപ വരെ | വിലയുടെ 40% (പരമാവധി 4000/-രൂപ വരെ) | 1). ഗുണഭോക്താക്കൾക്ക് അക്വാകൾച്ചർ ലൈസൻസ്/ രജിസ്ട്രേഷൻ വേണം<br>2). വല വാങ്ങി നൽകേണ്ടതാണ്.<br>3). ഒരു ഗുണഭോക്താവിന് ഒരു തവണ മാത്രമേ നൽകാവൂ.<br>4) എസ്.സി./എസ്.റ്റി രജിസ്ട്രേഡ് മത്സ്യ തൊഴിലാളികൾക്ക് മുൻഗണന<br>5) ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം |
| 16 | ലൈവ് ഫിഷ് മാർക്കറ്റുകൾ (2 പോർട്ടബിൾ പ്ലാസ്റ്റിക്ക് പൂൾ, എയിറേഷൻ & വാട്ടർ എക്സേഞ്ച് ഫസിലിറ്റി, 2 ഫ്രീസർ, ഷെഡ്, ഫിഷ് ഡ്രെസിംഗ് | പരമാവധി 3 ലക്ഷം രൂപ | ജനറൽ വിഭാഗം യൂണിറ്റ് ചെലവിന്റെ 50% സബ്സിഡി<br>എസ്.സി/എസ്.ടി വിഭാഗം | .1) ഭൂമി വാങ്ങുന്നതിനായി ഫണ്ടുകൾ അനുവദിക്കുന്നതല്ല.<br>2) ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരം പ്ലാനും എസ്റ്റിമേറ്റും ത.സ്വ.ഭ.വ അസി.എഞ്ചിനീയർ സർട്ടിഫൈ ചെയ്യണം<br>3) ഒരു ഗുണഭോക്താവിന് ഒരുതവണ മാത്രമേ നൽകാവൂ. |

| | | | | |
|---|---|---|---|---|
| | ഫസിലിറ്റി തുടങ്ങിയവ) | | യൂണിറ്റ് ചെലവിന്റെ 75% സബ്സിഡി | 5) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം.<br>6) ഉൾനാടൻ മത്സ്യ സഹകരണ സംഘങ്ങൾക്ക് പ്രോജക്ട് നടപ്പാക്കാം |
| 17 | അക്വാ ടൂറിസം സംരഭങ്ങളും മത്സ്യ ഗ്രാമീണ കാർഷിക വ്യവസായിക മൂസിയങ്ങളും (കയർ,കൈത്തറി, കശുവണ്ടി) | യഥാർത്ഥ ചെലവ് | യൂണിറ്റ് ചെലവിന്റെ100% | 1) മത്സ്യകൃഷി മാതൃകകൾ, ബോട്ടിംഗ്, ആംഗ്ലിംഗ്, മ്യൂസിയം, പബ്ലിക്ക് അക്വേറിയം, മത്സ്യ മ്യൂസിയം, ലൈവ് ഫിഷ് മാർക്കറ്റ്, തുടങ്ങിയവയോടൊപ്പം പരമ്പരാഗത ഗ്രാമീണ കാർഷിക വ്യവസായിക മാതൃകകളും അവയുടെ മൂസിയങ്ങളും സ്ഥാപിക്കുക<br>2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പൊതു ജലാശയങ്ങളും ഇതിനായി ഉപയോഗിക്കാം.<br>3) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സംയുക്ത പ്രോജക്ട് ഏറ്റെടുക്കാം.<br>4) പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് കൺസൾട്ടൻസി സഹായം സ്വീകരിക്കാവുന്നതും സാദ്ധ്യതാ പഠനം നടത്തുന്നതിനുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്ത് വയ്ക്കണം. |
| 18 | അക്വാ സ്റ്റോറുകൾ മത്സ്യകൃഷി സാധ്യത കുടുതലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ. | യൂണിറ്റിന് 3 ലക്ഷം രൂപ | യൂണിറ്റ് ചെലവിന്റെ 50 % | 1) ഉൾനാടൻ മത്സ്യ ക്ഷേമസംഘങ്ങൾക്ക് നൽകാം.<br>2) ഭൂമി വാങ്ങുന്നതിനായി ഫണ്ടുകൾ അനുവദിക്കുന്നതല്ല.<br>3) ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ട് പ്രകാരമായിരിക്കണം പ്രവൃത്തികൾ നടത്തേണ്ടത്. പ്ലാനും എസ്റ്റിമേറ്റും തദ്ദേശഭരണ സ്ഥാപന അസി. എഞ്ചിനീയർ സർട്ടിഫൈ ചെയ്യണം<br>4) ഈ സഹായം ഒരു ഗുണഭോക്താവിന് ഒരുതവണ മാത്രമേ നൽകാവൂ.<br>5)ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രം |

| സി) മത്സ്യ തൊഴിലാളി ക്ഷേമം :- സമുദ്ര/ ഉൾനാടൻ മേഖലയ്ക്ക് ബാധകം | | | | |
|---|---|---|---|---|
| 19 | മത്സ്യവിൽപ്പനയ്ക്കായി ഓട്ടോറിക്ഷ ഐസ് ബോക്സ് സഹിതം | 2.50 ലക്ഷം രൂപ | യൂണിറ്റ് വിലയുടെ 50% പരമാവധി 1.25 ലക്ഷം രൂപ | 1) മത്സ്യത്തൊഴിലാളി/അനുബന്ധ മത്സ്യത്തൊഴിലാളി സംഘങ്ങൾ/ഗ്രൂപ്പുകൾ, പുരുഷ/വനിതാ എസ്.എച്ച്.ജി. കൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവകളിലെ 3 പേർ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ<br>2) ഗുണഭോക്തൃ സംഘങ്ങൾ/ഗ്രൂപ്പുകൾ ഗുണഭോക്തൃ വിഹിതവും വാഹനത്തിന്റെ പ്രവർത്തന, റിപ്പയർ ചെലവുകളും വഹിക്കണം.<br>3) മത്സ്യം വിൽപ്പനയ്ക്കല്ലാതെ ഈ പദ്ധതിയിൽ ലഭിച്ച വാഹനം മറ്റിതര ചരക്കുകൾ കടത്തുവാൻ ഉപയോഗിക്കുവാൻ പാടുള്ളതല്ല.<br>4) ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രം |
| 20 | മത്സ്യവിൽപ്പനയ്ക്കായി മോട്ടോർ സൈക്കിളും ഐസ് ബോക്സും വിതരണം | 60000/- രൂപ | യൂണിറ്റ് വിലയുടെ 50% പരമാവധി 30000/- രൂപ | 1) രജിസ്റ്റേർഡ് മൽസ്യത്തൊഴിലാളി/അനുബന്ധ മൽസ്യത്തൊഴിലാളി (പുരുഷ/സ്ത്രീ) എന്നിവരായിരിക്കണം ഗുണഭോക്താക്കൾ.<br>2) ഗുണഭോക്തൃ വിഹിതവും വാഹനത്തിന്റെ പ്രവർത്തന റിപ്പയർ ചെലവുകളും വഹിക്കണം<br>3) മത്സ്യം വിൽപ്പനയ്ക്കല്ലാതെ ഈ പദ്ധതിയിൽ ലഭിച്ച വാഹനം മറ്റിതര ചരക്കുകൾ കടത്തുവാൻ ഉപയോഗിക്കുവാൻ പാടുള്ളതല്ല.<br>4) എസ്.സി./എസ്.റ്റി മത്സ്യ തൊഴിലാളി വിഭാഗത്തിന് മുൻഗണന<br>5) വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ഉണ്ടായിരിക്കണം.<br>6) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രം |
| 21 | മത്സ്യവിൽപ്പനയ്ക്കായി ഐസ് ബോക്സ് വിതരണം | 3000/- രൂപ | യൂണിറ്റ് വിലയുടെ 50% പരമാവധി 1500/- രൂപ | 1) രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളി/അനുബന്ധ മത്സ്യത്തൊഴിലാളികൾ<br>2) ഗുണഭോക്തൃ വിഹിതം കണ്ടെത്താൻ കഴിയുന്നവർ ആയിരിക്കണം.<br>3) മത്സ്യഫെഡ് വ്യാസാസ്റ്റോറിൽ നിന്നും ഐസ് ബോക്സ് വാങ്ങണം<br>4) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രം |
| 22 | വനിതകൾക്ക് മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ നിർമ്മാണ പരിശീലനവും യൂണിറ്റ് സ്ഥാപിക്കലും (ഫിഷ് കട്‌ലറ്റ്, റോൾ, സമൂസ, ലോലിപോപ്പ്, അച്ചാറുകൾ തുടങ്ങിയവ) | പരിശീലനം (20 പേരുള്ള ഒരു ഗ്രൂപ്പിന് )2 ലക്ഷം രൂപ പരിശീലനം തീരദേശ വികസന കോർപ്പറേഷൻ വഴി നല്കാവുന്നതാണ് | യൂണിറ്റ് ചെലവിന്റെ100% | 1). വനിതാ മത്സ്യത്തൊഴിലാളി/ വനിതാ അനുബന്ധ മത്സ്യത്തൊഴിലാളി സംഘങ്ങൾ, മത്സ്യത്തൊഴിലാളി വനിതാ എസ്.എച്ച്.ജി. കൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവകളിലെ 3 പേർ<br>2). ഗുണഭോക്തൃ സംഘങ്ങൾ/ഗ്രൂപ്പുകൾ ഗുണഭോക്തൃ വിഹിതവും പ്രവർത്തന, റിപ്പയർ ചെലവുകളും വഹിക്കണം<br>3). ബന്ധപ്പെട്ട ഫിഷറീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് യൂണിറ്റുകൾ സജ്ജീകരിക്കേണ്ടത്<br>4) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും |
| | | യൂണിറ്റ് സ്ഥാപിക്കൽ (3 ലക്ഷം രൂപ) | യൂണിറ്റ് ചെലവിന്റെ 50% | |
| 23 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് | 30,000/- രൂപ | യൂണിറ്റ് വിലയുടെ 100% | 1)ഗുണഭോക്താക്കൾ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ ആയിരിക്കണം<br>2).ഗുണഭോക്താക്കൾ ബിരുദ തലം ഉന്നത വിദ്യാഭ്യാസത്തിലേർപ്പെടുന്നവർ<br>3) ഒരു വിദ്യാർത്ഥികൾക്ക് ഒരിക്കൽ മാത്രം.<br>4) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം |
| 24 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ (മേശ, കസേര) | 8,000/- രൂപ | യൂണിറ്റ് വിലയുടെ 100% | 1) ഗുണഭോക്താക്കൾ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ ആയിരിക്കണം<br>2) ഒരു വിദ്യാർത്ഥികൾക്ക് ഒരിക്കൽ മാത്രം.<br>3) സ്കൂൾ അധികൃതരിൽ നിന്ന് വിദ്യാർത്ഥികളുടെ ലിസ്റ്റ് വാങ്ങി മരം കൊണ്ടുള്ള മേശയും കസേരയും പർച്ചേഴ്സ് കമ്മിറ്റി വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകണം.<br>4) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം |

| 25 | വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി | വിഭാഗം | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി | | | ഗുണഭോക്തൃ വിഹിതം / വായ്പ | മാനദണ്ഡങ്ങൾ / വ്യവസ്ഥകൾ |
|---|---|---|---|---|---|---|---|---|
| | | | | തദ്ദേശഭരണസ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | | |
| | | പൊതു വിഭാഗം (ആകെ സബ്സിഡി 40 % ഗുണഭോക്തൃവിഹിതം 60%) | 123,000 | 32,800 | 16,400 | 49,200 | 73,800 | 80 ചതുരശ്ര മീറ്റർ ( രണ്ട് സെന്റ്) വിസ്തീർണ്ണമുള്ള കുളം 40 സെന്റീമീറ്റർ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെന്റീമീറ്റർ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം (ആകെ 150 സെ.മി) കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ, 125 സെന്റീമീറ്റർ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്.<br>എ) അടിസ്ഥാന സൗകര്യ വികസനം – 74,000 രൂപ (കുളം കുഴിക്കൽ 18,400 രൂപ, പോളിത്തീൻ ഷീറ്റും അനുബന്ധ സാമഗ്രികളും – 38,000 രൂപ, വാട്ടർ പമ്പ് – വെഞ്ചുറി പമ്പ് – സംരക്ഷിത വല – മറ്റ് ഉപകരണങ്ങൾ -17600)<br>ബി) പ്രവർത്തന ചെലവുകൾ - 49,000 (മത്സ്യ വിത്ത് – 6000 രൂപ, തീറ്റ – 41,000 രൂപ, മെഡിസിൻ - 2000 രൂപ)<br>സി) ആകെ യൂണിറ്റ് ചെലവ് – 1,23,000 രൂപ)<br>ഡി) ഒരു ഗുണഭോക്താവിന് പരമാവധി നാല്സ യൂണിറ്റ് വരെ അനുവദിക്കാം |
| | | പട്ടികജാതി വിഭാഗം (ആകെ സബ്സിഡി 75 % ഗുണഭോക്തൃവിഹിതം 25%) | 1,23,000 | 61,500 | 30,750 | 92,250 | 30,750 | |
| | | പട്ടികവർഗ വിഭാഗം (ആകെ സബ്സിഡി 100 % ) | 1,23,000 | 82,000 | 41,000 | 1,23,000 | ഇല്ല | |

[✶36 സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തീയതി 29.05.2020, 4.2]

| 26 | ബയോ ഫ്ളോക്ക് മത്സ്യകൃഷി | വിഭാഗം | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി | | | ഗുണഭോക്തൃ വിഹിതം / വായ്പ | മാനദണ്ഡങ്ങൾ / വ്യവസ്ഥകൾ |
|---|---|---|---|---|---|---|---|---|
| | | | | തദ്ദേശഭരണസ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | | |
| | | പൊതു വിഭാഗം (ആകെ സബ്സിഡി 40 % ഗുണഭോക്തൃവിഹിതം 60%) | 1,38,000 | 36800 | 18400 | 55200 | 82800 | 5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ് ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 ജി.എസ്.എം. കനമുള്ള പി.വി.സി ആവരണം ചെയ്ത എച്ച്.ഡി.പി.ഇ ഷീറ്റ് വിരിച്ചശേഷം, ടാങ്കിൽ 4-6 സെ.മി വലിപ്പമുള്ള 1250 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്.<br>(എ. മൂലധന ചെലവ് – 92,000 രൂപ (ടാങ്ക്, പി.വി.സി ആവരണം ചെയ്ത എച്ച്.ഡി.പി.ഇ ഷീറ്റ് വിരിച്ചത് 35,000 രൂപ, മേൽക്കൂര – 5600 രൂപ, |
| | | പട്ടികജാതി വിഭാഗം (ആകെ സബ്സിഡി | 1,38,000 | 69,000 | 34,500 | 1,03,500 | 34,500 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 75 %<br>ഗുണഭോക്തൃവിഹിതം<br>25%) | | | | | | വൈദ്യുതീകരണം – പ്ലംബിംഗ് – എയർ പമ്പ് –ജനറേറ്റർ - മറ്റ് സൗകര്യങ്ങൾ - 51,400 രൂപ)<br>ബി). പ്രവർത്തന ചെലവുകൾ - 46,000 രൂപ (മത്സ്യക്കുഞ്ഞ് – 10,000 രൂപ, തീറ്റ 23,300 രൂപ, മരുന്ന് – മറ്റു ചെലവുകൾ - 12,700 രൂപ)<br>സി) ആകെ യൂണിറ്റ് ചെലവ് – 1,38,000 രൂപ) അനുവദിക്കാം. ഒരു ഗുണഭോക്താവിന് പരമാവധി നാലു യൂണിറ്റുകൾ വരെ . |
| | | പട്ടിക വർഗ്ഗ വിഭാഗം<br>(ആകെ സബ്സിഡി<br>100 % ) | 1,38,000 | 92,000 | 46,000 | 1,38,000 | ഇല്ല | |
| [★36) സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തീയതി 29.05.2020] | | | | | | | | |

| 27 | കുളത്തിലെ കരിമീൻ കൃഷി | വിഭാഗം | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി | | | ഗുണഭോക്തൃ വിഹിതം / വായ്പ | മാനദണ്ഡങ്ങൾ / വ്യവസ്ഥകൾ |
|---|---|---|---|---|---|---|---|---|
| | | | | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | | |
| | | പൊതുവിഭാഗം<br>(ആകെ സബ്സിഡി<br>40 %<br>ഗുണഭോക്തൃവിഹിതം<br>60%) | 1,50,000 | 40,000 | 20,000 | 60,000 | 90,000 | കുറഞ്ഞത് 50 സെന്റ് വിസ്തൃതിയുള്ള സ്ഥലത്തിനുള്ളിൽ ഒരു മീറ്റർ ആഴമുള്ള കുളത്തിൽ ബണ്ട് നിർമ്മിച്ച് അതിനുള്ളിൽ 1500 കരിമീൻ കുഞ്ഞുങ്ങളും 6 കിലോഗ്രാം പൊരുന്ന മത്സ്യങ്ങളും നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്റ്റ്.<br>(എ. അടിസ്ഥാന സൗകര്യ വികസന – 65,000 രൂപ, (നിലവിലുള്ള കുളത്തിന്റെ ബണ്ട് നന്നാക്കൽ - 16,100 രൂപ, ജലവിനിമയ പൈപ്പുകൾ - സംരക്ഷിത വല തുടങ്ങിയവ – 48,900 രൂപ)<br>ബി) പ്രവർത്തന ചെലവുകൾ - 85,000 രൂപ<br>(മത്സ്യവിത്ത് – 15,000 രൂപ, പൊരുന്ന മത്സ്യം – 3000 രൂപ, തീറ്റ – 50,000 രൂപ, കുമ്മായം – ഡോളോമൈറ്റ് – 17,000 രൂപ)<br>സി) ആകെ യൂണിറ്റ് ചെലവ് – 1,50,000 രൂപ<br>ഡി) ഒരു ഗുണഭോക്താവിന് ഒരു യൂണിറ്റ് മാത്രം അനുവദിക്കാവുന്നതാണ്. |
| | | പട്ടികജാതി വിഭാഗം വിഭാഗം<br>(ആകെ സബ്സിഡി<br>75 %<br>ഗുണഭോക്തൃവിഹിതം<br>25%) | 1,50,000 | 75,000 | 37,500 | 1,12,500 | 37,500 | |
| | | പട്ടികവർഗ്ഗ വിഭാഗം<br>(ആകെ സബ്സിഡി<br>100 % ) | 1,50,000 | 1,00,000 | 50,000 | 1,50,000 | ഇല്ല | |
| [★36 സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തീയതി 29.05.2020] | | | | | | | | |

<u>വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി, കുളത്തിലെ കരിമീൻ – പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ</u>

1) മത്സ്യക്കൃഷിയിൽ താല്പര്യമുള്ളതും സ്ഥല സൗകര്യമുള്ളതുമായ വ്യക്തികൾ, ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരെ ഈ പ്രോജക്ടുകളുടെ ഗുണഭോക്താക്കളാക്കാം.

2) അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് നിലവിലുള്ള നിബന്ധനകൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്.

*3) വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി, കരിമീൻ കൃഷി, കുളത്തിലെ കരിമീൻ കൃഷി, എന്നീ പ്രോജക്ടുകളുടെ ചുരുക്കം സാങ്കേതിക വിശദാംശങ്ങളാണ് യഥാക്രമം ഖണ്ഡിക 25,26,27 എന്നിവയിൽ നൽകിയിട്ടുള്ളത്. പ്രോജക്ടുകളുടെ കൂടുതൽ സാങ്കേതിക വിശദാംശങ്ങളും അതിന്റെ വിജയകരമായ നടത്തിപ്പിന് സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ ഫിഷറീസ് വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്.*

*4) കുളം നിർമ്മിക്കൽ തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതാത് യൂണിറ്റ് ചെലവിൽ കുറവ് ചെയ്യാവുന്നതും ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ പദ്ധതി ചെലവിൽ നിന്നും സബ്സിഡി തുകയും ഗുണഭോക്തൃ വിഹിതവും നിശ്ചിത അനുപാതത്തിൽ (പൊതു വിഭാഗം 40 : 60, പട്ടികജാതി 75 : 25, പട്ടികവർഗ്ഗം 100 : 0) നിശ്ചയിച്ച് സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് തദ്ദേശഭരണസ്ഥാപനത്തിനും മൂന്നിലൽ ഒന്ന് ഫിഷറീസ് വകുപ്പിനും അനുവദിക്കാവുന്നതുമാണ്. കുളങ്ങളുടെ നിർമ്മാണം ഗുണഭോക്താവ് നേരിട്ട് നിർവഹിക്കുന്ന പക്ഷം ഗുണഭോക്തൃ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.*

*5) വ്യക്തികൾക്കും ഗ്രൂപ്പുകൾക്കുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും നടപ്പാക്കാവുന്നതാണ്. എന്നാൽ ഗ്രൂപ്പുകളുടെ കാര്യത്തിൽ ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകളിൽ നിന്ന് വിഹിതവും നൽകാവുന്നതാണ്.*

*6) സാധനസാമഗ്രികൾ, മത്സ്യ കുഞ്ഞുങ്ങൾ മുതലായവ സർക്കാർ ഏജൻസികളായ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (ADAK), മത്സ്യകർഷക വികസന ഏജൻസി (FFDA) എന്നിവയിൽ നിന്നോ കാർഷിക / ക്ഷീര/മത്സ്യ സഹകരണ സംഘങ്ങളിൽ നിന്നോ നേരിട്ട് വാങ്ങാവുന്നതാണ്. അല്ലാത്ത പക്ഷം സ്വകാര്യ വിതരണക്കാരിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങാവുന്നതും ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ചെലവുകൾ യൂണിറ്റ് കോസ്റ്റിലെ ഇനം തിരിച്ചുള്ള ചെലവിൽ പരിമിതപ്പെടുത്തി ഗുണഭോക്തൃ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതും ഗുണഭോക്തൃ വിഹിതം കഴിച്ച് ബാക്കി തുക ഉണ്ടെങ്കിൽ സബ്സിഡിയിൽ ഉൾപ്പെടുത്തി അനുവദിക്കാവുന്നതുമാണ്.*

*7) സബ്സിഡി തുക യൂണിറ്റിന്റെ നിർവഹണ പുരോഗതി വിലയിരുത്തി പണമായോ സാധനമായോ ഗഡുക്കളായി അനുവദിക്കാവുന്നതാണ്.*

*8) മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണം.*

*9) ഗുണഭോക്തൃ വിഹിതം സ്വന്തമായി കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സന്ദർഭത്തിൽ ഉദാര പലിശ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കാവുന്നതാണ്.*

*10) പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തിട്ടുള്ള പൊതു കുളങ്ങളിൽ ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട കുളങ്ങൾ ഉൾപ്പെടുത്തുവാൻ പാടില്ല.*

*11) പൊതുജനങ്ങൾ കുളിക്കാനും മറ്റും ഉപയോഗിക്കുന്ന പൊതുകുളങ്ങളിൽ മത്സ്യകൃഷി നടത്തുമ്പോൾ മത്സ്യങ്ങൾക്ക് ആഹാരം നൽകുന്നതു വഴി ഇത്തരം കുളങ്ങൾ മലിനമാകാൻ ഇടയാകും. ഇതു കൂടി പരിഗണിച്ചു വേണം ഇത്തരം കുളങ്ങളിൽ മത്സ്യകൃഷി നടത്തേണ്ടത്.*

*12) പൊതു കുളങ്ങളിലെ മത്സ്യകൃഷിയുടെ നടത്തിപ്പ് മോണിറ്റർ ചെയ്യുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളിൽ കൃഷി വകുപ്പിലേയും ഫിഷറീസ് വകുപ്പിലേയും ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തിയ സുഭിക്ഷകേരളം കമ്മിറ്റിയുടെ സബ് കമ്മിറ്റി നിശ്ചിത ഇടവേളകളിൽ ഈ പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതാണ്.*

*13) ആവശ്യമായ പ്രദേശങ്ങളിൽ ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും മോണിറ്ററിംഗ് അടക്കമുള്ള ഇടപെടൽ നടത്താവുന്നതാണ്.*

*[★**53)** സർക്കുലർ നം, ആർ.സി.3/293/2020/തസ്വഭവ തീയതി 12.10.2020]*

## 6.4 ചെറുകിട വ്യവസായം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | **മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ**<br>**കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷവും പട്ടികജാതി വിഭാഗം 3 ലക്ഷം രൂപയുംപട്ടികവർഗ്ഗത്തിന് വരുമാനപരിധി ബാധകമല്ല** |
|---|---|---|---|---|
| 1 | എ.സ്വയംതൊഴിൽ (വ്യക്തിഗതം) | പൊതുവിഭാഗം | 50% പരമാവധി 40,000/- രൂപ | • മൂന്ന് വർഷമായി തദ്ദേശഭരണ സ്ഥാപനതലത്തിലെ സ്ഥിര താമസക്കാരായിരിക്കണം.<br>• 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിൽ രഹിതരായിരിക്കണം |
| | | പട്ടികജാതി പട്ടികവർഗ്ഗം | 75% (പരമാവധി 50,000/- രൂപ) | • സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്ന് കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുത്.<br>• കേന്ദ്ര സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നൈപുണ്യവികസന പരിശീലനം ലഭിച്ചിട്ടുള്ളവർക്കു മുൻഗണന.<br>• വായ്പാബന്ധിത പ്രോജക്ട് ആയിരിക്കണം. സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് - എൻഡഡ് സബ്സിഡി ആയി നൽകണം. |
| 2) | ബി) വനിത വ്യക്തിഗതം | എല്ലാ വിഭാഗങ്ങൾക്കും | 75% (പരമാവധി 50,000/- രൂപ) | • ബാങ്ക് വായ്പയ്ക്ക് പകരം പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പയാണെങ്കിലും ധനസഹായം നൽകാം.<br>• എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, സ്വയം സംരംഭകമിഷൻ, സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ. സി.ഡി.എസ്. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള വരെയും പരിഗണിക്കേണ്ടതാണ്.<br>• ഗ്രാമ നഗര വ്യത്യാസമില്ലാത ഗ്രൂപ്പ് സംരംഭങ്ങൾക്ക് കുറഞ്ഞത് 5 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. നബാർഡിന്റെ നോൺ ഫാം മേഖലയിലെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്.<br>• പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വായ്പാബന്ധിതമല്ലാതെയുള്ള പ്രത്യേക പ്രോജക്ടുകൾക്കും സബ്സിഡി നൽകാം. വായ്പയ്ക്ക് പകരം മറ്റ് ഏജൻസികളുടെ ധനസഹായവുമാകാം<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രം<br>• പ്രവാസികൾക്ക് മുൻഗണന നൽകേണ്ടതാണ് |
| 3 | സ്വയംതൊഴിൽ (ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 5 പേർ) | പൊതുവിഭാഗം | 50% (പരമാവധി 2,00,000/- രൂപ) | • 18 നും 60 നും ഇടയിലുള്ള തൊഴിൽ രഹിതരുടെ ഗ്രൂപ്പ് ആയിരിക്കണം.<br>• സ്വയംതൊഴി.ൽ സംരംഭം ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസിയിൽ നിന്നോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ ഉണ്ടാകരുത്. |
| | | പട്ടികജാതി പട്ടികവർഗം | 75% പരമാവധി 2,50,000/- രൂപ | • ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ്<br>• സംരംഭം ഒറ്റ യൂണിറ്റായി നടത്തുകയും സാമ്പത്തിക ഇടപാടുകൾ (സംരംഭത്തിൽ നിന്നുള്ള വരവുകളും ) ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതാണ്.<br>• വായ്പാ ബന്ധിത പ്രോജക്ട് ആയിരിക്കണം. സബ്സിഡി ബാങ്കിൽ അടയ്ക്കണം. |

| | | | | |
|---|---|---|---|---|
| 4 | സ്വയം തൊഴിൽ (സ്ത്രീ കളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ്) | പൊതുവിഭാഗം, പട്ടികജാതി/ പട്ടികവർഗം (വനിതകൾക്ക് മാത്രം) | 85% (പരമാവധി 3,00,000/- രൂപ) | • കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പരിശീലനം നേടിയവർക്ക് മുൻഗണന<br>• പ്രവാസി ഗ്രൂപ്പുകൾ/ഭിന്നശേഷിയുള്ളവരുടെ ഗ്രൂപ്പുകൾ/നൈപുണ്യ പരിശീലനം നേടിയവരുടെ ഗ്രൂപ്പുകൾക്ക് മുൻഗണനയും, ഗ്രേഡിംഗിലെ 6 മാസം കാലാവധിക്കു ഇളവും<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം . |
| 5 | (എ)പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം | പൊതുവിഭാഗം, | 50% പരമാവധി 50,000/- രൂപ | • അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന പരമ്പരാഗത കൈത്തൊഴിലുകൾ (മുള, ഈറ, വൈക്കോൽ, തഴ, തടി,ചിരട്ട തുടങ്ങിയവ ഉപയോഗിച്ചുള്ള തൊഴിലുകൾ, മൺമാത്ര നിർമ്മാണം, കയർ പിരിക്കൽ/കര കൗശല പ്രവർത്തികൾ മുതലായ തൊഴിലുകൾ ചെയ്യുന്നവരായിരിക്കണം<br>• കുറഞ്ഞത് 3 പേരുള്ള വനിത ഗ്രൂപ്പ് രൂപീകരിക്കണം<br>• അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം ഗ്രൂപ്പിന് നൽകാം.<br>• മുകളിൽ ക്രമനമ്പർ 1 ലും 2 ലും പറഞ്ഞ ധനസഹായം ലഭിക്കുന്നവർ അംഗങ്ങളാകരുത്.<br>• വായ്പാബന്ധിതമാണെങ്കിൽ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണം.<br>• വ്യക്തിഗതം ഗ്രാമപഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങൾക്കും ഗ്രൂപ്പ് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്ട് എടുക്കാം. |
| | | പട്ടികജാതി/ പട്ടികവർഗം (വ്യക്തിഗതം) | 75%<br>60,000/- രൂപ | |
| 6 | (ബി) ഗ്രൂപ്പ് സംരംഭം വനിത ഗ്രൂപ്പുകൾ | പൊതു വിഭാഗം | 75% പരമാവധി 1,50,000/- രൂപ | ഇനം 5-ലെ വ്യവസ്ഥകൾ ബാധകം |
| | | പട്ടികജാതി പട്ടികവർഗ്ഗം | 90% പരമാവധി 1,75,000/- രൂപ | |
| 7 | (എ)ഓട്ടോറിക്ഷ/പിക് അപ് ഓട്ടോറിക്ഷ (ടാക്സി)<br><br>(വ്യക്തിഗതം) | പൊതുവിഭാഗം | 50,000/- രൂപ | • ഒരിക്കൽ ഈ ധനസഹായം ലഭിച്ചവർ അർഹരല്ല<br>• എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ/സ്വയം സംരംഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം.<br>• നിലവിൽ പ്രാബല്യത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ്, ലഭിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാം<br>• വാഹനം വാങ്ങുന്നതിന് മുമ്പ് ബാഡ്ജ് കരസ്ഥമാക്കിയിരിക്കണം.<br>• സ്വയം തൊഴിലിനായി മറ്റ് ഏജൻസികളിൽ നിന്നോ മറ്റേതെങ്കിലും പരിപാടി പ്രകാരമോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആകരുത്.<br>• പ്രവാസികൾക്ക് മുൻഗണന നൽകണം<br>• വായ്പാബന്ധിത പ്രോജക്ടാണെങ്കിൽ ധനസഹായ തുക ബാക്ക് എൻഡഡായി സബ്സിഡി ബാങ്കിലേയ്ക്ക് നൽകണം.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല<br>• 5 വർഷത്തിനിള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക പലിശ സഹിതം തിരിച്ചടയ്ക്കണം. |
| | | പട്ടികജാതി | 60,000/-രൂപ | |
| | | പട്ടിക വർഗം | 70,000/-രൂപ | |
| 8 | ബി) വനിതകൾ വ്യക്തിഗതം | വനിതകൾ എല്ലാ വിഭാഗങ്ങൾക്കും | 70,000/- രൂപ | |

<table>
<tr><td>9<br>.</td><td>ഇരുചക്രവാഹനം (മോട്ടോർ സൈക്കിൾ/സ്കൂട്ടർ)</td><td>പട്ടികജാതി/ പട്ടികവർഗ്ഗം</td><td>മോട്ടോർ സൈക്കിൾ/സ്കൂട്ടർ വിലയുടെ 50%</td><td>• തൊഴിൽ രഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ/ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം<br>• നിലവിൽ ഇരുചക്ര-നാലുചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.<br>• ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നിലവിൽ ഉണ്ടായിരിക്കണം.<br>• വായ്പാബന്ധിതമെങ്കിൽ ധനസഹായ തുക ഫ്രണ്ട് എൻഡഡ് ബാങ്കിലേയ്ക്ക് നൽകണം.<br>• ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ട അറിയിപ്പ് രേഖാമൂലം ലഭിച്ച ശേഷം പുതിയ വാഹനം അപേക്ഷക/ന്റെ പേരിൽ വാങ്ങിക്കണം.<br>• വാഹനം വാങ്ങിയ കടയുടെ ബാങ്ക് അക്കൗണ്ടിലേക്കോ വായ്പയെടുക്കുന്ന സംഗതിയിൽ വാഹനവായ്പ അക്കൗണ്ടിലേക്കോ ആയിരിക്കണം സബ്സിഡി തുക നൽകേണ്ടത്.<br>• പ്രവാസികൾക്ക് മുൻഗണന നൽകണം<br>• ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം.</td></tr>
<tr><td>10</td><td>സ്വയംതൊഴിലിന് ടാക്സികാർ, പിക് അപ് വാൻ (വ്യക്തിഗതം)</td><td>പട്ടികജാതി/ പട്ടികവർഗ്ഗം</td><td>പരമാവധി 75,000/- രൂപ</td><td rowspan="2">• തൊഴിൽ രഹിതരായ 18 നും 60 നും ഇടയ്ക്ക പ്രായപരിധിയിലുള്ളവരായിരിക്കണം.<br>• വരുമാനപരിധി 2 ലക്ഷം (ജനറൽ)/3 ലക്ഷം (പട്ടികജാതി) രൂപയായിരിക്കും<br>• ടാക്സി വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർക്ക് അപേക്ഷിക്കാം. ഒരു തൊഴിൽ എന്ന നിലയിൽ വാഹനം ഉപയോഗിക്കണം. വാഹനം വാങ്ങുന്നതിന് മുമ്പ് ബാഡ്ജ് കരസ്ഥമാക്കണം.<br>• നിലവിൽ നാലുചക്ര-ആറ് ചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.<br>• ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ട അറിയിപ്പ് രേഖാമൂലം ലഭിച്ച ശേഷം പുതിയ വാഹനം അപേക്ഷകന്റെ പേരിൽ വാങ്ങിക്കണം<br>• 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടയ്ക്കണം<br>• വാഹനം ഏത് കടയിൽ നിന്നാണോ വാങ്ങിയത് ആ കടയുടെ ബാങ്ക് അക്കൗണ്ടിലേക്കും /ബാങ്ക് വായ്പയാണെങ്കിൽ ബാങ്ക് അക്കൗണ്ടിലേയ്ക്കും നൽകണം<br>• പ്രവാസികൾക്ക് മുൻഗണന നൽകണം<br>• ഒരു ഗുണഭോക്താവിന് ഒരു തവണമാത്രമേ ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കും<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാം ഇരട്ടിപ്പ് പാടില്ല.</td></tr>
<tr><td>11</td><td>ബി) സ്വയംതൊഴിലിന് ടാക്സി കാർ, പിക്അപ് വാൻ വ്യക്തിഗതം</td><td>എല്ലാ വിഭാഗം വനിതകൾക്കും</td><td>പരമാവധി 75,000/- രൂപ</td></tr>
<tr><td>12</td><td>സ്വയം തൊഴിലിന് ടാക്സികാർ, പിക് അപ് വാൻ വ്യക്തിഗതം</td><td>പൊതുവിഭാഗം</td><td>50,000/- രൂപ</td><td>• തൊഴിൽ രഹിതരായ 18നും 60നും ഇടയ്ക്ക് പ്രായപരിധിയിലുള്ള വരായിരിക്കണം.<br>• വാഹനം ഏത് കടയിൽ നിന്നാണോ വാങ്ങിയത് ആ കടയുടെ ബാങ്ക് അക്കൗണ്ടിലേക്കും/ബാങ്ക് വായ്പയാണെങ്കിൽ ബാങ്ക് അക്കൗണ്ടിലേയ്ക്കും നൽകണം.<br>• ടാക്സി വാഹനം ഓടിക്കുന്നതിന്റെ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവർക്ക് അപേക്ഷിക്കാം. ഒരു തൊഴിൽ എന്ന നിലയിൽ വാഹനം ഉപയോഗിക്കണം. വാഹനം വാങ്ങുന്നതിന് മുമ്പ് ബാഡ്ജ് കരസ്ഥമാക്കണം.<br>• നിലവിൽ നാലു ചക്ര-ആറ് ചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.</td></tr>
</table>

| | | | | |
|---|---|---|---|---|
| | | | | • ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട അറിയിപ്പ് രേഖാമൂലം ലഭിച്ചശേഷം പുതിയ വാഹനം അപേക്ഷകന്റെ പേരിൽ വാങ്ങിക്കണം.<br>• 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടയ്ക്കണം<br>• പ്രവാസികൾക്ക് മുൻഗണന നൽകണം<br>• ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാം ഇരട്ടിപ്പ് പാടില്ല. |
| 13 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട | പൊതുവിഭാഗം | 100% (പരമാവധി 30,000/-രൂപ) | • ഇതിന് മുമ്പ് സ്വയം തൊഴിൽ സംരംഭത്തിന് ധനസഹായം ലഭിച്ചവർ അർഹരല്ല.<br>• കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട തുടങ്ങേണ്ടത്.<br>• റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കരുത്<br>• ആദ്യ വർഷം നടത്തിപ്പിനുള്ള അവകാശം മാത്രമേ നൽകാവൂ. അതിന് ശേഷം സ്വന്തമായി നൽകാം. |
| | | (പട്ടികജാതി/ പട്ടിക വർഗം) | 100%(പരമാവധി (40,000/- രൂപ ) | • മുമ്പ് വിതരണം ചെയ്തിട്ടുള്ള പെട്ടിക്കടകൾ ഉപയോഗ രഹിതമായി കിടക്കുന്നുണ്ടെങ്കിൽ വീണ്ടും പുതിയവയ്ക്കായി പ്രോജക്ട് ഏറ്റെടുക്കരുത്.<br>• പെട്ടിക്കട നിർമ്മിച്ചു നൽകിയ/നിർമ്മിച്ച് നൽകിയവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് സബ്സിഡി സംഖ്യ നൽകേണ്ടത്. വാല്യുവേഷൻ എൽ.എസ്.ജി.ഡി ഓവർസീയർ/ എഞ്ചിനീയർ എടുത്തിരിക്കണം. പുതുതായി നിർമ്മിച്ചതാകണം |
| 14 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട | എല്ലാ വിഭാഗം വനിതകൾക്കും | 55,000/- രൂപ | • ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം .<br>• നിരാലംബരായ വിധവകൾക്കും മുൻഗണന നൽകണം. |
| 15 | മൊബൈൽ സെയിൽസ് & സർവ്വീസ് യൂണിറ്റ് (മോട്ടോർ ഘടിപ്പിക്കാത്ത നാലുചക്ര വാഹനം) | എല്ലാവിഭാഗങ്ങൾക്കും | (പരമാവധി ജനറൽ -30,000/- എസ്.സി. എസ്.റ്റി -50,000/-) | 1) പ്രാദേശിക ആവശ്യങ്ങളും, സേവനങ്ങളും വാതിൽപ്പടിയിൽ എത്തിക്കുന്ന മൊബൈൽ യൂണിറ്റുകൾ നടത്താൻ താല്പര്യമുള്ളവരായിരിക്കണം.<br>2) പഴം പച്ചക്കറി വില്പന, ഇസ്തിരി ഇടൽ, ഇളനീർ ഉൾപ്പടെയുള്ള സേവനങ്ങൾ ചെയ്യാൻ ഉപകരണങ്ങളും മോട്ടോർ ഘടിപ്പിക്കാത്ത നാലുചക്രവാഹനം വാങ്ങാൻ താല്പര്യമുള്ളവർ<br>3) എൽ.എസ്.ജി.ഡി.എഞ്ചിനീയർ/ഓവർസീയർ വാല്യുവേഷൻ നടത്തണം. വാല്യുവേഷൻ തുക കുറവാണെങ്കിലതും കൂടുതലാണെങ്കിൽ ഉയർന്ന പരിധി തുകയും നൽകണം<br>4) ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം |
| 16 | ജീവിതശൈലി രോഗങ്ങളുടെ പരിശോധന (മൊബൈൽ യൂണിറ്റുകൾ) | വനിതകൾക്ക് മാത്രം | പരമാവധി ജനറൽ 40,000<br><br>എസ്.സി<br>എസ്.റ്റി } 50,000 | • കുടുംബശ്രീ സംവിധാനത്തിലൂടെ, ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനം ലഭിച്ച നിർദ്ദിഷ്ടയോഗ്യതയുള്ള വനിതകൾ<br>• വ്യക്തിഗതമായും ഗ്രൂപ്പായും നൽകാവുന്നതാണ്. പ്രായോഗികമായും ആദായകരമായും പ്രവർത്തിക്കുന്നതരത്തിൽ ഓരോ തദ്ദേശഭരണ സ്ഥപനത്തിലെയും വാർഡുകളുടെ വലുപ്പത്തിനനുസരിച്ച് അനുയോജ്യമായ എണ്ണം ഗ്രൂപ്പുകൾ തദ്ദേശഭരണസ്ഥാപനത്തിന് രൂപീകരിക്കാം.<br>• ഓരോ ഗുണഭോക്താവിനും പരിശോധന ഫലങ്ങൾ, തുടർച്ചയായി രേഖപ്പെടുത്തി നൽകാനുള്ള ടെസ്റ്റ് റിക്കോർഡും രജിസ്റ്ററും സൂക്ഷിക്കണം.<br>• ഓരോ പരിശോധനയ്ക്കുമുള്ള ഫീസുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിക്കണം |

| | | | | |
|---|---|---|---|---|
| | | | | • ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ജഇഇ/ഇഇഇ ഡോക്ടർ പരിശോധിച്ച് ആഴ്ചയിലൊരിക്കൽ ഉറപ്പുവരുത്തണം.<br>• ഗുരുതരമായ ടെസ്റ്റ് റിസൾട്ട് ഉള്ളവരുടെ വിവരം PHC/CHC ഡോക്ടർക്ക് റിപ്പോർട്ട്ചെയ്യണം<br>• ഒരു യൂണിറ്റിൽ ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റും അതിന്റെ ഗുണപരതയും PHC/ CHC ഡോക്ടർ നിശ്ചയിച്ച് റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യാവിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചയിച്ച് നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകണം.<br>• ഉപകരണങ്ങളുടെ വിലയും വാഹനത്തിന്റെ വിലയും ഉൾപ്പെടെയുള്ള തുക ഗുണഭോക്തൃ വിഹിതമായോ ബാങ്ക് വായ്പയായോ ലഭ്യമാക്കേണ്ടതാണ്.<br>• ബാങ്ക് വായ്പ ഉണ്ടെങ്കിൽ സബ്സിഡി ബാക്ക് എൻഡ് ആയി വായ്പ കണക്കിലേക്ക്നൽകണം.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. |

**കുറിപ്പ്**

1. സംരംഭക കോസ്റ്റ് കണക്കാക്കുന്നതിൽ പ്രവർത്തന മൂലധനവും പ്രാരംഭ ചെലവുകളും കൂടി ആസ്തികളുടെ വിലയോടൊപ്പം ഉൾപ്പെടുത്തണം
2. വ്യക്തിഗതം/ഗ്രൂപ്പ്/ സ്വയംതൊഴിൽ സംരംഭത്തിന്റെ യൂണിറ്റ് കോസ്റ്റ് കണക്കാക്കുന്നതിൽ അസംസ്കൃത വസ്തുക്കളുടെ വില, ആവർത്തനസ്വഭാവമുള്ള ചെലവുകൾ എന്നിവ ഉൾപ്പെടുത്തണം
3. വാർഷിക വരുമാനപരിധി ജനറൽ വിഭാഗത്തിന് 2 ലക്ഷം, പട്ടികജാതി വിഭാഗത്തിന് 3 ലക്ഷം രൂപയിൽ കവിയാത്തവരെ ബി.പി.എൽ. കുടുംബമായി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാം. പട്ടിക വർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല.

17.മൾബറി കൃഷിക്കും കൊക്കൂൺ ഉത്പാദനത്തിനുമുള്ള പ്രോജക്ടുകൾ

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും സെൻട്രൽ സിൽക്ക് ബോർഡിന്റെ സാങ്കേതിക സഹായത്തോടെയും ഗ്രാമവികസനവകുപ്പ് നടപ്പാക്കുന്ന പരിപാടിയുടെ ഗുണഭോക്താക്കളാകുന്ന കർഷകർക്ക് പ്രസ്തുത പരിപാടിയുടെ വ്യവസ്ഥകൾക്ക് വിധേയമായി സബ്സിഡി നൽകാവുന്നതാണ്. സബ്സിഡി നിരക്ക് പിന്നീട് പ്രത്യേകമായി സർക്കാർ പുറപ്പെടുവിക്കുന്നതാണ്.

18. കൈത്തറി/ഖാദി വ്യവസായം :-ഖാദി ഗ്രാമവ്യവസായ പ്രോത്സാഹനം:-

- ഖാദി ഗ്രാമവ്യവസായ കമ്മീഷനും (KVIC) ഖാദി ഗ്രാമ വ്യവസായ ബോർഡും (KVIB) നടത്തുന്ന ഉല്പാദന യൂണിറ്റുകൾക്കും (Production Unit) അവയുടെ സ്വന്തം സ്ഥലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക ഉല്പന്നങ്ങളുടെയും ഖാദി ഉല്പന്നങ്ങളുടെയും സംയുക്ത വിപണന ശാലകൾ നിർമ്മിക്കുന്നതിനും അതിന്റെ ഉല്പാദന യൂണിറ്റുകൾക്കാവശ്യമായ തറിയും മറ്റു നെയ്ത് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും തുക വകയിരുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വയ്ക്കാവുന്നതാണ്.
- *ഒരു വീട്ടിൽ ഒരു തറി :- കൈത്തറി & ടെക്സ്റ്റൈൽ വകുപ്പ് ഈ പദ്ധതി നടപ്പാക്കുന്നുവെങ്കിൽ 75% തുക വകുപ്പും 10% തദ്ദേഭരണസ്ഥാപനവും 15% ഗുണഭോക്താവ് / ബാങ്ക് വായ്പയും ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാവുന്നതാണ്. [★5 സ.ഉ(സാധാ)നം. 1719/2018/തസ്വഭവ 25.06.2018]*
- *ഖാദി ഗ്രാമവ്യവസായ കമ്മിഷന്റെയും കേരള ഖാദി വ്യവസായ ബോർഡിന്റെയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് സ്വന്തമായി ഉള്ളതും മറ്റ് ഏജൻസികൾ വിട്ടു നൽകിയതുമായ സ്ഥലത്ത് നിലവിലുള്ള യൂണിറ്റുകൾക്ക് ഖാദി ഗ്രാമ വ്യവസായ കെട്ടിട നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും 100 ശതമാനം സബ്സിഡി നൽകാവുന്നതാണ്. മറ്റു സ്ഥാപനങ്ങൾക്ക് / സംഘങ്ങൾക്ക് മാർഗ്ഗരേഖയുടെ ഖണ്ഡിക 6.14 പ്രകാരമുള്ള 80 ശതമാനം സബ്സിഡിയും നൽകാവുന്നതാണ്. [★ 46 സ.ഉ(സാധാ)നം. 1400/2020/തസ്വഭവ തീയതി 26.07.2020]*

19. 2017-18 സംംഭകത്വ പലിശ സബ്സിഡി :-

2017-18 വാർഷിക പദ്ധതിയിലെ സ.ഉ.(എം.എസ്)നം.80/17/തസ്വഭവ, തീയതി 03/04/2017 പ്രകാരം സംരംഭകത്വ പ്രോത്സാഹനത്തിൽ റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം പ്രോജക്ട് എടുത്തിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കൾക്ക് 2017-18-ൽ ജനിച്ച പലിശ സബ്സിഡി 2018-19-ൽ നൽകേണ്ടതായിട്ടുണ്ട്. റിവോൾവിംഗ് ഫണ്ടും ബാങ്ക് വായ്പയും 2017-18 മാർച്ച് 31 വരെ കുടിശ്ശികയില്ലാതെ അടച്ചിട്ടുണ്ടെങ്കിൽ അവർക്ക് പലിശ സബ്സിഡിക്ക് പ്രോജക്ട് വച്ച് തുക നൽകാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

20. ഇങ്കുബേഷൻ ഫണ്ട്

പുതിയ ആശയങ്ങളെയോ വ്യത്യസ്തമായ ഉല്പന്നങ്ങളെയോ നവീനമായ സംഘടനാ രീതികളെയോ അവലംബിച്ച് സംരംഭകത്വത്തിലെ അനിശ്ചിതത്വങ്ങളെ നേരിട്ടുകൊണ്ട് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ യുവസംരംഭകരെയും അഭ്യസ്ഥവിദ്യരായ പ്രവാസികളെയും പ്രേരിപ്പിക്കുന്നതിന് കോർപ്പറേഷൻ തലത്തിൽ ഇങ്കുബേഷൻ ഫണ്ട് രൂപീകരിക്കാവുന്നതാണ്. ഇതിനായി വിശദമായ പ്രോജക്ട് പ്രപ്പോസലുകൾ തയ്യാറാക്കി വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും കോർപ്പറേഷനിൽ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്. കോർപ്പറേഷൻ വ്യവസായ വർക്കിംഗ് ഗ്രൂപ്പ് ഈ പ്രപ്പോസലുകൾ പരിശോധിച്ച് പ്രായോഗികമായും സാമ്പത്തികമായും വിജയ സാദ്ധ്യതയുള്ള പ്രോജക്ടുകളാണെങ്കിൽ നടപ്പാക്കാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

മുൻസിപ്പൽകോർപ്പറേഷൻ തലത്തിലെ പരിശോധനയ്ക്ക് ശേഷം സംസ്ഥാനതലത്തിൽ ഈ ആവശ്യത്തിനായി രൂപീകരിക്കുന്ന വിദഗ്ധരുടെ പാനലിന്റെ പരിഗണനയ്ക്ക് ശേഷം പ്രോത്സാഹനം അർഹിക്കുന്നവർക്ക് പരിശീലനവും മൂലധന പിൻതുണയും ഉറപ്പാക്കു ന്നതാണ്. ഇതിനായി 20 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള ഒരു ഇങ്കുബേഷൻ ഫണ്ട് മുൻസിപ്പൽകോർപ്പറേഷൻ തലത്തിൽ രൂപീകരിക്കുന്നതിനുള്ള പ്രോജക്ടിന് രൂപം നൽകാവുന്നതാണ്

## 21 സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും

പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ സബ്സിഡി നൽകുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. ഇത് സുസ്ഥിരമായ വികസനത്തിന് കാര്യക്ഷമമായ പിന്തുണ നൽകുന്നതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ പ്രവാസികൾ ഉൾപ്പെടെയുള്ള യുവസംരംഭകരുടെ കൂട്ടായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് റിവോൾവിംഗ് ഫണ്ടും ധനകാര്യസ്ഥാപന വായ്പയ്ക്കുള്ള പലിശ സബ്സിഡിയും അനുയോജ്യമായ നിലയിൽ നൽകുന്നത് അഭികാമ്യമാണെന്ന് കാണുന്നു. ആയതിനാൽ സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും 2018-19 മുതൽ ഇവർക്ക് ഇതിനായി എടുത്തിട്ടുള്ള ധനകാര്യ സ്ഥാപന (സ്വകാര്യമല്ല) വായ്പയ്ക്ക് പലിശ സബ്സിഡിയും നൽകുന്നതിന് ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾ പ്രകാരം പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്.

**1. വ്യവസ്ഥകൾ**

1. സംരംഭകത്വ ഗ്രൂപ്പുകളിൽ കുറഞ്ഞത് അഞ്ചു പേർ ഉണ്ടായിരിക്കണം, (Common interest Group)
2. 18-60 വയസ്സിനിടയിൽ പ്രായമുള്ളവരായിരിക്കണം.
3. പൊതു ധനകാര്യ/സഹകരണ സ്ഥാപനത്തിൽ നിന്നുള്ള വായപ കൂടി ഉപയോഗപ്പെടുത്തി സംരംഭം തുടങ്ങാൻ താല്പര്യമുള്ളവരായിരിക്കണം.
4. താഴെപ്പറയുന്ന മേഖലകളിൽ സംരംഭം തുടങ്ങാൻ താല്പര്യമുള്ളവരായിരിക്കണം.
   1) കൃഷി 2) മൃഗസംരക്ഷണം, 3) ക്ഷീര വികസനം 4) ചെറുകിട വ്യവസായം 5) മത്സ്യ സംസ്കരണം 6) മാലിന്യ സംസ്ക്കരണം 7) പാരമ്പര്യേതര ഊർജ്ജം 8) IT അധിഷ്ഠിത പ്രവാസി സേവനങ്ങൾ 9) ഭക്ഷ്യ വ്യവസായ പാർക്കുകൾ
5. തദ്ദേശഭരണസ്ഥാപനം അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് സംരംഭകർ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടുത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച ഒരു പ്രോജക്ട് പ്രൊപ്പോസൽ നൽകി രജിസ്റ്റർ ചെയ്യണം.
6. എല്ലാ അപേക്ഷകളും ഗ്രാമപഞ്ചായത്ത്/നഗരസഭകളിലാണ് നൽകേണ്ടത്. 5 ലക്ഷം രൂപവരെ അടങ്കലുള്ളവ ഗ്രാമപഞ്ചായത്തും 5 മുതൽ 10 ലക്ഷം രൂപ വരെ അടങ്കലുള്ളവ ബ്ലോക്ക് പഞ്ചായത്തും 10 ലക്ഷത്തിന് മുകളിലുള്ളവ ജില്ലാ പഞ്ചായത്തുകളുമാണ് നടപ്പാക്കേണ്ടത്. നഗരഭരണ സ്ഥാപനങ്ങൾക്ക് പരിധിയില്ല. എല്ലാ സംരംഭകരുടേയും ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമസഭ/ വാർഡ്സഭകളിൽ റിപ്പോർട്ട് ചെയ്യണം. പ്രൊപ്പോസലുകളുടെ സാമ്പത്തിക പരിധിക്കനുസരിച്ച് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറും.
7. **പ്രോജക്ട് ക്ലിനിക്ക്** :-പ്രൊപ്പോസലുകളുടെ സാമ്പത്തിക ക്ഷമതയും, പ്രായോഗിക ക്ഷമതയും പരിശോധിക്കാനും വിശദാംശങ്ങളിൽ വ്യക്തത വരുത്താനും വേണ്ടി മുഖാമുഖവും ശില്പശാലയും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തി വായ്പാ സാദ്ധ്യതയുള്ള പ്രൊപ്പോസലുകളാക്കി രൂപപ്പെടുത്തും. ഇതിനായി വ്യവസായ വകുപ്പ് ഉദ്യോഗസ്ഥൻ, ബാങ്ക് പ്രതിനിധി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഉപസമിതി രൂപീകരിക്കണം.
8. നിർവഹണ ഉദ്യോഗസ്ഥന്റെ ശുപാർശയോടുകൂടി പ്രൊപ്പോസലിന്റെ പകർപ്പ് സംരംഭകർക്ക് താല്പര്യമുള്ള ധനകാര്യ സ്ഥാപനത്തിന് നൽകും. സംരംഭകർക്ക് നിർദ്ദിഷ്ഠ പ്രവർത്തനത്തിനുള്ള പരിശീലനവും നൽകും. പരിശീലനത്തിന് PMKVY ഉൾപ്പെടെയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണം
9. പ്രോജക്ടിന് ബാങ്ക് വായ്പ തരപ്പെടുത്തുന്നത് സംരംഭകരുടെ ഉത്തരവാദിത്തമാണ്. ആവശ്യമായ സഹായം BLBCയും DLBC യും വഴി തദ്ദേശഭരണസ്ഥാപനവും ചെയ്യും.
10. ബാങ്ക് വായ്പ അനുമതി ലഭിച്ചാലുടൻ സംരംഭകർക്ക് പ്രവർത്തനം ആരംഭിക്കാം അതിനാവശ്യമായ തദ്ദേശഭരണ അനുമതികൾ ഏകജാലക സംവിധാനത്തിലൂടെ തദ്ദേശഭരണസ്ഥാപന സെക്രട്ടറി ഉറപ്പാക്കും. മറ്റ് ലൈസൻസുകൾ സംരംഭകർ നേടിയിരിക്കണം.
11. സംരംഭത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചാൽ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ട് റിവോൾവിംഗ് ഫണ്ട് നൽകാൻ നടപടി സ്വീകരിക്കും.
12. സംരംഭകർക്ക് സബ്സിഡി നൽകുന്നതല്ല.

### 2 റിവോൾവിംഗ് ഫണ്ട് രൂപീകരണവും വിനിയോഗവും

1. സംരംഭകത്വ വികസനത്തിനായി തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന തുക പ്രോജക്ടിലൂടെ റിവോൾവിംഗ് ഫണ്ടിലേയ്ക്ക് വകയിരുത്തും. അത് സംരംഭകർക്ക് ചുവടെ ചേർക്കുന്ന പ്രകാരം വിതരണം ചെയ്യുന്നതാണ്.

| തദ്ദേശഭരണസ്ഥാപനം | വ്യക്തികൾ (പരമാവധിതുക) | | | 5 പേരുള്ള ഗ്രൂപ്പ് (പരമാവധിതുക) |
|---|---|---|---|---|
| | ജനറൽ | SC/ST | WCP | |
| ഗ്രാമ പഞ്ചായത്ത് | 50,000/ | 60,000/ | 60,000/ | 2,50,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 50,000/- | 60,000/ | 60,000/ | 3,00,000/- |
| ജില്ലാ പഞ്ചായത്ത് | 50,000/- | 60,000/ | 60,000/ | 5,00,000/- |
| മുനിസിപ്പാലിറ്റി | 50,000/- | 60,000/- | 60,000/- | 3,00,000/- |
| കോർപ്പറേഷൻ | 50,000/- | 60,000/- | 60,000/- | 5,00,000/- |

2. റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല. താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണ്.
3. ഇത് പ്രതിമാസ തവണകളായി തിരികെ അടയ്ക്കണം
4. തിരിച്ചടവ്, സഹായം ലഭിച്ച് മൂന്ന് മാസം കഴിഞ്ഞ് ആരംഭിച്ചാൽ മതിയാകും. ആദ്യത്തെ ഒൻപത് മാസം ഇ.എം.ഐ കുറഞ്ഞ നിരക്കിൽ നിശ്ചയിച്ച് നാല് വർഷത്തിനകം തിരിച്ചടവ് പൂർത്തിയാക്കുന്ന തരത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്രമീകരിക്കണം.
5. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ്-തവണ തുക തിരിച്ചടയ്ക്കേണ്ടത് ഈ ആവശ്യ ത്തിനായി നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ് ഫണ്ട് റീകൂപ്പ്മെന്റ് ബാങ്ക് അക്കൗണ്ടിലേയ്ക്കാണ്.
6. കരാർ വ്യവസ്ഥ പ്രകാരം സംരംഭം പ്രവർത്തിപ്പിച്ച് ഫലം കാണുന്നില്ലെങ്കിൽ അത് കരാർ ലംഘനമായികണ്ട് തുകയും പലിശയും തിരിച്ച് പിടിക്കാൻ ബന്ധപ്പെട്ട നിയമ പ്രകാരം നടപടി സ്വീകരിക്കാമെന്ന് സമ്മതിച്ച് കരാറിൽ വ്യവസ്ഥ ചെയ്യണം
7. റീ കൂപ്പ്മെന്റ് ഫണ്ടിൽ വരുന്ന തുകയും അടുത്ത വർഷം തദ്ദേശഭരണ സ്ഥാപനം വകയിരുത്തുന്ന തുകയും ചേർന്നതായിരിക്കും വരും വർഷത്തെ റിവോൾവിംഗ് ഫണ്ട്
8. റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് ഒരു രജിസ്റ്റർ നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നതും അതിൽ ഓരോ സംരംഭകർക്കും ഓരോ ഫോളിയോ നൽകി റിവോൾവിംഗ് ഫണ്ട് തവണ ഇടപാടുകൾ ബാങ്ക് വായ്പ, കാലാവധി, പലിശനിരക്ക് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ്.
9. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് സംബന്ധിച്ച് ബാങ്ക് സ്ലിപ്പുകളുടെ പകർപ്പുകൾ അതാത് സമയം നിർവഹണ ഉദ്യോഗസ്ഥനു നൽകി രജിസ്റ്ററിൽ വരവുവയ്ക്കണം.
10. റിവോൾവിംഗ് ഫണ്ടിന്റെ പ്രതിമാസ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥ കളും ഉൾപ്പെടുത്തി സംരംഭകരും നിർവഹണ ഉദ്യോഗസ്ഥനുമായി ഒന്നിച്ചും പ്രത്യേകമായും കരാർ വയ്ക്കണം.

### 3 പലിശ സബ്സിഡി

1. സംരംഭകത്വ രജിസ്റ്റർ പ്രകാരം വാർഷികമായി കണക്കാക്കുന്ന പലിശയ്ക്ക് ആവശ്യമായി വരുന്ന തുക തുടർന്നുള്ള ഓരോ വാർഷിക പദ്ധതിയിലും പ്രോജക്ട് അംഗീകരിച്ചാണ് പലിശ സബ്സിഡി നൽകുന്നത്.
2. സംരംഭം ആരംഭിച്ച് ഒരു വർഷം കഴിയുന്ന മുറയ്ക്ക് റിവോൾവിംഗ് ഫണ്ട് തവണ തുകയും ബാങ്ക് വായ്പാ തവണ തുകയും കുടിശ്ശികയില്ലാതെ ക്രമമായി തിരിച്ചടച്ചവർക്ക് കണക്ക് പ്രകാരം സംരംഭകർ ധനകാര്യസ്ഥാപനത്തിൽ ഒടുക്കിയ എല്ലാ പലിശ തുകയും സംരംഭകരുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനം അടയ്ക്കുന്നതാണ്.
3. ഓരോ വർഷവും പലിശ സബ്സിഡിക്ക് അപേക്ഷിക്കുന്നതുവരെയുള്ള ബാങ്ക് സ്ലിപ്പുകൾ സൂക്ഷിച്ചുവച്ച് ഹാജരാക്കി
    1. ബാങ്കുവായ്പ തവണയും റിവോൾവിംഗ് ഫണ്ട് തവണയും നാളിതുവരെ ക്രമമായി അടച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.
    2. സംരംഭത്തിലൂടെ ഉദ്ദിഷ്ഠ പ്രവർത്തനവും ഫലവും ഉണ്ടായിട്ടുണ്ടെന്ന് രേഖകളു ടെയും നേരിട്ടുള്ള പരിശോധനയിലൂടെയും ബോദ്ധ്യപ്പെട്ട് നിർവഹണ ഉദ്യോഗ സ്ഥൻ ശുപാർശ നൽകി ഭരണസമിതി അംഗീകരിച്ചാണ് ഓരോ വർഷവും പലിശ സബ്സിഡി നൽകുന്നത്.
    3. ബാങ്ക് വായ്പ തവണയും റിവോൾവിംഗ് ഫണ്ട് തവണയും മുടക്കം വരുത്തുന്ന വർക്ക് പലിശ സബ്സിഡി നഷ്ടമാകും.
    4. നിർവഹണ ഉദ്യോഗസ്ഥൻ സ്ഥാനം ഒഴിയുമ്പോൾ മേൽ പറഞ്ഞ രജിസ്റ്ററും അക്കൗണ്ടുകളും, സംരംഭകരുടെ കണക്കും ബാങ്ക് പാസ് ബുക്കുമായി അനുരഞ്ജനം നടത്തി റീകൂപ്പ്മെന്റ് കണക്കും രജിസ്റ്ററും പാസ് ബുക്കും തദ്ദേശഭരണസ്ഥാപന സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തി ഭരണ സമിതിക്ക് നൽകണം. അല്ലാത്ത പക്ഷം അത് അവരുടെ സർവീസ് വീഴ്ചയായി കണക്കാക്കുന്നതാണ്.

5. ബാങ്ക് വായ്പാ കണക്ക് അവസാനിക്കുന്നതുവരെ സംരംഭകർ വ്യവസ്ഥകൾ പാലിക്കുകയാണെങ്കിൽ പലിശ സബ്സിഡി ലഭിക്കുന്നതാണ്.

**4 സംരംഭകത്വം പങ്കാളികൾ :-**

1) വ്യക്തികൾ-ജനറൽ, പട്ടികജാതി, പട്ടികവർഗ്ഗം, വനിത, പ്രവാസികൾ/5 പേരുള്ള ഗ്രൂപ്പുകൾ

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന സംരംഭക സാദ്ധ്യതകൾ പരിഗണിക്കാവുന്നതാണ്.**

**1)കൃഷി** - കാർഷിക കർമ്മസേനകൾ രൂപീകരിച്ച് ചുവടെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടില്ലെങ്കിൽ

- കാർഷിക മേഖലയിൽ മഴമറ അക്ഷയ ഊർജ്ജ വിനിയോഗത്തിന്റെ ഭാഗമായി സോളാർ പാനൽ സ്ഥാപിക്കൽ
- ITI വെൽഡിംഗ് പഠിച്ച 5 യുവാക്കളുടെ ഒരു വെൽഡിംഗ് യൂണിറ്റ് സ്ഥാപിച്ച് മേൽ പറഞ്ഞ രണ്ട് പദ്ധതികളും ഏറ്റെടുത്ത് നടത്താൻ കഴിയുന്ന ഒരു സംരംഭ ഗ്രൂപ്പിനെ സജ്ജമാക്കാം.

**2) ജലസംരക്ഷണം :-** ITI പ്ലംബിംഗ് പഠിച്ച 5 യുവാക്കളുടെ ഒരു പ്ലംബിംഗ് യൂണിറ്റ് സ്ഥാപിച്ച് ചുവടെ പറയുന്ന പ്രവർത്തികൾ ചെയ്യാനുള്ള ഒരു സംരംഭക ഗ്രൂപ്പായി സജ്ജമാക്കാം.

- കിണർ റീ ചാർജ്ജിംഗ് ബാത്ത് റൂമിലെ മലിനജലം പുനരുപയോഗം

**3) മൃഗ സംരക്ഷണം :-**

- കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ് എന്റർ പ്രൈസ് കം മിനി ഡയറി ഫാം, ഗോട്ട് ബ്രീഡിംഗ് യൂണിറ്റ്, ബ്രോയിലർ യൂണിറ്റ്

## 22 സംരംഭക ക്ലബ്ബ്

1)പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായകരമായ രീതിയിൽ സംരംഭകത്വ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്ത്/നഗരസ്ഥാപനങ്ങളിൽ സംരംഭക ക്ലബ്ബ് രൂപീകരിക്കാവുന്നതാണ്. സംരംഭകരും സംരംഭകത്വത്തിൽ താല്പര്യമുള്ളവരുമായിരിക്കണം ക്ലബ്ബിലെ അംഗങ്ങൾ. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണസമിതി ഒരു നിർവ്വഹണ ഉദ്യോഗസ്ഥനെ നോമിനേറ്റ് ചെയ്യേണ്ടതാണ്. ക്ലബ്ബിന്റെ അദ്ധ്യക്ഷൻ ഭരണസമിതി കൗൺസിൽ നിശ്ചയിക്കുന്ന ഒരു ഭരണസമിതി അംഗവും മറ്റൊരു കൗൺസിൽ അംഗം കൺവീനറുമായിരിക്കും.

സംരംഭക ക്ലബുകളുടെ തുടർച്ചയായി രണ്ടാം ഘട്ടത്തിൽ ബ്ലോക്ക് തലത്തിൽ EFC കളുടെ പ്രവർത്തനവും മൂന്നാം ഘട്ടം ജില്ലാ വ്യവസായ കേന്ദ്രത്തിലും പരിശീലനം വിഭാവന ചെയ്യുന്നുണ്ട്. സംരംഭക ക്ലബുകളിലൂടെ പ്രാഥമികമായ പരിശീലനം നൽകുകയും വ്യക്തിത്വ വികസനവും, മോട്ടിവേഷന് ക്ലാസ്സുകൾക്കും പുറമെ ചുവടെ പറയുന്ന കാര്യങ്ങളാണ് സംരംഭകക്ലബ്ബിലൂടെ ലക്ഷ്യമിടുന്നത്.

1. അനുഭവങ്ങൾ, അറിവുകൾ പരിചയപ്പെടുത്തുക, പങ്കുവയ്ക്കുക;
2. മാനേജ്മെന്റ് വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുക;
3. മറ്റു തദ്ദേശഭരണസ്ഥാപനങ്ങളുടെ നൂതന സംരംഭങ്ങളെ പരിചയപ്പെടുത്തുക;
4. വിപണന തന്ത്രങ്ങൾ, ഉപഭോക്തൃവ്യവസ്ഥകൾ, അനുവാദനടപടിക്രമങ്ങൾ തുടങ്ങിയവ പരിചയപ്പെടുത്തുക;
5. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിക്കുക;
6. തൊഴിൽ വൈദഗ്ധ്യം, നൈപുണ്യ വികസനസ്ഥാപനങ്ങളെ പരിചയപ്പെടുത്തുക;
7. സംരംഭകത്വ വികസന സ്ഥാപനങ്ങളെ പരിചയപ്പെടുത്തുക;
8. ലൈസൻസിംഗ് വ്യവസ്ഥകൾ പരിചയപ്പെടുത്തുക;
9. സാങ്കേതിക, പ്രൊഫഷണൽ ഉപദേശവും സഹായവും നൽകുക;

സംരംഭകക്ലബ്ബിന്റെ യോഗം ആവശ്യാനുസരണം അദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം കൺവീനർ വിളിച്ചു ചേർക്കേണ്ടതാണ്. ഈ വിഷയത്തിൽ വിദഗ്ദ്ധരായ പ്രൊഫഷണലുകളെ ക്ഷണിച്ച് യോഗം നടത്തുന്നതിനും സംരംഭകരെ പരിശീലിപ്പിക്കുന്നതിനും അദ്ധ്യക്ഷന് നടപടി സ്വീകരിക്കാവുന്നതാണ്. ഈ ആവശ്യത്തിന് ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും 25,000/-രൂപ അധികരിക്കാത്ത തുകയ്ക്കും കോർപ്പറേഷനിൽ ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്കും പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

**23 എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്റർ ( E.F.C)** (ബ്ലോക്ക് പഞ്ചായത്ത്തലം)

ഗ്രാമപഞ്ചായത്ത് തലത്തിൽ സംരംഭക ക്ലബുകളും ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ എന്റർ പ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളും ആരംഭിക്കണം. ഗ്രാമപഞ്ചായത്തുകളിൽ നിന്നും നിർദ്ദേശിക്കുന്ന സംരംഭകർക്ക് സംരംഭ വികസനവുമായി ബന്ധപ്പെട്ട പ്രത്യേക മേഖലകളിലെ സംരംഭകത്വം സംബന്ധിച്ച വിശദവും സൂക്ഷ്മവുമായ പരിശീലനം *നൽകുകയും പ്രോജക്ട്, ഫീസിബിലിറ്റി, റിപ്പോർട്ട്, ബാങ്ക് എബിലിറ്റി, ലൈസൻസുകൾ* എന്നിവ സംബന്ധിച്ച വ്യക്തമായ ഉപദേശ നിർദ്ദേശങ്ങളും സഹായങ്ങളുമാണ് ഫെസിലിറ്റേഷൻ സെന്ററിലൂടെ ലക്ഷ്യമാക്കുന്നത്. ആവശ്യമായ ഫർണിച്ചറുകളും പരിശീലന സാമഗ്രികളും ഉറപ്പാക്കി സെന്റർ ആരംഭിക്കണം. ചെലവുകൾക്കായി 50,000/- രൂപ ഉൾപ്പെടുത്തി പ്രോജക്ട് ബ്ലോക്ക് പഞ്ചായത്തുകൾ തയ്യാറാക്കണം.

**24. ജില്ലാ വ്യവസായ കേന്ദ്രം/ ബാങ്കുകൾ**

ആധുനിക വ്യവസായ മേഖലകളെ സംബന്ധിച്ച വിശദമായ പരിശീലനങ്ങൾ ജില്ലാ വ്യവസായ ആഫീസിന്റേയും ബാങ്കുകളുടേയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടെ ലഭ്യമാക്കണം.

## 6.5 മണ്ണ് - ജലസംരക്ഷണം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ<br>കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷവും പട്ടികജാതി വിഭാഗം 3 ലക്ഷം രൂപയും നാമമാത്ര ചെറുകിട കർഷകൻ.പട്ടികവർഗ്ഗത്തിന് വരുമാനപരിധി ബാധകമല്ല |
|---|---|---|---|---|
| 1 | മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടിക വർഗ്ഗം | തൊഴിലുറപ്പ് പദ്ധതി ഇല്ലെങ്കിൽ മാത്രം വികസനഫണ്ട് | • തൊഴിലുറപ്പു പദ്ധതിയിലൂടെ ഈ പ്രവൃത്തികൾ നടത്തേണ്ടതാണ്. തൊഴിലുറപ്പു പദ്ധതി പ്രകാരം നടപ്പാക്കാൻ കഴിയില്ലെങ്കിൽ വികസനഫണ്ട് ഉപയോഗിക്കാം.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. |
| 2 | മണ്ണ്ജലസംരക്ഷണം തൈകൾ നൽകൽ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടിക വർഗ്ഗം | തൈകളുടെ വിലയുടെ 80% (ജനറൽ) (പട്ടികജാതി/ 90% പട്ടികവർഗ്ഗം 100%) | • ചെറുകിട-നാമമാത്ര കർഷകർക്ക് മാത്രം.<br>• ഫലവൃക്ഷ തൈകളും മണ്ണൊലിപ്പ് തടയുന്നതിനുള്ള രാമച്ചം, കൈത/തഴ, മുള തുടങ്ങിയവയുടെ തൈകളും മാത്രമേ നൽകാവൂ.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല<br>• തൈകളുടെ വില കൃഷിവകുപ്പ്/വനംവകുപ്പ് നിശ്ചയിച്ച പ്രകാരമായിരിക്കണം. |
| 3 | കിണർ റീചാർജ്ജിംഗ് | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം | പരന്ന മേൽക്കൂര പരമാവധി 8000/ രൂപ<br>ചരിഞ്ഞ മേൽക്കൂര പരമാവധി -8600/- രൂപ<br>ജനറൽ - 90%<br>എസ്.സി/എസ്.റ്റി-100% | • നിലവിൽ കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവരോ അതിനായി ആനുകൂല്യം കൈപ്പറ്റിയവരോ ആകരുത്.<br>• ഗ്രാമ പഞ്ചായത്തിലെ/നഗരഭരണ സ്ഥാപനത്തിലെ എല്ലാ കിണറുകളിലും റീചാർജിംഗ് ഏർപ്പെടുത്തണം.<br>• ഹരിത കേരളം പദ്ധതിയുടെ ഭാഗമാക്കണം.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല<br>• കിണർ റീ ചാർജിംഗ് നടത്തിയിട്ടുള്ളവർക്ക് ഫിൽറ്റർ മീഡിയം മാറ്റി പകരം പുതിയത് നിക്ഷേപിക്കുന്നതിന് 500 രൂപ ധനസഹായം നൽകാം.<br>• എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തി നൽകാം. |
| 4 | ബാത്ത് റൂമിൽ നിന്നുള്ള മലിനജലം റീ സൈക്കിൾ ചെയ്ത് ഉപയോഗിക്കുന്ന സംവിധാനം | എല്ലാ വിഭാഗങ്ങൾക്കും | പരമാവധി സബ്സിഡി ജനറൽ - 30,000/- എസ്.സി./എസ്.ററി - 35,000/- രൂപ<br>ജനറൽ - 90%<br>എസ്.സി/എസ്.റ്റി-100% | • വീട്ടിലെ ബാത്ത് റൂമിൽ നിന്നും ഒഴുക്കി കളയുന്ന മലിന ജലം റീ സൈക്കിൾ ചെയ്ത് ഉപയോഗിക്കുന്നതിനുള്ള സംവിധാനം സ്ഥാപിക്കണം.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല.<br>• എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി എഞ്ചിനീയർ/ഓവർസീയർ തയ്യാറാക്കണം<br>• നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണം. |

| | | | | |
|---|---|---|---|---|
| 5 | സുജലം – നദി, ജലാശയങ്ങൾ, തോട്, കുളങ്ങൾ, ശുചിയാക്കൽ | | • ജില്ലാ ആസൂത്രണ സമിതി സംയുക്ത പ്രോജക്ടായി നടപ്പാക്കണം.<br>• അനുയോജ്യമായ യൂണിറ്റ് കോസ്റ്റുകൾ നിശ്ചയിക്കണം. | • ഗ്രാമത്തിലെ ചെറിയ കുളങ്ങൾ, തോടുകൾ, കായൽ ഭാഗങ്ങൾ/നദി എന്നിവകൾ ശുചിയാക്കാനുള്ള സംയുക്ത പദ്ധതി<br>• എല്ലാ സാമൂഹ്യ സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് അനുയോജ്യമായ എല്ലാ യന്ത്രങ്ങളും ഉപയോഗിച്ച് നടപ്പാക്കാനുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പരിപാടി ആവിഷ്ക്കരിക്കേണ്ടത്.<br>• ശുചിയാക്കേണ്ട എല്ലാ ജലാശയങ്ങളെയും പട്ടികപ്പെടുത്തി സന്നദ്ധ സേവന സാദ്ധ്യതകളും യന്ത്രോപകരണങ്ങളുടെ വാടകയും ആവശ്യമായ നിർമ്മിതികളും കണക്കാക്കി ഏകദേശ തുക വകയിരുത്തി പ്രോജക്ട് വയ്ക്കണം.<br>• സന്നദ്ധ പ്രവർത്തനത്തിലൂടെ ചെയ്യാവുന്നതും അല്ലാത്തതും പ്രത്യേകമായി പട്ടികപ്പെടുത്തി ഓരോന്നിനുമായി വിശദമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കി സാങ്കേതികാനുമതി തേടണം.<br>• ആവശ്യമായ സ്ഥലങ്ങളിൽ മാത്രം പരിസ്ഥിതിക്കിണങ്ങുന്ന സ്ഥിരമായ നിർമ്മിതികളും മറ്റുള്ള എല്ലാ സ്ഥലങ്ങളിലും തോടിന്റെ ഇരുകരകളും കയർ ഭൂവസ്ത്രം കൊണ്ട് മണ്ണൊലിപ്പ് തടയാൻ ശ്രമിക്കണം. രാമച്ചം ഉൾപ്പെടെയുള്ള ഔഷധ സസ്യങ്ങൾ വ്യാപകമായി വച്ചു പിടിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.<br>• ഗ്രാമ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടേയം സംയുക്ത പദ്ധതിയായി ജില്ലയുടെ എല്ലാ ജലാശയങ്ങളടേയും ശുചീകരണം നടപ്പാക്കണം<br>• ഗ്രാമപഞ്ചായത്തുകളിലും നഗരഭരണ പ്രദേശങ്ങളിലും മാത്രമുള്ളവ ആദ്യഘട്ടമായി പൂർത്തിയാ ക്കണം.<br>• ഒന്നിലധികം തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടുന്നവ തുടർന്ന് പൂർത്തിയാക്കണം.<br>• വിവിധ തദ്ദേശഭരണ സ്ഥാപന പ്രദേശത്തുള്ള ജലാശയങ്ങളുടെ കരയോടു ചേർന്നു കിടക്കുന്ന പ്രദേശത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തണമെന്ന് ജില്ലാതലത്തിൽ തീരുമാനിച്ച് നടപ്പാക്കണം<br>• എക്കലും ചെളിയും വീണ്ടും ജലാശയത്തിലേയ്ക്ക് പോകാതെ ജൈവവളമായി ഉപയോഗപ്പെടുത്തണം<br>• പ്ലാസ്റ്റിക്കും ഖരമാലിന്യങ്ങളും ശേഖരിച്ച് സംസ്കരിക്കണം<br>• ഇങ്ങനെ ശുചീകരിക്കുന്ന ഓരോ ജലാശയവും വീണ്ടും പഴയത് പോലെ ആകാതിരിക്കാൻ ഒരു ജലാശയ പരിപാലന സമിതി (ഇക്കോ റെസ്റ്റൊറേഷൻ കമ്മിറ്റി) രൂപീകരിച്ച് ചുമതലപ്പെടുത്തണം. ഇവരുടെ നേതൃത്വത്തിൽ വ്യക്തികളെയോ, സംഘടനകളെയോ ഗ്രൂപ്പുകളെയോ ചുമതലപ്പെടുത്തി മത്സ്യക്കൃഷി ഉൾപ്പെടെയുള്ളവ നടപ്പാക്കണം. |

| | | | | |
|---|---|---|---|---|
| | | | | • തദ്ദേശഭരണ സ്ഥാപനതലത്തിൽ ഒരു ജലാശയ ശുചിത്വ പരിപാലന മോണിട്ടറിംഗ് കമ്മിറ്റിയും രൂപീകരിക്കണം. (ഘടന തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം)<br>• ജില്ലാ ആസൂത്രണ സമിതി നോഡൽ ഏജൻസിയായി ജില്ലാ പഞ്ചായത്തിനെ നിശ്ചയിക്കണം |

**6. ജലസേചന പരിപാടികൾ:-**

ജലസേചന പരിപാടികളുടെ ഗുണഭോക്തൃ പ്രദേശം (Ayacut area) നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. യഥാർത്ഥ ജലവിതരണം നടത്താത്ത, ജലസംരക്ഷണം മാത്രമുള്ള പ്രോജക്ടുകൾക്ക് ആയക്കെട്ട് സർട്ടിഫിക്കറ്റ് ആവശ്യമില്ല. ജലസേചന പരിപാടികളുടെ ഭാഗമായി ചെയ്യേണ്ടിവരുന്ന, ജലസ്രോതസ്സുകളിൽ മണ്ണ്/ ചെളി നീക്കം ചെയ്യൽ, വശങ്ങൾ മണ്ണിട്ട് നികത്തൽ, പുല്ല് വച്ചുപിടിപ്പിക്കൽ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയി ൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ്.

**7. ജലസേചന /കുടിവെള്ള വിതരണ പരിപാടികൾക്ക് ഒ.വൈ.ഇ.സി. ചാർജ്ജ്:-**

ജലസേചന പ്രോജക്ടുകൾക്കും, കുടിവെള്ള പ്രോജക്ടുകൾക്കും, വൈദ്യുതി ഏർപ്പെടുത്തുന്നതിനും പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വീടുകൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനും Own Your Electric Connection (OYEC) ചാർജ്ജ് അടയ്ക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് / തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

**8. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളിലെ കിണർ റീചാർജ്ജിംഗ്:-**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഘടക സ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിന് പരന്ന മേൽക്കൂരയുള്ള കെട്ടിടങ്ങളിൽ നിന്നും മഴവെള്ളം സംഭരിക്കുന്നതിന് 20,500/ -രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടത്തിന് 24,500/- രൂപയും യൂണിറ്റ് കോസ്റ്റ് പ്രകാരം പ്രോജക്ട് ഏറ്റെടുക്കാം. (12.12.2017 തീയതിയിലെ സ.ഉ.നം.3979/2017/ത.സ്വഭവ)

## 6.6 കുടിവെള്ളം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ<br>കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷം പട്ടികജാതി വിഭാഗം 3 ലക്ഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല |
|---|---|---|---|---|
| 1 | പുതിയ<br>തുറന്ന കിണർ | പൊതുവിഭാഗം/ | പരമാവധി 15,000/- രൂപ | • പൊതു കുടിവെള്ള സംവിധാനത്തിൽ നിന്നും ഹൗസ് കണക്ഷൻ ലഭിക്കാൻ സാദ്ധ്യതയില്ലെങ്കിൽ മാത്രം<br>• മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രം<br>• മഴവെള്ളം റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം<br>• ഗ്രാമ നഗരഭരണ സ്ഥാപനങ്ങൾക്ക് മാത്രം |
| | | പട്ടികജാതിവിഭാഗം/<br>പട്ടികവർഗ്ഗം<br>. | യഥാർത്ഥ ചെലവ് | |
| 2 | കുടിവെള്ള ഗാർ ഹിക കണക്ഷൻ | പൊതുവിഭാഗം | 5000/- രൂപ(പരമാവധി) | • കേരള വാട്ടർഅതോറിറ്റിയിൽ/ജലനിധിയിൽനിന്ന് കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈനിൽ നിന്നായിരിക്കണം കണക്ഷൻ |

| | | | | |
|---|---|---|---|---|
| | നൽകൽ (പൈപ്പ് ലൈൻ-വാട്ടർ അതോറിറ്റി) | പട്ടികജാതി/പട്ടിക വർഗ്ഗം | യഥാർത്ഥ ചെലവ് | നൽകേണ്ടത്.<br>• കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും സബ്സിഡി തുക നൽകാവുന്നതാണ്.<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം. |
| 3 | കുടിവെള്ളഗാർഹിക കണക്ഷൻ (തദ്ദേശസ്ഥാപന പദ്ധതിയിൽ നിന്നും) | പൊതുവിഭാഗം | 2000/- രൂപ (പരമാവധി) | • തദ്ദേശഭരണസ്ഥാപനത്തിന്റെ കുടിവെള്ളവിതരണ പദ്ധതിയിൽ നിന്നും കണക്ഷൻ എടുക്കുന്നെങ്കിൽ മാത്രം.<br>• ഗ്രാമ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം.<br>• എൽ.എസ്.ജി.ഡി.ഓവർസിയർ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തി ആനുകൂല്യം അനുവദിക്കാം. |
| | | പട്ടികജാതി/ പട്ടിക വർഗ്ഗം | യഥാർത്ഥ ചെലവ് | |
| 4 | തുറസ്സായ കുടി വെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ | പൊതുവിഭാഗം/ | 6000/- രൂപ | • മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവരായിരിക്കണം.<br>• കിണറുകളുടെ ഉൾവശം സിമന്റ് പൂശുക,ചുറ്റുമതിൽ കെട്ടുക,ഫ്ളാറ്റ്ഫോം നിർമ്മിക്കുക. മലിനജലം ഒഴുകിപോകുന്നതിന് ചാൽ നിർമ്മിക്കുക. മുകൾഭാഗത്ത് സംരക്ഷണ വലകെട്ടുക.<br>• വാലുവേഷൻ എഞ്ചിനീയർ എടുക്കണം.<br>• ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം. |
| | | പട്ടികജാതി/ പട്ടിക വർഗ്ഗം | യഥാർത്ഥ ചെലവ് | |
| 5 | പി.വി.സി. വാട്ടർ ടാങ്ക് (500 ലിറ്റർ) | പട്ടികജാതി/പട്ടികവർഗ്ഗം | 75% (പരമാവധി 3000/- രൂപ) | • ഗുണഭോക്തൃവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അടയ്ക്കണം<br>• നിലവിൽ ടാങ്ക് ഉള്ളവർക്കും, ഒരിക്കൽ നൽകിയവർക്കും നൽകാൻ പാടില്ല.<br>• ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും എറ്റെടുക്കാം. |
| 6 | മഴവെള്ള സംഭരണി | എല്ലാ വിഭാഗങ്ങൾക്കും | 75% (പരമാവധി 12500/- രൂപ) | • 100 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം. എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം. എഞ്ചിനീയർ വാല്യുവേഷൻ എടുക്കണം.<br>• എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. ഇരട്ടിപ്പ് പാടില്ല. |

കുറിപ്പ് :-1. കുടിവെള്ള ക്ഷാമം ഏറെ നേരിടുന്നവർക്കും, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്കും മുൻഗണന നൽകണം.

2. പൊതു ടാപ്പുകൾ നൽകാൻ പാടില്ലാത്തതാണ്. പകരം ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഹൗസ് കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കണം. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ്ലൈനിൽ നിന്നായിരിക്കണം ഹൗസ് കണക്ഷൻ നൽകേണ്ടത്. ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണം.

**3 കുടിവെള്ള പ്രോജക്ടുകൾ:-**

കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ഇത്തരം ചെലവുകൾ തദ്ദേശഭരണസ്ഥാപനം വഹിക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ പ്രവൃത്തിയുടെ നിർവഹണം ആരംഭിക്കാവൂ. എന്നാൽ 50,000/- രൂപയിൽ അധികരിച്ചു വരുന്ന അറ്റകുറ്റപ്പണികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

4 ഇടുക്കി, വയനാട് ജില്ലകളിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റ് ഭൂമിയിൽ കുടിവെള്ള ആവശ്യത്തിന് കിണർ കുഴിക്കുന്ന പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ കിണർ പൊതുവായി ഉപയോഗിക്കുന്നതിൽ എതിർപ്പ് ഇല്ലെന്നും പൊതു ഉപയോഗത്തിനുള്ള സൗകര്യങ്ങൾ നൽകുന്നതാണെന്നുമുള്ള ഒരു കരാറിൽ ഭൂവുടമയുമായി ഏർപ്പെടണം. സ്ഥലവും വഴിയും തദ്ദേശഭരണ സ്ഥാപനത്തിലേക്ക് വസ്തു ആർജിക്കലും കൈയൊഴിയലും ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കണം. ഇങ്ങനെ നിർമ്മിക്കുന്ന കിണറുകളുടെ പരിസരത്ത് പൊതുകിണർ എന്ന ബോർഡ് സ്ഥാപിക്കേണ്ട താണ്.ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള നിർദ്ദേശത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതണ് (അറ്റകുറ്റപ്പണി പ്രോജക്റ്റുകൾ പാടില്ല).

5 **ശുദ്ധജല നിർമ്മാണ പ്ലാന്റുകൾ** - കുടുംബശ്രീയുമായി സഹകരിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ശുദ്ധജല നിർമ്മാണ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്. ഇതിനായി യൂണിറ്റ് കോസ്റ്റായ 25.5 ലക്ഷം രൂപയുടെ 50 ശതമാനത്തിൽ കവിയാത്ത തുക തനത് ഫണ്ട്/വികസനഫണ്ട് എന്നിവയിൽ നിന്നും ചെലവഴിക്കാവുന്നതാണ്. വ്യവസ്ഥകൾ 07/10/2017-ലെ സ.ഉ.(സാധാ)നം.3244/2017 തസ്വഭവ പ്രകാരമായിരിക്കും.

6 ***ഡെപ്പോസിറ്റ് വർക്ക് - KWA :- ചുവടെ പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ടായിരിക്കണം KWA ലേയ്ക്ക് തുക നിക്ഷേപിക്കാൻ.***

***1) കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ തുക ഈ സ്ഥാപനങ്ങൾക്ക് കൈമാറാവൂ.***

***2) തുകയുടെ ഉപയോഗവും പ്രോജക്ട് നിർവ്വഹണവും സംബന്ധിച്ച് മോണിറ്ററിംഗ് തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തേണ്ടതാണ്. [★20 സർക്കുലർ നം . ഡി.എ1/881/2018/തസ്വഭവ തീയതി 28.12.2018]***

## 6.7 വീട്/വീട് പുരനരുദ്ധാരണം/വീട് വയറിംഗ്

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി പരമാവധി | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ<br>കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷം പട്ടികജാതി വിഭാഗം 3 ലക്ഷം പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല<br>ലൈഫ് പദ്ധതിയിൽ വീട് ലഭിക്കുവാൻ കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ കൂടുതൽ ആകുവാൻ പാടില്ല. |
|---|---|---|---|---|
| 1 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ | പൊതുവിഭാഗം പട്ടികജാതി പട്ടികവർഗ്ഗം | 75,000/-<br>1,00,000/-<br>1,00,000/- | • ചുമർ ബലമുള്ളതും എന്നാൽ മേൽക്കുര ഓല/പുല്ല്/തകരഷീറ്റ്/ആസ്ബറ്റോസ് ഉപയോഗിച്ച് മേഞ്ഞതും ആയ വീടുകളായിരിക്കണം. അല്ലെങ്കിൽ പൂർണ്ണമായി ജീർണ്ണിച്ച ഓടിട്ട മേൽക്കൂരയായിരിക്കണം<br>• പുതിയ മേൽക്കൂരയ്ക്ക് ഓലയോ, ടാർഷീറ്റോ, ടാർപാളിനോ, ആസ്ബറ്റോസ് ഷീറ്റോ അനുവദനീയമല്ല<br>• ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കണം. എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.<br>• കരാറിൽ ഏർപ്പെട്ടശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്.<br>• തദ്ദേശഭരണസ്ഥാപന ധനസഹായത്തോടെ സ്വയം നിർമ്മിച്ച വീടാണെങ്കിൽ ധനസഹായം സ്വീകരിച്ച് 8 വർഷം കഴിഞ്ഞിരിക്കണം.<br>• ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് മാത്രം.<br>• 100 ച.മീറ്ററലധികം വിസ്തീർണ്ണമുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല |
| 2 | വീട് വയറിംഗ് | പൊതുവിഭാഗം/ | 5,000/-രൂപ പരമാവധിതുക | • മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവക്കുപുറമെ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തണം. (വി.ഇ.ഒ/ഓവർസിയർ സാക്ഷ്യപ്പെടുത്തണം)<br>• കെ.എസ്.ഇ.ബി.യിൽ ഡി.ഡി. അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി തുക നൽകാവൂ |
| | | പട്ടികജാതി പട്ടികവർഗ്ഗം) | 9,000/- പരമാവധിതുക | • ഇലക്ട്രിക്കൽ ഇൻസ്പകടറേറ്റിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിംഗ് സാമഗ്രികൾ ഉപയോഗിച്ച് വേണം പ്രവർത്തി പൂർത്തീകരിക്കാൻ.32 A ICDP Switch-1No, 25A, 30mA ELCB-1No, 6Way MCB Distribution Board – 1No,6A SP MCB – 2No. 6A Plug Socket-1No, Bulb Point-4Nos, Standard earthin as per IS, 2.5 sqmn and 1.5 sqmm Wires and 20 mm PVC conduit for wiring. All materials should have ISI mark.<br>• മേൽ സ്പെസിഫിക്കേഷൻ പ്രകാരം പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.<br>• KSEB യിൽ ഡെപ്പാസിറ്റ് വർക്കായും നിർവഹണം നടത്താവുന്നതാണ്.<br>• ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർമാരെ<br>*ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും |
| 3 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | എല്ലാ വിഭാഗങ്ങൾക്കും | 4 ലക്ഷം രൂപ വീതം ഓരോഭവനങ്ങൾക്കും വകയിരുത്തണം | • ലൈഫ് മിഷൻ ഗുണഭോക്തൃലിസ്റ്റും വ്യവസ്ഥകളും ബാധകം.<br>എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും |

| | | | | |
|---|---|---|---|---|
| 4 | ഭൂരഹിത ഭവനരഹിതർ | എല്ലാവിഭാഗങ്ങ ൾക്കും | അവശ്യമായ തുക വകയിരുത്തണം | 1.ലൈഫ് മിഷൻ വ്യവസ്ഥകൾ ബാധകം<br>2.100-ൽ കൂടുതൽ ഗുണഭോക്താക്കളുണ്ടെങ്കിൽ ഭവന സമുച്ചയം നിർമ്മിക്കാൻ 50 സെന്റ് സ്ഥലം വാങ്ങുന്നതിന് പ്രോജക്ട് വയ്ക്കണം<br>3.എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും |
| 5 | പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീക രണം | എല്ലാ വിഭാഗങ്ങൾക്കും | പൂർത്തിയാവാത്ത ഭവ നങ്ങൾ സംബന്ധിച്ച് പ്രത്യേക നിർദ്ദേശ ങ്ങൾ പ്രകാരം ഓരോ ഗുണഭോ ക്താക്കൾക്കും ആവശ്യമായ തുക വകയിരുത്തണം | 1. താഴെപറയുന്ന പദ്ധതികൾ പ്രകാരം ഭവന നിർമ്മാണം ആരംഭിച്ചവർ (1)ജനകീയാസൂത്രണ പദ്ധതി, 2)ഇ.എം.എസ്. ഭവന പദ്ധതി,3) ഐ.എ.വൈ. ഭവന പദ്ധതി (4)ഐ.എച്ച്.എസ്.ഡി.പി/ബി.എസ്.യു.പി. ഭവനപദ്ധതി (5)വാമ്പെ ഭവന പദ്ധതി (6)എസ്.സി/എസ്.റ്റി വകുപ്പുകൾ, ഫിഷറീസ് വകുപ്പ്, പ്ലാന്റേഷൻ, ലേബർ, ന്യൂനപക്ഷക്ഷേമം, ഭവന നിർമ്മാണ ബോർഡ്, (7) സൈനികക്ഷേമ വകുപ്പ് (8) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിർമ്മാണം ആരംഭിച്ചവ<br>2. 60 ച.മീറ്ററിനകത്ത് ഭവന വിസ്തീർണമുള്ളവ മാത്രം<br>3. തുടർ നിർമ്മാണത്തിന് നിലവിലുള്ള നിർമ്മാണം യോഗ്യമായിരിക്കേണ്ടതാണ്.<br>4. കരാർ വയ്ക്കുന്ന മുറയ്ക്ക് അടുത്ത് ഘട്ടം നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദി ക്കുന്നതാണ്.<br>5. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും |
| 6 | വീട്വാസയോഗ്യമാ ക്കാൻ(വാസയോഗ്യമ ല്ലാത്ത വീടുകൾ വാസ യോഗ്യമാക്കാൻ) | പൊതുവിഭാഗം<br>പട്ടികജാതി<br>പട്ടികവർഗ്ഗം | 1,00,000/-<br>1,50,000/-<br>1,50,000/-<br>പരമാവധി തുക | • വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് മാത്രം<br>• വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം.<br>• എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കും സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്.<br>• ***ഭാര്യയുടേയോ ഭർത്താവിന്റെയോ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകാവുന്നതാണ്. ഭാര്യയുടേയും ഭർത്താവിന്റെയും ജോയിന്റ് അക്കൗണ്ട് വേണമെന്ന് നിർബന്ധമില്ല. [★19 സർക്കുലർ നം. ഡി.എ1/881/2018/തസ്വഭവ തീയതി 26.12.2018]***<br>• കരാറിലേർപ്പെട്ടശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്.<br>• പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളു.<br>• അവസാനഗഡു തുക നൽകുന്നതിനുമുൻപ് പണി പൂർത്തീകരിച്ച് എൽ.എസ്. ജി.ഡി എൻഞ്ചിനിയർ പിരശോധിച്ച്, മൂല്യനിർണ്ണയം നടത്തുന്നതിന് അനുസ രിച്ചായിരിക്കും സബ്സിഡി നിർണ്ണയിക്കുക.<br>• 60 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള പക്ഷം അധികമുറി നിർമ്മിക്കൽ, എന്നിവ അനുവദനീയമല്ല.<br>• ഗ്രാമ നഗര ഭരണസ്ഥാപനങ്ങൾക്ക് മാത്രം. |

കുറിപ്പ് -

1) ലൈഫ് മിഷന്റെ ധനസഹായം സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണമുൾപ്പെടെയുള്ളവയുടെ കാര്യത്തിൽ മാറ്റങ്ങൾ വരുന്നതാണ്. നിലവിൽ തദ്ദേശഭരണസ്ഥാപനങ്ങൾ അവരുടെ വികസനഫണ്ടിൽ കഴിയുന്നത്ര തുക മാറ്റിവച്ച് പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

*2) തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ധനസഹായത്തോടെ ഭവനനിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് സർക്കുലർ നം. 92/ഡി.ബി.1/17/തസ്വഭവ തീയതി 25.05.17 ലെ വ്യവസ്ഥകൾ പ്രകാരം 12% പലിശ സഹിതം തുക തിരിച്ചടച്ചു എന്ന് ഉറപ്പ് വരുത്തിയ ശേഷം കരാർ റദ്ദ് ചെയ്യുന്നതിനും, വീട് വിൽക്കുന്ന തിനും അനുമതി ആവശ്യപ്പെടുന്നെങ്കിൽ ആയത് നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി ചുമതലപ്പെടുത്തുന്നു. [ ★ 27 സർക്കുലർ നം. ഡി.ബി4/10/2018/തസ്വഭവ തീയതി 31.01.2019 ]*

*3) PMAY (G) പദ്ധതിയുടെ - പെർമനന്റ് വെയിറ്റിംഗ് ലിസ്റ്റ് പ്രകാരം ഭൂമിയില്ലാതെ അവശേഷിക്കുന്ന 6656 ഗുണഭോക്താക്കൾക്ക് കൂടി ഭൂമി വാങ്ങി നൽകുന്ന തിന് അനുമതി നൽകുന്നു. [★48 സ.ഉ(സാധാ)നം. 1571/2020/തസ്വഭവ തീയതി 24.08.2020 ]*

*4) സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കം കാരണം ഉപയോഗശൂന്യമായ 83506 ശൗചാലയങ്ങൾ അതിന്റെ സെപ്റ്റിക് ടാങ്ക് സഹിതം പുതുക്കി പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും 5000 രൂപ വീതം അനുവദിക്കുന്നുണ്ട്. ആയതിനാൽ ബാക്കിതുക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾ വകയിരുത്തി പ്രോജക്ട് എടുക്കേണ്ടതാണ്. അർഹതപ്പെട്ട എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും ആനുകൂല്യം നൽകിയശേഷം ബി. പി.എൽ ഇതര വിഭാഗങ്ങൾക്കും കൂടി നൽകുന്നതിന് അനുമതി നൽകുന്നു. [★24 സ.ഉ(സാധാ)നം. 156/2019/തസ്വഭവ തീയതി 25.01.2019 ]*

## 6.8 ഖര-ദ്രവ മാലിന്യ സംസ്ക്കരണം

| ക്രമ നം. | ഗാർഹികം/സ്ഥാപനം/ കമ്മ്യൂണിറ്റി | സബ്സിഡി/ ഗ്രാന്റ് | ത.സ.ഭ.സ്ഥാപന വിഹിതം | | ശുചിത്വ മിഷൻ വിഹിതം | | ഗുണ ഭോക്തൃ വിഹിതം | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷം പട്ടികജാതി വിഭാഗം 3 ലക്ഷം പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | |
| ***ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ* -ഗാർഹികതലം (House Hold level) *കമ്പോസ്റ്റിംഗ് & ബയോമെതനേഷൻ(ബയോഗ്യാസ് പ്ളാന്റ്)*** | | | | | | | | |
| 1) | *എ) വീടുകൾക്കുള്ള വിവിധ തരത്തിലുള്ള കമ്പോ സ്റ്റിംഗ് യൂണിറ്റു കൾ* | *യൂണിറ്റ് കോസ്റ്റിന്റെ 90%* | *60% മുതൽ 90% വരെ* | *60% മുതൽ 90% വരെ* | *പരമാവധി 30%* | *പരമാവധി 30 %* | *10%* | ▪ അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും 20.09.2012-ലെ സ.ഉ.(എം.എസ്) 239/2012/ത.സ്വ.ഭ.വ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>▪ അഞ്ച് സെന്റോ അതിൽ കുറവോ ഉള്ള ഗുണഭോക്താക്കൾക്ക് മുൻഗണന<br>▪ *ബയോഗ്യാസ് പ്ലാന്റുകൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി തുകയായ 7200/- രൂപ അധികരിച്ച് വരുന്ന തുക ഗുണഭോക്താവ് വഹിക്കേണ്ടതാണ്.*<br>*[★21) സ.ഉ(സാധാ)നം.3281/2018/തസ്വഭവ 31.12.2018]* |
| | ***ബി) ഗാർഹിക ബയോ ഗ്യാസ് പ്ലാന്റുകൾ*** | *യൂണിറ്റ് കോസ്റ്റിന്റെ 90% അല്ലെങ്കിൽ 7200 രൂപ ഇതിലേതാണോ കുറവ് അത്* | *60% മുതൽ 90% വരെ* | *60% മുതൽ 90% വരെ* | *പരമാവധി 30%* | *പരമാവധി 30%* | *10%* | |

| ക്രമ നം. | ഗാർഹികം/സ്ഥാപനം/ കമ്മ്യൂണിറ്റി | സബ്സിഡി/ ഗ്രാന്റ് | ത.സ.ഭ.സ്ഥാപന വിഹിതം | | ശുചിത്വ മിഷൻ വിഹിതം | | ഗുണ ഭോക്തൃ വിഹിതം | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷം പട്ടികജാതി വിഭാഗം 3 ലക്ഷം പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | |
| 2) | **സ്ഥാപനതലം (Institutional level)** *കമ്പോസ്റ്റിംഗ് & ബയോ മെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്)* | | | | | | | |
| | എ) സ്വന്തം/വിട്ടുകിട്ടിയ സ്ഥാപനങ്ങൾ | എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ (100%) | 50% മുതൽ 100% വരെ | 50% മുതൽ 100% വരെ | പരമാവധി 50% | പരമാവധി 50% | ഇല്ല | ▪ അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും 01.03.2011 –ലെ സ.ഉ. (എം.എസ്) നം. 73/2011/ ത.സ്വ.ഭ.വ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>▪ ജൈവമാലിന്യം മറ്റു രീതികളിൽ സംസ്ക്കരിക്കാൻ സ്ഥലപരിമിതിയുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. |
| | ബി) തസ്വഭ സ്ഥാപനങ്ങൾക്ക് വിട്ടു കിട്ടാത്ത സർക്കാർ സ്ഥാപനങ്ങൾ | എസ്റ്റിമേറ്റ് തുകയുടെ / യൂണിറ്റ് കോസ്റ്റിന്റെ 50% (പരമാവധി ഒരു ലക്ഷം) | ഇല്ല | ഇല്ല | 50% (പരമാവധി ഒരു ലക്ഷം) | 50% (പരമാവധി ഒരു ലക്ഷം) | ബാക്കി തുക | ▪ ബാക്കി തുക ബന്ധപ്പെട്ട സർക്കാർ വകുപ്പ്/ തദ്ദേശഭരണ സ്ഥാപനം വഹിക്കേണ്ടതാണ്<br>▪ അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും 01.03.2011 –ലെ സ.ഉ. (എം.എസ്) നം. 73/2011/ ത.സ്വ.ഭ.വ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്. |
| 3) | റസിഡൻഷ്യൽ അസോസിയേഷൻ, കോളനികൾ, ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ മറ്റു സ്ഥാപനങ്ങൾ , ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ഖരമാലിന്യ സംസ്ക്കരണം ഏർപ്പെടുത്തുന്നതിന് | | | | | | | |
| | കമ്മ്യൂണിറ്റിതലം (Community Level)ബയോഗ്യാസ് പ്ലാന്റ്, വിൻഡ്രോ കമ്പോസ്റ്റ്, എയ്റോബിക് ബിൻ, എം.ആർ.എഫ്, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് എന്നീ സംവിധാനങ്ങൾക്ക് ആവശ്യം വേണ്ട യന്ത്ര സാമഗ്രികളും പശ്ചാത്തല സൗകര്യമടക്കം സ്ഥാപിക്കലും നിലവിലുള്ളവയുടെ നവീകരണവും. | | | | | | | |
| | **എ) ഗ്രാമപഞ്ചായത്ത്** | | | | | | | |
| | ഓപ്ഷൻ – 1 | എസ്റ്റിമേറ്റ് തുക (100%) | 100% | | | | | ▪ അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും 01.03.2011– ലെ സ.ഉ. (എം.എസ്) നം.73/2011/ത.സ്വ. ഭ.വ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>▪ സ.ഉ(എം.എസ്) നം.11/2018/തസ്വഭവ തീയതി |

| ക്രമ നം. | ഗാർഹികം/സ്ഥാപനം/ കമ്മ്യൂണിറ്റി | സബ്സിഡി/ ഗ്രാന്റ് | ത.സ.ഭ.സ്ഥാപന വിഹിതം | | ശുചിത്വ മിഷൻ വിഹിതം | | ഗുണ ഭോക്തൃ വിഹിതം | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ<br>കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷം പട്ടികജാതി വിഭാഗം 3 ലക്ഷം പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | |
| | | | | | | | | 29.01.2018–ൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.<br>▪ പൂർണ്ണമായും ഗ്രാമ പഞ്ചായത്തുകളുടെ വികസന ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ് |
| | ഓപ്ഷൻ – 2 | എസ്റ്റിമേറ്റ് തുക (100%) | 25% മുതൽ 100% വരെ | | പരമാവധി 75% | | | ▪ ഗ്രാമപഞ്ചായത്തുകള്ക്ക് ശുചിത്വ മിഷന്റെ ശുചിത്വ കേരളം ഫണ്ട് / SBM(G) ഫണ്ടിൽ നിന്നും അനുവദിക്കുന്നു.<br>SBM പദ്ധതി കാലയളവിൽ (ഒക്ടോബർ 2019 വരെ) ഒരു ഗ്രാമപഞ്ചായത്തിന് പരമാവധി 20 ലക്ഷം രൂപ ലഭ്യമാകും<br>▪ പശ്ചാത്തല സൗകര്യം മാത്രമുള്ള പ്രോജക്ടുകള് പരിഗണിക്കില്ല. (ഉദാ. റോഡ്, ചുറ്റുമതിൽ, ഓട തുടങ്ങിയവ) |
| | ബി) നഗരസഭ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷന്<br>ഓപ്ഷൻ – 1 | | | 100% | | | | ▪ അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും 01.03.2011– ലെ സ.ഉ. (എം.എസ്) നം.73/2011/ത.സ്വ.ഭ.വ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ/ ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്. |

| ക്രമ നം. | ഗാർഹികം/സ്ഥാപനം/ കമ്മ്യൂണിറ്റി | സബ്സിഡി/ ഗ്രാന്റ് | ത.സ.ഭ.സ്ഥാപന വിഹിതം | | ശുചിത്വ മിഷൻ വിഹിതം | | ഗുണ ഭോക്തൃ വിഹിതം | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷം പട്ടികജാതി വിഭാഗം 3 ലക്ഷം പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | |
| | ഓപ്ഷൻ - 2 | എസ്റ്റിമേറ്റ് തുക (100%) | | 25% മുതൽ 100% വരെ | | പരമാവധി 75% | | ▪ സ.ഉ(എം.എസ്) നം.17/2018/തസ്വഭവ തീയതി 02.02.2018-ൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ഏറ്റെടു ക്കാവുന്നതാണ്.<br>▪ DPR- നെ അടിസ്ഥാനപ്പെടുത്തിയ അംഗീകാര പ്രകാരം ആസ്തി സ്ഥാപിക്കുന്നതിന്<br>▪ പൂർണ്ണമായും നഗരസഭകളുടെ വികസന ഫണ്ട് ഉപ യോഗിച്ച് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്<br>▪ 35% ശുചിത്വ മിഷൻ തുക SBM(U) യിൽ നിന്നും ബാക്കി 40 % ശുചിത്വ മിഷന് പ്ലാൻ ഫണ്ടിൽ നിന്നും അല്ലെങ്കിൽ പൂർണ്ണമായും ശുചിത്വ മിഷൻ പ്ലാൻ ഫണ്ടിൽ നിന്നോ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കുന്നു. |
| II) | ***ദ്രവമാലിന്യ സംസ്ക്കരണ സംവിധാനം*** എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്(ഇ.റ്റി.പി),വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (ഡബ്ല്യു.ഡബ്ല്യു.റ്റി.പി), തസ്വഭ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് മാത്രം | | | | | | | |
| 1. | **സ്ഥാപനതലം (Institutional level)** | എസ്റ്റിമേറ്റ് തുക/ യൂണിറ്റ് കോസ്റ്റിന്റെ (100%) | 50% മുതൽ 100% വരെ | 50% മുതൽ 100% വരെ | പരമാവധി 50% | പരമാവധി 50% | ഇല്ല | ▪ DPR- നെ അടിസ്ഥാനപ്പെടുത്തിയ അംഗീകാര പ്രകാരം ആസ്തി സ്ഥാപിക്കുന്നതിന്<br>▪ ശുചിത്വ മിഷൻ വിഹിതം ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ശുചിത്വ കേരളം ഫണ്ട് / SBM(G) ഫണ്ടിൽ നിന്നും അനു വദിക്കുന്നു.<br>▪ ശുചിത്വ മിഷന്റെ അംഗീകാരമുള്ള ഏജൻസി വഴി ടെൻഡർ മുഖേന ഡി.പി.ആർ തയ്യാറാക്കി സാങ്കേതിക അനുമതിയും ലഭ്യമാക്കിയശേഷം ശുചിത്വ മിഷന്റെ അംഗീകാരമുള്ള സേവന ദാതാവ് വഴി വീണ്ടും ടെൻഡർ നടപടി പ്രകാരം പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. |
| | **കമ്മ്യൂണിറ്റിതലം (Community level** എഫ്ളുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്(ഇ.റ്റി.പി), സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നതടക്കം) സ്ഥാപിക്കുന്നതിന് | | | | | | | |
| | **എ) ഗ്രാമപഞ്ചായത്ത്** ഓപ്ഷൻ 1 | | 100% | | | | | • സ.ഉ. (എം.എസ്) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018-ൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.<br>• പൂർണ്ണമായും ഗ്രാമ പഞ്ചായത്തുകളുടെ വികസനഫണ്ട് ഉപ യോഗിച്ച് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. |

| ക്രമ നം. | ഗാർഹികം/സ്ഥാപനം/ കമ്മ്യൂണിറ്റി | സബ്സിഡി/ ഗ്രാന്റ് | ത.സ.ഭ.സ്ഥാപന വിഹിതം | | ശുചിത്വ മിഷൻ വിഹിതം | | ഗുണ ഭോക്തൃ വിഹിതം | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ<br>കുടുംബ വാർഷിക വരുമാന പരിധി ജനറൽ 2 ലക്ഷം പട്ടികജാതി വിഭാഗം 3 ലക്ഷം പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല |
|---|---|---|---|---|---|---|---|---|
| | | | റൂറൽ | അർബൻ | റൂറൽ | അർബൻ | | |
| | ഓപ്ഷൻ 2 | എസ്റ്റിമേറ്റ് തുക (100%) | | 25% മുതൽ 100% വരെ | | പരമാവധി 75% | | ▪ ശുചിത്വ മിഷൻ വിഹിതം (ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി) ശുചിത്വ കേരളം ഫണ്ട്/ SBM(G) ഫണ്ടിൽ നിന്നും അനുവദിക്കുന്നു.<br>▪ സ.ഉ.(എം.എസ്) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018.<br>▪ DPR-നെ അടിസ്ഥാനപ്പെടുത്തിയ അംഗീകാര പ്രകാരം ആസ്തി സ്ഥാപിക്കുന്നതിന്. |
| | ബി) നഗരസഭ (മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ)<br>ഓപ്ഷൻ - 1 | | 100% | | | | | • സ.ഉ. (എം.എസ്) നം.17/2018/ ത.സ്വ.ഭ.വ തീയതി 02.02018–ൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.<br>• പൂർണ്ണമായും നഗരസഭ വികസന ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്. |
| | ഓപ്ഷൻ - 2 | എസ്റ്റിമേറ്റ് തുക (100%) | | 25% മുതൽ 100% വരെ | | പരമാവധി 75% | | ▪ ശുചിത്വ മിഷൻ വിഹിതം (ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി) സ.ഉ. (എം.എസ്) നം.17/2018/ ത.സ്വ.ഭ.വ തീയതി 02.02.2018. നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. |
| 1. ഉറവിട മാലിന്യ സംസ്ക്കരണ മാർഗ്ഗങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇതിനുള്ള ഉപാധികളും (കമ്പോസ്റ്റിംഗ്/ബയോമെത്തനേഷൻ) ഇനോക്കുലം മുതലായ വസ്തുക്കളും ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനും അവയുടെ പ്രവർത്തനം നേരിൽ കണ്ട് മനസ്സിലാക്കി സ്വന്തം ചെലവിൽ സ്ഥാപിക്കുന്നതിന് ജനങ്ങളെ സജ്ജരാക്കുന്നതിലേക്കുമായി ശുചിത്വ മിഷൻ അംഗീകൃത സേവനദാതാക്കളുടെയും സ്വയം സഹായ സംഘങ്ങളുടെയും സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാനിട്ടേഷൻ കിയോസ്ക് സ്ഥാപിക്കാം. നിലവിൽ കെട്ടിട സൗകര്യം ഉണ്ടെങ്കിൽ ടി കെട്ടിടത്തിലോ, അല്ലായെങ്കിൽ ഇതിലേക്കായി ഒരു സെമി പെർമനൻന്റ് ഷെഡ് ഉണ്ടാക്കി സൗകര്യം ഏർപ്പെടുത്താവുന്നതാണ്. മാലിന്യ സംസ്ക്കരണത്തിനായി നീക്കിവെച്ച വികസന ഫണ്ടിൽ നിന്ന് ഇതിലേക്കാവശ്യമായ തുക ചെലവഴിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ ഇതിനുള്ള തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറാവുന്നതുമാണ്. | | | | | | | | ▪ DPR-നെ അടിസ്ഥാനപ്പെടുത്തിയ അംഗീകാര പ്രകാരം ആസ്തി സ്ഥാപിക്കുന്നതിന്.<br>▪ ശുചിത്വ മിഷൻ വിഹിതം (ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി )35% ശുചിത്വ മിഷൻ തുക SBM(U) യിൽ നിന്നും ബാക്കി 40 % ശുചിത്വ മിഷന് പ്ലാന് ഫണ്ടില് നിന്നും അല്ലെങ്കിൽ പൂർണ്ണമായും ശുചിത്വ മിഷൻ പ്ലാൻ ഫണ്ടിൽ നിന്നോ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കുന്നു |

### III)ശുചിത്വ മാലിന്യ സംസ്ക്കരണം- വയബിലിറ്റി ഗ്യാപ് ഫണ്ട്

ഹരിതകേരളം മിഷന്റെ ഉപദൗത്യമായ മാലിന്യ സംസ്ക്കരണ ശുചിത്വ മിഷന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്ന ഹരിത കർമ്മസേനകൾ, ഹരിത സഹായ സ്ഥാപനങ്ങൾ, ക്ലീൻ കേരള കമ്പനി എന്നിവയുടെ പ്രവർത്തനങ്ങൾക്ക് യൂസർ ഫീ സംവിധാനം ഉറയ്ക്കുന്നതുവരെ ചെറിയ തോതിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് വേണ്ടി വരും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിനായി വകമാറ്റി വച്ചിട്ടുള്ള 10% തുകയിൽ നിന്നും നൽകാവുന്നതാണ്.

*1) ശുചിത്വമിഷൻ മുഖേന 100% വരെ സർക്കാർ ധനസഹായം വകയിരുത്തി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആശുപത്രികളിൽ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നു. [★9 സ.ഉ(സാധാ)നം. 2141/2018/തസ്വഭവ തീയതി 03.08.2018 ]*

*2) ശുചിത്വമിഷൻ മുഖേന 100% വരെ സർക്കാർ ധനസഹായം വകിയിരുത്തി സർക്കാർ /എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ച് നൽകാവുന്നതാണ്. [ ★ 10 സ.ഉ(സാധാ)നം. 2142/2018/തസ്വഭവ തീയതി 03.08.2018 ]*

*3) കേന്ദ്രവിഹിത പദ്ധതിയിൽ ഉൾപ്പടുത്തി സ്വച്ച്ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് 100% (പരമാവധി 20 ലക്ഷം രൂപ) ഗ്രാമപഞ്ചായത്തുകളുടെ കമ്മ്യൂണിറ്റി തല പ്രോജക്ടുകൾക്ക് വിനിയോഗിക്കാവുന്നതാണ്. [★11 സ.ഉ(സാധാ)നം. 2159/2018/തസ്വഭവ തീയതി 05.08.2018 ]*

## 6.9. :- അക്ഷയ ഊർജ്ജം

<table>
<tr><td>1</td><td>ശൃംഖലാബന്ധിത സൗരമേൽ ക്കൂര വൈദ്യുതി നിലയങ്ങൾ -<br>2 kW (Grid Connected Solar Power Plants)</td><td>എല്ലാ വിഭാഗങ്ങൾക്കും</td><td>20%</td><td rowspan="11">1. അനർട്ട് സംസ്ഥാനതലത്തിൽ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ച്, വിതരണം ചെയ്യുന്ന/സ്ഥാപിക്കുന്ന സ്ഥാപനങ്ങളുടെ പട്ടികപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതാണ്.<br>2. നിർദ്ദിഷ്ഠ സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ എണ്ണം തിട്ടപ്പെടുത്തി ടിസ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ച് സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് വാങ്ങാവുന്നതാണ്.<br>3. തുടർ സേവനങ്ങളും വാറന്റി ഉൾപ്പെടെയുള്ള കാര്യങ്ങളും ഉറപ്പിച്ച് ടെണ്ടർ ഉറപ്പിക്കേണ്ടതാണ്.<br>4. ടെണ്ടർ ഉപകരണങ്ങൾ വാങ്ങുന്നതിനും സാങ്കേതിക വിശദാംശങ്ങൾ ലഭ്യമാകുന്നതിനും അനെർട്ടിന്റെ സേവനം ലഭ്യമാകുന്നതാണ്.<br>5. ഗുണഭോക്താവിന് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി ഉപകരണങ്ങൾ വാങ്ങുകയാണെങ്കിൽ ബാക്ക് എൻഡഡ് സബ്സിഡി തുക വായ്പാ അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്.<br>6. കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാകുകയാണെങ്കിൽ നിർദ്ദിഷ്ഠ ഉപകരണങ്ങൾക്കുള്ള ടി ധനസഹായം ഗുണഭോക്താവിന് അല്ലെങ്കിൽ ഗുണഭോക്താവിന്റെ സമ്മത പ്രകാരം ഉപകരണങ്ങൾ സ്ഥാപിച്ചു നൽകിയ എംപാനൽഡ് കമ്പനിക്ക് ലഭ്യമാക്കുന്നതാണ്.<br>7. മെച്ചപ്പെട്ട വിറകടുപ്പുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ അനർട്ട് അംഗീകരിച്ചിട്ടുള്ള റിന്യൂവബിൾ എനർജി ടെക്നീഷ്യൻമാർ മുഖേന സ്ഥാപിക്കേണ്ടതാണ്.<br>8. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അക്ഷയ ഊർജ്ജ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.</td></tr>
<tr><td>2</td><td>ശൃംഖലാബന്ധിതമല്ലാത്ത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ<br>1kW(Off Grid Solar PowerPlants)</td><td>എല്ലാ വിഭാഗങ്ങൾക്കും</td><td>20%</td></tr>
<tr><td rowspan="4">3</td><td rowspan="4">സൗര ഗാർഹിക വൈദ്യുതി സംവിധാനം (Solar Home Lighting System) 100W dc</td><td>പൊതു വിഭാഗം</td><td rowspan="4">50 %</td></tr>
<tr><td>SC,BPL,Fishermen</td></tr>
<tr><td>ST</td></tr>
<tr><td>പൊതു വിഭാഗം</td></tr>
<tr><td rowspan="2">4</td><td rowspan="2">സൗര റാന്തൽ (solar Lantern)</td><td>SC,BPL,Fishermen</td><td>90%</td></tr>
<tr><td>ST</td><td>100%</td></tr>
<tr><td>5</td><td>സോളാർ വാട്ടർ ഹീറ്റർ<br>(Solar Water Heater)<br>1)ETC Model – 100 lpd<br>II)EPC Model – 100 lpd</td><td>എല്ലാ വിഭാഗക്കാർക്കും</td><td>25%</td></tr>
<tr><td rowspan="2"></td><td rowspan="2">ബയോഗ്യാസ് പ്ലാന്റ്<br>1)0.65കി.മി. (portable Model)<br>II)0.75 കി.മി. (portable Model)</td><td>പൊതു വിഭാഗം</td><td>50%</td></tr>
<tr><td>SC,ST, BPL,Fishermen</td><td>75%</td></tr>
</table>

| | | | | |
|---|---|---|---|---|
| | III) 1. കി.മി. (portable Model) | | | |
| 6 | IV) 1 to 3 കി.മി. (Fixed Model) | പൊതു വിഭാഗം | 50% | |
| | | SC,ST,BPL,Fishermen | 75% | |
| | V) 4 to 6 കി.മി. (Fixed Model) | പൊതു വിഭാഗം | 30% | |
| | | SC, ST BPL,Fishermen | 50% | |
| 7 | മെച്ചപ്പെട്ട വിറക് അടുപ്പ് (Improved Chulha) | SC,BPL, Total Housing scheme | 90% | |
| | | ST | 100% | |

## 6.10 സഹകരണം

**സഹകരണ സംഘങ്ങൾക്ക് ധനസഹായം (സബ്സിഡി) നൽകുന്നതിനുള്ള പൊതു നിബന്ധനകൾ:**

1) സഹകരണസംഘങ്ങൾ വെറും ഒരു ഗുണഭോക്താവല്ല. സ്വീകരിക്കുന്ന ധനസഹായത്തിലൂടെ അതിന്റെ പലമടങ്ങ് പ്രയോജനം സാമൂഹ്യസാമ്പത്തിക വികസനത്തിന് സമൂഹത്തിൽ തിരികെ നൽകാൻ കഴിയുന്ന ഒരു നിയമവിധേയ ജനാധിപത്യ സ്ഥാപനമാണ്. ആ സ്ഥാപനത്തെ പരിപോഷിപ്പിച്ച് ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ പങ്കാളിത്തവും കാര്യക്ഷമമായ വിഭവ വിനിയോഗവും ഉറപ്പ് വരുത്തി നിർദ്ദിഷ്ഠ മേഖലകളിൽ സുസ്ഥിരമായ വികസനം നേടാനുള്ള നിക്ഷേപമായിട്ടാണ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായത്തെ വിഭാവന ചെയ്യുന്നത്.

**1969-ലെ കേരള സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ധനസഹായത്തിന് അർഹമായ സ്ഥാപനങ്ങൾ:-**

(1) സഹകരണ സംഘം രജിസ്ട്രാർ 2)വ്യവസായ വാണിജ്യ ഡയറക്ടർ 3)കയർ വികസന ഡയറക്ടർ 4)കൈത്തറി ഡയറക്ടർ 5)ഫിഷറീസ് ഡയറക്ടർ 6)ക്ഷീര വികസന ഡയറക്ടർ 7)സെക്രട്ടറി, ഖാദിഗ്രാമ വ്യവസായ ബോർഡ് എന്നിവർക്ക് വേണ്ടി ജില്ല കളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ മുഖേന രജിസ്റ്റർ ചെയ്തു പ്രവർത്തിച്ച് വരുന്ന സഹകരണ സംഘങ്ങൾക്കാണ് സഹായം നൽകേണ്ടത്.

(2) ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്തിനുള്ളിൽ മാത്രം പ്രവർത്തന പരിധിയുള്ള (area of operation) സഹകരണ സംഘങ്ങൾക്ക് മാത്രമാണ് ഈ സ്ഥാപനങ്ങൾ സഹായം നൽകേണ്ടത്.

(3) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മാത്രം പ്രവർത്തന പരിധിയുള്ളതും എന്നാൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തന പിരിധിയുള്ളതുമായ സഹകരണ സംഘങ്ങൾക്ക് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾ ധനസഹായം നൽകേണ്ടത്.

(4) ഒന്നിലധികം ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രവർത്തന പരിധിയുള്ളതും എന്നാൽ ഒരു റവന്യു ജില്ലയ്ക്കുള്ളിൽ കോർപ്പറേഷന്റെയും മുൻസിപ്പാലിറ്റിയുടെയും മാത്രം പ്രദേശം പ്രവർത്തനപരിധിയുള്ളതുമായ സംഘങ്ങൾ ഒഴികെയുള്ള സംഘങ്ങൾക്ക് മാത്രമാണ് ജില്ലാപഞ്ചായത്തുകൾ ധനസഹായം നൽകേണ്ടത്.

(5) മറ്റുള്ളവ- താലൂക്ക് തലത്തിലും അതിലുപരിയായി റവന്യു ജില്ലയിലും പ്രവർത്തന പരിധിയുള്ള സംഘങ്ങൾക്കും ജില്ലാ പഞ്ചാത്തുകൾ ധനസഹായം നൽകണം.

(6) പട്ടികജാതി-പട്ടികവർഗ്ഗം, വനിത, കയർ, കൈത്തറി, ഖാദി-ഗ്രാമ വ്യവസായം, ക്ഷീര വികസനം. മത്സ്യ തൊഴിലാളി ക്ഷേമം എന്നീ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിലും ജില്ലാ പഞ്ചായത്തു കൾക്ക് ജില്ലാ പഞ്ചായത്ത് പ്രദേശത്തിനുള്ളിലും ഗുണഭോക്തൃ സംഘങ്ങളുടെ പ്രവർത്തന പരിധി (area of operation) കണക്കാതെ ധനസഹായം നൽകാവുന്നതാണ്.

**2) ധനസഹായം നൽകാവുന്ന ഘടകങ്ങൾ:-**

സഹകരണ സംഘങ്ങളുടെ ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ തദ്ദേശഭരണ സ്ഥാപനതലത്തിൽ സാമൂഹ്യസാമ്പത്തിക വികസനത്തിൽ ലഭ്യമാകേണ്ട പ്രയോജനം നിശ്ചയിച്ച് നിർദ്ദിഷ്ഠ ഘടകങ്ങൾക്കായിരിക്കണം ധനസഹായം നൽകേണ്ടത്. താഴെപ്പറ യുന്ന ഘടകങ്ങൾക്കാണ് ധനസഹായം നൽകാവുന്നത്.

(1) ആധുനിക വത്കരണം (തൊഴിൽ ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ തുടങ്ങിയവ)

(2) വിപണന സൗകര്യം (വിപണന കേന്ദ്രം സ്ഥാപിക്കൽ, സംരംഭക ഗ്രൂപ്പുകൾ രൂപീ കരിച്ചുള്ള വിപണന ശൃംഖല രൂപീകരിക്കൽ. ഉദാ:-ഒരു ക്ഷീരസംഘം തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് എല്ലാ വീടുകളിലും പാലും മറ്റ് ഉല്പന്നങ്ങളും എത്തിച്ചു നൽകുന്ന വിപണന ശൃംഖല രൂപീകരിക്കുന്നതുപോലെ)

(3) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവർദ്ധനവ്:- പ്രവർത്തനമേഖല യിലെ മൂല്യവർദ്ധിത ഉല്പാദന വർദ്ധനവ്)

(4) സേവന ഗുണമേന്മാ വർദ്ധനവ് (പ്രവർത്തനമേഖലയിലെ ഗുണപരമായ സേവന വർദ്ധനവ്)

(5) അടിസ്ഥാന സൗകര്യവികസനം (കെട്ടിടം, വർക്ക്ഷെഡുകൾ, തൊഴിലിടങ്ങളിലെ യൂറിനൽ, ടോയ്ലെറ്റ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ, ഫെസിലിറ്റി സെന്ററുകൾ).

ഇവയിൽ എല്ലാമോ ഏതെങ്കിലുമോ ഘടകങ്ങൾക്ക് തദ്ദേശഭരണസ്ഥാപനത്തിന്റെ വികസന കാഴ്ചപാടിനനുസരിച്ച് ധനസഹായം നൽകേണ്ട ഘടകങ്ങൾ നിശ്ചയിക്കാവുന്നതാണ്.

**3) അപേക്ഷ സ്വീകരിക്കൽ:-**

1) തദ്ദേശഭരണസ്ഥാപനതലത്തിലെ യോഗ്യതയുള്ള എല്ലാസംഘങ്ങൾക്കും അപേക്ഷിക്കാം.
2) അപേക്ഷയോടൊപ്പം സംഘത്തിന്റെ പ്രവർത്തനമേഖലയിൽ തദ്ദേശഭരണസ്ഥാപനം നിർദ്ദേശിച്ച ഘടകങ്ങളിൽ സമൂഹത്തിന് സേവനങ്ങൾ ലഭ്യമാക്കുന്ന എല്ലാറ്റിനുമോ ഏതെങ്കിലും ഒന്നോ അതിലധികമോ ഇനങ്ങൾക്കോ വേണ്ടി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തിയിലൂടെ അംഗങ്ങൾക്ക് തൊഴിലും വരുമാനവും പ്രതിഫലവും വർദ്ധിപ്പിക്കുന്നത് വ്യക്തമാക്കുന്ന പ്രോജക്ട് പ്രൊപ്പോസലും നൽകണം.
3) ഇതേ ഇനങ്ങൾക്കായി ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ ആനുകൂല്യം നേടിയിട്ടുണ്ടാകാൻ പാടില്ല. (അതിനുള്ള സാക്ഷ്യപത്രം ഭരണസമിതി അംഗീകരിച്ച് നൽകണം.

**4) യോഗ്യതാ മാനദണ്ഡങ്ങൾ:-**

1 സംഘം കഴിഞ്ഞ മൂന്നു വർഷമായി പ്രവർത്തിച്ചുവരുന്നതായിരിക്കണം
2 ധനസഹായം നൽകുന്നതിന് തൊട്ട് മുമ്പുള്ള വർഷമെങ്കിലും പ്രവർത്തനലാഭമുള്ളതായിരിക്കണം. (Gross Profit)
3 ധനസഹായം നൽകുന്നതിന് തൊട്ട് മുമ്പുള്ള വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം
4 നിർമ്മാണ പ്രവർത്തികൾ ഉണ്ടെങ്കിൽ പ്ലാനും എസ്റ്റിമേറ്റും, വാങ്ങൽ ഉണ്ടെങ്കിൽ ഇൻവോയ്സും ഹാജരാക്കണം.

**5 ) അർഹതമുൻഗണനകൾ:- (തദ്ദേശഭരണസ്ഥാപനം മാനദണ്ഡങ്ങൾ നിശ്ചയിക്കണം)**

1 പെയിഡ് സെക്രട്ടറിയുണ്ടായിരിക്കണം
2 പ്രോജക്ട് അടങ്കലിൽ സംഘം വിഹിതം എത്രയെന്നും-അതിനുള്ള ഭരണസമിതിയുടെ സാക്ഷ്യപത്രവും ഹാജരാക്കണം
3 ധനകാര്യ സ്ഥാപനത്തിൽ നിന്നു സ്വീകാര്യമായ ജാമ്യം നൽകി നിർദ്ദിഷ്ട പ്രോജക്ടിനുവേണ്ടി വായ്പ എടുക്കാൻ തയ്യാറായിരിക്കണം
4 പ്രോജക്ട് നടപ്പാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന ഉല്പാദനവർദ്ധനവിന്റെയും, തൊഴിൽ അവസരവർദ്ധനവിന്റെയും, സേവനഗുണമേന്മ വർദ്ധനവിന്റെയും, നിർണ്ണയിക്കപ്പെടുന്ന മറ്റ് ഘടകങ്ങൾ കൂടി അടിസ്ഥാനത്തിൽ മാർക്ക് നൽകി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം.
5 വിപണന സൗകര്യം വർദ്ധിപ്പിക്കുന്ന പ്രപ്പോസലുകൾക്ക് മുൻഗണന നൽകണം.
6 തദ്ദേശഭരണസ്ഥാപനവുമായി ജോയിന്റായി പ്രവർത്തിക്കുന്നതിന് കരാറിലേർപ്പെടാൻ സന്നദ്ധമായ സ്ഥാപനങ്ങൾ.

**6) തെരഞ്ഞെടുപ്പ് പ്രക്രിയ**

നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് പ്രപ്പോസലുകൾ പരിശോധിച്ച് സംഘത്തിന്റെ ഭരണ വകുപ്പിന്റെയും ആഡിറ്റ് വിഭാഗത്തിന്റെയും അഭിപ്രായങ്ങളും കൂടി കണക്കിലെടുത്ത് അർഹതാമുൻഗണനയുടെ അടിസ്ഥാനത്തിൽ മാർക്കിട്ട് മുൻഗണന ക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെ അംഗീകാരം വാങ്ങണം.

**7) കരാർ വ്യവസ്ഥകളും സബ്സിഡി വിതരണവും:-**

നിർദ്ദിഷ്ട പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടതായി തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും അറിയിപ്പ് കിട്ടിയാൽ കരാറിൽ ഏർപ്പെട്ട്, പ്രോജക്ട് നിർവ്വഹണത്തിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി, സംഘം ഭരണസമിതി തീരുമാനിച്ച് പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണം - സംഘത്തിനു വേണ്ടി സെക്രട്ടറി കരാർ വയ്ക്കുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ അനുമതിപത്രം സംഘത്തിന് നൽകണം. ഇതിന്റെ അടിസ്ഥാനത്തിൽ ധനസഹായബാങ്കിൽ സ്വീകാര്യമായ അപേക്ഷയും ജാമ്യവും നൽകി വായ്പ ഉറപ്പാക്കുകയും, മുടക്കംകൂടാതെ തവണ അടയ്ക്കുന്ന സംഗതിയിൽ പലിശ ഇളവിനുള്ള വ്യവസ്ഥയും നിശ്ചയിച്ച് ബാങ്കിന്റെ വായ്പ അനുമതി പത്രം നിർവ്വഹണ ഉദ്യോഗസ്ഥന് ഹാജരാക്കുന്ന മുറയ്ക്ക്, സബ്സിഡി വായ്പ ബാങ്ക് അക്കൗണ്ടിലേക്ക് ബാക്ക് എൻഡ് ആയി മാറ്റി നൽകുകയും, പ്രോജക്ട് നിർവ്വഹണം ആരംഭിക്കാൻ അനുമതി നൽകുകയും വേണം. സമയബന്ധിതമായി പ്രോജക്ട് നിർവ്വഹണം പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിച്ച് എന്ന് സംഘം സെക്രട്ടറിയുടെ അറിയിപ്പന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തി, സബ്സിഡി തുക സംഘത്തിന് ക്രമീകരിക്കാനുള്ള അനുമതി നൽകണം. നിർദ്ദ്ഷ്ട ലക്ഷ്യം കൈവരിക്കുന്നില്ലെങ്കിൽ സബ്സിഡി ബാങ്കിൽ നിന്നും തിരികെ വാങ്ങാൻ നടപടി സ്വീകരിക്കണം. ബാക്ക് എൻഡഡ് സബ്സിഡിയായി അടച്ചതുകയും, മറ്റ് കിഴിവുകളും ഉൾപ്പെടെയുള്ള തുക ക്രമീകരിച്ച് വായ്പകാലാവധിയ്ക്ക് മുൻപ് തന്നെ വായ്പകണക്ക് അവസാനിപ്പക്കേണ്ടതും കണക്കുകൾ ഗുണഭോക്താവിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്. ധനസഹായം ഉൾപ്പെടെയുള്ള തുക വിനിയോഗിച്ചത് കണക്ക് പുസ്തകങ്ങളിൽ രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുള്ളതിന്റെ ഭരണസമിതി അംഗീകരിച്ച രേഖകളുടെ പകർപ്പും നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകണം.

**8) പ്രത്യേക യോഗ്യതമാനദണ്ഡങ്ങൾ :-** വ്യത്യസ്ത സഹകരണ സംഘങ്ങളുടെ പ്രോജക്ട് പ്രപ്പോസലുകൾ തെരഞ്ഞെടുക്കുന്നതിനുള്ള പൊതുവായ യോഗ്യതാമാനദണ്ഡങ്ങൾക്ക് ഉപരിയായുള്ളവ യോഗ്യതാമാനദണ്ഡത്തിനുള്ള കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**9)** പ്രത്യേക യോഗ്യതാ മുൻഗണനകൾക്ക് ഉപരിയായി പ്രാദേശിക പ്രത്യേകതകൾ അനുസരിച്ചുള്ള മുൻഗണനകൾ നിശ്ചയിച്ച് ഉൾപ്പെടുത്താൻ തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്

## 6.11 ക്ഷീര സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | ഇനം | സബ്സിഡി ശതമാനം | പരമാവധിസബ്സിഡി തുക | യോഗ്യത മാനദണ്ഡങ്ങൾ | അർഹത മുൻഗണനകൾ |
|---|---|---|---|---|---|
| 1 | സംഘങ്ങളിൽ പാസ്ചറൈസേഷൻ പ്ലാന്റുകൾ സ്ഥാപിക്കൽ | ചെലവിന്റെ 50% | 12 ലക്ഷം രൂപ | 1)പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊതുഅർഹത മുൻഗണനയിലെ 1 മുതൽ 6 വരെ<br>2) തൻവർഷം നാളിതുവരെ പ്രതിദിനം ശരാശരി 3000 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്ന സംഘങ്ങൾ |
| 2 | പാൽ ശീതീകരണികൾ വാങ്ങുന്നതിന് | വിലയുടെ 50% | 3 ലക്ഷം രൂപ | 1)പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) തൻവർഷം നാളിതുവരെയുള്ള പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്ന സംഘങ്ങൾ |
| 3 | ഓട്ടോമാറ്റിക് മിൽക് പായ്ക്കിംഗ് മെഷീൻ | വിലയുടെ 50% | 3 ലക്ഷം രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) തൻവർഷം നാളിതുവരെയുള്ള പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിക്കുന്നതും 300 ലിറ്റർ ശേഷിയുള്ള മിൽക്ക് കൂളർ ഉള്ളതുമായ സംഘങ്ങൾ |
| 4 | പാൽശേഖരിക്കുന്ന മുറികൾ | ചെലവിന്റെ 50% | 1 ലക്ഷം രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെ<br>2) സ്വന്തംസ്ഥലം ഉണ്ടായിരിക്കണം | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) പ്രതിദിനം 300 ലിറ്റർ പാൽ ശേഖരിക്കുന്ന സംഘങ്ങൾ |
| 5 | ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് | ചെലവിന്റെ 50% | 75000 രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) പ്രതിദിനം 300 ലിറ്റർ പാൽ സംഭരിക്കുന്ന സംഘങ്ങൾ |
| 6 | പാലിന്റെഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഉപകരണം | വിലയുടെ 50% | 25,000 രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊത അർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) പ്രതിദിനം 200 ലിറ്റർ പാൽ സംഭരിക്കുന്ന സംഘങ്ങൾ |
| 7 | സ്റ്റെയിൻലസ്സ്റ്റീൽ അലോയ്- 304 ഗ്രേഡ് 40 ലിറ്റർ സംഭരണി | വിലയുടെ 33 1/3% | ഒരുസംഭരണിക്ക് പരമാവധി 1000 രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) ഒരു സംഘത്തിന് പരമാവധി 10 സംഭരണികൾ |
| 8 | മിൽക്ക് റൂട്ട് ഇല്ലാത്ത ക്ഷീര സംഘങ്ങൾക്കുള്ള മിൽക് ട്രാൻസ്പോർട്ടേഷൻ അസിസ്റ്റൻസ് | ക്ഷീരവികസന വകുപ്പിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾ | | ആകെ ചെലവിന്റെ 100% (പരമാവധി ഒരു മാസം 5000/- രൂപ വീതം 10 മാസത്തേക്ക് | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) മിൽക്ക്റൂട്ട് ഇല്ലാത്ത പ്രദേശങ്ങളിൽ പാൽ ഏറ്റവും അടുത്തുള്ള പാൽ സംഭരണകേന്ദ്രത്തിലേക്ക് എത്തിക്കുന്നതിന്<br>3) പുതുതായി ആരംഭിച്ച ക്ഷീരസംഘങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ് |
| 9 | ക്ഷീര സംഘങ്ങൾക്ക് കീഴിൽ മൊബൈൽ മിൽക്കിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക. | ക്ഷീരവികസന വകുപ്പിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾ | | 75% സബ്സിഡി (പരമാവധി 1,00,000) | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) ഒറ്റപ്പെട്ട പ്രദേശങ്ങൾ സംഭരണ മേഖലകളായ ക്ഷീര സംഘങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്<br>3) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ,വനിതകൾ എന്നീ അംഗങ്ങൾക്ക് ക്ഷീരസംഘങ്ങൾ മുൻഗണന നൽകേണ്ടതാണ് |
| കുറിപ്പ് : ക്രമ നമ്പർ 1,2,3,5,6 എന്നിവ ക്ഷീരവികസന വകുപ്പിന്റെ സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കേണ്ടതാണ്. | | | | | |

| | | | | |
|---|---|---|---|---|
| 10 | ക്ഷീര സഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് | | ഒരു സംഘത്തിന് 2,00,000 രൂപ ഒരു വർഷം എത്ര സംഘത്തിന് കൊടുക്കണമെന്ന് തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കണം. | 1) ഒരു ഗുണഭോക്താവിന് കറവ പശുവിനെ വാങ്ങാൻ 40,000 രൂപ ക്രമത്തിൽ ധനസഹായം ചെയ്യുന്നതാണ് പദ്ധതി.<br>2) നിർദ്ദിഷ്ഠ തുക നൽകുന്ന തീയതി മുതൽ ഗുണഭോക്താവിൽ നിന്നും ഓരോ മാസവും നിശ്ചിത തുക വച്ച് പാൽ വിലയിൽ കുറവ് ചെയ്യുകയോ/ ക്യാഷ് അടയ്ക്കുകയോ വേണം.<br>3) തിരിച്ചടവ് തുകയും തവണയും എല്ലാവർക്കും ഒന്നായിരിക്കുന്നതാണ് നല്ലത്. ഒരു ഗുണഭോക്താവിന് പ്രതിമാസം 8000/- രൂപ വീതമാണ് തിരിച്ചടവെങ്കിൽ 5 പേരിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് ഓരോ ഗുണഭോക്താക്കൾക്ക് വീതം തുടർന്നുള്ള ഓരോ മാസവും നൽകാവുന്നതാണ്.<br>4) ഓരോ സാമ്പത്തിക വർഷവും ഇപ്രകാരം നൽകാവുന്ന എണ്ണം കണക്കാക്കി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് നൽകണം. ഇത് ഭൗതിക നേട്ടമായി കണക്കാക്കണം<br>5) തദ്ദേശഭരണ സ്ഥാപനതലത്തിലുള്ള എല്ലാ ക്ഷീര സഹകരണ സംഘങ്ങൾക്കും പദ്ധതി വിശദാംശങ്ങൾ കാണിച്ച് അറിയിപ്പ് നൽകി അപേക്ഷ സ്വീകരിച്ച് നടപടി സ്വീകരിക്കണം<br>6) തെരഞ്ഞെടുക്കുന്ന ഓരോ സഹകരണ സംഘങ്ങളും അവരുടെ കമ്മിറ്റി തീരുമാന പ്രകാരം യോഗ്യത - മുൻഗണനാ മാനദണ്ഡങ്ങൾ നിശ്ചയിച്ചും/ ജില്ലാ പഞ്ചായത്ത് നിർദ്ദേശങ്ങൾ പാലിച്ച് സംഘത്തിലെ എല്ലാ അംഗങ്ങൾക്കും അറിയിപ്പ് നൽകി നിർദ്ദിഷ്ഠ പദ്ധതിക്ക് അപേക്ഷ ക്ഷണിക്കണം.<br>7) യോഗ്യരായ അപേക്ഷകരിൽ നിന്നും നിർദ്ദിഷ്ഠ പദ്ധതി യോഗ്യതാ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്തൃ പട്ടിക തയ്യാറാക്കി ധനസഹായം അനുവദിക്കണം<br>8) വർഗ്ഗ ഗുണമുള്ളതും ഉല്പാദനശേഷി കൂടിയതുമായ ഇനം പശുക്കളെ സംസ്ഥാനത്തിന് പുറത്തു നിന്ന് വാങ്ങുന്നവർക്ക് മുൻഗണന നൽകണം.<br>9) ജില്ലാ/പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാം. |

## 6.12 മത്സ്യ സഹകരണ സംഘങ്ങൾ

**1.** പൂർണ്ണ തോതിൽ ലേല സംവിധാനം ഉള്ള മത്സ്യ സഹകരണ സംഘങ്ങൾക്ക് മാത്രമേ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ളു.

2. മത്സ്യലേലത്തിൽ പങ്കെടുക്കുന്ന ഒരു അംഗത്തിന് 3000/- രൂപ എന്ന നിരക്കിൽ റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. കൂടാതെ ചുവടെ വിവരിക്കുന്ന സഹായവും നൽകാവുന്നതാണ്.

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | പൊതുയോഗ്യതാ മാനദണ്ഡങ്ങൾ | പൊതു അർഹതാ മാനദണ്ഡങ്ങൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | എഫ്.ഡബ്ല്യു.സി.സി എസിന് മത്സ്യ വിപണന വാഹനം | വിലയുടെ 50% | പരമാവധി 1.25 ലക്ഷം രൂപ | 1) പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെയുള്ളവ<br>2) എഫ്.ഡബ്ല്യു.ഡി.സി.സി ആയിരിക്കണം | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ |
| 2 | ലേലഹാൾ | നിർമ്മാണ ചെലവിന്റെ 50% | പരമാവധി 2 ലക്ഷം രൂപ | 1) പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെയുള്ളവ<br>2)എഫ്.ഡബ്ല്യു.ഡി.സി.സി ആയിരിക്കണം | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) സ്വന്തമായി ഭൂമിയും ലേല സംവിധാനവും ഉണ്ടായിരിക്കണം |
| 3 | മത്സ്യവിപണനം നട ത്തുന്ന വനിതകൾക്ക് വിശ്രമസ്ഥലം ടോയ്‌ലറ്റ് ഉൾപ്പെടെ | നിർമ്മാണ ചെലവിന്റെ 50% | പരമാവധി 1,00,000/- രൂപ | 1) പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെയുള്ളവ<br>2) എഫ്.ഡബ്ല്യു.ഡി.സി.സി ആയിരിക്കണം | 1)പൊതു അർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം<br>3) Pay&Use വ്യവസ്ഥയിലോ/അല്ലാതെയോ വെള്ളവും ശുചിത്വവും ഉറപ്പാക്കി പ്രവർത്തിക്കുമെന്ന് നിർവഹണ ഉദ്യോഗസ്ഥനുമായി സംഘം ഭരണസമിതിക്കുവേണ്ടി സെക്രട്ടറി പ്രത്യേക കരാറിൽ ഒപ്പു വയ്ക്കണം. |
| 4 | തൊഴിൽ വൈവിധ്യവ ൽക്കരണ സംരംഭങ്ങൾ | | | 1) പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെയുള്ളവ<br>2) എഫ്.ഡബ്ല്യു.ഡി.സി.സി ആയിരിക്കണം | 1)പൊതു അർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം<br>3) യൂണിറ്റ് കോസ്റ്റ് മത്സ്യവകുപ്പ് (ജില്ലാതലം) നിശ്ച യിക്കും |
| | 1.മത്സ്യം സൂക്ഷിക്കുന്ന തിനുള്ള ശീതീകരണ സംവിധാനം | വിലയുടെ 50% | ഉയർന്നപരിധി 2.50 ലക്ഷം രൂപ | | |
| | 2.ഓട്ടോമാറ്റിക് മത്സ്യ സംസ്കരണ യന്ത്രം | വിലയുടെ മൂന്നിലൊന്നു ഭാഗം | ഉയർന്നപരിധി 2.50 ലക്ഷം രൂപ | | |
| | 3. മത്സ്യസംസ്കരണ പ്ലാന്റുകൾ | വിലയുടെ 50% | ഉയർന്നപരിധി 8ലക്ഷം രൂപ | | |
| | 4. അലങ്കാര മത്സ്യം വളർത്തൽ | വിലയുടെ 50% | ഉയർന്നപരിധി 50,000/- രൂപ | | |
| 5 | മത്സ്യ ഉണക്കുന്ന തിനുള്ള ഡ്രയറുകൾ | വിലയുടെ 80% | 75,000 രൂപ | 1) പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെയുള്ളവ<br>2) എഫ്.ഡബ്ല്യു.ഡി.സി.സി ആയിരിക്കണം | 1) പൊതു അർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം<br>3) യൂണിറ്റ് കോസ്റ്റ് മത്സ്യവകുപ്പ്(ജില്ലാതലം)നിശ്ചയിക്കും |

## 6.13 പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണസംഘങ്ങൾ

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | യോഗ്യത മാനദണ്ഡങ്ങൾ | അർഹത മുൻഗണനകൾ |
|---|---|---|---|---|---|
| 1) | ധനസഹായം നൽ കാവുന്നഘടകങ്ങ ളിൽ 1 മുതൽ 5 വരെ യുള്ളവ | വിലയുടെ/ നിർമ്മാണ ചെലവിന്റെ 100%) | 5 ലക്ഷം രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങളിലെ 1 മുതൽ 4 വരെ<br>2) സ്ഥിരം നിർമ്മിതികൾക്ക് ഭൂമി സ്വന്തമായി ഉണ്ടായി രിക്കണം | 1) പൊതുഅർഹതാ മുൻഗണന കളിലെ 1 മുതൽ 6 വരെ |
| 2) | പട്ടികവർഗ്ഗ മേഖലയിലെ സമഗ്ര സഹകരണ ഇടപെടൽ (പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് നിർദ്ദിഷ്ട മേഖലയിൽ ധനസഹായം നൽകി ഊരുകളെ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി) | | ഒരു സംഘത്തിന് 4,00,000 /- ലക്ഷം രൂപ ക്രമത്തിൽ | | • ഓരോ ജില്ലയിലെയും സഹകരണ സംഘങ്ങൾ മുഖാന്തിരം അതിലെ അംഗങ്ങൾക്ക് പ്രത്യേകമായും ഊരുകളുടെ സമഗ്ര വികസനത്തിന് പൊതുവിലും, സഹായകമായ സാമൂഹ്യ സാമ്പത്തിക വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുക.<br>• ജില്ലയിലെ സംഘം ഭാരവാഹികളുടെയും ബന്ധപ്പെട്ട ഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെയും ഒരു യോഗം തദ്ദേശഭരണ സ്ഥാപനത്ത് വിളിച്ച് ചേർത്ത് ജില്ലാ പഞ്ചായത്തിന്റെ/ നഗരഭരണ സ്ഥാപനത്തിന്റെ പട്ടിക വർഗ്ഗ സഹകരണ ഇടപെടൽ പദ്ധതി വിശദീകരിച്ച് - പങ്കാളിത്തം ഉറപ്പാക്കുക<br>• ഓരോ സംഘവും ഭരണസമിതി കൂടി തദ്ദേശഭരണ സ്ഥാപന പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രായോഗിക നടപടികൾ ചർച്ച ചെയ്ത് തീരുമാനം കൈക്കൊണ്ട് അപേക്ഷിക്കാൻ തീരുമാനിക്കുക<br>• ഓരോ സംഘവും പൊതുയോഗം വിളിച്ച് ചേർത്ത് അംഗങ്ങൾക്ക് പദ്ധതി വിശദീകരിച്ച് കൊടുക്കുക. താല്പര്യമുള്ള അംഗങ്ങളിൽ നിന്നും അപേക്ഷ വാങ്ങി ആവശ്യങ്ങൾ പട്ടികപ്പെടുത്തി ജില്ലാ പഞ്ചായത്തിനെ /നഗരസഭയെ അറിയിക്കുക<br>• ഈ പ്രവർത്തനങ്ങളിൽ സംഘത്തെ സഹായിക്കാനും മോണിട്ടർ ചെയ്യാനും (ഒഴിവും കഴിവുമുള്ള) സഹകരണ/പട്ടിക വർഗ്ഗ വകുപ്പിൽ നിന്ന് പെൻഷൻ പറ്റി പരിഞ്ഞതോ/പട്ടിക വർഗ്ഗ വിഭാഗ ത്തിലെ യുവതീ യുവാക്കൾ എന്നിവരിൽ നിന്നും മൂന്ന് പേരുകൾ ജില്ലാ പഞ്ചായത്തിന് നൽകുക. അതിൽ ഒരാളിനെ ജില്ലാ പഞ്ചായത്ത് ചുമതലപ്പെടുത്തുക. നഗരഭരണ സ്ഥാപനങ്ങളും ഈ നടപടി സ്വീകരിക്കേണ്ടതാണ്. |

അർഹതാ മാനദണ്ഡങ്ങൾ തുടർച്ച...

- **പ്രവർത്തനങ്ങൾ –**

1) MFP ശേഖരണവും ഇൻസെന്റീവ് നൽകലും

- MFP ശേഖരിച്ച് സംഘത്തിന് നൽകാൻ താല്പര്യമുള്ളവരുടെ പട്ടിക തയ്യാറാക്കുക.
- ഇവർക്ക് പ്രത്യേക ഐഡി കാർഡ് നൽകുക.
- ഇവർ ശേഖരിച്ച് കൊണ്ടുവരുന്ന ഉല്പന്നങ്ങൾക്കുള്ള വില നൽകുക.
- വിലയോടൊപ്പം വിലയുടെ 20% ഇൻസെന്റീവ് കൂടി അനുവദിക്കുകയും അതിൽ പത്ത് ശതമാനം തുക വിലയോടൊപ്പം നൽകുകയും 10% തുക ടി അംഗത്തിന്റെ പേരിൽ ഒരു റിക്കറിംഗ് ഡെപ്പോസിറ്റായി ഒരു വർഷത്തേക്ക് നിക്ഷേപമായി സ്വീകരിച്ച് രേഖപ്പെടുത്തി ആർ.ഡി.പാസ് ബുക്കും നൽകുക. ബില്ലിൽ ഇത് രേഖപ്പെടുത്തി നൽകുക -ഓരോ ഇടപാടിലും ഇത് ആവർത്തിക്കുക.
- സംഘം MFP ഫെഡറേഷന് നൽകി വില വാങ്ങുക/ജില്ലാ കേന്ദ്രത്തിൽ വിൽപന നടത്തി തുക സംഘത്തിൽ വരവ് വയ്ക്കുക,

2) **അംഗത്തിന്റെ കുടുംബത്തിന് കോഴിയും/കൂടും:-**

- കോഴിയും കൂടും ആവശ്യമുള്ള അംഗത്തിൽ നിന്നും ഭർത്താവ്/ഭാര്യ/മക്കൾ എന്നിവരുടെ പേര് ഉൾപ്പടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി അപേക്ഷ വാങ്ങുക.
- ഗുണഭോക്താക്കളുടെ പട്ടിക ജില്ലാ പഞ്ചായത്തിൽ/നഗരസഭയിൽ അറിയിച്ച് നടപടി സ്വീകരിക്കുക.
- ഓരോ കുടുംബത്തിനും 10 മുട്ടക്കോഴിയും ഹൈഡൻസിറ്റി ഫ്രെയിം കൊണ്ട് തയ്യാറാക്കിയ ബലമുള്ള കൂടും പൂട്ടും, കോഴിതീറ്റയും നൽകുക.
- കോഴി മുട്ട – വീട് ആവശ്യത്തിന് കഴിഞ്ഞുള്ളത് സംഘത്തിൽത്തന്നെ വാങ്ങി വില നൽകുക

**3)ഹ്രസ്വകാല പലിശ രഹിത കാർഷിക വിള വായ്പാ പദ്ധതി**

- വായ്പ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കുക.
- കാർഷിക പ്രവർത്തനങ്ങൾ നടപ്പാക്കുന്ന മുറയ്ക്ക് തുക അക്കൗണ്ടിൽ നിന്ന് പിൻവലിക്കാൻ അനുമതി നൽകുക
- ഉൽപ്പന്നങ്ങൾ ഗുണഭോക്താവിന്റെ ഭക്ഷണാവശ്യങ്ങൾക്കുള്ളവ കഴിച്ച് ബാക്കി സംഘം ശേഖരിക്കുക.
- കൃഷി വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വില കണക്കാക്കി ഗുണഭോക്താവിന്റെ വായ്പ കണക്കിൽ അടച്ച് കുറവ് ചെയ്യുക
- ബാലൻസ് ഉണ്ടെങ്കിൽ വായ്പക്കാരന്റെ അക്കൗണ്ടിൽ വരവ് വച്ച് പാസ് ബുക്കിൽരേഖപ്പെടുത്തി നൽകുക
- ബാലൻസ് ഉണ്ടെങ്കിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തുകയും പിൽക്കാലത്ത് ഈടാക്കുക
- ഈ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഗുണഭോക്താക്കളെ ഗ്രൂപ്പായി തിരിച്ച് ഓരോ ഭരണസമിതി അംഗത്തിന്റെ ചുമതല നൽകുക.
- പ്രവർത്തനങ്ങൾ നിശ്ചയിച്ചതുപോലെ നടക്കുന്നു വെന്നും ആസ്ഥികൾ സംരക്ഷിക്കാനും, നടപടി സ്വീകരിക്കുക.

**4) കൃഷിഭൂമിയുള്ള, കൃഷി ചെയ്യാൻ താൽപര്യവു മുള്ളവർക്ക് കാർഷികോപകരണങ്ങൾ വിത്തുകളും ഫവലൃക്ഷ തൈകളും ലഭ്യമാക്കാവുന്നതാണ്.**

- കൃഷിഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വായ്പ തുക നിശ്ചയിച്ചും കാർഷിക ഉപകരണങ്ങളും നടീൽ വസ്തുക്കളും/വിത്തുകളും ഫല വൃക്ഷ തൈകളും ആവശ്യമുള്ളവയ്ക്ക് അപേക്ഷ വാങ്ങി വിതരണം ചെയ്യുക.
- വിത്ത്, വൃക്ഷതൈകൾ എന്നിവ കൃഷി വകുപ്പ് വഴി ലഭ്യമാക്കുക.
- പാട്ടകൃഷിക്കും/പുറമ്പോക്ക് കൃഷിക്കും പലിശ രഹിത വിള വായ്പ നൽകുക.

**5)സ്വയം തൊഴിൽ സംരംഭങ്ങൾ**

സംഘാംഗങ്ങളിൽ ആർക്കെങ്കിലും സ്വയംതൊഴിൽ പദ്ധതി ആരംഭിക്കുന്നതിന് താൽപര്യമുണ്ടെങ്കിൽ സംഘത്തിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി അപേക്ഷ നൽകാവുന്നതും ധനസഹായം നൽകി നടപ്പാക്കാവുന്നതുമാണ്.

| 6) എം.ഡി.എസ്. / ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം |
|---|
| • സംഘ അംഗങ്ങളെയും നോമിനൽ അംഗങ്ങളെയും ചേർത്ത് എം.ഡി.എസ്/ ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം ആരംഭിച്ച് നടപ്പാക്കാൻ അനുമതി നൽകുക. |
| • സംഘം ജീവനക്കാരുടെ ശമ്പളം പ്രതിമാസ എം.ഡി.എസ് കമ്മീഷനിൽ നിന്നും വിനിയോഗിക്കാൻ കഴിയുന്ന തരത്തിൽ അനുയോജ്യമായ എണ്ണം എം.ഡി.എസ്സുകൾ നടത്തുക. |
| • സഹകരണസംഘത്തിന് ആകെ നൽകുന്ന 4,00,000 രൂപയിൽ 2,00,000/- രൂപ റിവോൾവിംഗ് ഫണ്ടും 2,00,000/- രൂപ പലിശ രഹിത വായ്പ നൽകാനുള്ളതുമാണ്. |
| • പ്രവർത്തന പുരോഗതിയും ഭൗതിക നേട്ടങ്ങളും വിലയിരുത്തുക |

## 6.14 മത്സ്യസഹകരണ സംഘങ്ങളും ക്ഷീരസഹകരണ സംഘങ്ങളും പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണസംഘങ്ങളും ഒഴികെയുള്ളവ

1) കാർഷിക സഹകരണ സംഘങ്ങൾ, 2) വ്യവസായ സംഘങ്ങൾ, 3) കൈത്തറി സംഘങ്ങൾ, 4) കയർ സഹകരണ സംഘങ്ങൾ, 5) ഖാദി സഹകരണ സംഘങ്ങൾ,
**6) മറ്റ് സഹകരണ സംഘങ്ങൾ**

| നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | യോഗ്യത മാനദണ്ഡങ്ങൾ | അർഹത മുൻഗണനകൾ |
|---|---|---|---|---|---|
| | ധനസഹായം നൽകാവുന്ന ഘടകങ്ങളിൽ 1 മുതൽ 5 വരെ യുള്ളവ | വിലയുടെ / നിർമ്മാണ ചെലവിന്റെ (80%) | ഗ്രാമപഞ്ചായത്തു -5,00,000/-<br>ബ്ലോക്ക് പഞ്ചായത്തു -10,00,000/-<br>ജില്ലാ പഞ്ചായത്തുകളിൽ -15,00,000/-<br>മുനിസിപ്പാലിറ്റി - 10,00,000/-<br>കോർപ്പറേഷൻ - 15,00,000/-<br>• കെട്ടിടനിർമ്മാണം പഞ്ചായത്ത്/ നഗരസഭ/സംഘ ത്തിന്റെ സ്ഥലത്താണെങ്കിൽ മൊത്തം മെഷർമെന്റ് തുകയും നൽകാം | 1) പൊതുയോഗ്യതാ മാനദണ്ഡങ്ങളിലെ 1 മുതൽ 4 വരെയുള്ളവ<br>2) സ്ഥിരം നിർമ്മിതികൾക്ക് ഭൂമി സ്വന്തമായി ഉണ്ടായിരിക്കണം<br>3) ആകെ അടങ്കലിന്റെ മൂന്നിൽ രണ്ടു ഭാഗം സഹകരണ സംഘത്തിന്റെ ഗുണഭോക്തൃ വിഹിതമായി /മാച്ചിംഗ് ഗ്രാന്റായി മുടക്കാൻ സംഘം സന്നദ്ധമായിരിക്കണം. | 1) പൊതുഅർഹതാ മുൻഗണന കളിലെ 1 മുതൽ 6 വരെ |
| 2) | കൊപ്ര,കുരുമുളക്, മത്സ്യം മറ്റ് ഉല്പ ന്നങ്ങൾഉണക്കുന്ന തിനുള്ളഡ്രയറുകൾ | വിലയുടെ 80% | പരമാവധി 75000/- രൂപ | 1)പൊതുയോഗ്യതാമാനദണ്ഡങ്ങളിലെ 1 മുതൽ 4 വരെയുള്ളവ | 1) പൊതു അർഹതാ മുൻഗണന കളിലെ 1 മുതൽ 6 വരെ<br>2) തദ്ദേശഭരണസ്ഥാപന പ്രദേശത്തെ ഉല്പാദനം കണക്കിലെടുക്കണം. |

## 6.15 കയർ

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ/വ്യവസ്ഥകൾ |
|---|---|---|---|---|
| | നാളികേര തൊണ്ട് ശേഖരിച്ച് കയർ ഉത്പാദിപ്പിക്കുന്നതിന് എടുത്ത വായ്പയ്ക്ക് നൽകുന്ന പലിശ സബ്സിഡി | | ഏകദേശ തുക കണക്കാക്കി പ്രോജക്ട് വയ്ക്കൽ | • തദ്ദേശഭരണ സ്ഥാപനതലത്തിൽ ഉത്പാദിപ്പിക്കുന്ന നാളികേരത്തിന്റെ തൊണ്ട് ചകിരിയാക്കി മാറ്റുന്നതിന് പ്രവർത്തിക്കുന്ന - ഹരിത കർമ്മസേനകൾ, കുടുംബശ്രീ യൂണിറ്റുകൾ, നാളികേര ഉല്പാദക കമ്പനികൾ, നാളികേര ഉല്പാദക ഫെഡറേഷനുകൾ, കയർ സഹകരണസംഘങ്ങൾ - ഡീ ഫൈബറിംഗ് യൂണിറ്റുകൾ എന്നിവ 2018-19 മുതൽ എടുക്കുന്ന വായ്പയുടെ പലിശ സബ്സിഡി നൽകുന്നതാണ് പദ്ധതി.<br>• നാളികേര തൊണ്ട് ശേഖരണത്തിനും ചകിരി ഉത്പാനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യവികസനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും |

| | | | | |
|---|---|---|---|---|
| | | | | വേണ്ടി എടുത്തിട്ടുള്ള വായ്പയായിരിക്കണം<br>• തദ്ദേശഭരണ സ്ഥാപനതലത്തിൽ ഈ ആവശ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘങ്ങളെ പട്ടികപ്പെടുത്തി കൂട്ടായ്മ ഉണ്ടാക്കണം.<br>• ഓരോ മാസവും ശേഖരിച്ച തൊണ്ടിന്റേയും ഉത്പാദിപ്പിച്ച ചികിരിയുടേയും കണക്ക് തദ്ദേശഭരണ സ്ഥാപനതലത്തിൽ നൽകണം<br>• ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഇതിനായി വാങ്ങിയ വായ്പയിൽ ഓരോ മാസവും ജനിച്ച പലിശയുടെ ബാങ്ക് സ്ലിപ്പ്/രേഖ സ്ഥാപന കമ്മിറ്റി അംഗീകരിച്ച് തദ്ദേശഭരണ സ്ഥാപനത്തിൽ നൽകണം.<br>• ഈ തുക അടുത്ത മാസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം ബാങ്കിന് നൽകും.<br>• ഇങ്ങനെ തുടർച്ചയായി പലിശ സബ്സിഡി നൽകി സഹായിക്കുന്നതിനുള്ള പദ്ധതി<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കു പ്രോജക്ട് എടുക്കാവുന്നതാണ്.<br>• ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റേയും പ്രവർത്തന പ്രദേശത്ത് വരുന്ന യൂണിറ്റുകൾക്ക് പലിശ സബ്സിഡി നൽകാവുന്നതാണ്. |

# 7. ധനസഹായങ്ങൾ

## 7.1. സാമൂഹ്യനീതി:-

### 7.1.1 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം

1. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്, അവർ എ.പി.എൽ/ബി.പി.എൽ എന്ന വേർതിരിവില്ലാതെ തന്നെ 100% സഹായം നൽകാവുന്നതാണ്. എല്ലാ തദ്ദേശഭരണസ്ഥാപന ങ്ങൾക്കും ഈ ആവശ്യത്തിന് സംയുക്തമായോ ഒറ്റയ്ക്കോ പ്രോജക്ട് എടുക്കാവുന്നതാണ്.
2. ഭിന്നശേഷിക്കാരായവരുടെ ഡേറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഗ്രാമപഞ്ചായത്തു കൾക്ക്/നഗരഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാം. ഡേറ്റാബേസ് മാനേജ്മെന്റ് സാമൂ ഹ്യനീതി വകുപ്പ് ചെയ്യേണ്ടതാണ്.
3. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണ്.

### 7.1.2 ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിന് ചുവടെ വിവരിക്കുന്ന ഇനങ്ങൾ സൗജന്യമായി നൽകാവുന്നതാണ്

**(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക്**

1) സർജിക്കൽ ഷൂസ്/അംഗിൾബൂട്ട്/മോൾഡ് ഷൂസ്/ഉയരവും അളവും അനുസരിച്ച് പ്രത്യേകം തയ്യാറാക്കിയ തുകൽ ചെരുപ്പ്/മൈക്രോ സെല്ലുലാർ റബ്ബർ സോളുള്ള ചെരുപ്പ്/അക്കോമഡേറ്റീവ് പാദരക്ഷകൾ
2) ഓർത്തോപെഡിക്ക് ഉപകരണങ്ങൾ / വിവിധതരം കറക്റ്റീവ് ഷൂസുകൾ
3) വിവിധതരം കൃത്രിമ അവയവങ്ങൾ/ കാൽ, കൈ എന്നിവ
4) സഞ്ചാരസഹായികൾ/വിവിധതരം ക്രച്ചസ്, വാക്കേഴ്സ്
5) ലംബാർ കോർസൈറ്റ്/സ്പൈനൽബ്രേസ്/ജാക്കറ്റ്/നീബേസ്സ്റ്റാറ്റിക് അല്ലെങ്കിൽ ഡൈനാമിക് സ്പളിന്റസ്/വീൽചെയർ/കൈകൊണ്ടുപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രൈസൈ ക്കിളുകൾ
6) സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ 40% ലേറെ വൈകല്യമുണ്ടെങ്കിലും ഈ വാഹനം ഓടിക്കാൻ ലേണേഴ്സ് ലൈസൻസ് ഉണ്ടായിരിക്കണം. സ്ക്കൂട്ടർ ഓടിക്കാൻ കഴിവുള്ള ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണം. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരിക്കരുത്.

**(ബി) കേഴ്വിശക്തി കുറഞ്ഞവർക്ക്**

1. ശ്രവണ സഹായികൾ (Hearing Imparied)
   മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേൾവിശക്തി കുറഞ്ഞ കുട്ടി കൾക്ക് കോക്ലെയർ ഇംപ്ലാന്റിനുശേഷമുള്ള കേൾവിസഹായികളും മറ്റും നൽകു ന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.
2. ***ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് 50,000 രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. [ ★ 31 സ.ഉ(സാധാ)നം. 426/2019/ തസ്വഭവ തീയതി 26.02.2019 ]***
3. **(സി) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്**
   മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണമുള്ള കൗൺസിലിംഗ്, ചികിത്സ, മുരുന്നുകൾ എന്നിവയും നൽകണം

**(ഡി) കാഴ്ച കുറഞ്ഞവർക്ക്**

1. ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ് കെയിൻ
2. ഹാൻഡ് ഹെൽഡ് സ്റ്റാന്റ് ലൈറ്റുള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈ യേഴ്സ്, സ്പിച്ച് സിൻതസൈസേയഴ്സ്, കമ്പ്യൂട്ടറും കമ്പ്യൂട്ടറിനാവശ്യമായ ബ്രെയിലി അറ്റാച്ച്മെന്റുകളും, ടോക്കിംഗ് ഹിയറിംഗ് സോഫ്റ്റ് വെയർ ഉള്ള കമ്പ്യൂട്ടറുകളും മറ്റു അനുബന്ധ ഉപകരണങ്ങളും.
3. കാഴ്ച കുറഞ്ഞവർക്കും കേഴ്വിശക്തി കുറഞ്ഞവർക്കുമായി ടെലഫോണിൽ ഘടിപ്പിക്കുന്ന ബ്രയ്ലി അറ്റാച്ച്മെന്റുകളും
4. ബ്രയ്ലി എഴുത്തിനുപകരിക്കുന്ന ഉപകരണങ്ങൾ - ഷോർട്ട് ഹാന്റഡ് ബ്രയലി മെഷീൻ, പത്താം ക്ലാസ്സ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രയ്ലി ടൈപ്പ്റൈറ്റർ, കമ്പ്യൂട്ടർ ടോക്കിംഗ് സൗകര്യത്തോടു കൂടിയ ലാപ്ടോപ്പ്, കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ.

5. പ്രത്യേക പഠന സാമഗ്രികൾ
6. കാഴ്ചശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വാച്ച്

### 7.1.3 ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ

1. ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ചശേഷമേ പ്രോജക്റ്റ് തയ്യാറാക്കാവൂ. അതിനാൽ പ്രോജക്റ്റ് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണങ്ങളുടെ ആവശ്യകത നിർണയ ക്യാമ്പ് നടത്തണം.
2. ക്യാമ്പിൽ പങ്കെടുക്കുന്ന വ്യക്തിക്കും ആവശ്യമെങ്കിൽ ഒരു സഹായിക്കും കൂടി ഭക്ഷണം -യാത്രാ ചെലവുകൾക്കായി പരമാവധി 250/- രൂപ നൽകാവുന്നതാണ്.
3. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സാമൂഹ്യസുരക്ഷാ മിഷൻ വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. 40% ലധികം വൈകല്യമുള്ളരേയും കാർഡ് ലഭിക്കാത്ത അർഹരായവരുണ്ടെങ്കിൽ അവരെയുമാണ് ക്യാമ്പിലേക്ക് ക്ഷണിക്കേണ്ടത്.
4. സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ ഓർത്തോട്ടിക് എഞ്ചിനീയർ(Orthotic Engineer), പ്രോസ്തെറ്റിക് എഞ്ചിനീയർ(Prosthetic Engineer),ഓഡിയോളജിസ്റ്റ് (Audiologist) ഓപ്ഡ്രോമെട്രിസ്റ്റ്(Optrometrist) എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. താലൂക്ക്/ജില്ലാ ആശുപത്രികളിൽനിന്ന് ഈ വിദഗ്ദ്ധരെ ലഭിക്കുന്നതാണ്. ഡിസ്ട്രിക് ഡിസ്ഏബിൾഡ് റിഹാബിലിറ്റേഷൻ സെന്റർ, (DDRC) മെഡിക്കൽ കോളേജ് സാമൂഹ്യ സുരക്ഷാമിഷൻ എന്നിവയുടെ സഹായം ഈ ആവശ്യത്തിന് തേടാവുന്നതാണ്. (ഏതെങ്കിലും ഏജൻസിയേയോ സ്ഥാപനത്തേയോ ക്യാമ്പ് നടത്താൻ ചുമതലപ്പെടുത്താവുന്നതല്ല). ക്യാമ്പിൽ പങ്കെടുക്കുന്ന ഗുണഭോക്താവിനും സഹായിക്കുമുള്ള യാത്രാപടിയും പരിശോധന ടീമിന്റെ റിഫ്രെഷ്മെന്റ് ഉൾപ്പെടെയുള്ള ചെലവുകളും പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്.
5. പല തദ്ദേശഭരണസ്ഥാപനങ്ങളും മറ്റ് പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഉപകരണം ഉള്ളവർക്കുതന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ വേണ്ട കർശന മുൻകരുതലുകൾ (സ്ഥിതി വിവരകണക്കുകൾ ശേഖരിക്കൽ ഉൾപ്പടെ) സ്വീകരിക്കേണ്ടതാണ്. ക്യാമ്പിൽ വച്ച് ഇതു സംബന്ധിച്ച വിവരശേഖരണം നടത്തുന്നത് അതിനുള്ള ഒരു മാർഗ്ഗമായിരിക്കും.

### 7.1.4 ഉപകരണങ്ങൾ വാങ്ങൽ

1. ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നോ ആർട്ടി ഫിഷ്യൽ ലിംപ് മാനുഫാക്ച്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ്/ കാൺപൂർ)യിൽനിന്നോ മറ്റ് സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽനിന്നോ വാങ്ങാവുന്നതാണ്.
2. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും ഭിന്നശേഷിക്കാർക്കുള്ള ബത്തയും സ്കോളർഷിപ്പും നൽകുന്നതിനും വേണ്ടിയുള്ള പ്രോജക്റ്റ് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. എന്നാൽ ഗ്രാമപഞ്ചായത്തുകൾ ഭിന്നശേഷിക്കാർക്കുള്ള ബത്തയും സ്കോളർഷിപ്പും നൽകുകയും ഉപകരണങ്ങൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വാങ്ങി നൽകുകയും ചെയ്യുന്നതാണ് അഭികാമ്യം. ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്കുള്ള ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകിയവയായിരിക്കണം. ഗുണഭോക്താക്കളുടെ പേരു വിവരവും ഓരോരുത്തർക്കും വേണ്ട ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്) ലഭിച്ചശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേനയായിരിക്കണം വിതരണം നടത്തേണ്ടത്. നഗരഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്തൃ ലിസ്റ്റ് വാർഡ്സഭ/വാർഡ് കമ്മിറ്റിയും തദ്ദേശഭരണ സ്ഥാപനവും അംഗീകരിച്ച തീരുമാനത്തോടെ നൽകിയവയായിരിക്കണം. ഗുണഭോക്താക്കളുടെ പേരു വിവരവും ഓരോത്തർക്കും ഗുണഭോക്താക്കളുടെ പേരുവിവരവും ഓരോത്തർക്കും വേണ്ടിയുള്ള ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യ പ്പെടുത്തിയത്) ലഭിച്ചശേഷം മാത്രമേ ഉപകരണങ്ങള് വാങ്ങാവൂ.
3. ടെണ്ടർ കൂടാതെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്ന സാധനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്. കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളും ഇപ്രകാരം വാങ്ങാവുന്നതാണ്. കൂടാതെ കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ക്ലിപ്തം കുറ്റിപ്പുറം, മലപ്പുറം, സൈഡ് വീൽ ഘടിപ്പിച്ചു നൽകുന്ന സ്കൂട്ടറുകളും വാങ്ങാവുന്നതാണ്. (01.11/2017-ലെ സ.ഉ.(സാധാ) നം 3521/2017/തസ്വഭവ)

4. ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണം വാങ്ങുന്ന പ്രോജക്ടുകൾ ICDS സൂപ്പർ വൈസർ, CDPO, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവർ യഥാക്രമം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടേയും നിർവഹണ ഉദ്യോഗസ്ഥരായി പ്രോജക്ട് നിർവഹണം നടത്തണം. എന്നാൽ മെഡിക്കൽ ഉപകരണങ്ങളുടെ ഉപയോഗക്ഷമത ഉറപ്പാക്കുന്നതിന് മെഡിക്കലാഫീസറുടെ സഹായം ആവശ്യമെങ്കിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

**7.1.5 ജില്ലാതലത്തിൽ സഹായ ഉപകരണങ്ങളുടെ റിപ്പയർ & സർവ്വീസ് സെന്റർ:-** സഹായ ഉപകരണങ്ങളുടെ ഗ്യാരന്റി കാലാവധിക്കു ശേഷമുള്ള അറ്റകുറ്റപ്പണിയും സർവ്വീസും ലഭ്യമാക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള ഭിന്നശേഷിക്കാരെക്കൂടി ഉൾപ്പെടുത്തി റിപ്പയർ&സർവ്വീസ് സെന്റർ ആരംഭിക്കണം. ജില്ലാ പഞ്ചായത്തിനും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാം.

**7.1.6 ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായങ്ങൾ**

**എ) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ**

| ക്രമ നമ്പർ | സ്റ്റാൻഡേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ് / ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റൽ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9, 10, +1, +2 | 600 | 800 | 800 |
| 4 | ബിരുദം | 1000 | 1250 | 1000 |
| 5 | ബിരുദാനന്തരബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 7 | കാലുകളുടെ വൈകല്യം മൂലം ചലന വൈകല്യമുള്ളവർക്ക്+യാത്രാബത്ത (സ്കൂളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | | |
| 8 | കാലുകളുടെ വൈകല്യം മൂലം ചലനവൈകല്യമുള്ളവർ സ്ഥാപനത്തിന്റെ സൗകര്യം ഉപയോഗിക്കുകയാണെങ്കിൽ യാത്രാബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | യഥാർത്ഥ ചെലവ് (സ്ഥാപനത്തിന് നൽകണം) | - | - |

**(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ**

| ക്രമ നം | ഇനം | സ്കോളർഷിപ്പ് ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000/- |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500/- |
| 3 | പഠനസഹായികൾക്ക്/വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2000/- |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1000/- |
| 5 | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലയാവയ്ക്ക് - രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പടെ | 1000/- |

**(സി) ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർ**

| ക്രമ നം | ഇനം | പ്രതിമാസ ബത്ത (രൂപ) |
|---|---|---|
| 1 | വിദ്യാലയങ്ങളിൽ പോകാത്ത വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ പകൽ സമയം ഡേ കെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത | പ്രതിമാസം 1000/-രൂപ ഡേകെയർ സെന്ററുകളിൽ ഈ വിഭാഗം ആളുകളുടെ സുരക്ഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാണെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പു വരുത്തണം. |
| 2 | യാത്രാബത്ത (പ്രതിമാസം) | 1000/- |

**(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്തവർ (18 വയസ്സിൽ താഴെയുള്ളവർ)**

| ക്രമ നം | ഇനം | പ്രതിമാസ ബത്ത (രൂപ) |
|---|---|---|
| 1 | മാനസിക വെല്ലുവിളികൾ, വളർച്ചാ സംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം (Cerebral palsy) ഓട്ടിസം (Autism) മുതലായവ നേരിടുന്നവർ | 1000/- |

***7.1.6 ഇ. സ്കോളർഷിപ്പ് / ബത്ത നൽകൽ.***

***മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും അതാത് മാസം നൽകണമെങ്കിൽ ബ്ലോക്കു / ജില്ലാ പഞ്ചായത്തുകളും കൂടി മതിയായ തുക വകയിരുത്തണം. ഇത് ഉറപ്പിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളും വനിതാ ശിശുവികസന വിഭാഗം ICDS / CDPO മാർ മോണിട്ടർ ചെയ്യണം. സാമൂഹ്യ സുരക്ഷാമിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ICDS സൂപ്പർ വൈസർ / CDPO മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. ഇതിന് ജില്ലാ ആസൂത്രണ സമിതി മേൽനോട്ടം വഹിക്കേണ്ടതുമാണ്. (★26 സർക്കുലർ നം. ഡി.എ1/19/2019/തസ്വഭവ 25.01.2019)***

**7.1.7 ട്രാൻസ് ജെൻഡേഴ്സിനുള്ള പ്രത്യേക പരിപാടികൾ**

1. സാമൂഹ്യ അംഗീകാരവും തൊഴിലും വരുമാനവും ലഭ്യമാക്കി ട്രാൻസ് ജെൻഡേഴ്സിനുള്ള വികസനത്തിൽ പങ്കാളിത്തം നൽകുന്നതിനായി വ്യക്തിഗത ഗുണഭോക്തൃ നിർണ്ണയത്തിൽ മുൻഗണന നൽകേണ്ടതാണ്.
2. തദ്ദേശഭരണസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംരഭക പ്രവർത്തനങ്ങളിലും കരാർ നിയമനങ്ങളിലും പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരാൻ നടപടി സ്വീകരിക്കണം.
3. **ട്രാൻസ് ജെൻഡേഴ്സിനുള്ള ആനുകൂല്യങ്ങൾ**
   ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ അവരുടെ സ്വന്തം തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയാണ് നൽകേണ്ടത്. എന്നാൽ ട്രാൻസ് ജെൻഡേഴ്സ് അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ വ്യാപകമായി അപേക്ഷിച്ച് തുടങ്ങുന്നതു വരെ - അപേക്ഷ ലഭിക്കുന്ന ബന്ധപ്പെട്ട ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദനീയ മല്ലെങ്കിലും ട്രാൻസ് ജെൻഡേഴ്സ് ഒരു പ്രത്യേക വിഭാഗമായതിനാൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

**കുറിപ്പ് :**

1 ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളായവരും അല്ലാത്തവരും ഏത് തദ്ദേശഭരണസ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്

2 പ്രതിമാസ സ്കോളർഷിപ്പ് /ബത്ത വർഷത്തിൽ 12 മാസവും നൽകേണ്ടതാണ്.

3 ധനസഹായ തുക നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അതാത് മാസം തന്നെ നൽകണം.

4 ധനസഹായത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളായവരുടേയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമ/വാർഡ് സഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണ്.

## 7.1.8 ബഡ്സ് സ്കൂൾ:-(ഗ്രാമ പഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾ)

1) തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.07.2009 ലെ ജി.ഒ (എം.എസ്) നമ്പർ 148/2009/തസ്വഭവ, ***01.08.2009 ലെ ജി.ഒ (എം.എസ്) നമ്പർ 152/2009/തസ്വഭവ, 07.02.2018 ലെ ജി.ഒ (എം.എസ്) നമ്പർ 20/2018/തസ്വഭവ,*** ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ്.

2) നിശ്ചിത യോഗ്യതയുള്ള ടീച്ചർമാർക്ക് താഴെ പറയും പ്രകാരം ഹോണറേറിയം നൽകാവുന്നതാണ്.

| ക്രമനം | തസ്തിക | യോഗ്യത | ഹോണറേറിയം |
|---|---|---|---|
| 1 | സ്പെഷ്യൽ ടീച്ചർ | *1)D.Ed Special (Autism spectrum disorder)*<br>*2) DECSE (Mental Retardation)*<br>*3) D.Ed Speical education (cerebral Palsy)*<br>*4) D.Ed Special Education (Hearing impairment)*<br>*5) D.Ed Special Education (Visual impairment)*<br>*6) Diploma in community based Rehabilitation*<br>*7) Diploma in Vocation Rehabiliation* | *30675/- രൂപ*<br>*[★3 സ.ഉ(സാധാ) നം. 1602/2018/ തസ്വഭവ തീയതി12.06.2018]* |

| | | | |
|---|---|---|---|
| | | *[★ 3 സ.ഉ(സാധാ)നം.1602/2018/തസ്വഭവ, തീയതി 12.06.2018 ]*<br>***8) DCBR ഏകവർഷ കോഴ്സ്***<br>*[★ 4 സ.ഉ(സാധാ)നം. 1716/2018/തസ്വഭവ തീയതി25.06.2018]* | |
| 2 | ഗ്രാജുവേറ്റ് ടീച്ചർ | സ്പെഷ്യൽ എഡ്യൂക്കേഷനിൽ ബി.എഡ്ഡും അല്ലെങ്കിൽ ബിരുദത്തോടുകൂടിയ ഡി.എസ്.ഇ/ ഡിപ്ലോമയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും | 15,000/- രൂപ |
| 3 | അസിസ്റ്റന്റ് ടീച്ചർ | സ്പെഷൽ എഡ്യുക്കേഷൻ ഡിപ്ലോമയും അല്ലെങ്കിൽ പ്ലസ്ടുവും ഡി.എസ്.ഇ ഡിപ്ലോമയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും | 12,000/- രൂപ |

4) ***ബഡ്സ് സ്കൂൾ ടീച്ചർമാർക്ക് (നിശ്ചിത യോഗ്യതയില്ലാത്തവർക്ക്) പ്രതിമാസം 23100/-രൂപ, ഹെൽപ്പർമാർക്ക്/ ആയമാർക്ക് (പത്താംതരം വരെ പഠനം പൂർത്തീകരിച്ചവരായിരിക്കണം) പ്രതിമാസം 17325/-രൂപ [★ 4 സ.ഉ (സാധാ) നം. 1716/2018/തസ്വഭവ തീയതി25.06.2018]***

5) ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകൾക്ക് അവർ സേവനം നൽകുന്ന ഓരോ ദിവസത്തിനും 600 രൂപ നിരക്കിൽ ഹോണറേറിയം നൽകാവുന്നതാണ്.

5) ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുന്ന ബഡ്സ് സ്കൂളുകൾക്ക് സ്ഥലം വാങ്ങൽ കെട്ടിടനിർമ്മാണം,വർക്ക്ഷെഡ് നിർമ്മാണം, ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്. നഗരസഭകൾക്കും പ്രോജക്ട് എടുക്കാം

**7.1.9 ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ**

1) ജി.ഒ (എം.എസ്)നം.144/2013 എൽ.എസ്.ജി.ഡി തീയതി ***06.04.2013 29.07.2009 ലെ ജി.ഒ (എം.എസ്) നമ്പർ 148/2009/തസ്വഭവ,*** ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് റിഹാബിലിറ്റേഷൻസെന്ററുകൾ ആരംഭിക്കാവുന്നതാണ്.

2)ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ജീവനക്കാർക്ക് ബഡ്സ് സ്കൂളിലേതിനു തുല്യമായ നിരക്കിൽ ഓണറേറിയം നൽകാവുന്നതാണ്. - ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനം നൽകേണ്ടതാണ്.

3) ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്ക് വാഹനം വാങ്ങുന്നതിന് പകരം വാടകയടിസ്ഥാനത്തിൽ വാഹനം എടുക്കാവുന്നതും വാടക തനത് ഫണ്ടിൽ വകയിരുത്തേണ്ടതുമാണ്. തനത് ഫണ്ടില്ലാത്ത സ്ഥാപനങ്ങളിൽ വികസനഫണ്ട് വിനിയോഗിക്കാവുന്നതും - ബ്ലോക്ക് പഞ്ചായത്തിന് പങ്കാളിയാകാവുന്നതുമാണ്.

**7.1.10 ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ (ഗ്രാമ/ബ്ലോക്ക്/നഗരഭരണ സ്ഥാപനങ്ങൾ )**

അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും കുട്ടികളിൽ സംസാര വൈകല്യം ഉൾപ്പെടെ മറ്റ് വ്യത്യസ്ത വൈകല്യങ്ങൾ ഉള്ളവരുമുണ്ട്. അവരെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി ഗ്രാമ/നഗരഭരണ സ്ഥാപന തലത്തിൽ സ്പീച്ച്, ബിഹേവിയർ, ഒക്കുപ്പേഷൻ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം ഒരു മാസത്തിൽ രണ്ടു തവണയെങ്കിലും ലഭ്യമാക്കേണ്ടതാണ്. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്ക് ഈ ആവശ്യമുണ്ടെങ്കിൽ ഇവരെ ഏകോപിപ്പിച്ച് സേവനം ലഭ്യമാക്കുന്നതിന് അനുയോജ്യമായ ഒരു സെന്ററായിട്ടാണ് ബഡ്സ് റിഹാബിലിറ്റേഷൻ ഫെസിലിറ്റേഷൻ സെന്റർ വിഭാവന ചെയ്യുന്നത്. ഈ മൂന്നു തരത്തിലുള്ള തെറാപ്പിസ്റ്റുകളുടെ സേവനവും ഓരോ മാസവും രണ്ടു തവണയെങ്കിലും ലഭ്യമാക്കുന്നത് ഉചിതമായിരിക്കും. കുട്ടികളെ രക്ഷകർത്താക്കൾ തന്നെ നിശ്ചിത ദിവസങ്ങളിൽ സെന്ററുകളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കേണ്ടതാണ്. ഓരോ സ്പെഷ്യലിസ്റ്റുകൾക്കും ഒരു സിറ്റിംഗിന് 1000/- രൂപ ക്രമത്തിൽ മൂന്ന് പേർക്ക് ഒരു മാസം രണ്ട് സിറ്റിംഗ് വീതമെങ്കിലും നൽകത്തക്കവണ്ണം തുക വകയിരുത്തി പ്രോജക്ട് വയ്ക്കേണ്ടതും യോഗ്യതയുള്ള തെറാപ്പിസ്റ്റുകളെ നിയോഗിച്ച് സെന്ററുകൾ തടസ്സമില്ലാതെ നടത്തേണ്ടതുമാണ്. കുട്ടികൾക്ക് ആവശ്യമുള്ള റിഫ്രഷ്മെന്റിനും തുക വകയിരുത്താവുന്നതാണ്. കുട്ടികളുടെ ട്രീറ്റ്മെന്റ് ആന്റ് പ്രോഗ്രസ്സ് റിപ്പോർട്ട് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി ഒന്നോ അതിലധികമോ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് സൗകര്യപ്രദമായിരിക്കും. സി.ഡി.പി.ഒ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതുമാണ്.

**7.1.11 ബഡ്സ് റീ ഹാബിലിറ്റേഷൻ ആന്റ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ (ബ്ലോക്ക് പഞ്ചായത്ത് – നഗരഭരണ സ്ഥാപനം)**

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന (ബഡ്സ് സ്ക്കൂൾ, സ്പെഷ്യൽ സ്കൂൾ, ഡേ കെയർ സെന്റർ) പഠനം കഴിഞ്ഞ 18 വയസ്സ് പൂർത്തിയായ കുട്ടികൾക്കായി ബ്ലോക്ക്/നഗരഭരണ സ്ഥാപന അടിസ്ഥാനത്തിൽ വൊക്കേഷണൽ പരിശീലന കേന്ദ്രം ആരംഭിക്കാവുന്നതും ബുക്ക് ബൈൻഡിംഗ്, ടോയ് മേക്കിംഗ്, ആർട്ട് ആന്റ് ക്രാഫ്റ്റ്, കുട നിർമ്മാണം, തുടങ്ങിയവയുടെ നിർമ്മാണ പരിശീലനം നൽകാവുന്നതാണ്. ഇതിലേയ്ക്കാവശ്യമായ സേവനങ്ങൾക്കായി രക്ഷിതാക്കളുടെ സംഘടനയുടെ സേവനവും സന്നദ്ധ സംഘടനകളുടെ പങ്കാളിത്തവും ഉപയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് തയ്യാറാക്കാം.

**7.1.12 സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ:-**

സെന്ററിലെ മാനസികരോഗം വന്ന് ചികിത്സയിലുള്ളവർക്ക് ഡോക്ടർമാർ നിർദ്ദേശിക്ക പ്പെട്ട മുരുന്നുകൾ മുടക്കം കൂടാതെ നൽകുന്നതിന് അലോട്ട്മെന്റ് ഇല്ലെന്ന് സാമൂഹ്യനീതി വകുപ്പ് ജില്ലാ ഓഫീസർ രേഖാമൂലം അറിയിക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ ഇത്തരം രോഗികൾക്കുള്ള മരുന്നിനുള്ള തുക ജില്ലാ പഞ്ചായത്തിന് നൽകാവുന്നതും സാമൂഹ്യ നീതി വകുപ്പിൽ മരുന്ന് വാങ്ങി നൽകുന്നതിനുള്ള നടപടിക്രമം പാലിച്ച് നടപ്പാക്കാവുന്നതുമാണ്. സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉപയോഗിക്കാവുന്നതാണ്.

**7.1.13 വയോജന സൗഹൃദ പരിപാടികൾ**

1) പകൽവീട്, വൃദ്ധസദനം, സായംപ്രഭാ ഹോം എന്നീ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിൽ അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും പ്രതിമാസം 7000 രൂപയിൽ അധികരിക്കാതെ വേതനം നൽകേണ്ടതും സ്ഥാപനങ്ങളുടെ പ്രവർത്തന കാര്യക്ഷമത ഉറപ്പാക്കേണ്ടതുമാണ്. ബന്ധപ്പെട്ട സ്ഥാപന ങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം

2) **വൃദ്ധർക്ക് കട്ടിൽ**
60 വയസ്സു കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് പരമാവധി 4,350 രൂപയിൽ അധികരിക്കാതെ 1.98 മീറ്റർ നീളവും 90 സെ.മി. വീതിയും മുൻ കാലിന് 60 സെ.മീറ്ററും പിൻകാലിന് 50 സെ.മീറ്ററും കട്ടിലിൽ 8 മില്ലീ മീറ്റർ കനവുമുള്ള പ്ലൈവുഡ് ഉറപ്പിച്ചതുമായ മരത്തടിയിൽ/ സ്റ്റീലിൽ പണിത കട്ടിൽ നൽകാവുന്നതാണ്.

3) സ്വന്തമായി വരുമാനമില്ലാത്ത 25 വയസ്സിൽ താഴെ പ്രായമുള്ള ആൺമക്കളുള്ള ബി.പി.എൽ വിധവകൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകാം.

**7.1.14 ഭിന്നശേഷിക്കാരായ കുട്ടികളുടെ തദ്ദേശഭരണ സ്ഥാപനതല കായിക-കലാ മത്സരങ്ങൾ**

സംസ്ഥാനത്തെ എല്ലാ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാരായ എല്ലാ കുട്ടികളുടേയും കായിക കലാ മത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതാണ്. എല്ലാ കുട്ടികളുടേയും ശാരീരിക മാനസികോല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഇനങ്ങൾ ഉൾപ്പെടുത്തി ഏകദിന മത്സരങ്ങൾ നടത്താവുന്നതും വിജയികളാകുന്നവർക്ക് സമ്മാനങ്ങളും പങ്കെടുക്കന്ന എല്ലാപേർക്കും പ്രോത്സാഹന സമ്മനങ്ങളും നൽകേണ്ടതാണ്. കുട്ടികളുടെ അദ്ധ്യാപകരെയും രക്ഷിതാക്കളെയും ആഘോഷത്തിൽ പങ്കെടുപ്പിച്ച് ആകർഷകവും സന്തോഷകരവുമായ ഒരു കൂടിച്ചേരലാക്കി മാറ്റാൻ കഴിയണം. കുട്ടികൾക്ക് റിഫ്രെഷ്മെന്റും ഉച്ചഭക്ഷണവും നൽകേണ്ടതാണ്., റിഫ്രെഷ്മെന്റ്, ഭക്ഷണം, സമ്മാനങ്ങൾ , പ്രോത്സാഹന സമ്മാനങ്ങൾ മറ്റ് ചെലവുകൾ ഉൾപ്പെടെ 75,000 രൂപ വരെ പരമാവധി ചെലവഴിക്കാവുന്നതാണ്.

7.1.15 ***വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം - 2 ലക്ഷം രൂപവരെ വരുമാന മുള്ള പൊതു വിഭാഗത്തിൽപ്പെടുന്ന വിധവകളായവരുടെ പെൺമക്കൾക്ക് 30,000 രൂപ നിര ക്കിൽ വിവാഹ ധനസഹായം നൽകാവുന്നതാണ്. [★28 സ.ഉ(സാധാ)നം. 374//2019/തസ്വഭവ തീയതി 21.02.2019]***

## 7.2.പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾ:-

7.2.1 പട്ടികജാതി/പട്ടിക വർഗ്ഗ പെൺകുട്ടികളുടെ വിവാഹത്തിന് ധന സഹായം നൽകുന്ന പരിപാടികൾ ഗ്രാമപഞ്ചായത്തുകൾക്കും/നഗഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാന പരിധി (3 ലക്ഷം) രൂപയ്ക്കു വിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ കുടുംബങ്ങളിലെ

പെൺകുട്ടികളുടെ വിവാഹത്തിന് 75000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് ***180*** ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. ***കാലപരിധിക്കകം അപേക്ഷിക്കാത്ത കേസ്സുകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാകളക്ടർമാർക്ക് അനുമതി നൽകാവുന്നതാണ്. [ ★ 12 സ.ഉ(സാധാ)നം. 2438/2018/തസ്വഭവ തീയതി 17.09.2018 , ( ★17) സ.ഉ(സാധാ)നം. 2960/2018/തസ്വഭവ തീയതി 21.11.2018 ]***

7.2.2 മിശ്രവിവാഹിതർക്ക് (Intercaste, Marriage, Inter Religion marriage) വരുമാനപിരിധി (പൊതുവിഭാഗം 2 ലക്ഷം/പട്ടികജാതി 3 ലക്ഷം) രൂപയ്ക്കുവിധേയമായി 75,000/- രൂപ നിരക്കിൽ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം.

7.2.3 ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ പട്ടികജാതി/പട്ടികവർഗ്ഗ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 75,000/- രൂപ നിരക്കിൽ ധനസഹായം ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം.

7.2.4 പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 1,00,000/- രൂപ ധനസഹായം നൽകാവുന്നതാണ്. നിർധനരായ കുടുംബങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിനു ശേഷം ഗ്രാമസഭയിൽ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്. ഗുണഭോക്താവിന്റെ കുടുംബത്തിന് ലഭിച്ചിട്ടുള്ള മറ്റ് ആനുകൂല്യങ്ങൾ ഈ ആനുകൂല്യം സ്വീകരിക്കുന്നതിന് തടസ്സമല്ല.

7.2.5 സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും.യോഗ്യതനേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും, സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും ചുവടെ പറയുന്ന ക്രമത്തിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്.1)മെഡിക്കൽ കോഴ്സിന് 30,000/-രൂപ 2)എഞ്ചിനീയറിംഗ് കോഴ്സിന് 25,000/-രൂപ 3)ബിരുദം 20,000/-രൂപ, 4)ബിരുദാനന്തര ബിരുദം 30,000/- രൂപ 5) ഗവേഷണ വിദ്യാർത്ഥികൾ 30,000/- രൂപ, 6) പോളിടെക്നിക്ക് 20,000/രൂപയും 7)മറ്റെല്ലാ സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കും 15,000/-രൂപ വീതവും 8)സംസ്ഥാനത്തിന് പുറത്തുള്ള അംഗീകൃത സർവകലാശാലകളുടെ റഗുലർ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 50,000/-രൂപ വീതവും 9)പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിന് 5000/-രൂപ എന്നിങ്ങനെ നൽകാവുന്നതാണ്. ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി സാധൂകരിക്കണം നിർധനരായ കുടുംബങ്ങൾക്ക് മുൻഗണന നൽകണം. വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം.

7.2.6 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ദേശീയ-അന്തർദേശീയ സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാൽ, അങ്ങനെയുള്ളവർക്ക് അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റി അംഗീകരിച്ചിരിക്കണം. കോഴ്സിന് പോകുന്ന രാജ്യം/സ്ഥലം എന്നിവ പരിഗണിച്ച് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതായിരിക്കും ധനസഹായതുക.

കുറിപ്പ്:- മുകളിൽ പറഞ്ഞ ഇനങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്റ്റുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം എന്നാൽ ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശസ്വയം ഭരണസ്ഥാപനത്തിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല. ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിലും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റ് പ്രകാരമുള്ളവർക്ക് മാത്രമേ ആനുകൂല്യം നൽകാനാവൂ. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളാണ് ആനുകൂല്യം നൽകുന്നതെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭിച്ചിരിക്കണം.

7.2.7 പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകുന്നതിന് 5000/-രൂപ വരെ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന

ലിസ്റ്റ് പ്രകാരമായി രിക്കണം നൽകേണ്ടത്. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. നിർധനരായ കുടുംബങ്ങളിലെ കുട്ടികൾക്കാണ് മുൻഗണന നൽകേണ്ടത്. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കണം.

7.2.8 ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം)ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപനമേധാവി യുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ് ഗ്രാമ പഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകാവുന്നതാണ്. ഗുണഭോക്താ ക്കളുടെ ലിസ്റ്റ് ഗ്രാമസഭ/ വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ചിരിക്കണം. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകാം. സ്ഥാപനമേധാവിയിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണം.

1) ***സഉ(സാധാ) നം.397/17/തസ്വഭവ തീയതി 13.02.2017ൽ പ്രകാരമുള്ള സെപ്സിഫിക്കേഷനിലെ വാറണ്ടി കായളവ് അഞ്ചിൽ നിന്ന് മൂന്ന് വർഷമായി കുറവ് ചെയ്തു. [★ 16 സ..ഉ (സാധാ)നം. 2956/18/തസ്വഭവ 21.11.2018]***
2) ***പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലെയും മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുടുംബങ്ങളിലെയും വിദ്യാർത്ഥികൾക്ക് നൽകുന്ന ലാപ്ടോപിന്റെ സ്പെസിഫിക്കേഷൻ പുതുക്കി നിശ്ചയിച്ച് ഉത്തരാവായിട്ടുണ്ട്. [★35 സർക്കുലർ നം. ഡി.എ1 /363/2019/ തസ്വഭവ 20.01.2020]***
3) ***തദ്ദേശഭരണസ്ഥാപനങ്ങൾ തങ്ങൾക്ക് ആവശ്യമായ ലാപ്ടോപ് CPRCS പോർട്ടലിൽ നിന്നുതന്നെ വാങ്ങേണ്ടതാണ്. വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി അടിയന്തിരമായി ലഭ്യമാക്കേണ്ടതുള്ളതിനാൽ ലാപ്ടോപ് കാലതാമസം കൂടാതെ CPRCS മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഐ.ടി മിഷൻ നടപടി സ്വീകരിക്കേണ്ടതാണ്. നിർദ്ദിഷ്ഠ സ്പെസിഫിക്കേഷനും വിലയുമുള്ള ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നും ലഭിയ്ക്കാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ / ഇ ടെണ്ടർ മുഖേന ലാപ്ടോപ് വാങ്ങാവുന്നതാണ്. എന്നാൽ ലാപ്ടോപിന്റെ സ്പെസിഫിക്കേഷൻ 20.01.2020 ലെ ഡി.എ1/363/2019 സർക്കുലർ പ്രകാരമുള്ളതു തന്നെ ആയിരിക്കേണ്ടതും ടെണ്ടർ തുക ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള വിലയേക്കാൾ കുറവുമായിരിക്കണം. [★ 50 സർക്കുലർ നം. ഡി.എ1 / 153/2020/തസ്വഭവ തീയതി 07.09.2020.]***

7.2.9 പാരലൽ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.

7.2.10 എസ്.സി. വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല.

7.2.11 പട്ടികവർഗ്ഗ വിഭാഗം ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന 5000 രൂപ വരെയുള്ള ആനുകൂല്യങ്ങൾക്കും നിലവിൽ 200 രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വച്ചാണ് നൽകുന്നത് അത് ഒഴിവാക്കിയിട്ടുണ്ട്. (05.08.2017-ലെ സ.ഉ.(സാധാ) 2728/2017/തസ്വഭവ)

7.2.12 പട്ടികജാതി/പട്ടികവർഗ്ഗകോളനികളുടെ കുടിവെള്ള പദ്ധതികൾ/കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയുടെ വൈദ്യുതി ചാർജ്ജ് പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

7.2.13 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വേണ്ടി സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും, സൈനിക സ്കൂൾ, നവോദയ, ജി.വി. രാജ സ്പോർട്സ് സ്കൂൾ, എന്നീ സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകൾക്ക് തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നതിനും പട്ടികജാതി വികസനഫണ്ട് വിനിയോഗിക്കാവുന്നതാണ്.

7.2.14 **ഊരുകൂട്ട വോളണ്ടിയർ:-**

സംസ്ഥാനത്തെ ഊരുകൂട്ടങ്ങളിലേയേക്ക് സർക്കാരുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് സഹായകമായി ഊരുകൂട്ട വോളണ്ടറിയറെ നിയോഗിക്കാവുന്നതാണ്. ഇതിനായി ഊരിലെ തന്നെ പത്താംക്ലാസ് വരെയെങ്കിലും പഠിച്ച മൂന്നു പേരുടെ പേരുകൾ ഊരുകൂട്ടം നിർദ്ദേശിക്കണം അതിൽ നിന്നും ഒരാളിനെ ജില്ലാ പഞ്ചായത്ത് അംഗീകരിച്ച്കിലയിൽ പരിശീലനം നൽകി നിയോഗിക്കും. ഇവർക്ക് ഓണറേറിയമായി പ്രതിമാസം 3000 രൂപ നൽകേണ്ടതു മാണ്. ചുമതലകൾ ചുവടെ പറയുന്നവയാണ്.

1) പട്ടികവർഗ്ഗ വിഭാഗത്തിലെ സ്കൂൾ കുട്ടികളുടെ പഠനത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ, അദ്ധ്യയന നിലവാരം ഉയർത്തൽ, തുടർ വിദ്യാഭ്യാസം എന്നീ വിഷയങ്ങളിൽ ആവശ്യമായ സഹായം നൽകുക.
2) സർക്കാർ, തദ്ദേശഭരണ സ്ഥാപന ആനുകൂല്യങ്ങൾ ഊരിലുള്ള ഓരോ ഭവനങ്ങളിലും ലഭിക്കുന്ന തിനാ വശ്യമായ സഹായങ്ങൾ നൽകുക.
3) തദ്ദേശഭരണ സ്ഥാപനം, കുടുംബാരോഗ്യകേന്ദ്രം, കൃഷി ഭവൻ, സഹകരണ സംഘം, പട്ടിക വർഗ്ഗ പ്രമോട്ടർ. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് എന്നീ സ്ഥാപനങ്ങളും ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ആവശ്യങ്ങൾ അറിയിച്ച് നടപടി സ്വീകരിക്കുക
4) മദ്യം മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരായി അവബോധം ഉണ്ടാക്കുക.
5) ഊരിലെ അംഗങ്ങളെ സമൂഹ്യ സുരക്ഷയും വികസനവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.

7.2.15 **പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ:-**

പട്ടികജാതി/പട്ടിക വർഗ യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ് സെറ്റ്, ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. 5% ഗുണഭോക്തൃ വിഹിതമായി അടയ്ക്കണം. നിലവിൽ ലഭിച്ചിട്ടുള്ളവർക്ക് 3 വർഷങ്ങൾക്കു ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളു. ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന പരിചയവും പ്രാവിണ്യവുമുള്ളവരാണെന്ന് കണ്ടെത്തുന്ന 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം

7.2.16 **പട്ടികജാതി/പട്ടികവർഗ്ഗ പ്രതിഭകൾക്ക്-പ്രതിഭാപിന്തുണ**

വിവധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പ്രതിഭാധനരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമൂഹ്യ പിന്തുണയും അംഗീകാരവും ലഭ്യമാക്കുന്നതിനും അവരുടെ പ്രവർത്തന മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ വരും കാലങ്ങളിൽ ഏറ്റെടുക്കുന്നതിനും സാമൂഹ്യവും സാമ്പത്തികവുമായ സഹായവും പിന്തുണയും ലഭ്യമാക്കുന്നതിനും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നടപടി സ്വീകരിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ആവശ്യങ്ങൾ ടി വ്യക്തികളിൽ നിന്നും ഉണ്ടാവുകയാണെങ്കിൽ അവരിൽനിന്നും വിശദാംശങ്ങൾ അടങ്ങിയ ഒരു അപേക്ഷ വാങ്ങി ആവശ്യപ്പെട്ടിരിക്കുന്ന സഹായം ലഭ്യമാക്കുന്നതിന് നൂതന പ്രോജക്ടുകൾക്കുള്ള കമ്മിറ്റിയിൽ അവതരിപ്പിച്ച് സാമ്പത്തിക സഹായത്തിന്റെ തോത്/തുക നിശ്ചയിച്ച് നടപ്പാക്കാവുന്നതാണ്.

7.2.17 **പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനമുറി**

***പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്. നിലവിലുള്ള 800 ചതുരശ്ര അടിയിലധികരിക്കാത്ത വീടിനോടു ചേർന്ന് 120 [★13 സ.ഉ(സാധാ)നം. 2636/2018/തസ്വഭവ തീയതി 15.10.2018] ചതുരശ്ര അടിയിൽ അധികരിക്കാതെ പഠനമുറി നിർമ്മിക്കാവുന്നതാണ്.*** 2 ലക്ഷം രൂപ ആകെ നൽകാവുന്നതും അതിൽ 50,000 രൂപ മുൻകൂറായി നൽകാവുന്നതുമാണ്. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകേണ്ടത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്. ഒരു വീട്ടിലുള്ള എല്ലാ കുട്ടികൾക്കും കൂടിയാണ് പഠനമുറി നൽകുന്നത്. കേരളത്തിലെ പൊതു വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും അംഗീകരിച്ചിട്ടുള്ള ഏതു കോഴ്സിനു പഠിക്കുന്നവരെയും വിദ്യാർത്ഥിയായി കണക്കാക്കണം.

7.2.18 ***പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിയ്ക്കുമ്പോൾ വൈദ്യുതീകരണത്തിനായി വയറിംഗ് പ്രവർത്തികൾ (ലൈറ്റ്, ഫാൻ, പ്ലഗ് പോയിന്റടക്കം) ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേക വാല്യുവേഷൻ കൂടാതെ പരമാവധി 9100/ രൂപ കൂടി ഉൾപ്പെടു***

*ത്തി വാല്യുവേഷൻ തുകയിൽ ചേർക്കാവുന്നതാണ്. പരമാവധി തുക 2.00 ലക്ഷത്തിൽ പരിമിതപ്പെടുത്തണം. [★42 സ.ഉ(സാധാ)നം. 1216/2020/തസ്വഭവ തീയതി 22.06.2020]*

**7.2.19 പട്ടികജാതി/പട്ടികവർഗ കോളനികളിൽ/ ഊരുകളിൽ സാമൂഹ്യ പഠനകേന്ദ്രം**

പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾ ഉള്ള കോളനികളിൽ/ഊരുകളിൽ അവരുടെ വീടിനോടൊപ്പം പഠന മുറി നിർമ്മിക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ ഓരോ കോളനികളിലും ഊരുകളിലും സാമൂഹ്യ പഠന കേന്ദ്രം നിർമ്മിച്ച് പഠന സൗകര്യം ഉറപ്പാ ക്കാവുന്നതാണ്. ഇതിന് അതാത് സ്ഥലത്തെ പ്രത്യേകതകൾക്കനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നിർമ്മാണം നടത്താവുന്നതാണ്. പ്രവർത്തനം കാര്യക്ഷമ മാക്കാൻ മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

**7.2.20 ബാലവാടി കം ഫീഡിംഗ് സെന്റർ**

പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്നും കൈമറിയിട്ടുള്ള ബാലവാടി-കം-ഫീഡിംഗ് സെന്റർ, സീസൺഡേകെയർ സെന്റർ, നഴ്സറി സ്കൂളുകൾ മുതലായവ യിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ,ഭക്ഷണം,യൂണീഫോം എന്നിവ പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പിലെ നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

**7.2.21 <u>പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികവിന് പിന്തുണ</u>**

സ്കൂൾ, കോളേജ് തലങ്ങളിൽ നടത്തുന്ന കായിക കലാ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽ ചിലരെങ്കിലും തയ്യാറെടുപ്പിനും, യാത്രക്കൂലിക്കും സാമ്പത്തിക പരാധീനത ഉള്ളതുകൊണ്ട് പങ്കെടുക്കാതെ വരുന്ന സ്ഥിതിയുണ്ട്. ആയതിനാൽ ചുവടെ പറയുന്ന തരത്തിൽ ധനസഹായം നൽകി മികവിന് പിന്തുണയും അംഗീകാരവും നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ട് ഏറ്റെടുക്കാം.

| സ്കൂൾതലം | മാനദണ്ഡം | തയ്യാറെടുപ്പ് രൂപ | യാത്രാക്കൂലി രൂപ | ആകെ രൂപ |
|---|---|---|---|---|
| 1)ജില്ലാതലത്തിലേയ്ക്ക് | സ്കൂളിൽ നിന്നുള്ള വിജയം | 300 | 200 | 500 |
| 2)സംസ്ഥാനതലത്തിലേയ്ക്ക് | ജില്ലയിൽ നിന്നുള്ള വിജയം | 600 | 400 | 1000 |
| **കോളേജ്തലം** | | | | |
| 1)ജില്ലാതലത്തിലേയ്ക്ക് | കോളേജിൽ നിന്നുള്ള വിജയം | 400 | 300 | 700 |
| 2)സംസ്ഥാനതലത്തിലയേക്ക് | യൂണിവേഴ്സിറ്റിയിൽ നിന്നുള്ള വിജയം | 1000 | 500 | 1500 |

ഈ പദ്ധതി സംബന്ധിച്ച് എല്ലാ സ്കൂളിനും നോട്ടീസ് നൽകണം

1) സ്കൂൾ കോളേജ് അധികൃതരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തൽ നിർദ്ദിഷ്ഠ മത്സരത്തിൽ പങ്കെടുക്കാൻ സഹായകരമായ വിധത്തിൽ മുൻകൂട്ടി ധനസഹായം വിതരണം ചെയ്യേണ്ടതാണ്.
2) വിദ്യാർത്ഥി സ്ഥിരമായി താമസിക്കുന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനമാണ് ധനസഹായം നൽകേണ്ടത്
3) ഈ ധനസഹായം കരസ്ഥമാക്കുന്നതിനായി വിദ്യാർത്ഥികളുടെ അപേക്ഷയിൽ രക്ഷകർത്താവും കൂടി പേര് രേഖപ്പെടുത്തി ഒപ്പ് വച്ച് സ്കൂൾ/കോളേജ് അധികൃതരുടെ സാക്ഷ്യപത്രം സഹിതം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ നൽകണം
4) അപേക്ഷ ലഭിച്ച ഉടനെ തന്നെ സെക്രട്ടറി നിജ സ്ഥിതി അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് നടപടി സ്വീകരിക്കണം
5) ഏകദേശ തുക കണക്കാക്കി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുക
6) വിദ്യാഭ്യാസ സ്ഥാപന മേധാവികൾ അംഗീകരിച്ച് തരുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ വ്യക്തിഗത അപേക്ഷ പ്രകാരം തുക വിതരണം ചെയ്യണം.
7) ഗ്രാമ നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം

7.2.22 **ജില്ലാ/യൂണിവേഴ്സിറ്റിതല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റ് ഉപകരണങ്ങൾ നൽകൽ (ബ്ലോക്ക് പഞ്ചായത്ത്- നഗരഭരണ സ്ഥാപനങ്ങൾ)**

ജില്ലാ കലോത്സവങ്ങൾ, ജില്ലാ കായിക മേളകൾ യൂണിവേഴ്സിറ്റിതല മത്സരങ്ങൾ എന്നിവയിൽ വിജയിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് അവരവരുടെ മേഖലയിൽ തുടർന്നും പ്രവർത്തിക്കാനും കഴിവ് വികസിപ്പിക്കാനും സഹായകമാകുന്ന തരത്തിൽ പ്രോത്സാഹനവും പിന്തുണയും നൽകുന്നതിനായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകേണ്ടതാണ്.

| | മാനദണ്ഡം | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|---|
| സ്കൂൾതലം | (ജില്ലാതല വിജയം) | 5,000.00 | 2,500.00 |
| യൂണിവേഴ്സിറ്റിതലം | (സംസ്ഥാനതല വിജയം) | 7,000.00 | 4,000.00 |

1) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും നഗരഭരണ സ്ഥാപന സെക്രട്ടറിയും നിർവഹണ ഉദ്യാഗസ്ഥനായി പ്രോജക്ട് തയ്യാറാക്കണം
2) ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗത അപേക്ഷ പ്രകാരം തുക വിതരണം ചെയ്യണം.
3) പാരിതോഷിക വിതരണം സമുചിതമായ ഒരു യോഗത്തിൽ വച്ച് നടത്തേണ്ടതാണ്.

7.2.23 **ദേശീയ അന്തർദേശീയ തലത്തിലെ കലാ-കായിക മത്സര പങ്കാളിത്തത്തിന് ധനസഹായം/പിന്തുണ:- ജില്ലാ പഞ്ചായത്ത് - നഗരഭരണ സ്ഥാപനങ്ങൾക്കും**

ദേശീയ അന്തർദേശീയ തലങ്ങളിലേയ്ക്ക് കലാ കായിക മത്സരങ്ങളിലേയ്ക്ക് പ്രവേശനം ലഭിക്കുന്ന പ്രതിഭകൾക്ക് നിർദ്ദിഷ്ട മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സഹായിക്കുന്നതിനായി ദേശീയ തലത്തിലെ പങ്കാളിത്തത്തിന് 10,000/- രൂപയും അന്തർ ദേശീയ തലത്തിലെ പങ്കാളിത്തത്തിന് 20,000/-രൂപയും മറ്റ് ഔപചാരിക സഹായങ്ങൾക്ക് പുറമെ നൽകാവുന്നതാണ്. നിർദ്ദിഷ്ട വ്യക്തിയുടെ രേഖാമൂലമായ അപേക്ഷയോടൊപ്പം അംഗീകാരം/മികവ്/പ്രവേശനം ലഭിച്ചത് സംബന്ധിച്ച രേഖയുടെ പകർപ്പ് അറ്റസ്റ്റ് ചെയ്ത് നൽകേണ്ടതാണ്. ഈ ആവശ്യത്തിനുവേണ്ടിയുള്ള പ്രോജക്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നഗരഭരണ സ്ഥാപന സെക്രട്ടറിയും നിർവഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കി ധനസഹായം നൽകണം.

7.2.24 **പട്ടികജാതി പട്ടികവർഗ്ഗ എച്ച്.എസ്.എസ് വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ**

ജില്ലാ പഞ്ചായത്തിന്റെയും നഗരഭരണ സ്ഥാപനങ്ങൾക്കും ആഭിമുഖ്യത്തിലുള്ള എല്ലാ ഹയർസെക്കന്ററി ക്ലാസ്സുകളിലേയും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു വിദ്യാഭ്യാസവർഷത്തിൽ നാല് തവണ കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നൽകേണ്ടതാണ്. ഇതിനായി ഒരു സ്കൂളിൽ ആകെയുള്ള +1, +2 വിദ്യാർത്ഥികൾക്ക് പ്രത്യേകം പ്രത്യേകം ക്ലാസ്സുകൾ ക്രമീകരിക്കുന്നത് അഭികാമ്യമായിരിക്കും. ഇതിനായി ഈ മേഖലയിൽ പ്രശസ്തമായി നിലനിൽക്കുന്ന സ്ഥാപനങ്ങൾ/ട്രയിനർമാരുടെ പാനൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ഓരോ സ്കൂളുകൾക്കും ട്രയിനർമാരെയും അവർക്കുള്ള ഓണറേറിയവും നൽകേണ്ടതാണ്. സ്കൂളുകളിൽ കുട്ടികൾ എല്ലാവരും കൃത്യമായി ക്ലാസ്സിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഈ ചുമതല സ്വയമേവ ഏൽക്കുന്ന ഒരു അദ്ധ്യാപകൻ/ അദ്ധ്യാപികയെ പ്രധാന അദ്ധ്യാപകൻ രേഖാമൂലം ചുമതല ഏൽപ്പിക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക എസ്.സി.പി/റ്റി.എസ്.പി ഫണ്ടുകളിൽ നിന്നും വകയിരുത്തി നടപ്പാക്കാവുന്നതാണ്.

7.2.25 **പട്ടികജാതി/പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ**

ജില്ലാ പഞ്ചായത്തിന്റെയും നഗരസഭകളുടേയും ആഭിമുഖ്യത്തിലുള്ള എല്ലാ പട്ടികജാതി/ പട്ടികവർഗ്ഗ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും ഒരു വിദ്യാഭ്യാസ വർഷത്തിൽ നാല് തവണ, രണ്ട് മണിക്കൂർ വീതം വ്യക്തിത്വ വികാസം, നേതൃത്വപാടവം, മോട്ടിവേഷൻ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകേണ്ടതാണ്. ഇതിനായി 8, 9, 10 ക്ലാസ്സുകളിലായി ഒരു സ്കൂളിൽ ആകെയുള്ള വിദ്യാർത്ഥികൾക്ക് ഒരുമിച്ച് ക്ലാസ്സുകൾ ക്രമീകരിക്കുന്നത് അഭികാമ്യമായിരിക്കും. ഇതിനായി ഈ മേഖലയിൽ ഔപചാരികമായി അംഗീകരിക്കപ്പെട്ട ട്രയിനർമാരുടെ പാനൽ ജില്ലാ പഞ്ചായത്ത് തയ്യാറാക്കി ഓരോ സ്കൂളുകൾക്കും ട്രയിനർമാരെയും അവർക്കുള്ള ഓണറേറിയവും നൽകേണ്ടതാണ്. സ്കൂളുകളിൽ കുട്ടികൾ എല്ലാവരും കൃത്യമായി ക്ലാസ്സിൽ പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ

ഈ ചുമതല സ്വയമേവ ഏൽക്കുന്ന ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയെ പ്രധാന അദ്ധ്യാപകൻ രേഖാമൂലം ചുമതല ഏൽപ്പിക്കേണ്ടതാണ്. ഇതിന് ആവശ്യമായ തുക എസ്.സി.പി/റ്റി.എസ്.പി ഫണ്ടുകളിൽ നിന്നും വകയിരുത്തി നടപ്പാക്കാവുന്നതാണ്.

7.2.26 **പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ- യുവാക്കൾക്ക് തൊഴിൽ നേടാനുള്ള പരിശീലനം**

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ എസ്.എസ്.എൽ. സി പരീക്ഷ വിജയിച്ചവർ മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും തൊഴിൽ തൽപരരുമായ എല്ലാവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതുവരെ പരിശീലനം നൽകുന്നതിനുള്ള പദ്ധതി. ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ നടപ്പാക്കാവുന്നതാണ്.

- ഉദ്യോഗാർത്ഥികളുടെ സ്വന്തം തദ്ദേശഭരണ സ്ഥാപനത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.
- തദ്ദേശഭരണ സ്ഥാപനം ലിസ്റ്റ് തയ്യാറാക്കി ജില്ലാപഞ്ചായത്തുകൾക്ക് നൽകും.
- ലിസ്റ്റ് പരിശോധിച്ച് ഗുണഭോക്താക്കളെ വിദ്യാഭ്യാസ യോഗ്യതയുടേയും തൊഴിൽ താൽപര്യ മേഖലകളുടേയും അടിസ്ഥാനത്തിൽ ക്രമീകരിച്ച് പ്രാഥമിക ലിസ്റ്റ് തയ്യാറാക്കും
- ജില്ലാ പഞ്ചായത്തുകൾ സംസ്ഥാനതലത്തിൽ താൽപര്യ പത്രം ക്ഷണിച്ച് ഈ മേഖലയിൽ പരിശീലനം നൽകുന്ന സർക്കാർ/സർക്കാരേതിര സ്ഥാപന ങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കി-അവരുമായി ചർച്ച ചെയ്ത് പരിശീലന നിബന്ധനകളും രീതിയും നിശ്ചയിക്കും.
- പരിശീലനാർത്ഥികളെ കൗൺസിലിംഗിനു വിളിച്ച് പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി ഏതു മേഖലയിലെ തൊഴിലിനാണ് താൽപര്യം എന്ന് അന്തിമായി നിശ്ചയിച്ച് എന്റോൾ ചെയ്യും
- പരിശീലന നിബന്ധനകൾ അനുസരിച്ച് പരിശീലനം പൂർത്തീയാക്കുന്നതാണന്നും കരാറിൽ ഒപ്പു വച്ച് ഗുണഭോക്താവിനെ നിശ്ചയിച്ച് നടപടി സ്വീകരിക്കണം
- ജില്ലാ പഞ്ചായത്ത്/നഗരസഭ പരിശീലന സ്ഥാപനങ്ങളുമായി വ്യവസ്ഥ ചെയ്ത് പരിശീലന ഫീസ് നൽകുന്നത് ധാരണയാക്കി നടപ്പിലാക്കാവുന്നതാണ്.

## 7.3. വിദ്യാഭ്യാസം

**7.3.1 ലൈബ്രേറിയൻ:-**

സർക്കാർ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ യോഗ്യതയുള്ള ലൈബ്രേറിയ ന്മാരെ കരാർ വ്യവസ്ഥയിൽ 10 മാസത്തേയ്ക്ക് നിയോഗിച്ച് വേതനം നൽകാവുന്നതാണ്. ഇവർക്ക് പ്രതിമാസം 8000 രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതും പ്രതിമാസ പ്രവർത്തന പുരോഗതി വിലയിരുത്താൻ നടപടി സ്വീകരിക്കേണ്ടതുമാണ്. (പകൽവീട്, വൃദ്ധസദനം, തുടങ്ങിയ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ നടത്തിപ്പിൽ അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാ വുന്നതും വേതനം നൽകാവുന്നതുമാണ്.)

**7.3.2 കായിക അദ്ധ്യാപകരുടെ കരാർ നിയമനം:-**

ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടെയും ചുമതലയുള്ള സ്കൂളുകളിൽ കായിക അദ്ധ്യാപകരില്ലെങ്കിൽ കരാറടിസ്ഥാനത്തിൽ പരമാവധി ഒരു അദ്ധ്യയന വർഷം 10 മാസക്കാലയള വിലേയ്ക്ക് പ്രതിമാസം 10,000/- രൂപ ക്രമത്തിൽ ബി.പി.എഡ്ഡ്/എം.പി.എഡ്ഡ്/ തത്തുല്യ യോഗ്യത ഉള്ളവരെ നിയമിക്കാവുന്നതാണ്. സ്കൂൾ കുട്ടികളുടെ കായിക നിലവാരം മെച്ചപ്പെടുത്തു ന്നതിനും സ്കൂൾ തലത്തിൽ കായിക താരങ്ങളെ പരിശീലിപ്പിച്ച് വിവിധ തലത്തിലുള്ള മത്സരങ്ങൾക്ക് സജ്ജരാക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഗെയിംസ് ഫെസ്റ്റ്വെലിന് സഹായിക്കുകയും ചെയ്യുകയുമാണ് ചുമതല. ജില്ലാതല യൂത്ത്ക്ലബ് ഏകോപന സമിതി ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.

**7.3.3 കായിക ക്ഷമത - എൽ.പി.എസ് കുട്ടികളിൽ**

ജീവിത വിജയത്തിന്റെ നല്ല പാഠങ്ങൾ കുട്ടിക്കാലത്ത് തന്നെ അഭ്യസിക്കാൻ അവസരം ലഭ്യമാക്കുകയാണ് രക്ഷാകർക്കളുടേയും സമൂഹത്തിന്റെയും ചുമതല. കുട്ടികൾ നട്ടെല്ല് നിവർന്നു, നെഞ്ചുവിരിച്ച്, ശിരസ് ഉയർത്തി, ബഞ്ചിൽ ഇരുന്നു പഠിക്കാൻ കഴിഞ്ഞാൽ

അവർ ശ്വസിക്കുന്ന വായുവിലൂടെ ലഭിക്കുന്ന ഓക്സിജൻ തലച്ചോറുൾപ്പടെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും പൂർണ്ണതോതിൽ എത്തിച്ചേർന്ന് അവർ എപ്പോഴും ഊർജ്ജസ്വലരായിരിക്കും. ഇങ്ങനെ ഒരു കുട്ടി ഇരിക്കണമെങ്കിൽ കായികക്ഷമതയുണ്ടായിരിക്കണം. കുട്ടികൾ താല്പര്യത്തോടെ ചെയ്യാൻ ആഗ്രഹിക്കുന്ന കളികളിലൂടെ ശാസ്ത്രീയമായ വ്യായാമ മുറകൾ സ്ഥിരമായി ആവർത്തിക്കാൻ അവസരം നൽകണം. ഇത് ക്ലാസ് ടീച്ചറുടെ സാന്നിദ്ധ്യത്തിൽ സ്കൂൾ പി.റ്റി. പിരീഡിൽ കമ്മ്യൂണിറ്റി സ്പോർട്സ് ലീഡേഴ്സിന്റെ/സ്പോർട്സ് അക്കാദമിയുടെ സഹായ ത്തോടെ പ്രത്യേകമായി രൂപകല്പന ചെയ്ത ഉപകരണങ്ങളും, സ്പോർട്സ് ഉപകരണങ്ങളും ഉപയോഗിച്ച് ചെയ്യാവുന്നതാണ്. അതിനായുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തിനും എടുക്കാവുന്നതാണ്.

***7.3.4 കോവിഡ് കാലത്ത് വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി കമ്പ്യൂട്ടർ വാങ്ങി നൽകു ന്നതിനും / പൊതുസൗകര്യം ഉറപ്പാക്കുന്നതിനും***

***1) ഓൺലൈൻ പഠനസൗകര്യത്തിനായി തദ്ദേശഭരണസ്ഥാപന പ്രദേശത്തുള്ള വിദ്യാർത്ഥി കൾക്ക് ആവശ്യകത പരിശോധിച്ച് അതാത് സ്ഥാപനങ്ങളുടെ കമ്മിറ്റി / കൗൺസിൽ തീരുമാ നത്തിന് വിധേയമായി തുക ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.***

*[★39 സ.ഉ(സാധാ)നം. 1114/2020/തസ്വഭവ തീയതി 12.06.2020]*

*ഏറ്റവും ബെയ്സ് മോഡൽ ആയ ലാപ് ടോപ് വാങ്ങി നൽകിയാൽ മതിയാകും.*
*[★54 സർക്കുലർ നം. ഡി.എ1/208/2020/തസ്വഭവ തീയതി 20.10.2020]*

*ടെലിവിഷൻ/ ലാപ്ടോപ്/കമ്പ്യൂട്ടർ എന്നിവ വാങ്ങി നൽകാവുന്നതല്ല. [★51 സർക്കുലർ നം. എഫ്.എം2/ 148/20/തസ്വഭവ തീയതി 22.09.20]*

***2) ഓൺലൈൻ പഠനത്തിനായി അംഗൻവാടികൾ, വായനശാലകൾ തുടങ്ങി തദ്ദേശസ്ഥാപനം ശുപാർശ ചെയ്യുന്ന സ്ഥാപനങ്ങളിൽ പഠനകേന്ദ്രം തുടങ്ങുന്നതിന് ടി.വി സെറ്റിന്റെ ബിൽ പ്രകാരമുള്ള തുകയുടെ 75% മോ 10,000 രൂപയോ ഏതാണോ കുറവ് ആയത് കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്. ഇതിനേക്കാൾ അധികതുക ആവശ്യമായി വന്നാൽ ബിൽ പ്രകാരമുള്ള തുക തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിന് അനുമതി നൽകുന്നു.***

*[★43 സ.ഉ(സാധാ)നം. 1269/2020/തസ്വഭവ തീയതി 25.06.2020]*

## വനിതാ വികസനം

**7.4.1.ജെന്റർ റിസോഴ്സ് സെന്റർ:-**

1. ജില്ല തലത്തിൽ ജെന്റർ റിസോഴ്സ് സെന്ററിന് രൂപം നൽകണം. ജില്ലാ പഞ്ചായത്ത്/നഗരഭരണ സ്ഥാപനതലത്തിലുള്ള എല്ലാ സ്കൂളുകളിലും ജെന്റർ റിസോഴ്സ് സെന്ററിലൂടെ മറ്റ് സ്ഥാപനതലങ്ങളിലെ പ്രവർത്തനങ്ങൾക്കുള്ള വൈദഗ്ദ്ധ്യം, പിന്തുണ, ഏകോപനം എന്നിവ ഉറപ്പാക്കുക.
2. പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം, തയ്യാറാക്കുന്ന പ്രോജക്റ്റുകൾക്ക് വേണ്ട സാങ്കേതിക സഹായം, നൂതന ആശയങ്ങൾ വികസിപ്പിക്കൽ, ജാഗ്രതാസമിതി, ജെന്റർ ഡെസ്ക്ക് തുടങ്ങിയവയുടെ പരിശീലനം, പിൻതുണ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജെന്റർ പരിശിലനം മോഡ്യുൾ തയ്യാറാക്കൽ.
    - നൂതനമായ പ്രോജക്ടുകൾ തയ്യാറാക്കി തദ്ദേശഭരണസ്ഥാപനങ്ങളെ പരിചയപ്പെടു ത്തുക, പ്രചാരണം നൽകുക.
    - DPCതലത്തിൽ എല്ലാ ജില്ലയിലും 15 പേരിൽ കവിയാത്ത ഒരു ജന്റർ റിസോഴ്സ് ടീമിന് രൂപം നൽകണം. ഇതിൽ ഡി.പി.സി. തീരുമാനിക്കുന്ന വനിത ഡി.പി.സി മെമ്പർ അദ്ധ്യക്ഷയും വനിത പ്രൊട്ടക്ഷൻ ഓഫീസർ കൺവീനറും, ജന്റർ സ്റ്റഡീസ്/വിമൺ സ്റ്റഡീസ് എന്നീ വിഷയങ്ങൾ ഐശ്ചിക വിഷയമായി പഠിച്ചവർ, ഈ വിഷയങ്ങളിൽ റിസേർച്ച് നടത്തിയവർ, ജെന്റർ, വിമൺ എന്നി വിഷയങ്ങളിൽ പ്രവർത്തന പരിചയമുള്ളവർ, വികേന്ദ്രീകൃത ആസൂത്രണത്തിൽ പരിജ്ഞാനമുള്ള വർ സി.ഐ വനിതാസെൽ, ലീഗൽ അതോറിറ്റി പ്രതിനിധി, വനിതാ വികസന ഓഫീസർ എന്നിവർ അംഗങ്ങളായുള്ള സമിതിയായിരിക്കണം.
3. ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷേമകാര്യസ്റ്റാറ്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യ ക്ഷൻ, അസിസ്റ്റന്റ് സെക്രട്ടറി, കൺവീനർ, ഐ.സി.ഡി.എസ് സുപ്പർവൈസർ, സി.ഡി.

എസ്, ചെയർപേഴ്സൺ,രണ്ട് വനിത മെമ്പർമാർ,സന്നദ്ധ പ്രവർത്തകരായ വനിത കൾ,വിദഗ്ദ്ധർ, അടക്കം 15 പേർ ജെന്റർ റിസോഴ്സ് സെന്ററിന്റെ ആവശ്യത്തിനായി രൂപീകരിക്കാവുന്ന താണ്.

4. സ്ത്രീകളുടെ സാമൂഹ്യപദവി പഠനം പൂർത്തിയാക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങളിൽ അത് പൂർത്തിയാക്കുകയും, പൂർത്തിയാക്കിയ തദ്ദേശഭരണ സ്ഥാപനത്തിൽ അത് കാലാനുസൃ തമാക്കാവുന്നതുമാണ്.
5. പ്രവർത്തനങ്ങൾക്ക് 2 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ട് ഓരോ സ്ഥാപന ത്തിലും തയ്യാറാക്കാവുന്നതാണ്.
6. ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെയും വരും വർഷങ്ങളിലെ വനിതാ ഘടകപദ്ധതി യുക്തിഭദ്രമായ അടിത്തറയിൽ തയ്യാറാക്കുകയും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുകയാണ് പ്രധാന ലക്ഷ്യം.
7. കൗമാരക്കാരായ പെൺകുട്ടികളുടെ കൗൺസിലിംഗിന് നിയോഗിക്കു ന്നവരുടെ പ്രതിമാസ അവലോകനയോഗം ചേരേണ്ടതും റിപ്പോർട്ട് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് നൽകി തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.
8. തദ്ദേശഭരണസ്ഥാപനവും അവയുടെ എല്ലാ ഘടക സ്ഥാപനങ്ങളും സ്ത്രീ സൗഹൃദമാ ക്കുന്നതിനും പൊതു ഇടങ്ങളിലെ സ്ത്രീ സുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കു ന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും നടത്താവുന്നതാണ്.
9. ഒരോ വർഷാവസാനവും സ്ത്രീ വികസനവുമായി ബന്ധപ്പെട്ട അവസ്ഥാവിശകലന റിപ്പോർട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഫെർഫോമൻസ് അവലോകന റിപ്പോർട്ടും പ്രസിദ്ധീകരിക്കേണ്ടതാണ്.
10. തദ്ദേശഭരണസ്ഥാപനം ജെന്റർ ഓഡിറ്റ് നടത്തേണ്ടതാണ്.

### 7.4.2 ജാഗ്രതാ സമിതി:-

1. ഗ്രാമ/ജില്ല/നഗരഭരണ സ്ഥാപനതലത്തിലുള്ള ജാഗ്രതാ സമിതി/വാർഡ് ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥി നികളുടെ സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും, കൗൺസിലിംഗിനും, മാനസികാരോഗ്യത്തിന് സഹായകരമായ വിധത്തിൽ സ്ക്കൂളുകളിൽ ജെന്റർ ഡെസ്ക് സ്ഥാപിക്കുക.
3. ജാഗ്രതാസമിതി പ്രവർത്തനത്തിനും ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനത്തിനും കൂടി കരാർ അടിസ്ഥാനത്തിൽ യോഗ്യതയുള്ള ഒരു വനിതയെ നിയോഗിക്കാവുന്ന താണ്. ചിലവ് ഈ പ്രോജക്ടിലൂടെ നടത്താവുന്നതാണ്.
4. **കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ (CWF)**

ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ കാര്യ ക്ഷമമാക്കുന്നതിന് എം.എസ്.ഡബ്ല്യു. യോഗ്യതയോ അതിന് തത്തുല്യമായ വിമൻസ് സ്റ്റഡീസ്, സൈക്കോളജി, സോഷ്യോളജി എന്നീ വിഷയങ്ങളിലെ ബിരുദാനന്തര ബിരുദ യോഗ്യതയോ ഉള്ള (റെഗുലർ ബാച്ചിൽ പഠിച്ച് ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള) ഒരു വനിതയെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും വേതനം നൽകാവുന്നതുമാണ്. ജില്ലാ ജെന്റർ റിസോഴ്സ് സെന്റർ ഇവരുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തത വരുത്തി അവലോകനം ചെയ്യുന്നതിന് ജില്ലയ്ക്കാകെ ബാധകമായ നടപടിക്രമം നിശ്ചയിക്കേ ണ്ടതും അതത് തദ്ദേശഭരണ സ്ഥാപനതല ത്തിലും ജില്ലയിൽ പൊതുവെയും സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ടും സ്ത്രീ സാമൂഹ്യ പദവി ഉയർത്തുന്നതിന് സഹായകവുമായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തേണ്ടതുമാണ്. സ്ത്രീ പദവി പഠനം നടത്തിയിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ അത് നടത്തുകയും സ്ത്രീ പദവി പഠനം നടത്തി രേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത് പരിഷ്ക്കരിച്ച് സമകാലീനമാക്കാവുന്നതുമാണ്. ഇതിനായി കിലയിൽ നിന്നും പരിശീലനം ആവശ്യമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ രേഖാമൂലം ആവശ്യപ്പെടേണ്ടതുമാണ്. എല്ലാ സ്കൂളുകളിലും തൊഴിൽ ശാലകളിലും ജെന്റർ ഡസ്ക് രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ഇവർക്ക് പ്രതിമാസം 15,000/- രൂപയിൽ അധികരിക്കാതെ വേതനം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാവുന്നതാണ്. പ്രതിമാസ അവലോകനം തദ്ദേശഭരണ സ്ഥാപനതല ത്തിലും ജില്ലാതലത്തിലും നടത്തി പ്രവർത്തന പുരോഗതി ഉറപ്പാക്കേണ്ടതും മിനിട്സ് സൂക്ഷിക്കേണ്ടതുമാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവു ന്നതുമാണ്.

### 7.4.3 ജെന്റർ ഡെസ്ക്:-

വിദ്യാർത്ഥിനികളുടെയും വനിതകളുടെയും സുരക്ഷയ്ക്ക് പരാതിപരിഹാരത്തിനും കൗൺ സിലിംഗിനും സഹായകമായ വിധത്തിൽ ജെന്റർഡെസ്ക് രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

#### 7.4.4 കൗമാരക്കാരയ പെൺകുട്ടികൾക്ക് കൗൺസിലിംഗ്:-

കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺ സിലിംഗ് നൽകുന്നതിന് നിർദ്ദിഷ്ഠ യോഗ്യ തയുള്ള കൗൺസിലർമാരെ കരാറടിസ്ഥാന ത്തിൽ നിയോഗിക്കാവുന്നതാണ്. ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ സർക്കാർ/എയ്ഡഡ് എച്ച്.എസ്/എച്ച്.എസ്.എസ് സ്ക്കൂളു കളിലെ പെൺകുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി രണ്ടോ മൂന്നോ സ്കൂളുകളെ ഒരു യൂണിറ്റായി കണക്കാക്കി ഒരു സ്ക്കൂൾ കൗൺസിലർക്ക് ചുമതല നൽകാവുന്നതാണ്. സാമൂഹ്യനീതി വകുപ്പും വിദ്യാഭ്യാസ വകുപ്പും നിയോഗിച്ചിട്ടുള്ള സ്കൂൾ കൗൺസിലേഴ്സിനെ കൂടി കണക്കാക്കി ജില്ലയിലെ എല്ലാ ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി സ്ക്കൂളുകളിലും കൗൺസിലറുടെ സേവനം കിട്ടത്തക്കവണ്ണം ക്രമീകരിക്കണം. ഇങ്ങനെ ക്രമീകരിക്കുമ്പോൾ കൗൺസിലറെ അധികമായി വേണ്ടി വരികയാണെങ്കിൽ നിർദ്ദിഷ്ഠ യോഗ്യതയുള്ള കൗൺസിലർമാരെ കരാറടിസഥാനത്തിൽ ജില്ലാ പഞ്ചായത്തിന്/ നഗരസഭകൾക്ക് നിയോഗിക്കാവുന്നതും 10 മാസത്തേയ്ക്ക് വേതനം നൽകാവുന്നതുമാണ്. സാമൂഹ്യനീതി വകുപ്പിലെ മാനദണ്ഡപ്രകാരം യോഗ്യതയും, വേതനവും നിശ്ചയിക്കാ വുന്നതാണ്. കൗൺസിലർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും പ്രതിമാസ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ചുവടെ ചേർക്കുന്നവർ അംഗങ്ങളായ മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണ്.

**ചെയർപേഴ്സൺ:-** ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
**കൺവീനർ:-** ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ
**അംഗങ്ങൾ** 1) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
2)ജില്ലാ വനിതാ ക്ഷേമ ഓഫീസർ
3)സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു സന്നദ്ധ പ്രവർത്തകൻ
4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
5) ജില്ലാ മെഡിക്കൽ ഓഫീസർ

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടത്തിവരുന്ന ഉണർവ് പരിപാടി അവലംബ മാക്കാവുന്നതാണ്. എല്ലാ ജില്ലാ പഞ്ചായത്തുകളും/നഗരസഭകളും പ്രോജക്ട് ഏറ്റെടുക്കേണ്ടതാണ്.

## 7.5.പൊതുജനാരോഗ്യം

#### 7.5.1 ലാബ് ടെക്നീഷ്യൻ:-

പ്രാഥമിക ആരോഗ്യ കേന്ദ്രം/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ ലാബുകളിൽ സർക്കാർ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് ലാബ് ടെക്നീഷ്യനെ നിയമിക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കാവുന്നതാണ്. ഇത്തരം സാഹചര്യ ത്തിൽ നിയമനം ഹെൽത്ത് മിഷന്റെ മാനദണ്ഡ പ്രകാരമായിരിക്കേണ്ടതും വേതനം വികസനഫണ്ടിൽ നിന്നും നൽകാ വുന്നതുമാണ്. ആവശ്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

#### *7.5.2*ഡോക്ടറും പാരാമെഡിക്കൽ സ്റ്റാഫും

- ചില പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും (1pm - 7 pm) ആവശ്യമായി വരും. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം നിയമിക്കാവുന്നതും അവരുടെ വേതനം വികസനഫണ്ടിൽ നിന്ന് നൽകാവുന്നതുമാണ്. ആവശ്യമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം

  ***ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കണം.***

  1) ***തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും നേരിട്ട് നിയമനം നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മാത്രം ജില്ലാ തലത്തിൽ ഇന്റർവ്യൂ നടത്തി എടുക്കുന്ന രീതി അവലംബിക്കാവുന്നതാണ്.***
  2) ***നിയമിക്കപ്പെടുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ആരോഗ്യ വകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നൽകാവുന്നതാണ്. വേതനം നൽകുന്നതിൽ തടസ്സമുണ്ടാകാതിരിക്കാൻ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിക്കാവുന്നതാണ്.***
  3) ***മുകളിൽ പറഞ്ഞ പ്രകാരം നിയമിക്കപ്പെടുന്നവർ ഉച്ച കഴിഞ്ഞുള്ള സേവനം മാത്രം നട ത്തുന്ന രീതിയാണ് കാണുന്നത്. ഇങ്ങനെ നിയമിക്കപ്പെടുന്നവർ രാവിലെ 9 മണി മുതൽ***

*വൈകിട്ട് 6 മണി വരെ സേവനം നടത്തുന്നതിന് ഒരു ടീമായി പ്രവർത്തിക്കുന്നതിന് മറ്റ് ഡോക്ടർമാരുമായി ചേരണം. കൂടാതെ ഫീൽഡ് തല പ്രവർത്തനം, ഉപ കേന്ദ്ര സേവനം തുടങ്ങിയവയ്ക്കും ഇവരുടെ സേവനം ഉപയോഗിക്കാം. എന്നാൽ ഉച്ചകഴിഞ്ഞ് 1.00 മണിമുതൽ 6.00 മണിവരെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും നേഴ്സുമാരും ഉണ്ട് എന്ന് ഉറപ്പ് വരുത്തണം.*

4) *കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിർബന്ധമായും അധികമായി ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കണം. (★23 സർക്കുലർ നം. 442/ഡി.ബി2/2018/തസ്വഭവ തീയതി 17.01.2019)*

- മഴക്കാല രോഗങ്ങളെ തുടർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളിലും ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും താൽക്കാലികമായി നിയോഗിക്കേണ്ടി വരുമ്പോൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ പ്രസിഡന്റ്/ചെയർമാൻ, ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, പ്രാഥമിക ആരോഗ്യ കേന്ദ്രം/സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റിക്ക് ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തി 01.07.2017 മുതൽ നിയമിക്കാവുന്നതാണ്.(21.06.2017-ലെ സ.ഉ.(സാധാ)നം.2096/17/തസ്വഭവ-സർക്കുലർ നം.337/ഡി.സി.1/16/തസ്വഭവ തീയതി 23.06.2017)
- സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേയും ഹോസ്പിറ്റൽ കിയോസ്കുകളിലെ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ദിവസവേതനം വ്യവസ്ഥകൾക്ക് വിധേയമായി 01.04.2016- മുതൽ 675/- രൂപയും 01.04.2017 മുതൽ 710/- രൂപയും നൽകാവുന്നതാണ് (സ.ഉ.(സാധാ)നം.4079/2017/ തസ്വഭവ തീയതി 18.12.2017)

**7.5.3 ഔഷധങ്ങൾ വാങ്ങൽ**

കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും, ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയല്ലാതെയും, മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

1 അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ.

2 വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ, ആയുർവേദ മരുന്നുകൾ ഔഷധി, ആയുർധാര, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ ഉത്തരവ് പ്രകാരം വാങ്ങാൻ അനുവദിക്കപ്പെട്ട മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ്.

*2.(എ) സിദ്ധ ഡിസ്പെൻസറിയിലേക്കുള്ള മുരുന്നുകൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഔഷധി വഴി IMPCOPS - ൽ (Indian Medical Practioners Co-Operative Pharmacy and Stores) നിന്നാണ് വാങ്ങുന്നത്. ഇപ്രകാരം വാങ്ങുമ്പോൾ IMPCOPS നൽകുന്ന 25% കിഴിവ് ഔഷധി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറണം. ഈ ഡിസ്കൗണ്ട് ഔഷധി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്നില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് IMPCOPS ൽ നിന്ന് നേരിട്ട് മരുന്ന് വാങ്ങാവുന്നതാണ്. (★18 സർക്കുലർ നം.ഡി.എ1/814/2018/ തസ്വഭവ തീയതി 17.12.2018}*

3 ഹോമിയോപ്പതി മരുന്നുകൾ കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡിൽ (HOMOEO)നിന്ന് വാങ്ങാവുന്നതാണ്.

4 വൃദ്ധർക്ക് മരുന്ന് കിറ്റ്, കമ്പിളി, (ഇടുക്കി/വയനാട് ജില്ലകളിലെ ഉയർന്ന പ്രദേശങ്ങളിൽ ഒഴികെ) ഊന്നുവടി, കസേര മുതലായവ അനുവദനീയമല്ല.

5 സമഗ്ര ആരോഗ്യ പരിപാടിയിൻ കീഴിൽ ആരോഗ്യസ്ഥാപനങ്ങൾ വഴി രോഗപ്രതിരോധ മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.

6 ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്കുള്ള മരുന്ന് വാങ്ങുന്നത് സംബന്ധിച്ച് അതാത് കാലത്തെ ആശ്രയ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

7 മാരക രോഗങ്ങൾ അടക്കമുള്ള ചികിത്സയ്ക്ക് ഡോക്ടർമാർ നിർദ്ദേശിക്കുന്ന ചികിത്സകളും മരുന്നുകളും ആശുപത്രി മുഖേന രോഗികൾക്ക് നൽകുന്നതിന് പ്രോജകട് തയ്യാറാക്കാവുന്നതും മരുന്ന് വാങ്ങി നൽകാവുന്നതുമാണ്.

**7.5.4.അടിയന്തിര ഘട്ടങ്ങളിലെ മരുന്നുവാങ്ങൽ**

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ നൽകി രണ്ട് മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണ്.

ഹോമിയോ മരുന്ന് ലഭ്യമാക്കുന്നതിന് HOMOEO യിലും ആയുർവേദ മരുന്ന് ലഭിക്കുന്നതിന് ഔഷധിയിലും പണമടച്ചാൽ മരുന്ന് ലഭിക്കാൻ കാലതാമസമുണ്ടാകുന്നുവെങ്കിൽ ടെണ്ടർ/ ക്വട്ടേഷൻ വിളിച്ച് അതാത് മെഡിക്കൽ ഓഫീസർക്ക് മരുന്ന് പുറമെ നിന്ന് വാങ്ങാവുന്നതാണ്.

- ***കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള Break the chain campaign ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തങ്ങളുട പരിധിയിലുള്ള സർക്കാർ ഓഫീസുകൾ പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിനായി handfree saanitirizer / soap, Dispencer എന്നിവ സിഡ്കോയിൽ നിന്ന് ആവശ്യാനുസരണം വാങ്ങുന്നതിന് യഥേഷ്ടാനുമതി നൽകുന്നു. [ ★ 45 സ.ഉ(സാധാ)നം. 1379/2020/തസ്വഭവ തീയതി 21.07.2020]***

**7.5.5.യോഗ പരിശീലനം**

വയോജനങ്ങൾക്ക് ആയുഷുമായിച്ചേർന്ന് യോഗാപരിശീലനം നൽകാവുന്നതാണ്. ഒരു സെഷന് 400 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 12,000/- രൂപ - അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS ബിരുദമോ തത്തുല്യ യോഗ്യത/യോഗ അസാസിയേഷൻ/സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യതയുള്ളവരെയും യോഗ പരിശീലകരായി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും നിശ്ചയിക്കാവുന്നതാണ്.

**7.5.6 എച്ച്.ഐ.വി. ബാധിതർ/ എയ്ഡ്സ് രോഗികൾ എന്നിവർക്കുള്ള പരിപാടികൾ**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 23.08.2012 ലെ (എം.എസ്) നമ്പർ 228/2012 ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി എച്ച്.ഐ.വി. ബാധിതർക്കും എയ്ഡ്സ് രോഗികൾക്കും വേണ്ടിയുള്ള പരിപാടികൾ ജില്ലാ പഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

**7.5.7 ആരോഗ്യസ്ഥാപനങ്ങളുടെ സമഗ്ര വികസനം:-**

കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആശുപത്രി സമഗ്രമായി വികസിപ്പിച്ച മാതൃകയിൽ കുടിവെള്ളം, മാല്യസംസ്കരണം, പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് ശേഖരിക്കൽ, മഴവെള്ള സംഭരണം, മലിനജല ശുദ്ധീകരണം, സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) മെച്ചപ്പെട്ട വാർഡുകൾ, വൃത്തിയുള്ള ആശുപത്രി പരിസരം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, ഭിന്നശേഷിയുള്ളവർക്കുള്ള പ്രത്യേക സംവിധാനങ്ങൾ തുടങ്ങിയ സമഗ്ര വികസനത്തിന് വിവിധ സാമൂഹ്യവിഭങ്ങൾ സമാഹരിച്ച് പ്രോജക്ടുകൾ ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. ആർദ്രം മിഷന്റെ ദീർഘകാല ലക്ഷ്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ചിട്ടപ്പെടുത്തേണ്ടതാണ്.

7.5.8 **മാസ്ക് വാങ്ങൽ**

***കോവിഡ് 19 വ്യാപനം തടയുന്നതിനായും രോഗബാധ മൂലം ജോലി നഷ്ടപ്പെടുന്ന കൈത്തറി തൊഴിലാളികളെ സഹായിക്കാനും വേണ്ടി ഹാൻവീവിൽ നിന്നും കൈത്തറി തുണികൊണ്ട് നിർമ്മിച്ച ഗുണമേന്മയുള്ള മാസ്ക് വാങ്ങുന്നതിന് അനുമതി നൽകുന്നു. [★41 സ.ഉ(സാധാ)നം. 1192/2020/തസ്വഭവ തീയതി 18.06.2020]***

## 7.6.കലാസംസ്കാരം - കായിക വികസനം

**7.6.1 ഗെയിംസ് ഫെസ്റ്റിവൽ:-**

കേരളത്തിലെ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അതാത് പ്രദേശത്ത് കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബുകളുടെ സഹകരണത്തോടെ കായിക വികസനം സാദ്ധ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്. ഇത് യുവജനങ്ങളുടെ ശാരീരിക-മാനസിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിനും, യുവജന ക്ലബുകൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുന്നതിനും യൂത്ത് ക്ലബുകളും തദ്ദേശഭരണ സ്ഥാപനങ്ങളും

തമ്മിലുള്ള സഹകരണം, സാദ്ധ്യമാക്കുന്നതിനും ഗ്രാമസഭ ഉൾപ്പെടെയുള്ള പ്രവർത്തന ങ്ങളുടെ ഗുണപരത ഉയർത്താനും സഹായിക്കും. ജാതി-മത-വർഗ്ഗീയ വിവേചനങ്ങളില്ലാതെ എല്ലാ വിഭാഗങ്ങളേയും ഒരുപോലെ അംഗമാക്കുന്ന യുവജന ക്ലബ്ബുകൾക്ക് പങ്കെടുക്കാം.

**1) ലക്ഷ്യം:-**

1) സമ്പൂർണ്ണ കായിക ക്ഷമതയുള്ള ജനത
2) ആരോഗ്യകരമായ കായിക സംസ്കാരത്തിന്റെ വികസനം.
3) തദ്ദേശഭരണസ്ഥാപനതലത്തിൽ യൂത്ത് ക്ലബുകൾ തമ്മിൽ വിവിധ ഗെയിമുകളിൽ സൗഹാർദ്ദ മത്സരങ്ങൾ സംഘടിപ്പിക്കുക. യൂത്ത് ക്ലബുകൾ തമ്മിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക. യുവജനങ്ങളുടെ ശാരീരിക മാനസികാരോഗ്യം മെച്ചപ്പെടുത്തുക.
4) തദ്ദേശഭരണസ്ഥാപനതലത്തിലെ പ്രാധാന ഗെയിംസ് ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുക.
5) ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെയും ബാനറിൽ മത്സരാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട്. ബ്ലോക്ക്/ജില്ലാ തലങ്ങളിൽ സ്പോർട്സ് മീറ്റുകൾ സംഘടിപ്പിക്കുക.
6) ഗെയിംസ് ടീം അംഗങ്ങളെ തദ്ദേശഭരണസ്ഥാപനത്തെ പ്രതിനിധീകരി ക്കുന്ന തലത്തിലേയ്ക്ക് ഉയർത്തുക.

**7.6.2 പ്രവർത്തനം:-**

**യുവജനക്ലബ്ബു ടീമുകളിൽ നിന്നും ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ടീം രൂപീകരണവും കോച്ചിംഗ് ക്യാമ്പും:-**

1) തദ്ദേശഭരണ സ്ഥാപനതലത്തിലെ യുവജന ക്ലബുകളിൽ നിന്നും വരുന്ന വോളിബാൾ, ഫുട്ബാൾ,ക്രിക്കറ്റ്, കബഡി എന്നീ ഗെയിമുകളും കൂടാതെ മറ്റ് ഏതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിച്ച് തദ്ദേശഭരണ സ്ഥാപനതലത്തിലെ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതാണ്.
2) ചാമ്പ്യൻഷിപ്പ്:- യുവജന ക്ലബുകൾ തമ്മിലുള്ള മത്സരമാണ് ചാമ്പ്യൻഷിപ്പ്, ഇതിൽ വിജയിക്കുന്ന ടീമാണ് ചാമ്പ്യൻഷിപ്പ് വിജയി
3) സെലക്ഷൻ ട്രയൽസ് :- ചാമ്പ്യൻഷിപ്പിൽ കളിക്കുന്ന എല്ലാ ടീമുകളിൽ നിന്നും എറ്റവും നല്ല കളിക്കാരെ തെരഞ്ഞെടുക്കുന്നതിനാണ് സെലക്ഷൻ ട്രയൽസ്. ഇങ്ങനെ തെരഞ്ഞടുക്കുന്നവരാണ് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ടീം അംഗങ്ങൾ. ഈ ടീമിനെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക ട്രയൽസ് ആവശ്യമില്ല. ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ഓരോ ടീം അംഗങ്ങളുടേയും മികവ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ നടക്കുന്ന സമയത്തുതന്നെ സെലക്ഷൻ കമ്മിറ്റി വിലയിരുത്തിയാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്.
4) സെലക്ഷൻ കമ്മിറ്റി :- പ്രൊഫഷണൽ യോഗ്യതയുള്ള മൂന്ന് അംഗങ്ങളെ വീതം ഉൾപ്പെടുത്തി നാല് ഇനങ്ങൾക്കും വെവ്വേറെ സെലക്ഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്തു കളിലും നഗരസഭകളിലും ബ്ലോക്ക്-ജില്ലാതലത്തിലും രൂപീകരിക്കേണ്ടതാണ്.
5) പ്രാദേശിക പ്രത്യേകതകൾ ഉള്ള പാരമ്പര്യകളികളിലും മത്സരങ്ങൾ സംഘടിപ്പിക്കാ വുന്നതാണ്
6) 18-45 വയസ്സുവരെയുള്ള യുവാക്കളുടെ ടീമിനെയാണ് ഗെയിംസ് ഇനങ്ങളിലും അത്‌ലറ്റിക്സ് ഇനങ്ങളിലും ബ്ലോക്ക് തല മത്സരങ്ങളിലേയ്ക്ക് അയയ്ക്കേണ്ടത്.
7) ഓരോ ഇനം ഗെയിംസിന്റെയും തദ്ദേശഭരണ സ്ഥാപനതല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും, തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും, ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും, യൂണിഫോമും ക്യാഷ് അവാർഡുകളും ട്രോഫിയും നൽകുന്നതിനും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം എന്നിവ നൽകുന്നതിനും ഗെയിമിന് ഗ്രാമപഞ്ചാത്തുകൾക്ക് 30,000 രൂപയും മുനിസിപ്പാലിറ്റിക്ക് 40,000 രൂപയും കോർപ്പറേഷനുകളും 50,000 രൂപയും ചെലവ് അനുവദനീയമാണ്.
8) ഇങ്ങനെ തെരഞ്ഞെടുക്കുന്ന ടീം അംഗങ്ങൾക്ക് തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തിയ യൂണിഫോം നൽകണം.
9) ജില്ലാ/സംസ്ഥാന സ്പോർട്സ് കൗൺസിൽ കോച്ചുകൾ,സർക്കാർ/എയ്ഡഡ് സ്ക്കൂൾ, കോളേജ് കായിക അദ്ധ്യാപകർ,വിരമിച്ച അദ്ധ്യാപകർ/നിർദ്ദിഷ്ഠ ഗെയിംസുകളിലെ ജില്ലാ/സംസ്ഥാന ടീം അംഗങ്ങൾ എന്നിവരിൽ നിന്നും പരിശീലകരെ നിയോഗിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നൽകണം.
10) തദ്ദേശഭരണസ്ഥാപന സ്റ്റേഡിയത്തിലോ അനുയോജ്യമായ സ്ഥലത്തോ/ സ്ക്കൂൾ കോമ്പൗണ്ടിലോ വച്ചാണ് പരിശീലനം നൽകേണ്ടത്. പരിശീലനത്തിന് ലൈറ്റ് റിഫ്രഷ്മെന്റ് നൽകേണ്ടതാണ്.

11) സ്പോർട്സ് കലണ്ടർ:- കേരളോത്സവം ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപന തലത്തിൽ നടത്തുന്ന എല്ലാ കായിക പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി ഒരു സ്പോർട്സ് കലണ്ടർ ഓരോ തദ്ദേശഭരണസ്ഥാപനത്തിലും തയ്യാറാക്കേണ്ടതാണ്.
12) തദ്ദേശഭരണസ്ഥാപനത്തിൽ വിവിധ ടീമുകളുടെ രൂപീകരണം, കോച്ചിംഗ് ക്യാമ്പ് സംഘാടനം, യുവജന ക്ലബുകളുടെ കോച്ചിംഗ് ക്യാമ്പിനുള്ള ധനസഹായം, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള തുക എന്നിവയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് രൂപീകരിക്കാവുന്നതാണ്.

**7.6.3 ബ്ലോക്ക് പഞ്ചായത്ത്തല ടീം സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും:-**

ഗ്രാമപഞ്ചായത്ത്തല ടീമുകളെ ഉൾപ്പെടുത്തിക്കൊണ്ട് ബ്ലോക്ക്തല ചാമ്പ്യൻഷിപ്പും സെലക്ഷൻ ട്രയൽസും സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തന പരിപാടി ബ്ലോക്ക് പഞ്ചായത്തുകൾക്ക് തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത്തല ടീം രൂപീകരിക്കുന്നതിന് നിർദ്ദേശിച്ച നടപടിക്രമങ്ങളിലൂടെ പഞ്ചായത്തുതല ടീമുകളിൽ നിന്നും ബ്ലോക്ക്തല ടീം രൂപീകരിക്കാവുന്നതാണ്. ഇതിനായി ഓരോ ഗ്രാമപഞ്ചായത്തും അവരുടെ ടീമിന്റെ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തിന് നൽകണം. ഒരു ഗെയിമിന് 30,000/ രൂപ വീതം ഉപയോഗിക്കാവുന്നതാണ്. സെലക്ഷൻ കമ്മിറ്റി, യോഗ്യതയുള്ള ട്രെയിനർ, സെലക്ഷൻ ട്രയൽസ്, ചാമ്പ്യൻഷിപ്പ്, ഒരു മാസത്തെ പരിശീലനം, റിഫ്രെഷ്മെന്റ്, യൂണിഫാം ഉൾപ്പെടെ പഞ്ചായത്ത്തല നിർദ്ദേശങ്ങൾ അനുവർത്തിക്കേണ്ടതാണ്. ബ്ലോക്ക്തല ടീം സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

**7.6.4 ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻതല വിജയികൾ തമ്മിലുള്ള ജില്ലാതലമീറ്റ്:-**

ജില്ലാ പഞ്ചായത്തിന്റേയും കോർപ്പറേഷന്റേയും മുനിസിപ്പാലിറ്റികളുടേയും സഹകരണ ത്തോടെ ജില്ലാആസൂത്രണസമിതിയുടെ നേതൃത്വത്തിലാണ് മീറ്റ് സംഘടിപ്പിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ടീമുകളാണ് പങ്കെടുക്കുന്നത്. വിശദമായ ഫിക്സർ തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്കുവേണ്ടി ജില്ലാ പഞ്ചായത്ത് നോഡൽ ഏജൻസിയായി സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും നടത്തി റവന്യൂ ജില്ലാതല ടീം രൂപീകരിക്കണം. ജില്ലാതല മീറ്റിന് ഓരോ ഗെയിമിനും ഒരു ലക്ഷം രൂപ വീതം ചെലവാക്കാവുന്നതാണ്. ജില്ലാതല മീറ്റിൽ പങ്കെടുക്കുന്നവർക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റും നൽകേണ്ടതാണ്. തെരഞ്ഞെടുക്ക പ്പെടുന്ന അംഗങ്ങളെ ഉൾപ്പെടുത്തി റവന്യൂ ജില്ലാതല ടീം രൂപീകരിക്കണം. അവർക്ക് ജില്ലയുടെ പേര് രേഖപ്പെടുത്തിയ യൂണിഫോമും നൽകണം.

**7.6.5 സംസ്ഥാനതല മത്സരങ്ങൾ: –**

ജില്ലാതല മത്സരങ്ങളിൽ വിജയിക്കുന്ന ടീമുകൾക്ക് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാം. ജില്ലയിൽ നടത്തിയതുപോലെ സംസ്ഥാനതലത്തിലും മത്സരങ്ങൾ നടത്തി വിജയികളെ തെരഞ്ഞെടുക്കുന്നതാണ്. ഗ്രാമതലം മുതൽ സംസ്ഥാനതലം വരെയുള്ള ചാമ്പ്യൻഷിപ്പു കളുടെ വിശദാംശങ്ങളും കലണ്ടറും പിന്നീട് നിശ്ചയിക്കുന്നതാണ്.

**7.6.6 സംഘടനാ സംവിധാനങ്ങൾ: – യൂത്ത് ക്ലബ് ഏകോപനസമിതി**

മേൽപറഞ്ഞ തരത്തിലുള്ള പ്രവർത്തനങ്ങളിൽ യൂത്ത് ക്ലബ് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ പരസ്പര ബന്ധമുള്ള ഒരു സംഘടന സംവിധാനവും മുൻസിപ്പൽ/ കോർപ്പറേഷൻതലത്തിൽ തനതായ ഒരു സംവിധാനവും ആവശ്യമാണ്. അതിനാൽ ചുവടെ ചേർക്കുന്ന ഘടനയോടുകൂടിയ ഒരു ഏകോപന സമിതി സംവിധാനം രൂപീകരിക്കേണ്ടതാണ്.

**7.6.7 ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ യൂത്ത് ക്ലബ് ഏകോപന സമിതി – ഘടന**

| ക്രമനം | ഘടന | ഗ്രാമപഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
|---|---|---|---|---|
| 1) | അദ്ധ്യക്ഷൻ | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | മുനിസിപ്പൽ ചെയർ പേഴ്സൺ | മേയർ |
| 2) | കൺവീനർ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി | കോർപ്പറേഷൻ സെക്രട്ടറി |
| 3) | ഉപാദ്ധ്യക്ഷൻ | തെരഞ്ഞെടുക്കപ്പെടുന്ന അംഗം(1) | തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1) | തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1) |
| 4) | ജോയിന്റ് കൺവീനർ | 1) തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1)<br>2) യൂത്ത് കോ-ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് | 1) തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1)<br>2) യൂത്ത് കോ-ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് | 1) തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1)<br>2) യൂത്ത് കോ-ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് |
| 5) | അംഗങ്ങൾ | നോമിനേറ്റ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങൾ | നോമിനേറ്റ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങൾ | നോമിനേറ്റ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങൾ |

1. യൂത്ത് ക്ലബുകളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി എന്നിവരെയാണ് തദ്ദേശഭരണതല യൂത്ത് ക്ലബ് ഏകോപന സമിതിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യേണ്ടത്.
2. അങ്ങനെ നാമനിർദ്ദേശം ചെയ്യുന്നവരിൽ നിന്നും ഒരാളിനെ ഉപാദ്ധ്യക്ഷൻമാരിൽ ഒരാളായും മറ്റൊരാളിനെ ജോയിന്റ് കൺവീനറായും ആദ്യകമ്മിറ്റി യോഗത്തിൽവച്ച് തെരഞ്ഞെടുക്കണം
3. നാമനിർദ്ദേശം ചെയ്ത ബാക്കിയുള്ളവർ എല്ലാം ഏകോപന സമിതി അംഗങ്ങളായിരിക്കും.
4. ഉദാ:-12 യൂത്ത് ക്ലബുകൾ ഉള്ള ഒരു ഗ്രാമപഞ്ചാത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ആകെ 24 അംഗങ്ങൾ ഉണ്ടായിരിക്കും. ഇവരിൽ നിന്നും ഒരാളെ വൈസ് ചെയർമാനായും മറ്റൊരാളെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുക്കും ബാക്കിയുള്ളവർ അംഗങ്ങളായി തുടുരുന്നതാണ്.
5. തദ്ദേശഭരണസമിതിയുടെ കാലാവധിയായിരിക്കും ഏകോപന സമിതിയുടേയും കാലാവധി
6. കാലാവധിക്കിടയിൽ യൂത്ത് ക്ലബുകളുടെ ഭരണസമിതിയിൽ മാറ്റമുണ്ടായാൽ അംഗങ്ങളായവരെ മാറ്റി ക്ലബ് നാമനിർദ്ദേശം ചെയ്യുന്നവരെ ഉൾപ്പെടുത്താം. എന്നാൽ ഉപാദ്ധ്യക്ഷനും ജോയിന്റ് കൺവീനറും കാലാവധി തീരുന്നവരെ തുടരുന്നതാണ്.
7. ഗ്രാമപഞ്ചായത്ത് ഏകോപന സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉപാദ്ധ്യക്ഷനും ജോയിന്റ് കൺവീനറുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഏകോപന സമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യപ്പെടുന്നതും അംഗങ്ങളാകുന്നതും.
8. തീരുമാനങ്ങൾ ഭൂരിപക്ഷപ്രകാരം അംഗീകരിക്കപ്പെടും. തുല്യമായാൽ അദ്ധ്യക്ഷന് കാസ്റ്റിംഗ് വോട്ട് ചെയ്യാം.
9. തദ്ദേശഭരണസ്ഥാപന പ്രദേശത്തുനിന്നും സംസ്ഥാന/ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള (സ്പോർട്സ് & ഗെയിംസ്) കായികതാരങ്ങളെ സ്ഥിരം ക്ഷണിതാക്കളായി ഭരണസമിതി തീരുമാനപ്രകാരം ഉൾപ്പെടുത്തേണ്ടതാണ്.

### 7.6.8 ബ്ലോക്ക്, ജില്ലാതല യൂത്ത് ക്ലബ് ഏകോപന സമിതിയുടെ ഘടന

| ക്രമ നം | ഘടന | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ തലം |
|---|---|---|---|
| 1) | അദ്ധ്യക്ഷൻ | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റ് | ജില്ലാ പഞ്ചായത്ത് ചെയർപേഴ്സൺ പ്രത്യേക ക്ഷണിതാവ് - ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് |
| 2) | കൺവീനർ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| 3) | ഉപാദ്ധ്യക്ഷന്മാർ | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (1)<br>തെരഞ്ഞെടുക്കപ്പെടുന്ന അംഗം (2) | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (1)<br>തെരഞ്ഞെടുക്കപ്പെടുന്ന അംഗം (2) |
| 4) | ജോയിന്റ് കൺവീനർ | തെരഞ്ഞെടുക്കപ്പെടുന്ന അംഗം | തെരഞ്ഞെടുക്കപ്പെടുന്ന അംഗം |
| 5) | അംഗങ്ങൾ | നോമിനേറ്റ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങൾ | നോമിനേറ്റ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങൾ |
| 6) | ജോയിന്റ് കൺവീനർ (ഒഫീഷ്യൽ) | യൂത്ത് കോ-ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് | യൂത്ത് പ്രോഗ്രാം ഓഫീസർ |
| 7) | എക്സ് ഓഫിഷ്യോ അംഗങ്ങൾ | വുമൺ വെൽഫയർ ആഫീസർ | 1)ജില്ലാ പ്ലാനിംഗ് ഓഫീസർ<br>2)ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്<br>3) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ) |

1) ഗ്രാമപഞ്ചായത്തുതല ഏകോപന സമിതികളിൽ നിന്നും നോമിനേറ്റ് ചെയ്യപ്പെടുന്ന ഉപാദ്ധ്യക്ഷൻമാരും ജോയിന്റ് കൺവീനർമാരും ബ്ലോക്ക് പഞ്ചായത്ത് ഏകോപന സമിതിയിൽ അംഗങ്ങളായിരിക്കും
2) ഇവരിൽനിന്നും ഒരാളിനെ ഉപാദ്ധ്യക്ഷനായും മറ്റൊരാളിനെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുക്കണം.
   ഉദാ:-അഞ്ച് ഗ്രാമപഞ്ചായത്തുകൾ ഉള്ള ബ്ലോക്ക് പഞ്ചായത്തിൽ ഏകോപന സമിതിയിൽ പത്ത് അംഗങ്ങൾ നോമിനേറ്റ് ചെയ്യപ്പെടും അതിൽ എട്ട് പേർ അംഗങ്ങളായിരിക്കും
3) ബ്ലോക്ക് പഞ്ചായത്ത് കാലാവധിയായിരിക്കും ഏകോപന സമിതിയുടേയും കാലാവധി.
4) ബ്ലോക്ക് പഞ്ചായത്ത് ഏകോപന സമിതിയിൽ നിന്നും ഉപാദ്ധ്യക്ഷനെയും ജോയിന്റ് കൺവീനറെയും അംഗങ്ങളായി ജില്ലാ ഏകോപന സമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യപ്പെടും. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ഏകോപന സമിതികളിലെ ഉപാദ്ധ്യക്ഷൻ മാരും ജോയിന്റ് കൺവീനർമാരും ജില്ലാ ഏകോപന സമിതിയിൽ അംഗങ്ങളായിരിക്കും.
5) ഇവരിൽ നിന്നും ഒരാളിനെ ഉപാദ്ധ്യക്ഷനായും മറ്റൊരാളിനെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുക്കണം

ഉദാ:- പതിമൂന്ന് ബ്ലോക്ക് പഞ്ചായത്തുകൾ ഉള്ള ജില്ലയിൽ 26 അംഗങ്ങൾ നോമിനേറ്റ് ചെയ്ത്‌വരും അതിൽ ഓരോരുത്തർ ഉപാദ്ധ്യക്ഷനും ജോയിന്റ് കൺവീനറുമായി തെരഞ്ഞെടുക്കപ്പെടും. ബാക്കിയുള്ളവർ അംഗങ്ങളായിരിക്കും.

6) ജില്ലാ പഞ്ചായത്ത് കാലാവധിയായിരിക്കും ഏകോപന സമിതിയുടെയും കാലാവധി
7) ബ്ലോക്ക് ജില്ലാ പഞ്ചായത്ത് തലത്തിലെ ഏകോപന സമിതി അംഗങ്ങളിൽ കാലാവധി ക്കിടയിൽ മാറ്റമുണ്ടാകില്ല.
8) ജില്ലാ യൂത്ത്ക്ലബ് ഏകോപനസമിതിയിൽ രണ്ട് ജോയിന്റ് കൺവീനർമാർ ഉണ്ടായിരിക്കും. യൂത്ത് പ്രോഗ്രാം ഓഫീസർ, ജോയിന്റ് കൺവീനർ(ഒഫീഷ്യൽ)ആയിരിക്കം.
9) തദ്ദേശഭരണസ്ഥാപന പ്രദേശത്തുനിന്നും സംസ്ഥാന ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള (സ്പോർട്സ് & ഗെയിംസ്) കായികതാരങ്ങളെ സ്ഥിരംക്ഷണിതാക്കളായി ഭരണസമിതി തീരുമാനപ്രകാരം ഉൾപ്പെടുത്തേണ്ടതാണ്.

### 7.6.9 സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും

തദ്ദേശഭരണസ്ഥാപന പ്രദേശത്ത് ചാമ്പ്യൻഷിപ്പ് നടക്കുന്ന ഗ്രാമ, ബ്ലോക്ക്, തലങ്ങളിലും ജില്ലാ തലത്തിലും നഗരഭരണ സ്ഥാപനങ്ങളിലും പങ്കെടുക്കുന്നവർക്ക് താഴെ പറയുന്ന തരത്തിൽ സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും നൽകാവുന്നതാണ്.

1. പങ്കെടുക്കുന്ന എല്ലാ കളിക്കാർക്കും പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകണം.
2. സെമിഫൈനലിൽ വരുന്ന ടീമുകൾക്കും ഫൈനലിൽ കളിക്കുന്ന ടീമുകൾക്കും അനുയോജ്യ മായ തരത്തിൽ ക്യാഷ് അവാർഡുകൾ നൽകണം.
3. വിജയികൾക്കും റണ്ണറപ്പാകുന്ന ടീമുകൾക്കും ട്രോഫി നൽകണം. ഇതിന് ആവശ്യ മായവിഹിതം ഖണ്ഡിക 7.6.4 പ്രകാരം നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

### 7.6.10 നിർവ്വഹണം:

തദ്ദേശഭരണ സ്ഥാപന പ്രദേശത്തെ എല്ലാ യൂത്ത് ക്ലബ്ബുകളേയും പൂർണ്ണമായും തദ്ദേശഭരണ സ്ഥാപന പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും കായിക വികസനത്തിനും അനുയോജ്യമായ തരത്തിൽ നിർവ്വഹണം നടത്തുന്നതിലൂടെയാണ് മേൽ പ്രവർത്തന ങ്ങളുടെ പൂർണ പ്രയോജനം ലഭിക്കുന്നത്. ആയതിനാൽ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറിയും ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, ജില്ലാ പഞ്ചായത്തിൽ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറും ,മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ സെക്രട്ടറിയും, കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിക്കുമായിരിക്കും നിർവ്വഹണ ചുമതല.

### 7.6.11 യൂത്ത് ക്ലബ് ഏകോപന സമിതിയുടെ പുനഃസംഘാടനം -(2018-19)

1) യൂത്ത്ക്ലബ് ഏകോപനസമിതി ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെടുന്നവർ നിർബന്ധമായും 18 വയസ്സ് പൂർത്തീകരിച്ചവരും 45 വയസ്സ് കഴിഞ്ഞിട്ടില്ലാത്തവരും ആയിരിക്കണം. ഇതിന് വ്യത്യസ്ഥമായി ആരെങ്കിലും തെരഞ്ഞെടുക്കപ്പെട്ട് നിലവിലുള്ള ഏതെങ്കിലും സമിതിയിലുണ്ടെങ്കിൽ അവരെ ഒഴിവാക്കി പകരം തെരഞ്ഞെടുക്കണം.
2) പ്രത്യേക ക്ഷണിതാവ്, എക്സ്ഒഫിഷ്യോ അംഗങ്ങൾ എന്നിവരെയും ഉൾപ്പെടുത്തണം.
3) മുനിസിപ്പൽ/ കോർപ്പറേഷനിൽ നിന്നും നോമിനേറ്റ് ചെയ്തവരെയും ഉൾപ്പെടുത്തണം.

### 7.6.12 കുട്ടികൾക്കുള്ള അത്‌ലറ്റിക്സ് പരിശീലനങ്ങൾ:-

1) സ്കൂൾതലങ്ങളിൽ തന്നെ അത്‌ലറ്റിക്സിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി തുടർച്ചയായ പരിശീലനങ്ങൾ നൽകി അത്‌ലറ്റിക്സിൽ പ്രാവീണ്യം നേടുന്നതിന് എസ്.എസ്.എ.യുടെയും ആർ.എം.എസ്.എ.യുടെയും സാധ്യതകളും സ്കൂൾതലത്തിലെ കായിക അദ്ധ്യാപകരുടെ കഴിവുകളും സ്പോർട്സ് അക്കാദമികളുടെ സഹായവും ഉപയോഗിക്കേണ്ടതാണ്. സ്കൂൾതലങ്ങളിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾക്ക് പരിമിതി ഉണ്ടെങ്കിൽ അതു പരിഹരിച്ച് ശാസ്ത്രീയമായ കായിക വിദഗ്ദ്ധപരീശീലനം നൽകുന്നതിന് സ്പോർട്സ് അക്കാഡമിയുടെ സേവനവും വിദഗ്ദ്ധൻമാരേയും അതിനാവശ്യമായ ഉപകരണങ്ങളും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കാവുന്നതാണ്. സ്പോർട്സ് അക്കാദമികളുടെ സഹകരണത്തോടെ അത്‌ലറ്റിക് മത്സരങ്ങളും പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കാവുന്നതും ഇതിനായി ബ്ലോക്ക് പഞ്ചായത്തുതലത്തിൽ/നഗരസഭാതലത്തിൽ 30,000/- രൂപവരെ ചെലവഴിക്കാവുന്നതുമാണ്. പരിശീലനത്തിനാവശ്യമായ കായികക്ഷമതാ ഉപകരണങ്ങൾ, പരിശീലന ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുക്കാവുന്നതാണ്.

**2) അത്‌ലറ്റിക്സ് മത്സരങ്ങൾ**

ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലത്തിലും നഗരസഭാതലങ്ങളിലും ഗെയിംസ് ഫെസ്റ്റിവലിനോടനുബന്ധമായി പ്രദേശത്ത് പ്രചാരമുള്ള അത്‌ലറ്റിക്സ് ഇനങ്ങളിലും മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. സ്ത്രീ-പുരുഷ ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളേയും മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകേണ്ടതാണ്.

**7.6.13 രജിസ്ട്രേഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്:-**

*(1) ഒരു സംഘടനയ്ക്ക് 5000/- രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാം. [★1 സ.ഉ(സാധാ)നം. 811/2018/തസ്വഭവ തീയതി 26.03.2018]*

(2) കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ യുവജനക്ലബുകളുടെ ഏകോപനസമിതി നിശ്ചയിക്കണം

(3) എല്ലാ ക്ലബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണം

(4) ഓരോ ക്ലബുകൾക്കും അവരുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം വാങ്ങണം.

(5) ഇവ ക്രോഡീകരിച്ച് സാമ്പത്തിക പരിധിക്കും ഭരണസമിതി തീരുമാനത്തിനും വിധേയമായി ഉപകരണങ്ങൾ വാങ്ങി നൽകണം..

(6) നിശ്ചയിക്കപ്പെടുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യണം. ഇത് ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ മാത്രം നൽകിയാൽ മതിയാകും.

**7.6.14 ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു ഗ്രാമ പഞ്ചായത്തിൽ/നഗരസഭയിൽ ഒരു മിനിസ്റ്റേഡിയം**

ഒരു വാർഡിൽ ഒരു കളിസ്ഥലവും ഒരു ഗ്രാമപഞ്ചായത്ത്/നഗരസഭയിൽ ഒരു മിനി സ്റ്റേഡിയവും കണ്ടെത്തി വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കണം, സ്റ്റേഡിയം പുതുതായി നിർമ്മിക്കുന്നതിനു പകരം അനുയോജ്യമായ പൊതുസ്ഥലം കണ്ടെത്തി വികസിപ്പിക്കുന്നതായിരിക്കും അഭികാമ്യം. ആസ്തി രജിസ്റ്റർ പുതുക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ പൊതുസ്ഥലം കണ്ടെത്തേണ്ടതും മികച്ച നിലവാരത്തിലുള്ള കളിസ്ഥലവും സ്റ്റേഡിയവുമായി അവയെ വികസിപ്പിക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കേണ്ടതുമാണ്. ഇതിനുള്ള വിഹിതം സേവന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കളിസ്ഥല (മിനി സ്റ്റേഡിയം) നിർമ്മാണം ഏറ്റെടുക്കാവുന്നതാണ്.

**7.6.15 ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ഒരു നീന്തൽക്കുളവും നീന്തൽ പരിശീലനവും:-**

വിദ്യാർത്ഥികൾക്ക് നീന്തലിൽ പരിശീലനം നൽകി നീന്തൽ അറിയാവുന്ന ഒരു തലമുറയെ വാർത്തെടുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ഒരു നീന്തൽക്കുളമെങ്കിലും ഉണ്ടായാലേ ഈ ലക്ഷ്യം കൈവരിക്കാനാവൂ. നിലവിലുള്ള ഒരു കുളം മികച്ച നിലവാരത്തിൽ വികസിപ്പിക്കുന്നതായിരിക്കും അഭികാമ്യം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ തൊഴിലുറപ്പുപദ്ധതിയുടെയോ വാർഷിക പദ്ധതിയുടെയോ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്. വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ ഗ്രാമ പഞ്ചായത്തുകൾ/നഗരസഭകൾ കണ്ടെത്തണം. പരിശീലകന്റെ അലവൻസ്, കുട്ടികൾക്കുള്ള സ്വിമ്മിംഗ് ഡ്രസ്, റിഫ്രഷ്മെന്റ് ഉൾപ്പെടെയുള്ള ചെലവ് കണക്കാക്കി പ്രോജക്ട് അംഗീകരിച്ച് നടപ്പാക്കാവുന്നതാണ്.

**7.6.16 <u>കലാരംഗത്ത് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരന്മാർക്കുള്ള അധിക വിഹിതം:-</u>**

<u>സംസ്ഥാന സർക്കാരിന്റെ 2017-18 ലെ വജ്രജൂബിലി</u> ഫെലോഷിപ്പ് നേടുന്നതിന് പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തോടു ബന്ധപ്പെട്ട് കലാഅഭ്യസനം അടക്കമുള്ള പ്രവർത്തനങ്ങൾ നടത്താൻ സന്നദ്ധരാകണം. അപ്രകാരം സന്നദ്ധമാകുന്ന കലാകാരന്മാർക്ക് സംസ്ഥാനസർക്കാർ ധനസഹായത്തിന് പുറമെ പ്രതിമാസം 5000/- രൂപ വീതം നൽകി അവരുടെ കലാസപര്യയുടെ പ്രയോജനം തദ്ദേശഭരണസ്ഥാപന പ്രദേശത്ത് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ഇതിന് അനുയോജ്യമായ സൗകര്യം തദ്ദേശസ്ഥാപനം ലഭ്യമാക്കേണ്ടതാണ്. ജില്ലാപഞ്ചായത്തുകൾ ജില്ലാതലത്തിലും ബ്ലോക്ക് പഞ്ചായത്തുകൾ ബ്ലോക്ക് തലത്തിലും സംസ്ഥാന സാംസ്കാരിക വകുപ്പ് നൽകുന്ന കലാകാരൻമാരുടെ വിന്യാസം ക്രമീകരിച്ച് പരിപാടികൾ നടപ്പാക്കേണ്ടതാണ്. ഇതിനാവശ്യമുള്ള തുകകൾ ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും വകയിരുത്തേണ്ടതാണ്.

7.6.17 **തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനം:-**

തദ്ദേശഭരണസ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കണം. ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000/- രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40,000/- രൂപയും മുനിസിപ്പാലിറ്റികൾ വാർഡ് ഒന്നിന് 1500/- രൂപയും കോർപ്പറേഷനുകൾ വാർഡ് ഒന്നിന് 2500/- രൂപയും നൽകണം. മുനിസിപ്പൽ/ കോർപ്പറേഷൻ തല പ്രവർത്തനത്തിന് യഥാക്രമം 50,000, 1,00,000 ലക്ഷം രൂപയിൽ അധികരിക്കാതെ ചെലവഴിക്കാവുന്നതാണ്.

## 7.7 പരിസ്ഥിതി സംരക്ഷണം

7.7.1 **സ്കൂൾ പരിസ്ഥിതി ക്ലബ്ബുകളിലൂടെ വൃക്ഷപരിപാലനം:**

1. എല്ലാ സ്കൂൾ കാമ്പൗണ്ടിലും കളിസ്ഥലങ്ങൾക്ക് കോട്ടം തട്ടാതെ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കണം.
2. ചുറ്റുമതിലിൽ നിന്നും 1 മുതൽ 2 മീറ്റർ വരെ ഉള്ളിലായി രണ്ടു മീറ്റർ അകലത്തിൽ തേക്ക്, മഹാഗണി, ഈട്ടി തുടങ്ങിയ ദീർഘകാല വൃക്ഷതൈകൾ വച്ചുപിടിപ്പിക്കണം.
3. സ്കൂൾ കെട്ടിടത്തിന് 2 മീറ്റർ അകലത്തിൽ വേപ്പ്, പേര മരങ്ങളും വച്ച് പിടിപ്പിക്കണം.
4. വനംവകുപ്പ്, കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം കുഴി എടുത്ത് അടിസ്ഥാന വളങ്ങളും നിക്ഷേപിച്ച് തൈകൾ നടണം.
5. ഉറപ്പുള്ള സംരക്ഷണ വേലികളും അവയിൽ മരത്തിന്റെ സംരക്ഷണ ചുമതല നൽകുന്ന കുട്ടിയുടെ പേരും ക്ലാസ് റ്റീച്ചറുടെ പേരും രേഖപ്പെടുത്തി വയ്ക്കണം.
6. കുഴികൾ എടുക്കുന്നതിനും നനയ്ക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയുടെയും കുട്ടികളുടെ ശ്രമദാനവും PTA യുടെ സഹകരണവും ഉറപ്പാക്കണം.
7. ലോക പരിസ്ഥിതിദിന കാമ്പയിനായി പദ്ധതി ആവശ്യമായ പ്രചാരണത്തോടെ സംഘടിപ്പിക്കണം.
8. ആവശ്യമായ തൈകൾ വനംവകുപ്പ് സൗജന്യമായി നൽകണം.
9. അടിസ്ഥാന വളം, സംരക്ഷണവേലി, ബോർഡ്, കാമ്പയിൻ ചെലവ് കണക്കാക്കി ഓരോ സ്കൂളിനുമുള്ള തുക ഒന്നായി ഒരു പ്രോജക്ട് തയ്യാറാക്കണം.

7.7.2 **കുളങ്ങളും തോടുകളും സംരക്ഷിച്ച് ഉൾനാടൻ മത്സ്യകൃഷിയും ജലസംരക്ഷണവും വാർഷിക ഗ്രാന്റ് നൽകൽ**

1. എല്ലാവിഭാഗം ജനങ്ങളുടെയും സ്വകാര്യ ഭൂമിയിലും പൊതുസ്ഥലങ്ങളിലുമുള്ള കുളങ്ങളും തോടുകളും (വശങ്ങൾ പാറകെട്ടി സംരക്ഷിച്ചിട്ടില്ലാത്തവ) കയർ ഭൂവസ്ത്രം കൊണ്ട് സംരക്ഷിച്ച് വശങ്ങളിൽ രാമച്ചം കൃഷി ചെയ്യുന്നതിനും കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുമുള്ള പദ്ധതി.
2. വ്യക്തികളും സ്ഥാപനങ്ങളും, ഉൾപ്പെടെയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കണം.
3. പൊതുസ്ഥലത്തുള്ളതും തദ്ദേശഭരണസ്ഥാപനത്തിന്റെതായ സ്ഥലങ്ങളിലുള്ളവയും പ്രത്യേകമായി പരിരക്ഷിക്കാൻ നടപടി സ്വീകരിക്കണം.
4. തൊഴിലുറപ്പു പദ്ധതിയുടെയും സന്നദ്ധസേവന ത്തിലൂടെയും കുളങ്ങളും തോടുകളും സംരക്ഷിക്കുകയും- ശുചിയാക്കി സൂക്ഷിക്കുകയും ചെയ്യണം.
5. എല്ലാ കുളങ്ങളുടെയും തോടുകളുടെയും വശങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുക. ഇങ്ങനെ ചെയ്യുന്നതിന് ആവശ്യമായ കയർ ഭൂവസ്ത്രം തദ്ദേശസ്ഥാപനം സൗജന്യമായി ലഭ്യമാക്കണം.
6. ഇങ്ങനെ സംരക്ഷിക്കുന്ന കുളങ്ങളുടെയും തോടുകളുടെയും കരകളിൽ രാമച്ചം കൃഷി ചെയ്യുന്നതിന് രാമച്ചം തദ്ദേശസ്ഥാപനം ലഭ്യമാക്കണം- കൃഷിവകുപ്പ് സഹായം ചെയ്യണം.
7. ഈ കുളങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി നടത്താനാവശ്യമായ മത്സ്യ കുഞ്ഞുങ്ങളെ മത്സ്യ വകുപ്പിലൂടെ സൗജന്യമായി തദ്ദേശഭരണസ്ഥാപനം ലഭ്യമാക്കണം.
8. കാമ്പയിൻ പ്രവർത്തനങ്ങളുടെ ചെലവ് ഉൾപ്പെടെ കണക്കാക്കി ഏകദേശ തുകയ്ക്ക് പ്രാരംഭമായി പ്രോജക്ട് വയ്ക്കുകയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് ഭേദഗതി വരുത്തി നടപ്പാക്കേണ്ടതുമാണ്.
9. സ്വകാര്യ ഭൂമിയിലെ കുളങ്ങളും തോടുകളും പരിപാലിക്കുന്നതിന് ഉടമസ്ഥരെയും പൊതു കുളങ്ങൾ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപടി സ്വീകരിക്കണം.
10. ഇവയുടെ പരിപാലനത്തിന് പ്രോത്സാഹനമായി കുളത്തിന്റെ വിസ്തൃതിയും ജലസംരക്ഷണ ശേഷിയും കണക്കിലെടുത്ത് വാർഷിക ഗ്രാന്റ് നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ പദ്ധതി എടുക്കണം.

**7.7.3 കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം**

1. ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽകാടുകളുടെയും പട്ടിക തദ്ദേശഭരണസ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.
2. ഓരോ കാവുകളിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശകണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.
3. ചെലവു കുറഞ്ഞ രീതിയിൽ മുള്ള് വേലികെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവർത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.
4. LSGD എഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവർത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വകാര്യകാവുകളുടെ കാര്യത്തിൽ ഉടമസ്ഥരേയും ബന്ധപ്പെട്ട സ്ഥാപനങ്ങളേയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളേയും ഏല്പിച്ച് നടപ്പാക്കണം.
5. മേൽനോട്ടം ജൈവവൈവിധ്യ മാനേജുമെന്റ് കമ്മറ്റിയുടെ ചുമതലയിൽ നടത്തണം. ജൈവ വൈവിദ്ധ്യ രജിസ്റ്റർ കാലാനുസൃതമാക്കണം.
6. നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് ആകെ ചെലവിന്റെ 75% തദ്ദേശസ്ഥാപനം നൽകണം.
7. ഇവയുടെ വാർഷിക പരിപാലനത്തിന് ഗ്രാന്റ് തുക കാവിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് തദ്ദേശഭരണസ്ഥാപനം തീരുമാനിച്ച് നടപ്പാക്കണം. പട്ടികജാതി വകുപ്പിൽ നിന്നും പട്ടികജാതി സമുദായ സംഘടനകൾ പരിപാലിച്ചുവരുന്ന കാവുകൾക്ക് നൽകിവരുന്ന വാർഷിക ഗ്രാന്റിന് പുറമേ ഇവയ്ക്കും ഈ ഗ്രാന്റ് അനുവദിയ്ക്കാവുന്നതാണ്.
8. പരിസ്ഥിതി സംരക്ഷണത്തിനായി സംരക്ഷിയ്ക്കുന്ന കാവ് എന്ന നിലയിൽ പരസ്യ ബോർഡ് സ്ഥാപിക്കണം-ജൈവവൈവിദ്ധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തണം. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ വിശദാംശങ്ങളോടു കൂടി രേഖപ്പെടുത്തണം.
9. ഇതിനാവശ്യമായ ശാസ്ത്ര സാങ്കേതിക ഉപദേശം ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBG&RI) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), എന്നിവടങ്ങളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.
10. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം.

7.7.4 പരിസ്ഥിതി സുരക്ഷയ്ക്ക് മരങ്ങൾ പരിരക്ഷിക്കാൻ:- സഹകരണ വായ്പയും ഒറ്റതവണ പലിശ സബ്സിഡിയും (7.1 കൃഷി ക്രമനം. 21 കാണുക)

## 7.8 ദാരിദ്ര്യ ലഘൂകരണം.

**7.8.1 തീരദേശം**

തീരദേശത്ത് വീടുകൾക്ക് ഓല മേയാൻ 1500 രൂപ സഹായം നൽകാവുന്നതാണ്

**. 7.8.2പാലിയേറ്റീവ് പരിചരണം**

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ***07.03.2019 ലെ സ.ഉ(സാധാ) 553/2019/തസ്വഭവ*** നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ട് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.
2. സാന്ത്വനഗൃഹപരിചരണ പദ്ധതിയിൽ ഹോംകെയറിന് പോകുന്ന ഒരു ടീമിന്റെ ഭക്ഷണ ചെലവ് 250 രൂപ വരെയാകാവുന്നതാണ്.
3. ബ്ലോക്ക് പഞ്ചായത്തുകൾക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുഖാന്തിരം ആവശ്യമെങ്കിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തന ങ്ങൾ ഏറ്റെടുക്കാവുന്നതാണ്.
4. 01.06.2017 മുതൽ പ്രാബല്യത്തിൽ പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം 15,000/- രൂപ ക്രമത്തിൽ നൽകാവുന്നതാണ്.
5. പെയിൻ ആന്റ് പാലിയേറ്റീവ് പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി ശയ്യാവലംബരായ രോഗികൾക്ക് മെഡിക്കൽ ആഫീസർമാർ നിർണ്ണയിക്കുന്ന തരത്തിലുള്ള കട്ടിൽ വാങ്ങി നൽകാവുന്നതാണ്. ഇതിന് ബ്ലോക്ക് പഞ്ചായത്ത്/നഗരസഭ പ്രോജക്ട് ഏടുക്കണം.
6. ***തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ പ്രതിമാസ, ഓണറേറിയം 18030/- രൂപയായി വർദ്ധിപ്പിച്ചു.***

*[★55 സ.ഉ(സാധാ)നം.2094/2020/തസ്വഭവ തീയതി 6.11.2020]*

**7.8.3 കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്. സി.ഡി.എസ്. സൊസൈറ്റികൾ റിവോൾവിംഗ് ഫണ്ട്**

കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികൾ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നിവയ്ക്ക് മാത്രം വ്യക്തമായ വായ്പ അധിഷ്ഠിതമായ ഒരു തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾ/ നഗരഭരണ സ്ഥാപനങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാവുന്ന താണ്. മറ്റു സ്വയംസഹായ ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം, വായ്പ, റിവോൾവിംഗ് ഫണ്ട് മുതലായവ നൽകാവുന്നതല്ല. എന്നാൽ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ഈ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി നൽകാം. റിവോൾവിംഗ് ഫണ്ട് ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കണം.

1) ***കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിച്ച് സി.ഡി.എസ് മുഖേന വിൽക്കുന്ന കുടകൾക്ക് 20% സബ്സിഡി നൽകാവുന്നതാണ്. വിൽക്കുന്ന കുടകളുടെ എണ്ണമനുസരിച്ച് തുക സി.ഡി.എസിന് കൈമാറേണ്ടതാണ്.***

   *[★38 സ.ഉ(സാധാ)നം. 1105/2020/തസ്വഭവ, 11.06.2020]*

## 7.9 തെരുവുവിളക്ക്

**79.1 സോഡിയം വേപ്പർ വിളക്കുകൾ:-**

. തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈവോൾട്ട് ഇൻകാൻഡിസന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ തനത് ഫണ്ട് വകയിരുത്തി ഏറ്റെടുക്കാവുന്നതാണ്.

**7.9.2 എൽ.ഇ.ഡി ലാമ്പുകൾ:-**

ഇവ മറ്റ് ലാമ്പുകളെ അപേക്ഷിച്ച്, ആയുസ്സ് കൂടിയതും, പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത വയുമാണ്. ആയതിനാൽ സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണം. വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കിയും വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ടും സ്ട്രീറ്റ് ലൈറ്റിന് ആവശ്യമായ എൽ.ഇ.ഡി. ലാമ്പുകൾ വാങ്ങാവുന്നതാണ്.

***7.9.3 ഡിപ്പോസിറ്റ് വർക്കുൾ :-***

***KSEB ക്ക് ഡിപ്പോസിറ്റ് വർക്കിന് തുക നിക്ഷേപിക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധന കൾ പാലിക്കണം.***

1) ***കൃത്യമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക ഈ സ്ഥാപനങ്ങൾക്ക് കൈമാറാവൂ.***
2) ***തുകയുടെ ഉപയോഗവും പ്രോജക്ട് നിർവ്വഹണവും സംബന്ധിച്ച് മോണിറ്ററിംഗ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ടതാണ്. [ ★ 20 സർക്കുലർ നം. ഡി.എ1/881/2018/തസ്വഭവ തീയതി 28.12.2018]***

# 8. അനുബന്ധ വിഷയങ്ങൾ

**8.1. സാമൂഹ്യ സംഘടനകളുടെ പങ്കാളിത്തം**

സാമൂഹ്യ സംഘടനകളുടെ പ്രവർത്തനശേഷി തദ്ദേശഭരണ സ്ഥാപന പദ്ധതി നിർവഹണത്തിൽ വിനിയോഗിക്കു ന്നതിനുള്ള പ്രായോഗിക പരിപാടി ഈ പരിപാടിയിൽ ഒന്നിലധികം വിഷയങ്ങൾ സംബന്ധിച്ച പ്രവർത്തനമുണ്ട്. ഓരോ പ്രവർത്തനങ്ങൾക്കും രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കും.1) ബോധവൽക്കരണ പ്രവർത്തനം 2) 30 മുതൽ 50 വരെയുള്ള വീടുകൾ ക്ലസ്റ്റർ ആയി തിരിച്ച് അവിടെ നടത്തുന്ന കുടുംബ കേന്ദ്രീകൃത പ്രായോഗിക പ്രവർത്തനങ്ങൾ

**8.1.1 ബോധവൽക്കരണ വിഷയങ്ങൾ**

1) ജൈവക്കൃഷി,2) ജല വിഭവ സംരക്ഷണം, 3) മാലിന്യ സംസ്ക്കരണം 4) ഊർജ്ജ സംരക്ഷണം 5) തദ്ദേശ ഭരണ സ്ഥാപന പദ്ധതിയും പ്രോജക്ടുകളും 6) ജനകീയാസൂത്രണം 7) നവ കേരളം കർമ്മ പദ്ധതി 8) മദ്യം മയക്കുമരുന്ന് ഉപയോഗത്തിനെതിരായ പ്രചരണം.9) പട്ടികജാതി/പട്ടികവർഗ്ഗ ആതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ 10) സ്ത്രീ ശാക്തീകരണം 11) ഭിന്നശേഷിക്കാർക്കുള്ള സഹായങ്ങളും അവസരങ്ങളും 12) സംരംഭകത്വം 13) ഭക്ഷ്യ സുരക്ഷ 14) കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ, 15) കായിക വികസനം 16) വയോജന സൗഹൃദ കാഴ്ചപ്പാട്, 17) എനർജി ആഡിറ്റ് 18) ഗ്രാമസഭ

**8.1.2 പ്രായോഗിക പ്രവർത്തനങ്ങൾ (ഒരു വർഷം തുടർച്ചയായുള്ള പ്രവർത്തനങ്ങളാണ്)**

- ഓരോ വിഷയങ്ങളിലും ബോധവൽക്കരണത്തിലൂടെ ബോദ്ധ്യപ്പെടുത്തിയ ആശയങ്ങൾ നടപ്പാക്കാനുള്ള പ്രവർത്തന ങ്ങൾ ക്ലസ്റ്ററുകളിലെ വീടുകളിൽ ചെയ്യുക

- ഹരിത ഭവനം പദ്ധതിയിലൂടെ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ഓരോ കുടുംബത്തിലും നടപ്പാക്കാൻ പ്രേരിപ്പിക്കുക. ആവശ്യമായ സഹായങ്ങൾ ചെയ്യുക.
- ഈ പ്രോജക്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് പ്രദേശത്തെ സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായവും ക്ലാസ്സുകൾ നടത്തുന്നതിന് എൽ.സി.ഡി. പ്രൊജക്ടർ, ലാപ് ടോപ്, എന്നിവ വാങ്ങുന്നതിന് സഹകരണ സ്ഥാപനങ്ങളുടെ സംഭാവനയും സ്വീകരിക്കാം.
- ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ അതത് സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വത്തിൽ സംഘടിപ്പിക്കണം.
- ബോധവൽക്കരണം – എൽ.സി.ഡി. പ്രസന്റേഷനായിട്ടായിരിക്കണം നടത്തേണ്ടത്. പലരും കൈകാര്യം ചെയ്യുമ്പോൾ വ്യത്യസ്ത അഭിപ്രായങ്ങൾ വിനിമയം ചെയ്യുന്നില്ലെന്ന് ഉറപ്പാക്കണം
- ഓരോ പരിശീലന വിഷയങ്ങളെ സംബന്ധിച്ചും വിശദമായ കുറിപ്പുകൾ തയ്യാറാക്കണം.
- തദ്ദേശഭരണ സ്ഥാപനതലത്തിലെ സാമൂഹ്യ സന്നദ്ധ സംഘടനകളുടെ ശേഷിക്കും താൽപര്യങ്ങൾക്കുമനുസരിച്ച് ബോധവൽക്കരണ വിഷയങ്ങൾ ഏറ്റെടുക്കാം
- കൂടുതൽ വിഷയങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉൾപ്പെടുത്തി നടപ്പാക്കാം. തദ്ദേശഭരണ സ്ഥാപന തല നിർവഹണം സെക്രട്ടറിയും സംഘാടനം തദ്ദേശഭരണ സ്ഥാപനതല ആസൂത്രണസമിതിയും ചെയ്യണം.

**8.1.3 Social Media Operation team രൂപീകരണം :-**

1) ഓരോ സംഘടനയിലെയും ഒരാളിനെ Social Media Operation Member ആയി നിയോഗിക്കണം
2) ഇവരെ തദ്ദേശഭരണ സ്ഥാപനതലത്തിൽ കൂട്ടിച്ചേർത്ത് Social Media Operation team രൂപീകരിക്കണം.ഇവക്ക് സംസ്ഥാനതലത്തിൽ പരിശീലനം നൽകണം. ഇവരുടെ നേതൃത്വത്തിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.
   - ബോധവൽക്കരണ ക്ലാസ്സുകളുടെ അറിയിപ്പ്, വാർത്ത എന്നിവ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കണം, ഇത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഇ-മെയിലിലും ഡോക്യുമെന്റ് ചെയ്യണം.
   - ക്ലസ്റ്റർ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ തന്നെ ക്ലസ്റ്ററിലുള്ള ഓരോ കുടുംബത്തിലെയും ഒരാളെയെങ്കിലും ഉൾപ്പെടുത്തി വാട്സ് അപ്പ് ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തിക്കണം.
   - എല്ലാ പ്രവർത്തനങ്ങളും വാട്സ് അപ്പിൽ ഫോട്ടോയും വാർത്തയുമായി പ്രചാരണവും ഡോക്യുമെന്റേഷനും നടത്തണം.
   - എല്ലാ വാർത്തകളും മറ്റെല്ലാ ഗ്രൂപ്പുകളിലേയ്ക്കും അയച്ചു നൽകണം
   - ഇങ്ങനെ രൂപീകരിക്കുന്ന എല്ലാ വാട്ട്സ്അപ് ഗ്രൂപ്പുകളുടേയും ഒരു ഇലക്ട്രോണിക്സ് ഡയറക്ടറി തദ്ദേശഭരണ സ്ഥാപനതലത്തിൽ ഉണ്ടാക്കണം
   - തദ്ദേശഭരണ സ്ഥാപനതലത്തിൽ മികച്ച സോഷ്യൽ മീഡിയ ഓപ്പറേഷൻ മെമ്പറേയും, ജില്ലാതലത്തിൽ മികച്ച സോഷ്യൽ മീഡിയ ഓപ്പറേഷൻ ടീമിനേയും തെരഞ്ഞെടുക്കണം. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് പാരിതോഷികവും ക്യാഷ് അവാർഡും ഏർപ്പെടുത്തണം.
   - ക്ലസ്റ്റർ ആക്ടിവിറ്റിയുടെ ഫലക്ഷമതയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സംഘടനകൾക്ക് ക്യാഷ് അവാർഡ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.
   - ഇതിന് തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്നതും സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി ലഭിക്കുന്ന തുകയും ഉപയോഗപ്പെടുത്താവുന്നതാണ്.ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാവുന്നതാണ്.

**8.1.4** തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തുള്ള എല്ലാ സാമൂഹ്യ സംഘടനകളെയും അവയുടെ പ്രവർത്തന പ്രത്യേകത കണക്കിലെടുത്ത് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെടുത്തി ആവശ്യമെങ്കിൽ സംഘടനാ രൂപം ഉണ്ടാക്കാവുന്നതാണ്. (മാതൃക ഘടന അനുബന്ധം 2 ആയി ചേർന്നിട്ടുണ്ട്.)

**8.1.5** സാമൂഹ്യ സംഘടനകളുടെ പ്രവർത്തനം മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് തദ്ദേശഭരണ സ്ഥാപനതലത്തിലും ബ്ലോക്ക് ജില്ലാ തലത്തിലും അംഗീകാരവും പാരിതോഷികവും ജില്ലാ ആസൂത്രണസമിതി തലത്തിൽ ഏർപ്പെടുത്തണം.

### 8.2 ഇന്നവേറ്റേഴ്സ് മീറ്റ് (Innovators Meet)

ഉല്പാദന-സേവന-തൊഴിൽ-വിപണന മേഖലകളുമായി ബന്ധപ്പെട്ട നവീന ആശയങ്ങൾ, കാർഷിക രീതികൾ, ശൃംഖലാ പ്രവർത്തനങ്ങൾ, മാനേജ് മെന്റ് സംവിധാനം-പ്രചാരണം-പ്രോത്സാഹനം.

1. അറിവുകൾ, അനുഭവങ്ങൾ എന്നിവ കൈമാറുന്നതിനും, പങ്ക്വയ്ക്കുന്നതിനും വേണ്ടി ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളേയും കൈമാറികിട്ടിയ ഓഫീസുകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഇന്നവേറ്റേഴ്സിന്റെ സംഗമം ജില്ലാതലത്തിൽ സംഘടിപ്പിക്കുക.
2. സംഘാടന ചെലവിനു വേണ്ടി ജില്ലാപഞ്ചായത്തിന് 2.5 ലക്ഷം രൂപ വരുന്ന പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.

3. ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും മീറ്റിൽ പങ്കെടുക്കണം. മറ്റ് ജില്ലകളിലെ നൂതനമായ പ്രവർത്തനാനുഭവങ്ങൾ പങ്ക് വക്കേണ്ടതാണെന്ന് ജില്ലാതല സംഘാടകസമിതിക്ക് തോന്നുന്നവരെകൂടി ഇതിലേക്ക് ക്ഷണിക്കാവുന്നതാണ്.
4. ഓരോ സ്ഥാപനത്തിനും നൂതനമായ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനും 25,000/- രൂപയിൽ അധികരിക്കാതെ ചെലവഴിക്കാവുന്നതാണ്.
5. ജില്ലാ പഞ്ചായത്ത് സംഘാടനത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്ന/പ്രദർശിപ്പിക്കുന്ന എല്ലാ വിഷയങ്ങളും ഡോക്യുമെന്റ് ചെയ്ത് പ്രിന്റ്/ഡിജിറ്റൽ മാധ്യമത്തിൽ സൂക്ഷിക്കേണ്ടതാണ്.
6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജില്ലാതല സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കി സംഘാടകസമിതി രൂപീകരിച്ച് നടപ്പാക്കണം.
7. അവതരിപ്പിക്കുന്ന/പ്രദർശിപ്പിക്കുന്നവയുടെ മികവിന്റെ അടിസ്ഥാനത്തിൽ മാർക്കിട്ട് എല്ലാ സ്ഥാപനങ്ങളുടെയും റാങ്ക് നിശ്ചയിച്ച് പ്രിന്റ് ചെയ്യുന്ന രേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 8.3 പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം (Eco-Tourism)

തദ്ദേശഭരണസ്ഥാപനതലത്തിലെ പ്രകൃതിരമണീയമായ വിനോദസഞ്ചാര സാദ്ധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനു ശ്രമിക്കേണ്ടതാണ്. അതിനുള്ള സാദ്ധ്യതാപഠനങ്ങൾക്കായും മറ്റും നൂതന പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങുന്നതിനുള്ള ശ്രമങ്ങൾ അനുവദനീയമാണ്

### 8.4 ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ, കമാനങ്ങൾ നിർമ്മാണം മുതലായവയ്ക്ക് നിയന്ത്രണം

- ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ-പഠന യാത്രകൾ, സമ്മേളനങ്ങൾ, കമാനങ്ങൾ നിർമ്മാണം തുടങ്ങിയവകൾ തദ്ദേശ സ്ഥാപനങ്ങൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ -
  - വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ മെഡിക്കൽ ക്യാമ്പുകൾക്കും
  - സർക്കാർ പ്രത്യേകമായി അനുവദിച്ചിട്ടുള്ളവയ്ക്കും.
  - തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ വരുന്നവയ്ക്കും. ഈ വ്യവസ്ഥ തടസ്സമല്ല.
- ക്യാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആരോഗ്യ ക്യാമ്പുകൾ അനുവദനീമാണ്.
- അവയവദാനം സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

### 8.5 പരിശീലന പരിപാടികൾ:-

പരിശീലന പരിപാടികൾ രണ്ട് ലക്ഷം/മൂന്നു ലക്ഷം വരുമാനപരിധിക്കു വിധേയമായി, യഥാക്രമം പൊതുവിഭാഗം, പട്ടികജാതി, (പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധമകമല്ല) എന്നിവർക്ക് മാത്രമായി പരമിതപ്പെടുത്തേണ്ടതാണ്. വികസന പ്രോജക്ടിന്റെ ഭാഗമായി പരിശീലനമാകാം. പരിശീലനത്തിന് മാത്രമായി പ്രോജക്ട് പാടില്ല.

- സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും പരിശീലന പരിപാടികൾ ഏറ്റെടുക്കാം. എന്നാൽ പരിശീലനാർത്ഥികൾക്ക് യാത്രാപ്പടിയും സ്റ്റൈഫന്റും അനുവദ നീയമല്ല.
- കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാവുന്നതല്ല.

### 8.6 നൈപുണ്യവികസനം

- സർക്കാർ സ്ഥാപനങ്ങളെ മാത്രമേ പരിശീലനസ്ഥാപനമായി തിരഞ്ഞെടുക്കാവൂ.
- ദീർഘകാല പരിശീലനവും നിലവിൽ ചെയ്യുന്ന തൊഴിലിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഉയർന്ന പരിശീലനമാണ് നൽകേണ്ടത്.
- സ്വയംസംരംഭകത്വമിഷൻ, സ്കിൽ ഡവലപ്മെന്റ് മിഷൻ, PMKVY തുടങ്ങിയ കേന്ദ്ര-സംസ്ഥാന സർക്കർ പദ്ധതിയുടെ ഭാഗമയായി ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും/നഗരസഭകൾക്കും സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനങ്ങൾ നൽകാവുന്നതാണ്.
- പരിശീലനാർത്ഥികളെ ഗ്രാമസഭ/വാർഡ്സഭ മുഖേന തെരഞ്ഞെടുക്കണം.
- ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ യോഗം വിളിച്ചു ചേർത്ത് പരിശീലന സംഘാടനം സംബന്ധിച്ച് ധാരണയുണ്ടാക്കണം.

**8.7 തനതു ഫണ്ടിന്റെ /ഗുണഭോക്തൃവിഹിതത്തിന്റെ വിനിയോഗം:-**

1) ഗുണഭോക്തൃവിഹിതം നിർബന്ധമായും നൽകേണ്ട എല്ലാ പ്രോജക്ടുകൾക്കും അവ മറ്റ് കേന്ദ്രാവിഷ്കൃത പരിപാടിയുമായോ സംസ്ഥാനാവിഷ്കൃത പരിപാടിയുമായോ സംയോജിപ്പിക്കുകയാണെങ്കിൽ തന്നെയും, പ്രോക്ടിന്റെ ആകെ അടങ്കലിന്റെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃ വിഹിതം കണക്കാക്കേണ്ടത്.

2) ഗുണഭോക്തൃവിഹിതം മുൻകൂറായി ഈടാക്കി തദ്ദേശഭരണ സ്ഥാപനത്തിന്റെ തനതു ഫണ്ടിലേക്ക് അടച്ചതിനുശേഷം, മറ്റൊരു നിർദ്ദേശം ഇല്ലാത്ത പക്ഷം, കരാറുകാരന്/ നിർവഹണ ഏജൻസിക്ക് ഉചിതമായ സമയത്ത് കൈമാറേണ്ടതാണ്.

3) ഗുണഭോക്തൃ വിഹിതം തദ്ദേശ സ്ഥാപനം നൽകുന്ന തുകയുടെ ഗഡുക്കൾക്ക് ആനുപാതികമായി മുൻകൂർ ആയി ഈടാക്കേണ്ടതാണ്.

4) ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും അവയുടെ തനതുഫണ്ട്, പ്രോജക്ടുകൾ നടപ്പാക്കാനുള്ള അധിക വിഭവമായി വകയിരുത്താവുന്നതാണ്. എന്നാൽ അങ്ങനെ വകയിരുത്തുന്ന തുകകൾക്ക് സബ്സിഡി മാർഗ്ഗരേഖയിലും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും പറഞ്ഞ എല്ലാ നിബന്ധനകളും ബാധകമായിരിക്കുന്നതാണ്.

5) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനതു ഫണ്ട് വികസന ഫണ്ടുമായും, ഗുണഭോക്ത- വിഹിതം വികസന ഫണ്ടുമായും ഇഷ്ടാനുസരണം സംയോജിപ്പിക്കാം. എന്നാൽ പ്രോജക്ട് അംഗീകാരശേഷം തനതു ഫണ്ടിന്റെയോ ഗുണഭോക്തൃ വിഹിതത്തിന്റെയോ കുറവ് നികത്തുന്നതിന് വികസനഫണ്ടിന്റെ തുകയിൽ വർദ്ധനവ് വരുത്തുന്നതിനുവേണ്ടി പ്രോജക്ട് ഭേദഗതി വരുത്താൻ പാടില്ല.

6) കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ പറഞ്ഞിട്ടുള്ള, ഗുണഭോക്താക്കൾ നൽകേണ്ട ഗുണഭോക്തൃവിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകാൻ പാടില്ല.

**8.8.തദ്ദേശഭരണസ്ഥാപനത്തിന്റെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ**

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറന്റ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ് ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതാണ്. ആവശ്യം പരിഗണിച്ച് ഒരു നടപടിക്രമ ഉത്തരവിലൂടെ എല്ലാ സ്ഥാപന മേലധികാരികൾക്കും തുക അനുവദിക്കേണ്ടതാണ്. ഇതിനാവശ്യമായ തുക തദ്ദേശഭരണസ്ഥാപനത്തിന്റെ തനത്ഫണ്ട്/ജനറൽപർപ്പസ് ഗ്രാന്റ്/നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും കണ്ടത്തേണ്ടതാണ്.

അനുവദിച്ച തുകയുടെ ഉപയോഗ സാക്ഷ്യപത്രം (UC) തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ, സ്ഥാപനമേധാവികൾ തന്നെ സൂക്ഷിക്കേണ്ടതും ആഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

**8.9 സ്കൂൾ ബസ്സുകളും എം.പി./എം.എൽ.എ പ്രാദേശിക വികസന പദ്ധതികളും**

വിവിധ സ്കൂളുകളിൽ MLASDF/ MPLAD മുഖേനയും മറ്റു രീതിയിലും ആർജ്ജിച്ചിട്ടുള്ള ബസ്സുകളുടെ ഡ്രൈവറുടെ ശമ്പളം, ഇന്ധന ചെലവ്, മറ്റ് ആവർത്തന ചെലവ് എന്നിവയ്ക്ക് തദ്ദേശഭരണ സ്ഥാപനം തുക ചെലവഴിക്കാൻ പാടില്ല.

**8.10 ശമ്പളം/ഹോണറേറിയം നൽകുന്നതിൽ നിയന്ത്രണം**

പ്രോജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല. എന്നാൽ ഇക്കാര്യത്തിൽ ചുവടെയുള്ള ഇളവ് അനുവദിക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.07.2009 ലെ ജി.ഒ (എം.എസ്) നമ്പർ 148/2009/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ (BUDS) ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ അദ്ധ്യാപകർ, ഹെൽപ്പർമാർ, സ്പെഷ്യലിസ്റ്റുകൾ തെറാപ്പിസ്റ്റുകൾപാലിയേറ്റീവ് കെയറിന്റെ ഭാഗമായി നിയോഗിക്കപ്പെടുന്ന നേഴ്സ് ഫിസിയോ തെറാപ്പിസ്റ്റ്.
2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഒരു വർഷത്തേക്ക് സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റ്
3. അങ്കണവാടി വർക്കർ, ഹെൽപ്പർ
4. സ്കൂൾ ലൈബ്രേറിയൻ, കൗൺസിലേഴ്സ് , ജാഗ്രതാ സമിതി ഉദ്യോഗസ്ഥ.( CWF)
5. പി.എച്ച്.സി. സി.എച്ച്.സികളിൽ നിയോഗിക്കുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻ
6. ഊരുകൂട്ട വാളണ്ടിയർമാർ
7. സ്കൂളുകളിൽ നിയോഗിക്കുന്ന കായികാദ്ധ്യാപകർ
8. ഹോസ്പിറ്റൽ കിയോസ്ക് എക്സിക്യൂട്ടീവ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ

9. പകൽവീട്/വൃദ്ധസദനം -കെയർ ഗിവർ
10. യോഗ പരിശീലകൻ
11. ജനകീയാസൂത്രണ റിസോഴ്സ് പേഴ്സൺ
12. എ.ബി.സി. പ്രോഗ്രാമിന്റെ ഭാഗമായി നിയോഗിക്കുന്ന ഡോക്ടർമാരും സഹായികളും

**8.11 വാഹനങ്ങൾ വാങ്ങൽ**

31.03.2006 ലെ ജി.ഒ (എം.എസ്) 86/2006/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശ ങ്ങൾക്ക് വിധേയമായി വാഹനങ്ങൾ വാങ്ങാവുന്നതാണ്. ഇപ്പറഞ്ഞ ഉത്തരവിലെ നിർദ്ദേശ ങ്ങൾ പ്രകാരമല്ലാതെ (മറ്റേതൊരാവശ്യത്തിനാണെങ്കിലും) വാഹനങ്ങൾ സർക്കാർ അനുമതിയോടെ മാത്രമേ വാങ്ങാവൂ. സർക്കാർ ഉത്തരവ് പ്രകാരമോ അനുമതിയോടെയോ വാങ്ങിയ വാഹനം ഉപയോഗരഹിതമായാൽ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പാലിച്ചുകൊണ്ട് വാഹനം ലേലം ചെയ്തശേഷം അതിനുപകരമായി പുതിയ വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല. ഇതിന് പുറമെ സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള പ്രകാരമുള്ള വാഹനങ്ങളും വാങ്ങാവുന്നതാണ്.

**8.12 ഇൻഷുറൻസ് പദ്ധതികൾക്ക് നിയന്ത്രണം**

സമഗ്ര ആരോഗ്യ ഇൻഷുറൻസ് സംസ്ഥാന സർക്കാർ തന്നെ നടപ്പിലാക്കിവരുന്നതിനാൽ വ്യക്തികൾക്കോ കുടുംബങ്ങൾക്കോ വേണ്ടി ഇൻഷുറൻസ് പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല. ഏതെങ്കിലും ഇൻഷുറൻസ് പരിപാടി ഏറ്റെടുക്കണ മെങ്കിൽ അതിന് സർക്കാരിന്റെ പ്രത്യേക അനുമതി ഉണ്ടായിരിക്കണം.

**8.13 നിയമ സാക്ഷരതാ പരിപാടി:-**

കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, ഹൈസ്കൂൾ ക്ലാസ്സുകളിലെ വിദ്യാർ ത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയമസാക്ഷരതാ പരിപാടിക്ക് ജില്ലാപഞ്ചായത്തു കൾക്കും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ഒരു സ്കൂളിന് പരമാവധി 5,000/-രൂപ എന്ന നിരക്കിൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും തുക വകയിരുത്താവുന്ന താണ്. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയുന്ന നിയമം സംബന്ധിച്ച ക്ലാസ്സും ഉൾപ്പെടുത്തണം

**8.14 പ്രവാസിക്ഷേമം**

കേരളത്തിന്റെ പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് പ്രത്യേകമായ പരിഗണന അർഹിക്കുന്ന ഒരു വിഭാഗമാണ് പ്രവാസികൾ. എല്ലാ ജാതിമത വിഭാഗങ്ങളിലും പെടുന്നതും വ്യത്യസ്തമായ അറിവുകളും അനുഭവങ്ങളും യോഗ്യതകളും നേടിയിട്ടുള്ള വരുമാണിവർ വിദേശത്ത് ജോലി ചെയ്ത് നമ്മുടെ നാടിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ളവരുമാണ്. എന്നാൽ അവരുടെ ശേഷി പൂർണ്ണമായും പ്രാദേശിക സാമ്പത്തിക വികസനത്തിൽ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിൽ നിർഭാഗ്യം കൊണ്ട് പിന്നോട്ട് പോയവരും കൈത്താങ്ങ് ആവശ്യമുള്ളവരും അവരുടെ ബന്ധുക്കളുമുണ്ട്. അവർക്കെല്ലാം സഹായകമായ ഒരു സമീപനം സ്വീകരിക്കേണ്ടതാണ്. ഇവരെ ചുവടെ പറയുന്ന തരത്തിൽ കണ്ട് ആനുകൂല്യ ങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

1. **പ്രവാസി കേരളീയൻ (വിദേശം)**:-സാധുതയുള്ള ഒരു ഇന്ത്യൻ പാസ്പോർട്ട് കൈവശമുള്ളതും വിദേശരാജ്യത്തിന്റെ വിസയിൽ വിദേശത്ത് ജോലി ചെയ്യുന്നതോ ഉപജീവനാർത്ഥം താമസിക്കുന്നതോ ആയ കേരളീയനെ പ്രവാസി കേരളീയൻ (വിദേശം) എന്നും
2. **മുൻ പ്രവാസി കേരളീയൻ (വിദേശം):-** സാധുതയുള്ള ഒരു ഇന്ത്യൻ പാസ്പോർട്ട് കൈവശമുള്ളതും നിയമാനുസൃത വിസയോടുകൂടി വിദേശത്ത് കുറഞ്ഞത് രണ്ട് വർഷമെങ്കിലും ജോലി ചെയ്തിരുന്നതോ, ഉപജീവനാർത്ഥം താമസിച്ചിരുന്നതോ അതിനുശേഷം നാട്ടിൽ തിരിച്ചെത്തിയ കേരളീയനെ മുൻപ്രവാസി കേരളീയൻ (വിദേശം) എന്നുമാണ് നിർവചനം. പ്രവാസി കേരളീയ (വിദേശം) നു വേണ്ടി നാട്ടിലുള്ള ബന്ധുക്കൾക്ക് സംരംഭങ്ങളിൽ പങ്കെടുക്കാവുന്നതാണ്.

8.15 ***ലാപ്ടോപ് വാങ്ങൽ - ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ ലഭ്യതയ്ക്കനുസ രിച്ച് വില്ലേജ് എക്റ്റൻഷൻ ഓഫീസർക്ക് ഒരു മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള ലാപ്ടോപ് വാങ്ങി നൽകാൻ അതാത് ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടു ണ്ട്. ലാപ്ടോപ് CPRCS പോർട്ടലിൽ നിന്ന് തന്നെ വാങ്ങേണ്ടതാണ്. [★40 സ.ഉ(സാധാ)നം. 1168/2020/തസ്വഭവ തീയതി 16.06.2020]***

അനുബന്ധം - 1

# ഗ്രാമപഞ്ചായത്തിന്റെ /നഗരഭരണ സ്ഥാപനത്തിന്റെ പേര്

## ഹരിതഭവനം - എൻട്രോൾമെന്റ് ഫോറം

**സ.ഉ.(എം.എസ്.) നമ്പർ.80/2017/തസ്വഭവ തീയതി 03.04.2017**

| | | |
|---|---|---|
| 1 | വാർഡിന്റെ പേരും നമ്പരും | |
| 2 | ഗൃഹനാഥന്റെ പേരും മേൽവിലാസവും | |

3 കുടുംബാംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പേര് | കുടുംബ നാഥനുമായുള്ള ബന്ധം | വിദ്യാഭ്യാസം | വയസ്സ് | വീട്ടിലാണോ താമസം |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |

4 വീട്ട് വളപ്പിന്റെ വിവരങ്ങൾ (സ്വന്തം/വാടക)

| ക്രമ നമ്പർ | വിസ്തൃതി | വൈദ്യുതി ഉണ്ടോ | ചുറ്റുമതിൽ ഉണ്ടോ | ഗേറ്റുണ്ടോ | കിണർ ഉണ്ടോ | പൊതു സംവിധാനത്തിൽ നിന്ന് പൈപ്പ് കണക്ഷനുണ്ടോ |
|---|---|---|---|---|---|---|
| | | | | | | |

| | | |
|---|---|---|
| 5 | വീട് സ്ഥിതി ചെയ്യുന്നതും ടൈലിട്ട പ്രതലങ്ങളും ഒഴികെ കൃഷി യോഗ്യമായ സ്ഥലം | |
| 6 | ടെറസ്സിന്റെ സ്ഥിതി | ചരിവ് ☐ നിരപ്പുള്ളത് ☐ ആകെ വിസ്തൃതി ☐ |
| 7 | നിലവിലുള്ള കൃഷിയും മരങ്ങളും സംബന്ധിച്ച വിവരങ്ങൾ | |
| 8 | നിലവിലുള്ള വളർത്തു പക്ഷികളും മൃഗങ്ങളും സംബന്ധിച്ച വിവരങ്ങൾ | |
| 9 | നിലവിലുള്ള മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ | |
| 10 | ഹരിത ഭവനം പദ്ധതിയിൽ ഉൾപ്പെട്ട് മറുപുറത്ത് ചേർത്തിട്ടുള്ള പ്രവർത്തികൾ എന്റെ വീട്ടിലും പുരയിടത്തിലും ചെയ്യുന്നതിന് തയ്യാറാണെന്നും അതിനാവശ്യമായ സഹായങ്ങൾ നൽകണമെന്നും അപേക്ഷിക്കുന്നു. | |

സ്ഥലം :
തീയതി :

ഗൃഹനാഥൻ/ ഗൃഹനാഥ

## ഹരിതഭവനം പ്രവർത്തനങ്ങൾ

| കൃഷി | മാലിന്യ സംസ്ക്കരണം | ജല വിഭവ സംരക്ഷണം | മൃഗസംരക്ഷണം & ക്ഷീരവികസനം | ഊർജ്ജ സംരക്ഷണം |
|---|---|---|---|---|
| • വീട് പുരയിടത്തിൽ സൂര്യപ്രകാശം ഉറപ്പാക്കൽ<br>• വെള്ളക്കെട്ട് ഒഴിവാക്കൽ<br>• ടെറസ് കൃഷിക്കായി ഉപയോഗപ്പെടുത്തൽ<br>• ജൈവപച്ചക്കറി<br>• ഇലക്കറി ചെടികൾ<br>• കറിവേപ്പില<br>• വാഴകൃഷി<br>• കാന്താരി മുളക്<br>• മുരിങ്ങ<br>• പപ്പായ<br>• ചാമ്പയ്ക്ക<br>• പേരയ്ക്ക<br>• കിഴങ്ങ് വർഗ്ഗങ്ങൾ<br>• മരങ്ങളും ചെടികളും<br>• തുളസി ചെടി<br>• കൂവളം<br>• ആര്യവേപ്പ്<br>• മാവ് , പ്ലാവ്<br>• തെങ്ങ്<br>• ഇവയുൾപ്പടെ ആവശ്യമായവ കൃഷിച്ചെയ്യാൻ കഴിയുന്ന വണ്ണം പുരയിട/ അടുക്കള കൃഷി ആസൂത്രണം ചെയ്യുക.<br>• ജൈവകീടനാശിനികൾ ഉപയോഗിക്കുക. | **അടുക്കള മാലിന്യം/ജൈവ മാലിന്യം**<br>1.വളർത്തു പക്ഷികൾക്കും മൃഗങ്ങൾക്കും ആഹാരമായി നൽകി തീർക്കുക<br>2.അധികമുള്ളത് വളക്കുഴിയിൽ നിക്ഷേപിക്കുക<br>3.ബയോ ബിൻ, കമ്പോസ്റ്റിംഗ് ഉപയോഗിക്കുക<br>4.ജൈവമാലിന്യങ്ങളുടെ മറ്റ് സംസ്കരണ രീതികൾ ഉപയോഗിക്കുക.<br>**II പ്ലാസ്റ്റിക് പരിപാലനം**<br>5.സാധനങ്ങൾ വാങ്ങുമ്പോൾ കിട്ടുന്ന ക്യാരിബാഗ് അഴുക്ക് കളഞ്ഞ് ഒരു ചാക്കിൽ സൂക്ഷിക്കുക.<br>6.അഴുക്കുള്ളത് ഒരു കത്തി ഉപയോഗിച്ച് 3 വശങ്ങൾ കീറി വെള്ളത്തിൽ മുക്കി ഒരു കമ്പിയിൽ കൊരുത്ത് ഇടുക. ഉണങ്ങിയിട്ട് ചാക്കിൽ സൂക്ഷിക്കുക.<br>7.പഴകിയ പ്ലാസ്റ്റിക് പേന, റീഫില്ലുറുകൾ, പല്ല് തേയ്ക്കുന്ന ബ്രഷ്<br>8.പഴകിയ മുടി ചീകുന്ന ചീപ്പ്<br>9.പ്ലാസ്റ്റിക് കുപ്പികൾ, അടപ്പുകൾ<br>10.മരുന്ന് സ്ട്രിപ്പുകൾ<br>11.പഴകിയ പ്ലാസ്റ്റിക് കസേര<br>12.നിറമുള്ള പ്ലാസ്റ്റിക് കുപ്പികൾ<br>13.ഫ്ളക്സ് ബോർഡുകൾ, മറ്റ് പ്ലാസ്റ്റിക് ഉല്പന്നങ്ങൾ<br>14.അലുമിനീയം ഫോയിൽ പേപ്പർ<br>15.പ്ലാസ്റ്റിക് നിർമ്മിത ക്യാരി ബാഗ്, കപ്പ്, പ്ലേറ്റ്,<br>**III ഖരമാലിന്യം**<br>16.ഫ്യൂസായ ഇലക്ട്രിക് ട്യൂബ് ബൾബ് പൊട്ടിക്കാതെ സൂക്ഷിക്കുക<br>17.പഴകിയഇരുമ്പ് സാധനങ്ങൾ<br>18.പഴകിയ കാൽക്കുലേറ്റർ, റിമോട്ട്<br>19.പഴകിയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ<br>കേടായ മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ടി.വി, സി.എഫ് ലാമ്പ്, ഗ്ലാസ് കുപ്പി, സിറാമിക് പാത്രങ്ങൾ, വൈദ്യുതി സ്വിച്ചുകൾ, മിക്സി, ഗ്യാസ് സ്റ്റൗ, ബാറ്ററി, കാർട്യൂബ്, സ്കൂട്ടർ, മോട്ടോർ സൈക്കിൾ മഡ്ഗാഡുകൾ<br>സ്വാപ് ഷോപ്പിൽ നൽകാവുന്നവ ,മെറ്റീരിയൽ റെക്കവറി സെന്ററിൽ നൽകാവുന്ന എന്നിവ തരം തിരിച്ച് ശേഖരിച്ച് വച്ച് കൈയ്യൊഴിയുക<br>21.വീട്ടുപുരയിടം ഖരദ്രവപ്ലാസ്റ്റിക് മുക്തമാക്കുക.<br>22.കരിയിലയും ചപ്പ് ചവറുകളും കത്തിക്കാതിരിക്കുക | • പുരയിടത്തിലെ മഴവെള്ളം പുരയിടത്തിന് പുറത്ത് പോകുന്നില്ല എന്ന് ഉറപ്പാക്കൽ<br>• കഴിയുന്നിടത്തോളം മഴവെള്ളം പുരയിടത്തിലെ കിണറ്റിനടുത്ത് കിനിഞ്ഞിറങ്ങാൻ സൗകര്യമൊരുക്കുക.<br>• വെള്ളം മിതവ്യയം ചെയ്യുക<br>• കുളിമുറിയിലെ വെള്ളം കൃഷിക്ക്പ്രയോജനപ്പെടുത്തുക<br>• തെങ്ങിന് പുതയിട്ട് സൂക്ഷിക്കുക<br>• മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം കിണർ റീചാർജ്ജിഗിലൂടെ ഫിൽറ്റർ ചെയ്ത് ശേഖരിക്കുക.<br>• ഓരോ വർഷംകൂടുംതോറും ഫിൽറ്ററേഷൻ സാമഗ്രികൾമാറ്റി പകരം വയ്ക്കൽ.<br>• വീട് പുരയിടത്തിലെ ജല വിനിയോഗവും സംരക്ഷണവും പരിപാലനവും ഉറപ്പാക്കുക<br>• ബാത്ത് റൂമുകളിലെ മലിനജലം റീ സൈക്കിൾ ചെയ്ത് കുടിക്കാനൊഴി കെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിക്കാം | • വളർത്തു പക്ഷികൾ<br>• കോഴി, താറാവ്, കാട മുതലായവ<br>• വളർത്തു മൃഗങ്ങൾ<br>• ആട്, പശു, എരുമ<br>• ഭക്ഷ്യാവശിഷ്ടങ്ങൾ വളർത്തു പക്ഷികൾക്കും മൃഗങ്ങൾക്കും ആഹാരമായി നൽകുക.<br>• പക്ഷികളുടേയും മൃഗങ്ങളുടേയും വിസർജ്യങ്ങൾ (ആട്ടിൻ കാഷ്ടം , ചാണകം കമ്പോസ്റ്റിംഗ് വഴി മൂല്യവർദ്ധിത വളങ്ങളാക്കി മാറ്റുക<br>• ശാസ്ത്രീയമായ മൃഗ പരിപാലനമുറകൾ അവലംബിക്കുക<br>• അധികമുള്ള ഉല്പന്നങ്ങൾ ഓർഗാനിക്സ് ഉൽപ്പന്നങ്ങളാക്കി വിൽപന നടത്തുക | • മാലിന്യത്തിൽ നിന്ന് ഊർജ്ജ ഉൽപാദനത്തിന് ബയോഗ്യാസ് പ്ലാന്റ്<br>• സൗരറാന്തൽ<br>• സൗരവാട്ടർ ഹീറ്ററുകൾ<br>• വയറിംഗ്, ഇലക്ട്രിക് ഉപകരണങ്ങൾ മെച്ചപ്പെട്ടത് ഉപയോഗിച്ച് ഇലക്ട്രിക് ഷോർട്ട് സർക്യൂട്ട് ഒഴിവാക്കുക.<br>• LED ബൾബുകൾ ഉപയോഗിക്കുക.<br>• നനവുള്ള വസ്ത്രങ്ങൾ ഇസ്തിരി ഇടാതിരിക്കുക<br>• വീടിനുള്ളിലെ പെയിന്റിംഗ് പ്രകാശം പ്രതിഫലിപ്പിക്കുന്നതാക്കുക.<br>• ഊർജ്ജ ഉപയോഗം ഗ്യാസ്, ഇലക്ട്രിസിറ്റി പരമിതപ്പെടുത്തുക,<br>• സൗരോർജ്ജം പ്രയോജനപ്പെടുത്തുക<br>• വീട്ടിലെ ഇലക്ട്രിക് ഉപകരണങ്ങളും ഇലക്ട്രോണിക്സ് ഉപകരണങ്ങളും ആവശ്യത്തിന് മാത്രം ഉപയോഗിക്കുക.<br>• ഇന്ധനക്ഷമതയുള്ള പരിഷത്ത് ഉപകരണങ്ങൾ ഉപയോഗിക്കുക.<br>• എനർജി ആഡിറ്റ് നടത്തുക. |

## സാമൂഹ്യ സംഘടനകളുടെ പഞ്ചായത്ത്തല സംഘടനാ സംവിധാനം

### 1.ധനകാര്യം:-

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | തദ്ദേശഭരണ സ്ഥാപന പ്രസിഡന്റ്/ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ |
| കൺവീനർ | : | സെക്രട്ടറി/ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് തയ്യാറാക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ |
| വൈസ് ചെയർമാൻ | : | വിളിച്ചുകൂട്ടുന്ന സംഘടനാ പ്രതിനിധികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സംഘത്തിന്റെ പ്രസിഡന്റ് |
| ജോയിന്റ് കൺവീനർ | : | വിളിച്ചുകൂട്ടുന്ന സംഘടനാ പ്രതിനിധികളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു സംഘത്തിന്റെ സെക്രട്ടറി |

അംഗ സംഘടനകൾ: 1) തദ്ദേശഭരണ സ്ഥാപന തലത്തിലുള്ള സഹകരണ സംഘങ്ങളുടെ പ്രസിഡന്റ്, സെക്രട്ടറി എന്ന നിലയിൽ അംഗങ്ങളാകുന്നവർ (LCCS, ഒഴികെ)

### 2.വികസനം

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | തദ്ദേശഭരണ സ്ഥാപന പ്രസിഡന്റ്/വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ |
| കൺവീനർ | : | സെക്രട്ടറി/ വികസന സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് തയ്യാറാക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ |
| വൈസ് ചെയർമാൻ | : | വിളിച്ചുകൂട്ടുന്ന സംഘടനകളുടെ പ്രസിഡന്റുമാരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ |
| ജോയിന്റ് കൺവീനർ | : | വിളിച്ചുകൂട്ടുന്ന സംഘടനകളുടെ സെക്രട്ടറിമാരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ |

**അംഗ സംഘടനകൾ :** 1) പാടശേഖര സമിതികൾ 2) കേര കർഷക സമിതികൾ 3) റസിഡൻസ് അസോസിയേഷനുകൾ,4) ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ 5) കാർഷിക വികസന സമിതികൾ, 6) അയൽക്കൂട്ടങ്ങൾ 7) വാർഡ് വികസന സമിതികൾ

### 3. ക്ഷേമം

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | തദ്ദേശഭരണ സ്ഥാപന പ്രസിഡന്റ്/ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ |
| കൺവീനർ | : | സെക്രട്ടറി/ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് തയ്യാറാക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ |
| വൈസ് ചെയർമാൻ | : | വിളിച്ചുകൂട്ടുന്ന സംഘനകളുടെ പ്രസിഡന്റുമാരിൽ നിന്നും തെരഞ്ഞടുക്കപ്പെടുന്ന ഒരാൾ |
| ജോയിന്റ് കൺവീനർ | : | വിളിച്ചുകൂട്ടുന്ന സംഘടനകളുടെ സെക്രട്ടറിമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ |

അംഗ സംഘടനകൾ:-1)പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ 2) വനിത സഹകരണ സംഘങ്ങൾ 3) വനിത സമാജങ്ങൾ 4) അംഗൻവാടി വെൽഫയർ കമ്മിറ്റി 5) ജാഗ്രതാ സമിതികൾ - ജെൻഡർ ഡസ്ക്

### 4. ആരോഗ്യം വിദ്യാഭ്യാസം

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | തദ്ദേശഭരണ സ്ഥാപന പ്രസിഡന്റ്/ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ |
| കൺവീനർ | : | സെക്രട്ടറി/ആരോഗ്യം വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് തയ്യാറാക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥൻ |
| വൈസ് ചെയർമാൻ | : | വിളിച്ചുകൂട്ടുന്ന സംഘടനകളുടെ പ്രസിഡന്റുമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ |
| ജോയിന്റ് കൺവീനർ | : | വിളിച്ചു കൂട്ടുന്ന സംഘടനകളുടെ സെക്രട്ടറിമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ |

അംഗസംഘടനകൾ: 1)പാരലൽ കോളേജ് /ട്യൂഷൻ സെന്ററുകൾ, 2) അദ്ധ്യാപക രക്ഷകർത്ത്യ സംഘടനകൾ 3) കലാ സമിതികൾ 4)ഗ്രന്ഥശാലകൾ 5) Hospital & Dispensaries (Private), 6) Hospital Management Committee, Medical Stores.